# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 20, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 –നമ്പർ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 20, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
(അനുബന്ധമായി ചേർത്തിരിക്കുന്നു)

**II റൂളിംഗ്**

**III അറിയിപ്പ്**

**IV മേശപ്പുറത്തുവച്ച കടലാസുകൾ**

**V സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

**VI റിപ്പോർട്ട് സമർപ്പണം**

**VII റിപ്പോർട്ട് പരിഗണന**

**VIII ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള
ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള
ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം
കല, സംസ്കാരം
ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും
പ്രവാസി ക്ഷേമവും
ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും
ക്ഷേമവും

**അനുബന്ധം**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 20, തിങ്കൾ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 20

---

നിയമസഭ 2023 മാർച്ച് മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....., ഓർഡർ....., ചോദ്യം നമ്പർ (*511), (......ബഹളം......) ചോദ്യോത്തര സമയം കഴിഞ്ഞ് എടുക്കാം. പ്ലീസ്......പ്ലീസ്.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സഭയിലുണ്ടായ ദൗർഭാഗ്യകരമായ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങൾ മുന്നോട്ടുവച്ചിരിക്കുന്ന കാര്യങ്ങളിൽ ഇതുവരേയും ഒരു തീരുമാനവും ആയിട്ടില്ല, ഒരു ചർച്ചയും നടന്നിട്ടില്ല. മാത്രമല്ല ഈ നിയമസഭയിലെ രണ്ട് വനിതാ എം.എൽ.എ.-മാരുൾപ്പെടെ ഏഴ് പ്രതിപക്ഷാംഗങ്ങൾക്കെതിരായി 10 വർഷം തടവുശിക്ഷ കിട്ടുന്ന കള്ളക്കേസെടുത്തിരിക്കുകയാണ്. ഞങ്ങൾക്ക് സഭാനടപടികളുമായി സഹകരിച്ചുപോകാനുള്ള ഒരു സാഹചര്യവും ദൗർഭാഗ്യവശാൽ അങ്ങും സർക്കാരും ഒരുക്കിയിട്ടില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഒരു കാരണവശാലും സഭാനടപടികളുമായി സഹകരിച്ചുപോകാൻ കഴിയാത്ത സാഹചര്യമാണെന്ന് അങ്ങയെ അറിയിക്കുന്നു. സഭാനടപടികളുമായി സഹകരിച്ചുപോകണമെന്നുതന്നെയാണ് പ്രതിപക്ഷത്തിന്റെ ആഗ്രഹം. പക്ഷേ, പ്രതിപക്ഷത്തെ മന:പൂർവ്വം പ്രകോപിപ്പിച്ച് സഭയിലെ ചർച്ചകൾക്ക് മറുപടി പറയാതെ

രക്ഷപ്പെടാൻവേണ്ടിയുള്ള ശ്രമമാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ നടത്തുന്നതെന്ന് ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. ഈ സമ്മേളനം മുഴുവൻ അട്ടിമറിക്കുന്ന, സഭാനടപടികളേയും സഭയിലെ ഡിബേറ്റിനേയും ഇവിടെ നടക്കുന്ന discourse-കളേയും വേണ്ടെന്നുവച്ചുകൊണ്ട് ഏകപക്ഷീയമായി തീരുമാനമെടുക്കുകയാണ്. ഒരു കാര്യം ഓർമ്മിപ്പിക്കുന്നു, ശ്രീ. രാഹുൽ ഗാന്ധിയുടെ വീട്ടിലേയ്ക്ക് പോലീസിനെ അയച്ച നരേന്ദ്ര മോദി ഭരണകൂടത്തിന്റെ അതേ ആറ്റിറ്റ്യൂഡാണ് കള്ളക്കേസ്സെടുത്ത ഈ ഗവൺമെന്റിന്റേതെന്നും (......ബഹളം.......)

(15-03-2023-ന് നിയമസഭയ്ക്കകത്തും ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിനുമുന്നിലും നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് ഏഴ് പ്രതിപക്ഷാംഗങ്ങൾക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തതിലും പ്രതിപക്ഷം ഉന്നയിച്ച ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

## കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

1 (*511) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ജി. സ്റ്റീഫൻ:
ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന, ജലവിതരണ രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പങ്ക് വിശദമാക്കാമോ;

(ബി) ജലസേചന മേഖലയിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(സി) ന്യായവിലയ്ക്ക് കുടിവെള്ളം ലഭ്യമാക്കാനായി തൊടുപുഴയിലും പാട്ടം വ്യവസ്ഥയിൽ അരുവിക്കരയിലും നടത്തുന്ന കുടിവെള്ള ഉല്പാദനവും വിതരണവും പൊതു വിപണിയിൽ സ്വകാര്യ കമ്പനികൾ കുപ്പിവെള്ളത്തിന് അമിതവില ഈടാക്കുന്നത് നിയന്ത്രിക്കാൻ പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കുപ്പിവെള്ള ഉല്പാദനം വർദ്ധിപ്പിച്ച് വിപണന ശൃംഖല കാര്യക്ഷമമാക്കി സ്വകാര്യ കമ്പനികളുടെ ചൂഷണം നിയന്ത്രിക്കാൻ

ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) ജലവിഭവ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനവും ജലസേചന വകുപ്പിന്റെയും ടൂറിസം വകുപ്പിന്റെയും സ്പെഷ്യൽ പർപ്പസ് വെഹിക്കിളും (എസ്.പി.വി.) ആണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ടൂറിസം വകുപ്പ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഹരിത കേരള മിഷൻ തുടങ്ങിയവയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി.) കൂടിയാണ്. പ്രസ്തുത വകുപ്പുകൾക്കായി കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ടൂറിസം ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് വിവിധ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ 125 ജീവനക്കാർ കെ.ഐ.ഐ.ഡി.സി.-യിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതിനാൽ കെ.ഐ.ഐ.ഡി.സി. ഏറ്റെടുക്കുന്ന പദ്ധതികൾ കാര്യക്ഷമമായും കൃത്യതയോടെയും നടപ്പിലാക്കുവാൻ സാധിക്കുന്നു.

(ബി) ജലസേചന മേഖലയിൽ കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കിവരുന്ന പദ്ധതികളാണ് തീരദേശ

സംരക്ഷണ പദ്ധതികൾ/കടലാക്രമണ നിരോധന പ്രവൃത്തികൾ, റെഗുലേറ്റർ/റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതികൾ, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ, കനാൽ നവീകരണ പദ്ധതികൾ, ഡാം റിസർവോയർ ഡിസിൽറ്റേഷൻ പദ്ധതികൾ എന്നിവ. ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കുപ്പിവെള്ളം പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 'ഹില്ലി അക്വാ' എന്ന കുപ്പിവെള്ളത്തിന്റെ ഉല്പാദനവും വിതരണവും നടത്തിവരുന്നു. നിലവിൽ രണ്ട് കുപ്പിവെള്ള ഫാക്ടറികൾ ഇടുക്കി ജില്ലയിലെ തൊടുപുഴയിലും തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലും പ്രവർത്തിപ്പിച്ചുവരുന്നു. ഇവ കൂടാതെ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിൽ മറ്റൊരു കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള കുപ്പിവെള്ളം കുറഞ്ഞവിലയിൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സർക്കാർ മേഖലയിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ ആരംഭിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കെ.ഐ.ഐ.ഡി.സി.-യുടെ കീഴിൽ പൊതുമേഖലയിലെ ആദ്യത്തെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി ആയ 'ഹില്ലി അക്വാ' ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ 2015 ആഗസ്റ്റിൽ പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 2020-ൽ കേരള ജല

അതോറിറ്റി അരുവിക്കരയിൽ സ്ഥാപിച്ച 7200 LPH കുപ്പിവെള്ള നിർമ്മാണ ഫാക്ടറിയുടെ നടത്തിപ്പ് കെ.ഐ.ഐ.ഡി.സി.-യെ 7 വർഷത്തെ പാട്ടവ്യവസ്ഥയിൽ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹില്ലി അക്വായുടെ വിതരണത്തിനായി വിവിധ ജില്ലകളിൽ അംഗീകൃത വിതരണക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ജയിൽ മൊബൈൽ യൂണിറ്റുകൾ വഴിയും ഫാക്ടറി ഔട്ട്‌ലെറ്റ് വഴിയും വിൽപ്പന നടത്തിവരുന്നു. നിലവിലെ കുപ്പിവെള്ളങ്ങളുടെ വിലവിവര പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കുപ്പിവെള്ളത്തിന്റെ അളവ് | പൊതു വിപണിയിലെ വില | വില |
|---|---|---|---|
| 1 | 1000 ML | 20.00 രൂപ | 15.00 രൂപ |
| 2 | 2000 ML | 35.00 രൂപ | 25.00 രൂപ |
| 3 | 500 ML | 10.00 രൂപ | 10.00 രൂപ |
| 4 | 20 ലിറ്റർ ജാർ | 70.00 രൂപ | 60.00 രൂപ |

നിലവിലെ സ്ഥിതിയനുസരിച്ച് പൊതുവിപണിയിലെ ആവശ്യകത കണക്കിലെടുക്കുമ്പോൾ ഹില്ലി അക്വായുടെ ഉല്പാദനവും വിതരണവും വളരെ കുറവാണ്. എന്നിരുന്നാലും നിലവിലുള്ള ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിപണിയിൽ പല സ്വകാര്യ കമ്പനികൾ കുപ്പിവെള്ളത്തിന് അമിത വില ഈടാക്കുന്നത് നിയന്ത്രിക്കാൻ ഹില്ലി

അക്വായുടെ വിതരണത്തിലൂടെ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

(ഡി) സർക്കാർ സംരംഭമായ 'ഹില്ലി അക്വാ' കൂടുതൽ കാര്യക്ഷമമായി ഉല്പാദനവും വിതരണവും നടത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. തൊടുപുഴ പ്ലാന്റിൽ നിലവിലെ പ്രൊഡക്ഷൻ ലൈനിനുപുറമെ പുതുതായി ഒരു പ്രൊഡക്ഷൻ ലൈൻകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഈ ലൈൻ പ്രാവർത്തികമാകുന്നതിലൂടെ നിലവിലുള്ള ഉത്പാദനം ഇരട്ടിയാക്കാൻ സാധിക്കും. അരുവിക്കര ഫാക്ടറിയിൽ നിലവിൽ 3 പ്രൊഡക്ഷൻ ലൈനുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ നിലവിലെ ഉല്പാദനശേഷിയായ 7500 LPH നവീകരിച്ച് 15000 LPH-ലേയ്ക്ക് ഉത്പാദനം ഇരട്ടിപ്പിക്കുവാൻവേണ്ട നടപടികളാരംഭിച്ചിട്ടുണ്ട്. ഈ രണ്ട് പ്ലാന്റുകൾക്കുടാതെ കേരളത്തിൽ പുതിയതായി കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പെരുവണ്ണാമൂഴിയിൽ പുതുതായി ഒരു കുപ്പിവെള്ള പ്ലാന്റ് നിർമ്മിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികൾ പുരോഗതിയിലാണ്. പുതിയ പ്ലാന്റ് ആരംഭിക്കുന്നതോടുകൂടി വടക്കൻ ജില്ലകളിൽ സർക്കാർ കുപ്പിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> സർ, ജലവിതരണ രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്ന വകുപ്പുമന്ത്രിയെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. അരുവിക്കര പ്ലാന്റിൽനിന്നുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കുപ്പിവെള്ള വിപണിയിലെ സ്വകാര്യകമ്പനികളുടെ ചൂഷണം തടയാൻ ഹില്ലി അക്വായ്ക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, അരുവിക്കര പ്ലാന്റിൽനിന്നുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കാര്യക്ഷമമായ ചർച്ചകൾ നടക്കുകയാണ്. അരുവിക്കരയിൽ മൂന്ന് പ്രൊഡക്ഷൻ ലൈനുകളാണുള്ളത്. ഒന്നാമത്തെ ലൈനിൽ 1000 എം.എൽ., രണ്ടാമത്തെ ലൈനിൽ 500 എം.എൽ., മൂന്നാമത്തെ ലൈനിൽ 20 ലിറ്റർ എന്നിങ്ങനെയാണ്. ആദ്യഘട്ടമെന്ന നിലയിൽ 20 ലിറ്റർ ജാറുകളാണ് വിപണിയിലെത്തിച്ചത്. 60 രൂപ എം.ആർ.പി. നിശ്ചയിച്ചിട്ടുള്ള ഈ ജാറുകളുടെ വിതരണത്തിന് കുടുംബശ്രീ യൂണിറ്റിനെയാണ് ആദ്യം ചുമതലപ്പെടുത്തിയത്. വിപണനം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനായി പുതിയ വിതരണക്കാരെ നിയമിക്കുന്നതിനുള്ള EOI (Expression of Interest) ക്ഷണിക്കുകയും

തെരഞ്ഞെടുത്ത അഞ്ച് വിതരണക്കാരെ തിരുവനന്തപുരം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ 20 ലിറ്റർ ജാറുകളുടെ വിതരണത്തിന് നിയമിക്കുകയും ചെയ്തു. 1000 എം.എൽ. കുപ്പിവെള്ളത്തിന്റെ ഉൽപ്പാദനം അരുവിക്കര പ്ലാന്റിൽനിന്നും 2022 ജനുവരി മാസം ആരംഭിച്ചുകഴിഞ്ഞു. യന്ത്രസംവിധാനങ്ങളിൽവേണ്ട മാറ്റങ്ങൾ വരുത്തി 2022 സെപ്റ്റംബർ മാസത്തോടുകൂടി 2000 എം.എൽ. കുപ്പിവെള്ളം വിപണിയിലെത്തിച്ചു. 2021 ഫെബ്രുവരി മാസത്തോടുകൂടി 500 എം.എൽ. കുപ്പിവെള്ളവും 'ഹില്ലി അക്വാ' ഫാക്ടറിയിൽനിന്നും നിഷ്കർഷിക്കുന്ന ഗുണമേന്മയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇതോടുകൂടി തെക്കൻ ജില്ലകളിലേയ്ക്കുള്ള കുപ്പിവെള്ള വിതരണം പൂർണ്ണമായും അരുവിക്കര ഫാക്ടറിയിൽനിന്നും നടത്താൻ സാധിക്കും. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, കുടിവെള്ളക്ഷാമം പരിഹരിക്കാൻ വൈപ്പിൻ മണ്ഡലത്തിലെ മുനമ്പത്ത് വിഭാവനംചെയ്ത ഡീസാലിനേഷൻ പ്ലാന്റ് സാങ്കേതികതടസ്സങ്ങൾ നീക്കി എത്രയുംവേഗം നടപ്പിലാക്കണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. കൺസ്യൂമർ ഫെഡ് വഴി കുപ്പിവെള്ളം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; കെ.എസ്.ആർ.ടി.സി., റെയിൽവേ എന്നിവ മുഖാന്തരം കുപ്പിവെള്ളം വിതരണം ചെയ്യുന്നതിന്

ഉദ്ദേശിക്കുന്നുണ്ടോ; കിയോസ്കുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വടക്കൻ കേരളത്തിൽ 'ഹില്ലി അക്വാ' ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വൈപ്പിൻ മണ്ഡലത്തിലെ വിഷയം ഗൗരവമായിക്കണ്ട് ആവശ്യമായ ചർച്ചകൾ നടത്തി മുന്നോട്ടുപോകാമെന്ന് കരുതുന്നു. കൺസ്യൂമർ ഫെഡ് വഴി കുപ്പിവെള്ളം വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വിവിധ കൺസ്യൂമർ ഫെഡ് ഔട്ട്‌ലെറ്റുകൾവഴി കുപ്പിവെള്ളം വിതരണം നടത്തുന്നതിന്റെ ഭാഗമായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ കോഴിക്കോട് നടന്ന 61-ാം കേരള സ്കൂൾ കലോത്സവത്തിൽ 10 രൂപയ്ക്ക് ഒരു ലിറ്റർ വെള്ളം ജനങ്ങൾക്ക് എത്തിക്കാൻ സാധിച്ചു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, കോട്ടയം, ഇടുക്കി കൺസ്യൂമർ ഫെഡുകളിൽനിന്ന് 'ഹില്ലി അക്വാ' കുപ്പിവെള്ളം വിപണനം നടത്തുന്നുണ്ട്. റെയിൽവേ, കെ.എസ്.ആർ.ടി.സി. ഡിപ്പോ എന്നിവിടങ്ങളിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ളം വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ദക്ഷിണ റെയിൽവേയുമായി കൈകോർത്തുകൊണ്ട് റെയിൽവേ സ്റ്റേഷനുകളിലെ എല്ലാ ഷോപ്പുകളിലും ട്രെയിനുകളിലും 'ഹില്ലി

അക്വാ' കുപ്പിവെള്ളം വിതരണം ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സ്റ്റാർട്ട്അപ് കമ്പനിയായ സി.ഒ.എഫ്.ബി.എ.-യുടെ സാങ്കേതിക സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ വിവിധ മേഖലകളിൽ സാധാരണക്കാർക്ക് മിതമായ നിരക്കിൽ സംശുദ്ധമായ കുടിവെള്ളം ലഭിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, സംസ്ഥാനത്ത് കിഫ്ബി പദ്ധതികൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്; അതിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; പൂർത്തീകരണ ഘട്ടത്തിൽ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കിഫ്ബി പദ്ധതികളുപയോഗിച്ച് കുടിവെള്ള പദ്ധതികൾക്കാവശ്യമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ നടക്കുന്ന പല പദ്ധതികളും ശുദ്ധജലം ലഭ്യമാക്കുന്നതിന് പ്രയോജനപ്പെടുത്താൻ സാധിക്കത്തക്ക വിധത്തിലാണ് ഏറ്റെടുത്തിട്ടുള്ളത്. ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കുപ്പിവെള്ള വിതരണത്തിന് മാത്രമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്ന സ്ഥിതിവിശേഷം കിഫ്ബിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി

ഉണ്ടാകുന്നില്ല. എന്നാൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആലോചിച്ച് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിന്റെ സ്വന്തം കുടിവെള്ളമായ ഹില്ലി അക്വാ കഴിഞ്ഞ 5 വർഷത്തെ കണക്കുപ്രകാരം മികച്ച വിറ്റുവരവാണ് നേടിയിട്ടുള്ളത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കരയിൽ 2021-ൽ കമ്മീഷൻ ചെയ്ത് പ്രവർത്തനമാരംഭിച്ച കുപ്പിവെള്ള പ്ലാന്റ് ഉൽപ്പാദന ക്ഷമതയിൽ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കുപ്പിവെള്ളത്തിന്റെ യഥാർത്ഥത്തിലുള്ള ജലഗുണനിലവാരം പരിശോധിച്ചതിനുശേഷമാണ് വിതരണം ചെയ്യുന്നത്. അരുവിക്കര കുപ്പിവെള്ള പ്ലാന്റിൽ പ്രവർത്തനം നല്ലനിലയിൽ മുന്നോട്ടുപോകുന്നുണ്ട്. കുപ്പിവെള്ള പ്ലാന്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി വ്യാപിപ്പിച്ച് മിതമായ നിരക്ക് ഈടാക്കിക്കൊണ്ട് ഗുണനിലവാരമുള്ള ശുദ്ധജലം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. തൊടുപുഴയിലും അരുവിക്കരയിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വടക്കൻ

മലബാറിൽ പെരുവണ്ണാമൂഴി ഡാമിനോട് ചേർന്നുള്ള മൂന്നര ഏക്കർ സ്ഥലത്ത് പുതിയ കുപ്പിവെള്ള പ്ലാന്റ് ആരംഭിക്കാൻ 19 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിൽനിന്നും ഹില്ലി അക്വായുടെ ഉല്പാദനം ആരംഭിക്കുന്നതോടെ വടക്കൻ കേരളത്തിലും നല്ലനിലയിൽ 'ഹില്ലി അക്വാ'-യുടെ വിതരണം നടത്താൻ സാധിക്കും. തിരുവനന്തപുരം, ഇടുക്കി, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലും പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ സംസ്ഥാനത്തെ മുഴുവൻ മേഖലകളിലേയ്ക്കും 'ഹില്ലി അക്വാ' എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും. അതാത് ജില്ലകളിലും സമീപജില്ലകളിലും വിതരണം നടത്തുന്നതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ കുറവുണ്ടാകുന്നതുകൊണ്ട് കൂടുതൽ ലാഭകരമായി പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതാണ്. വരുംവർഷങ്ങളിൽ പ്രത്യേക വിഭാഗമായി ഇതിനെ കണക്കാക്കി ഭരണസംവിധാനത്തിന്റെ ഭാഗമായി നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനം കേരളത്തിൽ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, സംസ്ഥാനത്ത് ധാരാളം മഴവെള്ളം ലഭിക്കുന്നുണ്ടെങ്കിലും ഇതുമുഴുവൻ പുഴകളിലൂടെ ഒഴുകി കടലിൽ പതിക്കുകയാണ്. ഈ വെള്ളം തടയണകൾ നിർമ്മിച്ച് കുടിവെള്ള ഉപയോഗത്തിനായി കുപ്പിവെള്ളം നിർമ്മിക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോ; പുഴയോരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സഹകരണത്തോടെ കുപ്പിവെള്ള നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ കേരളത്തിൽ വ്യാപകമാക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടിവരും. എന്നാൽ പുഴകളിലൂടെ ഒഴുകിപ്പോകുന്ന ജലം തടഞ്ഞുനിർത്തി വെള്ളപ്പൊക്ക നിയന്ത്രണം സാധ്യമാക്കുന്നതിനും ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കുന്നതിനായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി കേരളത്തിലെ നദികളെ സംബന്ധിച്ച പഠനം നടത്തുന്നതിന് ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി പഠനം തുടർന്നുവരികയാണ്. ചാലക്കുടി പുഴയുമായി ബന്ധപ്പെട്ട്

ഇത്തരത്തിലൊരു നിവേദനവുമായി പ്രദേശവാസികൾ വൈദ്യുതി വകുപ്പുമന്ത്രിയെ കാണുകയുണ്ടായി. ഷോളയാറിലെ വൈദ്യുതോത്പാദനത്തിനുശേഷമുള്ള വെള്ളം പെരിങ്ങൽക്കുത്ത് ഡാമിലെത്തിച്ച് അവിടെനിന്നും ചാലക്കുടി പുഴയിലേയ്ക്ക് ഒഴുക്കേണ്ടതാണ്. എന്നാൽ, ഇപ്പോൾ ചാലക്കുടി ഭാഗത്ത് ശുദ്ധജലത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഡാമിൽനിന്നുള്ള വെള്ളം ചാലക്കുടി പുഴയിലേയ്ക്ക് ഒഴുക്കിയാൽ മാത്രമേ ശുദ്ധജല-ജലസേചനാവശ്യങ്ങൾക്ക് വെള്ളം നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ചാലക്കുടി പുഴയിൽ ഒരിടത്തും തടയണകളോ മറ്റ് നിർമ്മിതികളോ ഉള്ളതായി കാണുന്നില്ല. അസ്വാഭാവികമായുണ്ടാകുന്ന വെള്ളപ്പൊക്കമടക്കമുള്ള സ്ഥിതിവിശേഷം രൂപപ്പെട്ടുവരുന്ന പശ്ചാത്തലത്തിൽ പുഴയിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും മണ്ണുമെല്ലാം നീക്കംചെയ്ത് തടയണകളോ ചെക്ക് ഡാമുകളോ നിർമ്മിക്കേണ്ടതുണ്ട്. ജലസംഭരണികൾ നിർമ്മിച്ച് ആവശ്യമായ ജലം സംഭരണിയിൽ സൂക്ഷിച്ച് ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും ഉപയോഗിക്കപ്പെടുന്നതരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക നിയന്ത്രണം സാധ്യമാകുന്നതരത്തിലും

ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും ആവശ്യമായ വെള്ളം കണ്ടെത്തുന്നതരത്തിലും ഭാവിയിലേയ്ക്കുള്ള കരുതലിന്റെ ഭാഗമായും നടപടികൾ സ്വീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പ്രയത്നങ്ങളുടെ സവിശേഷതകളിലൊന്നാണ് ഭക്തർക്ക് ദാഹജല ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടി. പുണ്യനദിയായ പമ്പയിലെ സ്നാനം ഭക്തർക്ക് അനുഭൂതിദായകമായ ആചാരംകൂടിയാണ്. ഇതുകൂടി കണക്കിലെടുത്ത് പമ്പാ നദിയെ മാലിന്യമുക്തമാക്കാനും നിലയ്ക്കൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിലയ്ക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി തുടരുകയാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തിയിൽ വളരെ നിസ്സംഗത പുലർത്തിയതിനാൽ പലവട്ടം ചർച്ചകൾ നടത്തേണ്ടതായും ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്യേണ്ടതായുംവന്നു. പുതിയതായി കരാർ നൽകിയിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള

നടപടി കൈക്കൊള്ളുന്നതാണ്. കഴിഞ്ഞ പ്രാവശ്യവും പമ്പാ സ്നാനത്തിനുള്ള സൗകര്യങ്ങൾ നല്ലനിലയിൽ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇതിനായി സ്വീകരിക്കുന്ന ഒരുക്കങ്ങളിൽ വരുംകാല ആവശ്യങ്ങൾകൂടി കണ്ടുകൊണ്ട് കുറേക്കൂടി കൃത്യതവരുത്തുകയും ഇതൊരു പദ്ധതിയായിത്തന്നെ നടപ്പിലാക്കുകയും ജലസേചന വകുപ്പിന്റെകൂടി നിർദ്ദേശത്തിലും നിയന്ത്രണത്തിലും ഇതിനുവേണ്ടി ഒരു പുതിയ സംരംഭം രൂപപ്പെടുത്തുകയും ചെയ്തുകൊണ്ട് ശബരിമലയിലെത്തുന്ന ഭക്തർക്ക് കുടിവെള്ളത്തിന്റെയും പമ്പാ സ്നാനത്തിന്റെയും കാര്യങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പ്രത്യേക കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുന്നതാണ്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചെയറിന് മുന്നിൽവന്നുനിന്ന് ബഹളമുണ്ടാക്കരുത്. അടുത്ത ചോദ്യം രാജ്യത്തെ ഏറ്റവും അടിസ്ഥാനവർഗ്ഗമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ടതാണ്. അത് ലോകം അറിയാൻ ആഗ്രഹിക്കുന്നതാണ്. പ്ലീസ്..., ചോദ്യോത്തരവേളയുമായി സഹകരിക്കണം.

**പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി**

2 (*512) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. എം. മണി:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി ഭവന നിർമ്മാണത്തിന് ഈ വർഷം വകയിരുത്തിയിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ; ഇവർക്കായി ലൈഫ് പദ്ധതിയിൽ എത്ര വീടുകളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വാസയോഗ്യമല്ലാത്ത വിധത്തിൽ ജീർണ്ണിച്ച വീടുകളുടെ പുനർനിർമ്മാണത്തിനും സ്ഥലസൗകര്യം കുറഞ്ഞ വീടുകളിൽ അധികമുറി നിർമ്മിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർമ്മാണം പാതിവഴിയിലായ ഇത്തരം വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നത്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആദിവാസി പുനരധിവാസ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയുംമാത്രം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്. ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് മിഷന് തുക കൈമാറുകയാണ് നിലവിൽ വകുപ്പ് ചെയ്യുന്നത്. ഇതിനായി നടപ്പുസാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് വകയിരുത്തിയിരുന്ന 300 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് വകയിരുത്തിയിരുന്ന 140 കോടി രൂപയും ഉൾപ്പെടെ 440 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം

ഈ ഇനത്തിൽ 418 കോടി രൂപയാണ് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ലൈഫ് മിഷന് കൈമാറിയത്. ഇതിനുപുറമെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ഭവന പൂർത്തീകരണം എന്നിവയുടെ സ്പിൽഓവർ പദ്ധതികൾക്കും പഠനമുറി, സേഫ് എന്നീ പദ്ധതികൾക്കുമായി നടപ്പുസാമ്പത്തിക വർഷം 205 കോടി രൂപ പട്ടികജാതി വികസന വകുപ്പും 57.5 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽനിന്നും അനുവദിച്ച് നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതും സ്വന്തമായി ഭവന നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിനായുള്ള പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾവഴി നടപ്പിലാക്കിയിരുന്നു. എന്നാൽ സാങ്കേതികമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടെങ്കിലും പല വീടുകളും പൂർണ്ണതയിൽ എത്തുന്നില്ലെന്ന കണ്ടെത്തലിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം "സേഫ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഭവന പൂർത്തീകരണവും

പുനരുദ്ധാരണവും മറ്റും ലക്ഷ്യമാക്കി ആരംഭിച്ച സേഫ് പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് രണ്ടര ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ പരിശീലനം നൽകുകയും വിദേശരാജ്യങ്ങളിലൂൾപ്പെടെ യോഗ്യതയ്ക്കനുസരിച്ച ജോലി ലഭ്യമാക്കുകയും ചെയ്തുകൊണ്ട് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മികവുറ്റ പ്രവർത്തനം നടത്തുന്ന വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനെ പ്രത്യേകം അഭിനന്ദിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിതരായവർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോയെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ലൈഫ് മിഷൻ മുഖാന്തരമാണ് ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ അത്തരമൊരു പദ്ധതി നിലവിലില്ല.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനോടൊപ്പംതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജീവനോപാധികൾ ക്രമീകരിച്ചുകൊണ്ട് അവരെ സാമ്പത്തികമായി സ്വയംപര്യാപ്തതയിലേയ്ക്കെത്തിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സാമ്പത്തികമായി ഉന്നതിയിലേയ്ക്കെത്തിക്കുന്നതിന് ലൈഫ് മിഷനിൽ പദ്ധതിയില്ല. എന്നാൽ വകുപ്പുതന്നെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത വിഭാഗങ്ങളെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് സാമ്പത്തികവും സാമൂഹികവുമായ ഉയർച്ച കൈവരിക്കാൻ സാധിക്കുന്നുണ്ട്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അംബേദ്കർ ഗ്രാമം പദ്ധതി വളരെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. പക്ഷേ, നിശ്ചിത

സംഖ്യയ്ക്കുള്ളിൽ നിർത്തിയാണ് ഗ്രാമത്തിന്റെയോ ഊരിന്റെയോ വികസനം നടത്തേണ്ടിവരുന്നതെന്നുള്ളതുകൊണ്ട് പലപ്പോഴും അനുവദിക്കുന്ന സംഖ്യ അപര്യാപ്തമാണെന്നുള്ള പരാതിയുണ്ടാകുന്നുണ്ട്. അതുകൊണ്ട് ബന്ധപ്പെട്ട കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അതിനാവശ്യമായ രീതിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയെ പുനർനിർവ്വചിക്കാനും അതിനാവശ്യമായ പദ്ധതി തയ്യാറാക്കാനും പരിപാടിയുണ്ടോയെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, നിലവിൽ ഓരോ ഗ്രാമത്തിന്റെയും വികസനത്തിനായി ഒരു കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു കോടി രൂപകൊണ്ട് പ്രസ്തുത ഗ്രാമത്തിലെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ വരുന്നുവെന്നുള്ള ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. അതിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷംമുതൽ ഓരോ കോളനിയിലെയും അല്ലെങ്കിൽ ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ തിരിച്ചറിഞ്ഞശേഷം മാത്രം തുക അനുവദിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഓരോ ഗ്രാമത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാവുന്ന രീതിയിൽ പദ്ധതിയെ പുന:സംവിധാനം ചെയ്യാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ഓരോ ഏജൻസികൾക്കാണ് സ്കീം

കൊടുക്കുന്നത്. ഏജൻസിവഴി individual scheme നടപ്പിലാക്കുമ്പോഴും ജി.എസ്.ടി. കൊടുക്കേണ്ടിവരികയാണ്. പാവപ്പെട്ട ഒരു വ്യക്തിക്ക് വീടുനിർമ്മാണത്തിന് നൽകുന്ന തുകയിൽനിന്ന് 18 ശതമാനം ജി.എസ്.ടി. കൊടുക്കേണ്ടിവരുമ്പോൾ ഗുണഭോക്താവിന് വേണ്ടത്ര ഗുണം ലഭിക്കുന്നില്ല. അതുകൊണ്ട് individual scheme-ൽനിന്ന് ജി.എസ്.ടി. ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതി ആലോചിച്ചുവരികയാണ്.

ശ്രീ. എം. എം. മണി: സർ, സങ്കേതത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എല്ലാവർക്കും ഭൂമിയും വീടും നൽകുകയെന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ഓരോ വർഷത്തേയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭവനരഹിത/ഭൂരഹിത ജനവിഭാഗങ്ങൾക്ക് ഭൂമിയും വീടും വാങ്ങിക്കൊടുക്കാനുള്ള പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയോടുകൂടി മുഴുവനാളുകൾക്കും ഭൂമിയും വീടും നൽകാൻവേണ്ടിയുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, മുപ്പതിൽതാഴെ വീടുകളുള്ള നിരവധി പട്ടികജാതി സങ്കേതങ്ങളുണ്ട്. ഇവിടെ ജീർണ്ണാവസ്ഥയിലുള്ള വീടുകളും  കാണാൻ കഴിയും. ഇത്തരം ജീർണ്ണിച്ച വീടുകളെ ലൈഫ് മിഷനിൽ ഉൾപ്പെടുത്താനോ അല്ലെങ്കിൽ അംബേദ്കർ ഗ്രാമം പദ്ധതി പട്ടികജാതി സങ്കേതങ്ങൾക്കുകൂടി ഉപയോഗപ്പെടുന്ന നിലയിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കി പുനരധിവസിപ്പിക്കാനോ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ,  ജനസംഖ്യമാത്രം പരിശോധിച്ചല്ല, ആ പ്രദേശത്തെ പ്രശ്നങ്ങൾകൂടി പരിശോധിച്ചുകൊണ്ടാണ് വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത്. ജനസംഖ്യമാത്രം അടിസ്ഥാനമാക്കി നടത്തുന്നതുകൊണ്ട് ജനസംഖ്യ കുറഞ്ഞ സ്ഥലങ്ങളിൽ ദുരിതങ്ങൾ വർദ്ധിച്ചുവരുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് ഓരോ പ്രദേശത്തേയും പ്രശ്നങ്ങൾ എന്താണെന്ന് പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, അംബേദ്കർ ഗ്രാമം പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം എന്നീ രണ്ട് പദ്ധതികൾ നിശ്ചിത എണ്ണം വീടുകളുള്ള കോളനികളിൽ മാത്രമേ നടപ്പിലാക്കുന്നുള്ളൂ. എന്നാൽ നിശ്ചിത എണ്ണം വീടുകളില്ലാത്ത കോളനികളിൽ സമഗ്ര വികസന

പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ജനസംഖ്യ കുറയുന്നത് ആ പ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സമാകാൻ പാടില്ല. പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ആ പ്രദേശത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നുള്ളത് പരിശോധിച്ചുവരികയാണ്. അതോടൊപ്പംതന്നെ ത്രിതല പഞ്ചായത്തുകൾക്ക് Grant-in-aid ആയി കോടാനുകോടി രൂപയാണ് കൊടുക്കുന്നത്. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഇടപെടലുകളാണ് നടത്തുന്നത്. (......ബഹളം......)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... എല്ലാവരും സീറ്റുകളിൽ ഇരിക്കുക. സമൂഹത്തിലെ അടിസ്ഥാനവർഗ്ഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് നടക്കുന്നത്. (.......ബഹളം......)

**സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ നടത്തുന്ന പ്രവർത്തനങ്ങൾ**

3 (*513) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി കാനത്തിൽ ജമീല:

**ശ്രീ. എം. വിജിൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ആധുനിക തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ വിപണന സംരംഭങ്ങൾവഴി മികച്ച ബദൽ ജീവനോപാധി ലഭ്യമാക്കുന്നതിനും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മത്സ്യത്തൊഴിലാളി സ്ത്രീകളെ പ്രാപ്തരാക്കുന്നതിനും ആരംഭിക്കുന്ന സംരംഭങ്ങളുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സാഫ് മുഖേനയുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ പ്രവർത്തനംവഴി കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളി സ്ത്രീകളെ മുക്തരാക്കുന്നതിന് സാധ്യമാകുന്നുണ്ടോ; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, (എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ആധുനിക തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ വിപണന സംരംഭങ്ങൾവഴി മികച്ച ബദൽ ജീവനോപാധി ലഭ്യമാക്കുന്നതിനും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (സാഫ്) നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മത്സ്യത്തൊഴിലാളി വനിതകളെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പിനുമായി സാഫ് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Training Programmes)</u> - മത്സ്യത്തൊഴിലാളി വനിതകൾ ആരംഭിക്കുന്ന തൊഴിൽ സംരംഭങ്ങൾ മികവുറ്റതാക്കുന്നതിനായി വിവിധതരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക്കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവ ഇതിൽപ്പെടുന്നു. സംരംഭം നല്ല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ സ്കിൽ ട്രെയിനിംഗുകളും നൽകുന്നു.

ബി) ബ്രാന്റിംഗ് & മാർക്കറ്റിംഗ് - ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിനുവേണ്ടി സാഫ് പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി മേളകളിലും എക്സിബിഷനുകളിലും യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നു.

സി) പലിശരഹിത ചാക്രിക മൂലധന സഹായം (Interest free Working Capital Revolving Fund) - സാഫ് ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകളുടെ തിരിച്ചടവിന്റെ ശേഷിയും ശരാശരി വിറ്റുവരവും കണക്കിലെടുത്ത് 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറൻറുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിത വായ്പയായി നൽകുന്നു.

ഡി) സോളിഡാരിറ്റി ഫണ്ട് ടു സ്ട്രഗ്ലിംഗ് യൂണിറ്റ്സ് - കോവിഡിനുശേഷം ചെറുകിട സംരംഭങ്ങളുടെ ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി ടെക്നോളജി ഇംപ്രൂവ്മെന്റ്, ഷിഫ്റ്റ് ടു

അപ്രോപ്രിയേറ്റ് ബിസിനസ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സോളിഡാരിറ്റി ഫണ്ട് അനുവദിച്ചുവരുന്നു. ഇതിലൂടെ ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടിച്ചേർക്കുന്നതിനുമായി ടെക്നോളജി ഇംപ്രൂവ്മെന്റ് ധനസഹായവും നിലവിൽ ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സംരംഭത്തിൽനിന്ന് മറ്റൊരു സംരംഭത്തിലേയ്ക്ക് മാറുന്നതിന് ഷിഫ്റ്റ് ടു അപ്രോപ്രിയേറ്റ് ബിസിനസ് ധനസഹായവും നൽകുന്നു.

ഇ) <u>യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ</u> - ആക്റ്റിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തുന്നതിന്റെ ഭാഗമായി ഗ്രൂപ്പുകൾക്ക് ബാങ്കിൽനിന്നും 5 ലക്ഷം രൂപവരെ ലോൺ വാങ്ങുന്നതിന് സാഹചര്യമൊരുക്കുന്നു.

എഫ്) <u>ഭാരത അന്താരാഷ്ട്ര മേള 2022</u> - India Trade Promotion Organization (ITPO) ന്യൂഡൽഹി, പ്രഗതി മൈതാനിയിൽവച്ച് നവംബർ 14 മുതൽ 27 വരെ സംഘടിപ്പിച്ച ഭാരത അന്താരാഷ്ട്ര മേള (IITF)-യിൽ ഈ വർഷത്തെ ഫോക്കസ് സ്റ്റേറ്റായ കേരള പവലിയനിൽ സാഫ് എക്സിക്യൂട്ടീവ് ഡയറക്ടറും സാഫ് ടീമും കൊമേഴ്സ്യൽ സ്റ്റാൾ, ഫുഡ് കോർട്ട് എന്നീ വിഭാഗങ്ങളിൽ പങ്കെടുത്തു.

ജി) <u>ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ</u> - ആധുനിക യുഗത്തിൽ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത് ഓൺലൈൻ സംവിധാനങ്ങളെയാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാഫ് യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. 785 യൂണിറ്റുകൾ ഈ സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്.

എച്ച്) <u>സ്ട്രെംഗ്തനിംഗ് ഓഫ് കാറ്റഗറി ഫെഡറേഷൻ</u> - സാഫ് യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും കാറ്റഗറി ഫെഡറേഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

ഐ) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിനായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ നൽകുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു. ഇതിനായി മുച്ചക്ര വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസുള്ള മത്സ്യത്തൊഴിലാളി വനിതകളുടെ വിവരശേഖരണം നടത്തിവരുന്നു.

(സി) ഉണ്ട്. മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ

മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും മുക്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ സാഫ് മുഖേന 'ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് - പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ്ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമൻ ഇൻ കേരള' പദ്ധതി നടപ്പിലാക്കുന്നു. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിക്കുന്നത്. ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രവർത്തന മൂലധനമായി ഒരംഗത്തിന് 10,000 രൂപ വീതം ഒരു ഗ്രൂപ്പിന് 50,000 രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ 1100 മത്സ്യത്തൊഴിലാളി വനിതകൾക്കായി 110 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ പലിശരഹിത റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് തുക 20 ആഴ്ചകൾകൊണ്ട് തിരിച്ചടയ്ക്കുന്നു. റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് ടി പദ്ധതിയിലെ ഫെസിലിറ്റേറ്റർമാർ മുഖേന ഉറപ്പുവരുത്തുന്നു. ആഴ്ചതോറും റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് തുക ഫെസിലിറ്റേറ്റർമാർ യൂണിറ്റുകളിൽനിന്ന് ശേഖരിച്ച് നോഡൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് അതാത് ദിവസംതന്നെ അടയ്ക്കുന്നു.

ടി തുക നോഡൽ ഓഫീസർ പരിശോധിച്ച് ടി പദ്ധതികളുടെ റിവോൾവിംഗ് ഫണ്ട് തിരിച്ചടവിനായി ആരംഭിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നു. റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് രേഖപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമായി മണി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുവഴി അടുത്തഘട്ടം റിവോൾവിംഗ് ഫണ്ടിന് അപേക്ഷിച്ചിട്ടുള്ള യൂണിറ്റുകളുടെ തിരിച്ചടവ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം തുക അനുവദിക്കുന്നു. ഓരോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് അംഗവും 10,000 രൂപ വീതം അനുവദിച്ചുകിട്ടുന്ന റിവോൾവിംഗ് ഫണ്ട് തുക തുടർച്ചയായി 4 ഘട്ടങ്ങളിലായി വാങ്ങി കച്ചവടം നടത്തിവരുന്നു. ടി പദ്ധതിയിലൂടെ 950 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലായി 475 ലക്ഷം രൂപ റിവോൾവ് ചെയ്യുന്നു. മുൻവർഷങ്ങളിൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരിക്കുന്ന യൂണിറ്റുകളുടെ തിരിച്ചടവ് 100 ശതമാനമാണ്. മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശയില്ലാതെ പ്രവർത്തന മൂലധനം തുടർച്ചയായി ലഭിക്കുന്നുവെന്നത് ടി പദ്ധതിയുടെ പ്രത്യേകതയാണ്. ടി പദ്ധതിയിലൂടെ മത്സ്യമേഖലയിലെ വനിതകൾക്ക് തൊഴിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് സ്വകാര്യ ധനമിടപാടുകാരേയും

കൊള്ളപ്പലിശക്കാരേയും ആശ്രയിക്കുന്നതിൽനിന്ന് ഒരു പരിധിവരെ മുക്തരാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കടൽ മത്സ്യബന്ധന മേഖലയിലും ഉൾനാടൻ മത്സ്യബന്ധന മേഖലയിലുമുള്ള മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ളതാണ് 'സ്നേഹതീരം' പദ്ധതി. ഫിഷറീസ് വകുപ്പിനുകീഴിലുള്ള 'സാഫ് ' , സഹകരണ വകുപ്പിനുകീഴിലുള്ള പ്രാഥമിക കാർഷിക വികസന സഹകരണ സംഘങ്ങൾ എന്നിവയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമരൂപം നൽകി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ അവരുടെ തൊഴിലുകൾ മുന്നോട്ടുകൊണ്ടുപോകാനായി 'സാഫ് ' മുഖേന ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മത്സ്യത്തൊഴിലാളികളായ സ്ത്രീകൾ ജോലിചെയ്യുന്ന സാഹചര്യം, അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ, പിന്നീടുള്ള ആരോഗ്യ

പ്രശ്നങ്ങൾ എന്നിവകൂടി 'സാഫ് '-ന്റെ പരിഗണനയിൽ കൊണ്ടുവരാൻ സാധിക്കുമോ; 40 വയസ്സുകഴിഞ്ഞ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. മത്സ്യത്തൊഴിലാളി വനിതകളെ സാമ്പത്തികമായും സാമൂഹികമായും മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള ധാരാളം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. പ്രത്യേകിച്ച് 'സാഫ്' വഴി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നിരവധി സംരംഭങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഈ വർഷം ഏതാണ്ട് നൂറ് കോടി രൂപയുടെ ബിസിനസ് 'സാഫ്' വഴി നടത്താൻ കഴിഞ്ഞുവെന്ന നേട്ടമാണ് സംസ്ഥാന സർക്കാരിനുള്ളത്. അത് വളരെ സന്തോഷകരമായ കാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ പണിയെടുക്കുന്ന തൊഴിൽ മേഖലകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ആധുനികവൽക്കരണമടക്കമുള്ള നടപടികളുമായി മുന്നോട്ടുപോകുകയും മത്സ്യത്തൊഴിലാളി സ്ത്രീകളെ മുഖ്യധാരയിൽ കൊണ്ടുവരാൻ ശ്രമിക്കുകയുമാണ്. മത്സ്യത്തൊഴിലാളി വനിതകളെ മത്സ്യം വാങ്ങുന്ന സ്ഥലത്തുനിന്ന് ബസ്സിൽ മത്സ്യവിൽപ്പന കേന്ദ്രത്തിലെത്തിച്ച് വിൽപ്പന നടത്തിയതിനുശേഷം തിരികെ വീട്ടിലെത്തിക്കുന്ന 'സമുദ്ര' എന്ന പ്രോജക്ട്

ഗതാഗത വകുപ്പുമായി ചേർന്ന് നടപ്പിലാക്കി. പ്രസ്തുത പ്രോജക്ട് വൻ വിജയമാണ്. ഈ മേഖലയിൽ ഇത്തരത്തിലുള്ള ശ്രദ്ധേയമായ ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. (....ബഹളം....)

ശ്രീമതി യു. പ്രതിഭ: സർ, തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയുമിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിനും ജീവിതത്തിലുണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ച് ലഹരി വിമുക്തമാക്കുന്നതിനുംവേണ്ടി വകുപ്പ് നടത്തുന്ന നടപടികളെ അഭിനന്ദിക്കുന്നു. ഇതിനുവേണ്ടി തുടർന്ന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നടപടികളാണ് നടത്തുന്നത്. തീരദേശത്തെ ബഹുഭൂരിപക്ഷം സ്കൂളുകളിലും അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായിക്കഴിഞ്ഞു. അവിടെ മയക്കുമരുന്നടക്കമുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ശക്തമായ നടപടികൾ നടത്തുകയാണ്. ഇത് സംബന്ധിച്ചുള്ള ബോധവൽക്കരണ ക്യാമ്പയിൻ സർക്കാരിന്റെയും വകുപ്പിന്റെയും ഭാഗത്തുനിന്ന് നടപ്പാക്കുന്നുണ്ട്. (.....ബഹളം.....) ഒരുകാര്യംകൂടി

കൂട്ടത്തിൽ പറയുകയാണ്. ശ്രദ്ധമര്യാദകേടാണ് പ്രതിപക്ഷം കാണിക്കുന്നത്; എന്താണെന്ന് ചോദിച്ചാൽ.....,

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ചോദ്യോത്തരവേള സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ സഭ അല്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു. 11.00 മണിക്ക് കാര്യോപദേശക സമിതി യോഗം ചേരുന്നതാണ്.

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.30-ന് നിർത്തിവച്ച സഭ 11.29-ന് പുനരാരംഭിച്ചു.)

(ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും പരിഗണനയ്ക്കെടുത്തില്ല.)

II റൂളിംഗ്

2023 മാർച്ച് 14, 15 തീയതികളിൽ സഭയ്ക്കകത്തും പുറത്തുമുണ്ടായ സംഭവങ്ങളെ സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ...., ഓർഡർ....., സഭയുടെ നടപ്പുസമ്മേളനത്തിൽ 2023 മാർച്ച് 14, 15 എന്നീ തീയതികളിൽ സഭയ്ക്കകത്തും പുറത്തുമുണ്ടായ

+ അനുബന്ധം

ദൗർഭാഗ്യകരമായ ഒട്ടേറെ സംഭവങ്ങളെ സംബന്ധിച്ച് സഭയ്ക്കകത്ത് ഉയർന്നുവന്ന പരാതികൾ പരിശോധിച്ചശേഷം വിശദമായ റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഏതാനും കാര്യങ്ങൾ സഭയെ അറിയിക്കാൻ ചെയർ ആഗ്രഹിക്കുന്നു.

കേരള നിയമസഭ അതിന്റെ രൂപീകരണത്തിന്റെ 66 സംവത്സരങ്ങൾ പൂർത്തീകരിക്കുകയാണ്. വൈവിധ്യമാർന്ന ഒട്ടേറെ മാതൃകാപരമായ നേട്ടങ്ങളാണ് പാർലമെന്ററി പ്രവർത്തനരംഗത്ത് ഈ കാലയളവിൽ കേരള നിയമസഭയ്ക്ക് ആർജ്ജിക്കാൻ കഴിഞ്ഞത്. പ്രഗത്ഭരും പ്രതിഭാധനരുമായിരുന്ന നമ്മുടെ മുൻഗാമികൾ കാണിച്ച വഴികളിലൂടെ സഞ്ചരിച്ചാണ് കേരള നിയമസഭ ഈ നേട്ടങ്ങളൊക്കെ സ്വായത്തമാക്കിയത്. കാലാകാലങ്ങളിൽ സഭയ്ക്കകത്ത് ഉയർന്നുവന്നിരുന്ന പ്രശ്നങ്ങളിന്മേൽ കടുത്ത പ്രതിഷേധ പരിപാടികൾ സഭയ്ക്കകത്തും പുറത്തും ഈ കാലയളവിലുണ്ടായിട്ടുണ്ട്. വിയോജിപ്പുകളുടെയും പ്രതിഷേധങ്ങളുടെയും ഭാഗമായിട്ടാണെങ്കിൽപ്പോലും ഒഴിവാക്കപ്പെടാമായിരുന്ന സംഭവ പരമ്പരകളാണ് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായതെന്ന കാര്യത്തിൽ ആർക്കും വിയോജിപ്പുണ്ടാകുമെന്ന് ചെയർ കരുതുന്നില്ല. ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി ലഭിക്കാത്തത് സംബന്ധിച്ച വിഷയമാണ്

മുഖ്യമായും സഭാതലത്തിൽ പ്രതിഷേധം ഉയർന്നുവരാനുണ്ടായ കാരണമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുന്ന വേളയിൽ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നതെന്നതരത്തിലുള്ള ആക്ഷേപങ്ങൾ അംഗങ്ങൾ ഉന്നയിച്ചിരുന്നു. ഇതേ ആക്ഷേപം സഭയ്ക്ക് പുറത്തും പ്രതിപക്ഷ കക്ഷിനേതാക്കൾ പത്രസമ്മേളനത്തിലൂടെയും മറ്റും ആവർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം ആക്ഷേപങ്ങൾ വസ്തുതാപരമല്ലെന്ന് മാത്രമല്ല, അത് ചെയറിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതിന് തുല്യവും പാർലമെന്ററി മര്യാദകളുടെ കടുത്ത ലംഘനവുമാണ്. വ്യത്യസ്ത കാരണങ്ങളാൽ നടപ്പുസമ്മേളനത്തിൽ റൂൾ 50 പ്രകാരമുള്ള 4 നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചിരുന്നുവെന്നത് ഒരു വസ്തുതയാണെങ്കിലും അത് പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ ശാശ്വതമായി തടയുവാൻ ഉദ്ദേശിച്ചുകൊണ്ടോ സർക്കാരിന്റെ താൽപ്പര്യ സംരക്ഷണത്തിനുവേണ്ടിയോ ആയിരുന്നില്ല. സുപ്രധാന വിഷയങ്ങളിന്മേൽ റൂൾ 50 നോട്ടീസ് നൽകിക്കൊണ്ട് ചർച്ച ആവശ്യപ്പെടാനുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ സംരക്ഷിക്കാൻ എന്റെ മുൻഗാമികൾ കാണിച്ചിട്ടുള്ള മാതൃക തുടർന്നും ഉണ്ടാകുമെന്നാണ് ഇതുസംബന്ധിച്ച് സഭയെ

അറിയിക്കാനുള്ളത്. ബന്ധപ്പെട്ട ചട്ടങ്ങൾക്ക് നിരക്കാത്ത നോട്ടീസുകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കാനുള്ള ചെയറിന്റെ അധികാരത്തെ മറ്റുവിധത്തിൽ വ്യാഖ്യാനിക്കുന്നതോ അതിന്റെ പേരിൽ പാർലമെന്ററി മര്യാദകൾ ലംഘിക്കുന്നതോ യാതൊരു കാരണവശാലും അനുവദിക്കാനാകില്ല.

മറ്റൊരു കാര്യം ചെയറിന് സൂചിപ്പിക്കാനുള്ളത്, സഭയ്ക്കകത്ത് അരങ്ങേറുന്ന പ്രതിഷേധങ്ങളെ സംബന്ധിച്ചാണ്. സഭാ ചട്ടപ്രകാരവും പെരുമാറ്റ ചട്ടപ്രകാരവും സഭയ്ക്കകത്ത് പ്രതിഷേധിക്കാനുള്ള അംഗങ്ങൾക്കുള്ള അവകാശം വളരെ പരിമിതമാണെങ്കിലും കേരള നിയമസഭയിൽ സാമാന്യം ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുള്ള മുൻ അനുഭവങ്ങൾ നിരവധിയാണ്. എന്നാൽ നടപടി ചട്ടപ്രകാരം സഭ സമ്മേളനത്തിലായിരിക്കുമ്പോൾ സമാന്തര സമ്മേളനം എന്ന പേരിൽ ഒരു നീക്കം നടത്തുകയും അതിന്റെ ദൃശ്യങ്ങൾ മൊബൈൽ ഫോണിലൂടെ പകർത്തി ചാനലുകൾക്ക് ലഭ്യമാക്കുകയും ചെയ്ത നടപടികളിൽ വളരെ സീനിയറായ അംഗങ്ങൾവരെ പങ്കെടുത്തുവെന്നത് ചെയറിനെ അത്ഭുതപ്പെടുത്തുകയുണ്ടായി. അത്തരം പ്രവർത്തനങ്ങൾ നമ്മുടെ സഭാ പൈതൃകത്തെ എത്രമാത്രം ദോഷകരമായി ബാധിക്കുമെന്ന കാര്യം

ബഹുമാനപ്പെട്ട അംഗങ്ങൾ സ്വയം ചിന്തിക്കുമെന്നാണ് ചെയർ കരുതുന്നത്. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

പ്രതിഷേധത്തിന്റെ ഭാഗമായി പ്ലക്കാർഡുകളും ബാനറുകളും സഭയിൽ പ്രദർശിപ്പിക്കുന്ന രീതി കൂടിക്കൂടി വരുന്നതിലും ചെയറിന്റെ മുഖം മറയ്ക്കുന്നതരത്തിൽ ബാനർ പ്രദർശിപ്പിക്കുന്ന രീതിയിലും ചെയറിനുള്ള കടുത്ത വിയോജിപ്പുകൂടി അറിയിക്കുന്നു. ഒരംഗം സംസാരിക്കുമ്പോൾ നിരന്തരം തടസ്സപ്പെടുത്തുക, അപശബ്ദങ്ങൾ പുറപ്പെടുവിക്കുക, ചെയറിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഇരുവിഭാഗങ്ങളും വാഗ്വാദങ്ങളിൽ ഏർപ്പെടുക എന്നിങ്ങനെയുള്ള അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

നിയമസഭാ നടപടികളുടെ തത്സമയ സംപ്രേക്ഷണം സഭാ ടി.വി. വഴി നടത്തുന്നതിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അപാകത സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ നൽകിയ പരാതി ചെയർ പരിശോധിക്കുകയുണ്ടായി. അതുപോലെ പ്രതിപക്ഷ പ്രതിഷേധം

നടക്കുന്ന സന്ദർഭങ്ങളിൽ സഭാനടപടികളുടെ സംപ്രേക്ഷണത്തിൽ പ്രതിഷേധത്തിന്റെ വിഷ്വൽസ് കൂടി ഉൾപ്പെടുത്തുന്ന പാർലമെന്റിലെ മാതൃക ഇവിടെയും സ്വീകരിക്കണമെന്ന നിർദ്ദേശം വിശദമായി പരിശോധിച്ച് ഉടൻതന്നെ അതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതാണെന്ന് വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുന്നു. വീഡിയോ ചിത്രീകരണങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സഭാതലത്തിലും പരിസരത്തുംനിന്നുള്ള ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി പുറത്തുകൊടുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും കക്ഷിനേതാക്കളുമായി കൂടിയാലോചിച്ച് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

ഇനി ചെയറിന് സൂചിപ്പിക്കാനുള്ളത്, മാർച്ച് 15-ന് നിയമസഭാ മന്ദിരത്തിൽവച്ച് നടന്ന ചില ദൗർഭാഗ്യകരമായ സംഭവങ്ങളെ സംബന്ധിച്ചാണ്. സഭയിൽ പ്രതിഷേധങ്ങൾ പലവിധത്തിൽ നടക്കാറുണ്ടെങ്കിലും സഭാദ്ധ്യക്ഷന്റെ ആഫീസ് ഉപരോധിക്കാനായി അന്നുനടന്ന ശ്രമം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയെന്നാണ് ചെയർ നിരീക്ഷിക്കുന്നത്. അത്തരമൊരു നീക്കം ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായിട്ടായിരിക്കുമെന്നാണ് തോന്നുന്നത്. ഓഫീസ് ഉപരോധത്തെത്തുടർന്ന് വാച്ച് ആന്റ് വാർഡ് സ്റ്റാഫുമായുണ്ടായ

ബലപ്രയോഗത്തിനിടയിൽ ഏതാനും അംഗങ്ങൾക്കും വാച്ച് ആന്റ് വാർഡ് സ്റ്റാഫിനും പരിക്കേൽക്കുകയും ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാകേണ്ടി വരികയും ചെയ്തിട്ടുണ്ട്. ചിലർക്ക് സാരമായ പരിക്കുകളുണ്ടായതായും മെഡിക്കൽ റിപ്പോർട്ടുണ്ട്. രണ്ട് ഭരണകക്ഷി അംഗങ്ങൾക്കെതിരെ ഉൾപ്പെടെ പത്തോളം പരാതികൾ ഇതിനകം ചെയറിന് ലഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ചികിത്സയിലായിരുന്നവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് എഫ്.ഐ.ആർ. ഇട്ട് തുടർനടപടികൾ സ്വീകരിക്കുന്നതായും ചെയർ മനസ്സിലാക്കുന്നു. നിയമസഭാദ്ധ്യക്ഷന്റെ അധികാരപരിധിയിൽവച്ച് നടന്ന ഒരു സംഭവം ആയതിനാലും ചട്ടം 164, 165 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുള്ളതിനാലും ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ലഭ്യമായ പരാതികളിന്മേൽ യുക്തമായ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂവെന്ന കാര്യംകൂടി ചെയർ അറിയിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങളെ, നിയമസഭയുടെയും അതിന്റെ വിവിധ കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ തടസ്സമില്ലാതെയും സുഗമമായും നടത്തിക്കൊണ്ടുപോകുകയും അതുവഴി നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക, മറ്റ്

ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക എന്നിവ കേരള ജനത നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം നൂറ് ശതമാനം സത്യസന്ധതയോടെ നിർവ്വഹിക്കപ്പെടുമെന്ന കാര്യത്തിൽ നാമെല്ലാവരും നമ്മെ തെരഞ്ഞെടുത്തവരോട് കടപ്പെട്ടിരിക്കുന്നു. കേവലമായ രാഷ്ട്രീയ ഭിന്നതയുടേയും അഭിപ്രായ വ്യത്യാസങ്ങളുടേയും പേരിൽ അർപ്പിതമായ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ നമുക്കാവില്ല. യോജിക്കാവുന്ന കാര്യങ്ങളിൽ യോജിച്ചുകൊണ്ടും വിയോജിക്കേണ്ട കാര്യങ്ങളിൽ വിയോജിച്ചുകൊണ്ടും നമ്മുടെ നിയമസഭാ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണമെന്നാണ് ചെയറിന് നിർദ്ദേശിക്കാനുള്ളത്. ചട്ടങ്ങളും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് ഓരോ അംഗത്തിനും ലഭ്യമായിട്ടുള്ള അവകാശങ്ങൾ നിഷേധിക്കുന്നതരത്തിലുള്ള ഒരു സമീപനവും ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല എന്ന കാര്യം ഒരിക്കൽക്കൂടി അടിവരയിട്ടുപറയാൻ ചെയർ ആഗ്രഹിക്കുകയാണ്.

Rule 50 നോട്ടീസുകൾക്കുപുറമെ നമ്മുടെ സഭയിൽ കഴിഞ്ഞ കുറേക്കാലമായി തീരെ അവസരം ലഭിക്കാതിരുന്ന ചട്ടം 49 പ്രകാരമുള്ള അരമണിക്കൂർ ചർച്ച, അടിയന്തര പൊതുപ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ

ചട്ടം 58 പ്രകാരമുള്ള ചർച്ച, മറ്റ് പൊതുതാൽപ്പര്യമുള്ള വിഷയങ്ങളിന്മേൽ ചട്ടം 130 പ്രകാരമുള്ള ചർച്ച, വിവിധ സഭാസമിതികളുടെ റിപ്പോർട്ടിന്മേലുള്ള ചട്ടം 205 ബി പ്രകാരമുള്ള ചർച്ച തുടങ്ങിയവയ്ക്കുകൂടി സഭാതലത്തിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ചെയറിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകുന്നതാണെന്നുകൂടി ഇത്തരുണത്തിൽ സഭാംഗങ്ങളെ അറിയിക്കുകയാണ്.

**III അറിയിപ്പ്**

<u>പരാമർശം പിൻവലിക്കൽ</u>

<u>മി. സ്പീക്കർ</u>: 2023 മാർച്ച് 14-ാം തീയതി റൂൾ 50 നോട്ടീസിന് അനുമതി നിഷേധിച്ചുകൊണ്ട് സഭാതലത്തിൽ പ്രതിപക്ഷാംഗങ്ങൾ പ്രതിഷേധിക്കുന്ന വേളയിൽ ബഹുമാനപ്പെട്ട പാലക്കാട് അംഗം ശ്രീ. ഷാഫി പറമ്പിലിന്റെ പേര് പരാമർശിച്ചുകൊണ്ട് ചെയർ നടത്തിയ ചില പരാമർശങ്ങൾ അനുചിതമായിരുന്നുവെന്നും അത് ബഹുമാനപ്പെട്ട അംഗത്തെ വേദനിപ്പിച്ചതായും മനസ്സിലാക്കുന്നു. ബോധപൂർവ്വമല്ലാതെ നടത്തിയ ആ പരാമർശം ചെയർ പിൻവലിക്കുകയാണ്. പ്രസ്തുത പരാമർശങ്ങൾ സഭാരേഖകളിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് നടത്തിയ റൂളിംഗിനെ ഞങ്ങൾ എതിർക്കുന്നില്ല. ചെയറിന്റെ പരിമിതിയിൽനിന്നുകൊണ്ട് കുറേ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. പക്ഷേ, ഞങ്ങൾ നിയമസഭാ നടപടികളുമായി സഹകരിക്കാത്തതിന്റെ പ്രധാനപ്പെട്ട രണ്ട് കാരണങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഒന്നാമത്തെ കാര്യം, ഇതുവരെയില്ലാത്ത നടപടിക്രമമാണ് റൂൾ 50-യുമായി ബന്ധപ്പെട്ട് നിയന്ത്രണം വന്നത്. മാത്രമല്ല, ഇതിനുമുമ്പ് റൂൾ 50 എങ്ങനെയായിരുന്നോ ആ രീതിയിൽ ഇനി തുടർന്നുപോകാൻ സാധ്യമല്ലെന്ന നിലപാടാണ് മുഖ്യമന്ത്രി അസന്നിദ്ധമായി സർവ്വകക്ഷിയോഗത്തിൽ സ്വീകരിച്ചത്. അതുസംബന്ധിച്ചാണ് ഗുരുതരമായ ആരോപണം ഞങ്ങൾക്കുള്ളത്. ചേങ്കോട്ടുകോണത്ത് ഒരു പെൺകുട്ടിക്കെതിരായി നടന്ന ആക്രമണമാണ് 15-ാം തീയതി ഞങ്ങൾ സഭയിൽ കൊണ്ടുവന്നത്. സ്ത്രീസുരക്ഷയെക്കുറിച്ച് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളേജിലും കഴിഞ്ഞദിവസം തിരുവനന്തപുരത്തെ വഞ്ചിയൂരിലുമുണ്ടായ സംഭവങ്ങൾ ഞങ്ങൾ സഭയിൽ കൊണ്ടുവരാൻ ഉദ്ദേശിച്ച വിഷയത്തിന്റെ ഗൗരവം കുറേക്കൂടി വലുതാക്കുന്നു. ഈ സംഭവങ്ങളെല്ലാം പുറത്തുനടക്കുമ്പോൾ സഭയിൽ ഈ വിഷയം അടിയന്തരപ്രമേയമായി ചർച്ച

ചെയ്യാൻ അനുമതി നിഷേധിക്കപ്പെടുന്നത് പ്രതിപക്ഷത്തിന്റെ അവകാശത്തിന്മേലുള്ള പൂർണ്ണമായ കൈകടത്തലാണ്. അക്കാര്യത്തിൽ ഞങ്ങൾക്കൊരു ഉറപ്പും ലഭിച്ചിട്ടില്ല. രണ്ടാമത്തെ വിഷയം, നിയമസഭയിൽ നടന്ന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് പോലീസെടുത്ത കേസ് സംബന്ധിച്ചാണ്. അത് ചെയറിനെ ബാധിക്കുന്ന വിഷയമല്ല, പക്ഷേ സർക്കാരിന്റെ പോലീസ് എടുത്ത കേസാണ്. വാദി പ്രതിയായി മാറുകയും രണ്ട് വനിതാ അംഗങ്ങളുൾപ്പെടെ ഏഴ് പേർക്കെതിരായി 10 വർഷം തടവുശിക്ഷ ലഭിക്കാവുന്ന ഗുരുതരമായ ജാമ്യമില്ലാ കേസ്സുകളെടുത്തിരിക്കുകയുമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടും അതുതന്നെയാണ്, കള്ളക്കേസെടുത്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഭാനടപടികളുമായി യോജിച്ചുപോകാൻ യാതൊരു കാരണവശാലും ഞങ്ങൾക്ക് കഴിയില്ല. മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. **(.......ബഹളം.......)**

<u>മി. സ്പീക്കർ</u>: യെസ്.....യെസ്....., നിയമ വകുപ്പുമന്ത്രി പറയട്ടെ. പ്ലീസ്..... പ്ലീസ്.....

(പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളുയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന്

സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ചട്ടം 50 പ്രകാരമുള്ള കാര്യങ്ങളിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത് വസ്തുതകൾക്ക് നിരക്കുന്നതല്ല. കേരള നിയമസഭയുടെ ഇന്നുവരെയുള്ള ചരിത്രത്തിൽ ചട്ടം 50 പ്രകാരം 34 തവണയാണ് സഭ നിർത്തിവച്ച് അടിയന്തരപ്രമേയം ചർച്ച ചെയ്തിട്ടുള്ളത്. ആ 34 പ്രമേയങ്ങളിൽ അങ്ങ് പറഞ്ഞ ഈ കാലഘട്ടത്തിന്റെ ചരിത്രത്തിൽ, അതായത് 2016-നുമുമ്പ് 24 പ്രമേയങ്ങൾ മാത്രമാണ് ചർച്ചചെയ്തത്. എന്നാൽ ജനാധിപത്യവിരുദ്ധ പ്രവർത്തനമെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ആരോപിക്കുന്ന 2016-നുശേഷമുള്ള കാലയളവിൽ 10 പ്രമേയങ്ങൾ ചർച്ച ചെയ്തു. കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ ഒരു വർഷം 0.4 പ്രമേയങ്ങൾ മാത്രമാണ് ചർച്ച ചെയ്തിട്ടുള്ളതെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അധികാരമേറ്റതിനുശേഷമുള്ള ആറുവർഷം ശരാശരി ഒരു വർഷം 1.25 പ്രമേയങ്ങളാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്തത്. പിണറായി സർക്കാർ രണ്ടാംതവണ അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾക്ക് അഹന്തയും ധിക്കാരവും കൂടിയെന്ന് പറഞ്ഞ ഈ രണ്ട് വർഷത്തിനുള്ളിൽ നാല് പ്രമേയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്തു. കേരള നിയമസഭയുടെ

ചരിത്രത്തിലാദ്യമായി ഒരു വർഷം രണ്ട് പ്രമേയങ്ങൾ സഭ നിർത്തിവച്ച് ചർച്ചചെയ്ത ചരിത്രം മറ്റൊരു ഘട്ടത്തിലും കാണാൻ കഴിയില്ല. ഏറ്റവും ഉദാത്തമായ ജനാധിപത്യ പ്രയോഗങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. അടിയന്തരപ്രമേയത്തിന്മേൽ നിയന്ത്രണങ്ങൾ പാടില്ലെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്. അതിനർത്ഥം നിയമസഭാ ചട്ടങ്ങൾ 53, 54 എന്നിവ റദ്ദ് ചെയ്യണമെന്നാണ്. പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേലുള്ള നിയന്ത്രണങ്ങളെന്നാണ് ചട്ടം 52-ൽ വളരെ കൃത്യമായി പറയുന്നത്. (.....ബഹളം.....) ചട്ടം 52 നിലനിൽക്കുമ്പോൾ ഒരു നിയന്ത്രണവും പാടില്ലെന്ന് പ്രതിപക്ഷനേതാവ് പറയുന്നതിനർത്ഥം ഈ രണ്ട് ചട്ടങ്ങളും അംഗീകരിക്കുന്നില്ലെന്നാണ്. കൃത്യമായ വിഷയങ്ങൾ അധികരിച്ച് നോട്ടീസ് നൽകാതെ നിയമസഭയിൽ ഗൗരവമായി വിഷയങ്ങൾ ചർച്ച ചെയ്യാനുള്ള അവസരം നിഷേധിക്കുകയാണ് യഥാർത്ഥത്തിൽ പ്രതിപക്ഷം ചെയ്യുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗിൽ പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട മറ്റുഭാഗങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. റൂൾ 50-മായി ബന്ധപ്പെട്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾ വസ്തുതകൾക്കും ചട്ടങ്ങൾക്കും നിയമസഭയുടെ കീഴ്വഴക്കങ്ങൾക്കും നിരക്കുന്നതല്ലെന്നാണ്

സൂചിപ്പിക്കാനുള്ളത്. (......ബഹളം......)

**IV മേശപ്പുറത്തുവച്ച കടലാസുകൾ**

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 202/2023 | ജി.ഒ.(എം.എസ്.) നം.44/2023/ഹോം | 11.02.2023 | അല്ല |
| 2 | 223/2023 | വിജ്-സി3/541/2022-I/വിജ് | 10.02.2023 | അല്ല |
| 3 | 224/2023 | വിജ്-സി3/541/2022-II/വിജ് | 10.02.2023 | അല്ല |
| 4 | 225/2023 | വിജ്-സി3/541/2022-III/വിജ് | 10.02.2023 | അല്ല |
| 5 | 226/2023 | വിജ്-സി3/541/2022-IV/വിജ് | 10.02.2023 | അല്ല |
| 6 | 227/2023 | ജി.ഒ.(ആർ.ടി.)നം.362/2023/ഹോം | 16.02.2023 | അല്ല |
| 7 | 231/2023 | ജി.ഒ.(പി) നം.2/2023/ഹോം | 16.02.2023 | അല്ല |
| 8 | 239/2023 | ജി.ഒ.(ആർ.ടി)നം.417/2023/ഹോം | 20.02.2023 | അല്ല |
| 9 | 242/2023 | ജി.ഒ.(എം.എസ്.)നം.47/2023/ഹോം | 17.02.2023 | അല്ല |
| 10 | 244/2023 | ജി.ഒ.(എം.എസ്.)നം.7/2023/ഹോം | 13.01.2023 | അല്ല |
| 11 | 245/2023 | ജി.ഒ.(ആർ.ടി)നം.290/2023/ഹോം | 06.02.2023 | അല്ല |
| 12 | 250/2023 | ജി.ഒ.(എം.എസ്.)നം.1/2023/ഹോം | 05.01.2023 | അല്ല |
| 13 | 260/2023 | ജി.ഒ.(ആർ.ടി.)നം.447/2023/ഹോം | 23.02.2023 | അല്ല |
| 14 | 272/2023 | ജി.ഒ.(പി)നം.10/2023/ഹോം | 27.02.2023 | അല്ല |
| 15 | 281/2023 | ജി.ഒ.(ആർ.ടി.)നം.542/2023/ഹോം | 02.03.2023 | അല്ല |
| 16 | 286/2023 | ജി.ഒ.(എം.എസ്.)നം.52/2023/ഹോം | 02.03.2023 | അല്ല |
| 17 | 289/2023 | ജി.ഒ.(ആർ.ടി.)നം.546/2023/ഹോം | 02.03.2023 | അല്ല |
| 18 | 307/2023 | ജി.ഒ.(എം.എസ്.)നം.64/2023/ഹോം | 04.03.2023 | അല്ല |

II. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 256/2023 | ജി.ഒ.(പി)നം.64/2023/ആർ.ഡി. | 24.02.2023 | അല്ല |

III. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 176/2023 | ജി.ഒ.(പി)നം.1/2023/പവർ | 07.01.2023 | അല്ല |
| 2 | 187/2023 | ജി.ഒ.(പി)നം.4/2022/പവർ | 15.12.2023 | അല്ല |

IV. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 308/2023 | ജി.ഒ.(പി) നമ്പർ 2/2023/വനം | 27.02.2023 | അല്ല |

V. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 326/2023 | ജി.ഒ.(പി)നം. 36/2023/ടാക്സസ് | 10.03.2023 | അല്ല |

VI. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 287/2023 | സ.ഉ.(അച്ചടി)നം.11/2023/വ്യവ. | 23.02.2023 | അല്ല |
| 2 | 290/2023 | സ.ഉ.(അച്ചടി)നം.12/2023/വ്യവ. | 27.02.2023 | അല്ല |
| 3 | 314/2023 | സ.ഉ.(അച്ചടി)നം.14/2023/വ്യവ. | 28.02.2023 | അല്ല |
| 4 | 315/2023 | സ.ഉ.(അച്ചടി)നം.13/2023/വ്യവ. | 28.02.2023 | അല്ല |
| 5 | 316/2023 | സ.ഉ.(അച്ചടി)നം.15/2023/വ്യവ. | 28.02.2023 | അല്ല |
| 6 | 317/2023 | സ.ഉ.(അച്ചടി)നം.16/2023/വ്യവ. | 28.02.2023 | അല്ല |
| 7 | 320/2023 | സ.ഉ.(അച്ചടി)നം.17/2023/വ്യവ. | 28.02.2023 | അല്ല |

(ii)ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | ദി കേരള സിറാമിക്സ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

VII. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 638/2020 | ജി.ഒ. (പി)നം.56/2020/എൽ.എസ്.ജി.ഡി. | 24.09.2020 | അതെ |
| 2 | 282/2023 | ജി.ഒ.(പി)നം.24/2023/ടി.ഡി. | 01.03.2023 | അല്ല |
| 3 | 283/2023 | ജി.ഒ.(പി)നം.25/2023/ടി.ഡി. | 01.03.2023 | അല്ല |
| 4 | 284/2023 | ജി.ഒ.(പി)നം.26/2023/ടി.ഡി. | 01.03.2023 | അല്ല |
| 5 | 285/2023 | ജി.ഒ.(പി)നം.27/2023/ടി.ഡി. | 01.03.2023 | അല്ല |

VIII. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ.

വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ. | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 246/2023 | ജി.ഒ.(പി)നം. 40/2023/കോ-ഓപ്പ് | 18.02.2023 | അല്ല |
| 2 | 266/2023 | ജി.ഒ.(പി)നം.47/2023/കോ-ഓപ്പ് | 26.02.2023 | അല്ല |
| 3 | 267/2023 | ജി.ഒ.(പി)നം.48/2023/കോ-ഓപ്പ് | 26.02.2023 | അല്ല |
| 4 | 273/2023 | ജി.ഒ.(പി)നം.49/2023/കോ-ഓപ്പ് | 28.02.2023 | അല്ല |
| 5 | 291/2023 | ജി.ഒ.(പി)നം.57/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 6 | 294/2023 | ജി.ഒ.(പി)നം.51/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 7 | 295/2023 | ജി.ഒ.(പി)നം.54/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 8 | 296/2023 | ജി.ഒ.(പി) നം. 56/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 9 | 297/2023 | ജി.ഒ.(പി)നം.55/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 10 | 300/2023 | ജി.ഒ.(പി)നം.52/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 11 | 301/2023 | ജി.ഒ.(പി)നം.53/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 12 | 302/2023 | ജി.ഒ.(പി)നം.58/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 13 | 303/2023 | ജി.ഒ.(പി)നം.59/2023/കോ-ഓപ്പ് | 03.03.2023 | അല്ല |
| 14 | 305/2023 | ജി.ഒ.(പി)നം.50/2023/കോ-ഓപ്പ് | 28.02.2023 | അല്ല |
| 15 | 313/2023 | ജി.ഒ.(പി)നം.61/2023/കോ-ഓപ്പ് | 06.03.2023 | അല്ല |
| 16 | 331/2023 | ജി.ഒ.(പി)നം.67/2023/കോ-ഓപ്പ് | 10.03.2023 | അല്ല |

IX. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കണ്ണൂർ സർവ്വകലാശാല | 2021 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | | 2021-2022 | വാർഷിക കണക്കുകൾ | |
| 2. | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ | 2021-22 | വാർഷിക റിപ്പോർട്ട് | അതെ |

X. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 252/2023 | ജി.ഒ.(പി)നം.28/2023/എൽ.ബി.ആർ. | 22.02.2023 | അല്ല |
| 2 | 264/2023 | ജി.ഒ.(പി)നം.30/2023/എൽ.ബി.ആർ. | 27.02.2023 | അല്ല |
| 3 | 265/2023 | ജി.ഒ.(പി)നം.26/2023/എൽ.ബി.ആർ. | 16.02.2023 | അല്ല |
| 4 | 319/2023 | സ.ഉ.(പി)നം.32/2023/തൊഴിൽ | 06.03.2023 | അല്ല |

XI. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 268/2023 | ജി.ഒ.(പി)നം.3/2023/സി.എ.ഡി. | 24.02.2023 | അല്ല |
| 2 | 276/2023 | ജി.ഒ.(പി) നം.4/2023/സി.എ.ഡി. | 01.03.2023 | അല്ല |
| 3 | 277/2023 | ജി.ഒ.(പി)നം.5/2023/സി.എ.ഡി. | 01.03.2023 | അല്ല |

**V സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 മാർച്ച് 20-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**VI റിപ്പോർട്ട് സമർപ്പണം**

(1) 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാല് മുതൽ

<u>എട്ട് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീമതി യു. പ്രതിഭ</u>: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ നാല് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) <u>കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**VII റിപ്പോർട്ട് പരിഗണന**

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**VIII ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 24096,23,94,000 | 460,95,52,000 | 24557,19,46,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | 1180,79,67,000 | 193,45,02,000 | 1374,24,69,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 12055,20,46,000 | 54,18,01,000 | 12109,38,47,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ ..........**

**പ്രതികൂലിക്കുന്നവർ ..........**

**പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ ..........**

**പ്രതികൂലിക്കുന്നവർ ..........**

**പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.49-ന് പിരിഞ്ഞു).

* * * * * *

**അനുബന്ധം**

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്കൂളുകളിൽ കലാപഠനം

4 (*514) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യയന ദിനങ്ങളിലെ സായാഹ്നങ്ങളിലും അവധി ദിവസങ്ങളിലും സ്കൂളുകളെ കലാപഠന കേന്ദ്രങ്ങൾ കൂടിയാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദ്യാലയങ്ങളെ ആരോഗ്യ, മാനസിക, സാംസ്കാരിക വികാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങളായി മാറ്റാൻ ലക്ഷ്യമിട്ട് പ്രഖ്യാപിച്ചിട്ടുള്ള കലാ, കായിക, സാംസ്കാരിക പാർക്കുകളുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

(എ&ബി) 4 വയസ്സിനും 18 വയസ്സിനുമിടയിലുള്ള കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ സൃഷ്ടിപരമായ കഴിവും കലാസാംസ്കാരിക ശാസ്ത്ര-

സാമൂഹ്യ മേഖലകളിൽ താൽപ്പര്യവും വളർത്തുന്നതിന് ബാലകേരളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ജവഹർ ബാലഭവനിലെ അദ്ധ്യാപകരേയും വജ്രജൂബിലി കലാകാരന്മാരേയും പ്രയോജനപ്പെടുത്തി കലാ പരിശീലന ക്ലാസ് നടത്തുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. കലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച കലാകാരന്മാരെ ഉപയോഗപ്പെടുത്തി കുട്ടികളുടെ അഭിരുചിക്കിണങ്ങുന്നവിധം കരകൗശലവിദ്യകൾ, നൃത്തനൃത്യങ്ങൾ, സംഗീതം, നാടകം, ശാസ്ത്രവിഷയങ്ങൾ, സാഹിത്യം, സന്നദ്ധസേവനം, ലിംഗനീതിബോധം, മാനവികബോധം, വ്യക്തിത്വ വികസനം, സമയ പരിപാലനം, ആസൂത്രണം, പരിസ്ഥിതി പഠനം, കമ്പ്യൂട്ടർ പഠനം, സാമാന്യ നിയമപഠനം, വീഡിയോഗ്രഫി, നാടോടിക്കഥ, കായികക്ഷമത, കൃഷി, ഗ്രാമീണ ജീവിതം, പൗരബോധം, സെക്കുലറിസം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. വിദ്യാലയങ്ങളിൽ കലാ, കായിക, സാംസ്കാരിക പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല.

**വനാതിർത്തിയിൽ കാട്ടുതീ തടയാൻ നടപടി**

5 (*515) ശ്രീ. സനീഷ്‍കുമാർ ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ ചൂട് കടുത്ത സാഹചര്യത്തിൽ വനാതിർത്തിയിൽ കാട്ടുതീ പടരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വേനൽ ചൂട് കടുത്ത സാഹചര്യത്തിൽ, വനാതിർത്തിയിൽ കാട്ടുതീ പടരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ കാട്ടുതീ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാൻ മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാൻ മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീയുണ്ടായാൽ

അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ ഫയർ മാനേജ്മെന്റ് പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ പടരുന്നപക്ഷം ലാൻഡ് റവന്യൂ, പോലീസ്, ഫയർ ഫോഴ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ കാട്ടുതീ നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ നേരിടുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതല ദുരന്ത നിവാരണ അതോറിറ്റിയിലെ അംഗങ്ങളായ അതത് വനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള പരിശീലനം, ഫയർ & റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നൽകി വരുന്നുണ്ട്.

ദേശീയ ദുരന്തനിവാരണ അതോറിറ്റി കാട്ടുതീയെയും ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, അവയ്ക്കുള്ള മുന്നൊരുക്കങ്ങൾ എന്നിവ വിവിധ വകുപ്പുകൾ പങ്കെടുക്കുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗങ്ങളിൽ വിലയിരുത്താറുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ 11-03-2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാട്ടുതീ സംബന്ധിച്ചുള്ള സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

(സി) വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാൻ സർക്കാർ സ്വീകരിച്ച മുൻകരുതലുകൾ വിശദമാക്കാമോ?

വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാനായി മുൻകാല സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ വിവിധ ബ്ലോക്കുകളായി വേർതിരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് യഥാക്രമം സ്റ്റേഷൻ, റേഞ്ച്, ഡിവിഷൻ, സർക്കിൾതല ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സർക്കിൾതല ഫയർ മാനേജ്മെന്റ് പ്ലാനുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ കാട്ടുതീ പ്രതിരോധിക്കാനായി സ്റ്റേറ്റ് ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കാട്ടുതീയുണ്ടായാൽ അനുവർത്തിക്കേണ്ട Incident Command System, സുരക്ഷ മാനദണ്ഡങ്ങൾ, കർമ്മ പദ്ധതികൾ, Calendar of activities, Post fire analysis എന്നിവ

സംബന്ധിച്ച് വിവിധതലങ്ങളിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫയർ മാനേജ്മെന്റ് പ്ലാനിന് അനുസൃതമായി ഓരോ പ്രദേശത്തെയും ഇന്ധനശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, കൺട്രോൾഡ് ബേണിംഗ്, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാംഗുകൾ, ഫയർ വാച്ചർമാർ എന്നിവരെ നിയോഗിക്കുക, ട്രക്ക് പാത്തുകളുടെയും കൂപ്പുറോഡുകളുടെയും അറ്റകുറ്റപ്പണികൾ, ജലലഭ്യത ഉറപ്പാക്കാൻ മണ്ണിൽ ജലാംശം നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC), വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ചേർത്ത് ഫയർ ഗ്യാംഗുകളുണ്ടാക്കി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും അഗ്നിശമന പ്രവർത്തനങ്ങൾക്കും നിയോഗിക്കുന്നുണ്ട്. എല്ലാ വനം ഡിവിഷനുകളിലും അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മിക്ക സ്ഥലങ്ങളിലും കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൈമാറുന്നതിന് ആശയവിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളിൽ കാട്ടുതീ സംബന്ധിച്ച

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടങ്ങളിൽ കാട്ടുതീ സംബന്ധിച്ച സൂചനാബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തി താമസംവിനാ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.)-യുടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി ഫയർ അലർട്ടുകൾ അതത് ഫയർ ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാട്ടുതീ തടയാൻ മുൻകരുതലുകൾ**

6 (*516) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽമഴ ലഭിക്കാത്തതിനാലും ശക്തമായ ചൂടിൽ അടിക്കാടുകളും മുളങ്കൂട്ടങ്ങളും ഉണങ്ങി നിൽക്കുന്നതിനാലും വന്യജീവി സങ്കേതങ്ങൾ കാട്ടുതീ ഭീഷണിയിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് വേനൽ മഴ ലഭിക്കാത്തതിനാലും ശക്തമായ ചൂടിൽ അടിക്കാടുകളും മുളങ്കൂട്ടങ്ങളും ഉണങ്ങി നിൽക്കുന്നതിനാലും വന്യജീവി സങ്കേതങ്ങളിൽ കാട്ടുതീ സാധ്യത നിലനിൽക്കുന്നതിനാൽ മുൻകരുതലുകൾ സ്വീകരിക്കുകയും ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വയനാട് വന്യജീവി സങ്കേതത്തിൽ കാട്ടുതീ പടർന്ന് ആറ് ഹെക്ടർ വനം കത്തിനശിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

വയനാട് വന്യജീവി സങ്കേതത്തിൽ സുൽത്താൻ ബത്തേരി റേഞ്ചിൽ നായിക്കെട്ടി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ മാറോട്-വെള്ളക്കോട് ഫയർ ബ്ലോക്കിലെ ഏഴേക്കർകുന്ന്-ഓടപ്പള്ളം ഭാഗത്ത് 25-02-2023-നുണ്ടായ കാട്ടുതീയിൽ 7.25 ഹെക്ടർ സ്ഥലത്ത് ഉണങ്ങിയ മുളങ്കൂട്ടങ്ങൾക്ക് തീ പിടിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് OR 4/2023 (NFS) ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വയനാട് വൈൽഡ് ലൈഫ് വാർഡൻ, റേഞ്ച് ഓഫീസർമാർ, മറ്റ് വനം വകുപ്പ് ഉദ്യോഗസ്ഥർ, ഇ.ഡി.സി. അംഗങ്ങൾ, ദിവസവേതന ജീവനക്കാർ എന്നിവരുടെ കൂട്ടായ പരിശ്രമത്താൽ ഉച്ചയ്ക്ക് ഒന്നരയോടുകൂടിയുണ്ടായ കാട്ടുതീ വൈകിട്ട് ആറ് മണിയോടുകൂടി

കെടുത്തിയിട്ടുള്ളതായി സർക്കിൾതല കൺട്രോൾ റൂമിൽനിന്നും സ്റ്റേറ്റ് ഫയർ മോണിറ്ററിംഗ് സെല്ലിലേയ്ക്ക് അറിയിച്ചിട്ടുണ്ട്.

(സി) വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാനായി മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ വിവിധ ബ്ലോക്കുകളായി വേർതിരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് യഥാക്രമം സ്റ്റേഷൻ, റേഞ്ച്, ഡിവിഷൻ, സർക്കിൾതല ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സർക്കിൾതല ഫയർ മാനേജ്മെന്റ് പ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ കാട്ടുതീ പ്രതിരോധിക്കാനായി സ്റ്റേറ്റ് ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഫയർ മാനേജ്മെന്റ് പ്ലാനിനനുസൃതമായി ഓരോ പ്രദേശത്തെയും ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, കൺട്രോൾ ബേണിംഗ്, ഫയർ ബ്രേക്ക് നിർമ്മാണം,

ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാംഗുകൾ, ഫയർ വാച്ചർമാർ എന്നിവരെ നിയോഗിക്കുക, ട്രക്ക് പാത്തുകളുടെയും കൂപ്പുറോഡുകളുടെയും അറ്റകുറ്റപ്പണികൾ, ജലലഭ്യത ഉറപ്പാക്കൽ, മണ്ണിൽ ജലാംശം നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ചേർത്ത് ഫയർ ഗ്യാംഗുകളുണ്ടാക്കി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും അഗ്നിശമന പ്രവർത്തനങ്ങൾക്കും നിയോഗിക്കുന്നുണ്ട്. കാട്ടുതീയുണ്ടായാൽ അനുവർത്തിക്കേണ്ട Incident Command System, സുരക്ഷ മാനദണ്ഡങ്ങൾ, കർമ്മ പദ്ധതികൾ, Calendar of activities, Post fire analysis എന്നിവ സംബന്ധിച്ച് വിവിധതലങ്ങളിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വനം ഡിവിഷനുകളിലും അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൈമാറുന്നതിന് ആശയവിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളിൽ

കാട്ടുതീ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടങ്ങളിൽ കാട്ടുതീ സംബന്ധിച്ച സൂചനാബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തി താമസംവിന ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.)-യുടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി ഫയർ അലർട്ടുകൾ അതത് വനം ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ നടപടി**

7 (*517) **ശ്രീ. പി. ബാലചന്ദ്രൻ:**
**ശ്രീ. ഇ. ചന്ദ്രശേഖരൻ:**
**ശ്രീ. ജി. എസ്. ജയലാൽ:**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച ആരംഭിച്ചതോടെ

കുടിവെള്ള സ്രോതസ്സുകളിലെ ജല ലഭ്യത കുറഞ്ഞിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വേനലിൽ സ്രോതസ്സിലെ നീരൊഴുക്ക് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ച് സ്രോതസ്സിലെ ജലനിരപ്പ് പമ്പിംഗ് ആവശ്യങ്ങൾക്കായി ക്രമീകരിക്കുന്നു. കൂടാതെ സ്രോതസ്സിലെ ജല നിരപ്പ് നിരന്തരം നിരീക്ഷണ വിധേയമാക്കുന്നുണ്ട്.

(ബി) വേനൽക്കാലത്ത് കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുന്നതിനും ആയത് കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

വേനൽക്കാലത്ത് കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുന്നതിനും ആയത് കാര്യക്ഷമമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ അടിയന്തരമായി ചെയ്തുവരുന്നു.

1. ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ.

2. ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി

സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക.

3. വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

4. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യാനാവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക.

5. അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം ഏർപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുക.

6. പൈപ്പ് ലൈനിലെ ചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ഡിവിഷൻ ഓഫീസുകളിലും ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ അടിയന്തര അറ്റകുറ്റപ്പണി നടത്തുന്നതിന് ഓരോ ഡിവിഷനും അഞ്ച് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. ടാങ്കർ ലോറി ജല വിതരണം നടത്തുന്നതിന് വെൻഡിംഗ് പോയിന്റുകൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സ്വകാര്യ ടാങ്കർ ലോറികളിലെത്തിക്കുന്ന

ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും അമിതവില ഈടാക്കുന്നത് ഉൾപ്പെടെയുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും അമിത വില ഈടാക്കുന്നത് ഉൾപ്പെടെയുള്ള ചൂഷണങ്ങൾ തടയുന്നതും വാട്ടർ അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്ന കാര്യമല്ല. സർക്കാർ നിശ്ചയിച്ച നിരക്കിലാണ് കേരള വാട്ടർ അതോറിറ്റി ടാങ്കറുകൾക്ക് കുടിവെള്ളം നൽകിവരുന്നത്. കൂടാതെ ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം വാട്ടർ അതോറിറ്റി ഉറപ്പുവരുത്തുന്നുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറിവഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് "ഓപ്പറേഷൻ പ്യൂവർ വാട്ടർ" എന്ന പദ്ധതിക്ക് നിയമസഭാ സമിതി രൂപം നൽകുകയുണ്ടായി. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ടാങ്കർ ലോറിവഴിയുള്ള ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപ്പറേഷനും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി "സുജലം സുലഭം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സ്വകാര്യ വാഹനങ്ങളിലും മറ്റ് അനുബന്ധ മാർഗ്ഗങ്ങളിലും കുടിവെള്ള വിതരണം ചെയ്യുന്നവർ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും ഒരു നടപടിക്രമം 31-12-2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാട്ടുതീ നിയന്ത്രണത്തിന് പ്രത്യേക സജ്ജീകരണം**

8 (*518) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ ചൂടിന്റെ കാഠിന്യം കൂടിവരുന്ന സാഹചര്യത്തിൽ കാട്ടുതീ ഉണ്ടാകാതിരിക്കാനും തീ നിയന്ത്രണത്തിനും പ്രത്യേക സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വേനൽ ചൂടിന്റെ കാഠിന്യം കൂടിവരുന്ന സാഹചര്യത്തിൽ കാട്ടുതീ ഉണ്ടാകാതിരിക്കാനും തീ നിയന്ത്രണത്തിനും പ്രത്യേക സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകാനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധ്യതകളുടെ അടിസ്ഥാനത്തിൽ വനമേഖലകളെ വിവിധ ബ്ലോക്കുകളായി വേർതിരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതും ഇവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ഫോറസ്റ്റ് സ്റ്റേഷൻ മുതൽ സർക്കിൾതലം വരെ ഫയർ കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിച്ച് സ്ഥിതിഗതികൾ നിരന്തരമായി വിലയിരുത്തിവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാനായി കാട്ടുതീ ഉണ്ടാകാനിടയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി വനാശ്രിതരായ വി.എസ്.എസ്./ ഇ.ഡി.സി. അംഗങ്ങളെ ഫയർ വാച്ചർമാരായി നിയോഗിച്ചിട്ടുള്ളതും ഇത്തരം സ്ഥലങ്ങളിൽ ജീവനക്കാർ നിരന്തരം പട്രോളിംഗ് നടത്തിവരുന്നതുമാണ്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പറും ലാൻഡ് ഫോണും വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഫയർ ലൈനുകളും ഫയർ ബ്രേക്കുകളും രൂപീകരിക്കുന്നതിന് പുറമെ നിയന്ത്രിത തീയിടൽ രീതിയും അനുവർത്തിച്ച് വരുന്നുണ്ടോ;

വിശദമാക്കുമോ?

കാട്ടുതീ പ്രതിരോധത്തിനായി ഫയർ ലൈനുകളും ഫയർ ബ്രേക്കുകളും എടുക്കുന്നത് കൂടാതെ ഇന്ധനക്ഷമത കൂടിയ പ്രദേശങ്ങൾ, എത്തിപ്പെടാൻ ദുഷ്കരമായ ഇടങ്ങൾ, ചെറുപുല്ലുകളും അടിക്കാടുകളും നിറഞ്ഞ പാറക്കെട്ടുകൾ തുടങ്ങിയ പ്രദേശങ്ങളിൽ ഫയർ പ്ലാനുകളിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നവംബർ മാസം ആദ്യം മുതൽ ജനുവരി പകുതി വരെ കൺട്രോൾ ബേണിംഗ് നടത്തിവരുന്നു. വനപ്രദേശങ്ങൾക്ക് സമീപമുള്ള വാസസ്ഥലങ്ങളിലേയ്ക്കും വനാതിർത്തികളിലും പ്രത്യേകിച്ച് പുൽമേടുകളിൽ കാട്ടുതീ പടർന്നുപിടിക്കാതിരിക്കാൻ കൺട്രോൾ ബേണിംഗ് നടത്തുന്നുണ്ട്.

(സി) വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകാതിരിക്കാനും ചെറുതടയണകൾ നിർമ്മിക്കാനും ജലലഭ്യത ഉറപ്പുവരുത്താനും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകാതിരിക്കാനും ചെറുതടയണകൾ നിർമ്മിക്കാനും ജലലഭ്യത ഉറപ്പുവരുത്താനുമുതകുന്ന പദ്ധതികൾ നിലവിൽ വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, Integrated Development of

Wildlife Habitats (IDWH) തുടങ്ങിയ പദ്ധതികളിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിലവിലുള്ള കുളങ്ങൾ, വയലുകൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിക്കുന്നതിനുപുറമെ ബ്രഷ് വുഡ് ചെക്ക് ഡാമുകളുൾപ്പെടെ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗും നടത്തിവരുന്നുണ്ട്.

(ഡി) വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കി പങ്കാളിത്താധിഷ്ഠിത കാട്ടുതീ പ്രതിരോധ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കി പങ്കാളിത്താധിഷ്ഠിത കാട്ടുതീ പ്രതിരോധ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന വനമേധാവിയുടെ 24-12-2019-ലെ12/19 നമ്പർ സർക്കുലർ പ്രകാരം 50 ശതമാനത്തോളം അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വന പരിപാലന തത്വമനുസരിച്ച് വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ

മുഖാന്തരം നടത്തിവരുന്നു.

പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 427 വി.എസ്.എസ്., 213 ഇ.ഡി.സി. എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളായ കൺട്രോൾ ബേണിംഗ്, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം എന്നീ പ്രവൃത്തികൾ ടി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വന സംരക്ഷണ സമിതി (VSS) വഴി ചെയ്തുവരുന്നു. കൂടാതെ കാട്ടുതീ നേരിടുന്നതിനുള്ള പരിശീലനവും ഇതിലെ അംഗങ്ങൾക്ക് നൽകി ഫയർ വാച്ചർമാർ, ഫയർ ഗ്യാംഗുകൾ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടി സമിതികളിലെ അംഗങ്ങളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് കാട്ടുതീ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

**ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്**

9 (*519) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്. നിലവിൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിന് ഏർപ്പെടുത്തിയിട്ടുള്ള സീലിംഗ്മൂലമാണ് സ്കോളർഷിപ്പ് പൂർണ്ണമായി വിതരണം ചെയ്യാനാവാത്തത്.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഇ-ഗ്രാന്റ് നിർത്തലാക്കുന്നതിലൂടെ അവരുടെ പഠനം തടസ്സപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നിലവിൽ അനുവദിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ നിർത്തുന്നതല്ല. ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ ഇളവ് നൽകുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**കാട്ടുതീ തടയാൻ നടപടി**

10 (*520) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ ചൂട് കടുത്ത സാഹചര്യത്തിൽ കാട്ടുതീ പടരാതിരിക്കാൻ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാട്ടുതീ ഉണ്ടാകാനുള്ള സാധ്യതകളുടെ അടിസ്ഥാനത്തിൽ വനമേഖലകളെ വിവിധ ബ്ലോക്കുകളായി തിരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ മുതൽ സർക്കിൾതലം വരെ ഫയർ കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിച്ച് സ്ഥിതിഗതികൾ നിരന്തരമായി വിലയിരുത്തിവരുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാനായി കാട്ടുതീ ഉണ്ടാകാനിടയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി വനാശ്രിതരായ ഇക്കോ

ഡെവലപ്മെന്റ് കമ്മിറ്റി/വനസംരക്ഷണ സമിതി അംഗങ്ങളെ ഫയർ വാച്ചർമാരായി നിയോഗിച്ചിട്ടുള്ളതും ഇത്തരം സ്ഥലങ്ങളിൽ ജീവനക്കാർ നിരന്തരം പട്രോളിംഗ് നടത്തിവരുന്നതുമാണ്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പറും ലാൻഡ് ഫോണും വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വനത്തിലും വനാതിർത്തിയിലും കാട്ടുതീ ഉണ്ടാകാനും പടരാനും സാധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുൻകാല കാട്ടുതീ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ രൂപീകരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി അവ ക്രോഡീകരിച്ച് യഥാക്രമം ഫോറസ്റ്റ് സ്റ്റേഷൻ, സെക്ഷൻ, റേഞ്ച്, ഡിവിഷൻ, സർക്കിൾ ലെവൽ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. സർക്കിൾ ലെവൽ പ്ലാനുകൾ ക്രോഡീകരിച്ച് സ്റ്റേറ്റ് ലെവൽ ഫയർ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

(സി) കാട്ടിൽ അഗ്നിരക്ഷാസേനയുടെ വാഹനം എത്തിപ്പെടാൻ സാധിക്കാത്ത മേഖലകളിൽ തീ ഉണ്ടായാൽ നേരിടുന്നതിന് എന്തൊക്കെ

നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാട്ടുതീ ഉണ്ടായാൽ നേരിടുന്നതിനായി കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി/വന സംരക്ഷണ സമിതി അംഗങ്ങൾ, തദ്ദേശവാസികൾ എന്നിവരെ വാച്ചർമാരായും ഫയർ ഗ്യാംഗുകളിലും നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ ജീവനക്കാർ കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളിൽ പട്രോളിംഗ് നടത്തുന്നുണ്ട്. കാട്ടുതീ ഉണ്ടായാൽ അനുവർത്തിക്കേണ്ട Incident Command System സംബന്ധിച്ച് വിവിധ തലങ്ങളിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൈമാറുന്നതിന് ആശയവിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വനം ഡിവിഷനുകളിലും അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

11 (*521) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 6 ക്യാമ്പുകളിലായി 21 കുടുംബങ്ങളിലെ 62 പേരും ആലപ്പുഴ ജില്ലയിൽ 2 ക്യാമ്പുകളിലായി 6 കുടുംബങ്ങളിലെ 17 പേരും താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട്.

(ബി) ഇവർ എത്ര കാലമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുവെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ വലിയതുറയിലെ 4 ക്യാമ്പുകളിലായി 18 കുടുംബങ്ങൾ 2019 മുതലും കുളത്തൂർ ദുരിതാശ്വാസ ക്യാമ്പിലെ 3 കുടുംബങ്ങൾ 2021 മുതലും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞുവരുന്നു. ആലപ്പുഴ അമ്പലപ്പുഴ മത്സ്യഭവൻ പരിധിയിൽ 5 കുടുംബങ്ങൾ വളഞ്ഞവഴി മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കിന് സമീപം മത്സ്യഫെഡിന്റെ പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ 47 ദിവസങ്ങളായും തോട്ടപ്പള്ളി മത്സ്യഭവൻ

പരിധിയിലെ ഒരു കുടുംബം കരിനില വികസന ഏജൻസിയിൽ 12 വർഷങ്ങളായും കഴിയുകയാണ്.

(സി) ഇവരെ അടിയന്തരമായി പുനരധിവസിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

പുനരധിവാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിലും ബന്ധുവീടുകളിലും മറ്റും കഴിഞ്ഞിരുന്ന ആളുകൾക്ക് വാടക വീടുകളിലേയ്ക്ക് മാറി താമസിക്കുന്നതിന് പ്രതിമാസം 5500/- രൂപ നിരക്കിൽ വാടക നൽകിവരുന്നു. നിലവിൽ വലിയതുറയിലെ പോർട്ട് ഗോഡൗൺ-I, IV, ബഡ്സ് സ്കൂൾ, വലിയതുറ യു.പി.എസ്. എന്നിവിടങ്ങളിലാണ് ക്യാമ്പ് പ്രവർത്തിച്ചുവരുന്നത്. ടിയാളുകളെ സ്ഥിരമായി പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറയിൽ 81 കോടി രൂപ ചെലവിൽ 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 10-02-2023-ന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. കുളത്തൂർ ഗ്രാമപഞ്ചായത്തിൽ ക്യാമ്പുകളിൽ കഴിയുന്ന 3 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമ്പലപ്പുഴ മത്സ്യഭവൻ പരിധിയിൽ 5 കുടുംബങ്ങൾ പുനർഗേഹം

പദ്ധതി ധനസഹായം പര്യാപ്തമല്ലെന്ന കാരണത്താൽ പദ്ധതിയിലേയ്ക്ക് വരുന്നതിന് വിയോജിപ്പ് അറിയിച്ചിരുന്നു. എന്നാൽ 14-03-2023-ന് നടത്തിയ ക്യാമ്പ് സന്ദർശനത്തിൽ പുനർഗേഹം പദ്ധതിപ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധരാണെന്ന് അറിയിച്ചിട്ടുണ്ട്. തോട്ടപ്പള്ളി മത്സ്യഭവൻ പരിധിയിലുൾപ്പെടുന്നതും കരിനില വികസന ഏജൻസി കെട്ടിടത്തിൽ താമസിക്കുന്നതുമായ കുടുംബത്തിന് പുറക്കാട് മണ്ണുപുറത്ത് 3 സെന്റ് ഭൂമിയുടെ പട്ടയവും ഭവന നിർമ്മാണത്തിനായി 50,000 രൂപയും മുൻകൂറായി അനുവദിച്ചിരുന്നു. പുരയിടത്തിലേയ്ക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ ഭവന നിർമ്മാണം ആരംഭിച്ചില്ല. പിന്നീട് ടിയാൻ ഭൂമി സറണ്ടർ ചെയ്തതിനെ തുടർന്ന് മുൻകൂറായി അനുവദിച്ച 50,000 രൂപ കുറവ് ചെയ്ത് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ബാക്കി തുകയായ 9,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഭവനത്തിന്റെ വാർപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2015-16-ൽ 50,000/- രൂപ മുൻകൂറായി അനുവദിച്ചു.

ഭൂമി വില 3,18,500/- (28-07-2020)

ഒന്നാം ഗഡു - 2,22,600/- (12-11-2020)

രണ്ടാം ഗഡു - 2,72,600 (21-03-2021)

മൂന്നാം ഗഡു - 1,36,300/- (10-05-2021)

ആകെ - 10,00,000/-രൂപ

**പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കായുള്ള പ്രധാന പദ്ധതികൾ**

12 (*522) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികഗോത്ര വർഗ്ഗങ്ങളിൽപ്പെട്ടവരുടെ പുരോഗതിക്കായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പുരോഗതിക്കായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. വിദ്യാഭ്യാസ രംഗം**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.

ദുർഘട പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ അനുവദിക്കുന്നതിനായി പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ഗ്രാന്റുകളും നൽകിവരുന്നു.

വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പഠനത്തിന് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നു.

ഇന്ത്യയിലെ മികച്ച പരിശീലന സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം.

ഉന്നത പഠനത്തിന് ലാപ്ടോപ്പ്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനികളിൽ സാമൂഹ്യ പഠന മുറികൾ.

ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും ആയാസരഹിതമായി അദ്ധ്യയനം സാധ്യമാക്കുന്നതിനുമായി മെന്റർ ടീച്ചർമാരുടെ നിയമനം.

എസ്.എസ്.എൽ.സി./പ്ലസ്സ് ടു പരീക്ഷകളിൽ മുഴുവൻ എ പ്ലസ് ലഭിക്കുന്നവർക്കും എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയിലെ റാങ്ക് ജേതാക്കൾക്കും സ്വർണ്ണ മെഡൽ.

തുല്യതാ പരീക്ഷ വിജയിക്കുന്നവർക്കും പൊതുപരീക്ഷകളിൽ വിജയികളാകുന്നവർക്കും മെറിടോറിയസ് അവാർഡ്.

75 ശതമാനത്തിലധികം ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള പ്രത്യേക ഇൻസെന്റീവ്.

പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അയ്യൻകാളി ടാലൻഡ് സ്കോളർഷിപ്പ്.

എസ്.എസ്.എൽ.സി./+2 തോറ്റ വിദ്യാർത്ഥികൾക്കും റെഗുലർ വിദ്യാർത്ഥികൾക്കും ട്യൂട്ടോറിയലുകളിൽ ചേർന്ന് പഠിക്കുന്നതിന് ധനസഹായം.

കോളേജ് വിദ്യാർത്ഥികൾക്ക് പഠന വിനോദ യാത്രകൾക്ക് ധനസഹായം നൽകുന്നതിനോടൊപ്പം പ്രത്യേക ദുർബല ഗോത്ര

വിഭാഗക്കാർക്ക് ഭാരത ദർശൻ പരിപാടി സംഘടിപ്പിക്കുന്നു.

വ്യാവസായിക പരിശീലന കേന്ദ്രങ്ങളും ഉത്പാദന പരിശീലന കേന്ദ്രങ്ങളും നടത്തിവരുന്നു.

പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് മോഡൽ പ്രീ സ്കൂളുകൾ നടത്തിവരുന്നു.

**2) ആരോഗ്യ രംഗം**

എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും റീജിയണൽ കാൻസർ സെന്ററുകളിലും ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ മുതലായ ഉന്നത ചികിത്സാ കേന്ദ്രങ്ങളിലും ചികിത്സാ സൗകര്യം.

പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ചികിത്സാ സഹായം, ചികിത്സാ അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ജില്ലാതലത്തിൽ 5000 രൂപ വരെയും ഡയറക്ടർ തലത്തിൽ 25,000 രൂപ വരെയും അതിനുമുകളിൽ സർക്കാർ തലത്തിലും ധനസഹായം.

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകൾ, ആംബുലൻസ് സേവനങ്ങൾ.

ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും നവജാത

ശിശുക്കളുടെയും പരിചരണത്തിനായി ജനനിജന്മരക്ഷ.

**3) അടിസ്ഥാന സൗകര്യ വികസനം**

പിന്നാക്കം നിൽക്കുന്ന കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി.

കോളനികളുടെ വൈദ്യുതീകരണം, റോഡുകൾ, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാളുകൾ, ശുദ്ധജല വിതരണ പദ്ധതികൾ.

കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി.

അടിസ്ഥാന സൗകര്യ വികസനം, ശുചിത്വം, ജീവനോപാധി എന്നിവയ്ക്കായി കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള വികസന പദ്ധതികൾ, SAFE പദ്ധതിയിലുൾപ്പെടുത്തി വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പൂർത്തീകരണത്തിനും ധനസഹായം.

വിവിധ പദ്ധതികളിലൂടെ ഭൂമിയും പുനരധിവാസവും ലക്ഷ്യമിടുന്നതിനായി ആദിവാസി പുനരധിവാസ വികസന മിഷൻ.

ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗക്കാർക്കായി പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി.

**4) സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

പ്രത്യേക ദുർബല വിഭാഗക്കാർക്കും വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്കുമായി പ്രത്യേക പാക്കേജ്.

പഞ്ഞ (മൺസൂൺ) മാസങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന ഭക്ഷ്യസുരക്ഷാ പദ്ധതി.

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത കുട്ടികൾക്ക് കൈത്താങ്ങ് പദ്ധതി.

നിർധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.

TRACE പദ്ധതി മുഖേന പട്ടികവർഗ്ഗ പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, അക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നു.

മിശ്രവിവാഹംമൂലം കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം.

വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പുനരുദ്ധാരണം.

വിവിധ കാർഷിക വികസന പദ്ധതികൾ.

തൊഴിലുറപ്പ് പദ്ധതിയിൽ നൂറ് അധിക പ്രവൃത്തി ദിനങ്ങൾ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി.

**ജല വിതരണം പുനഃസ്ഥാപിക്കാൻ ബദൽ ക്രമീകരണങ്ങൾ**

13 (*523) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ കഠിനമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തലസ്ഥാനം ഉൾപ്പെടെയുള്ള നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന ജലവിതരണത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് ജാഗ്രത പുലർത്തുന്നുണ്ടോ?

സംസ്ഥാനത്ത് വേനൽ കഠിനമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തലസ്ഥാനം ഉൾപ്പെടെയുള്ള നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന ജലവിതരണത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് കൂടാതെ ബ്ലൂ ബ്രിഗേഡ് സംവിധാനവും വിപുലീകരിച്ചിട്ടുണ്ട്.

2. പമ്പിംഗ് തടസ്സം വരാതിരിക്കുന്നതിന് പമ്പ് ഹൗസുകളിൽ

അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സ്റ്റാൻഡ്ബൈ പമ്പ് ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേശവും അടിയന്തര ആവശ്യങ്ങൾക്കായി ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

3. വാൽവ് നിയന്ത്രിച്ച് ജലവിതരണം നടക്കുന്ന സ്ഥലങ്ങളിൽ ക്രമമായി എല്ലാവർക്കും കുടിവെള്ളമെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും വിതരണ സമയം മുൻകൂട്ടി അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് KSEBL അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു.

5. ജലസ്രോതസ്സുകളിൽ നിലവിലെ തടയണകളിൽ അറ്റകുറ്റപ്പണികൾ ചെയ്യുകയും ആവശ്യമുള്ള ഇടങ്ങളിൽ പുതിയ താൽക്കാലിക തടയണകൾ പണിയുകയും ചെയ്തിട്ടുണ്ട്.

6. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ടാങ്കറുകളിൽ ജലവിതരണം നടത്തുന്നതിനും തയ്യാറെടുപ്പ് നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പൈപ്പ് പൊട്ടൽ പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ ജല

വിതരണം സത്വരമായി പുനഃസ്ഥാപിക്കുന്നതിനും ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൈപ്പ് പൊട്ടലുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വിവിധ സോണുകളാക്കി തിരിച്ച് റണ്ണിംഗ് കോൺട്രാക്ടും അടിയന്തര സാഹര്യങ്ങളിൽ ബ്ലൂബ്രിഗേഡ് സംവിധാനവും എല്ലാ ഡിവിഷൻ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. എന്തെങ്കിലും കാരണത്താൽ പൂർണ്ണമായും കുടിവെള്ളം ലഭ്യമാകാത്തപക്ഷം ആവശ്യമെങ്കിൽ അത്തരം പ്രദേശങ്ങളിൽ ടാങ്കറുകളിൽ ജലവിതരണം നടത്താറുണ്ട്. കൂടാതെ വാൽവ് നിയന്ത്രിച്ചും ജല ലഭ്യതയുള്ള പൈപ്പ് ലൈനിൽനിന്നും സാധ്യമെങ്കിൽ ജലം എത്തിക്കാനുള്ള പരിശ്രമവും ഇത്തരം സന്ദർഭങ്ങളിൽ സാഹചര്യം അനുസരിച്ച് ഉപയോഗപ്പെടുത്തുന്നതാണ്.

(സി) പൈപ്പ് ലൈനുകളുടെ കാലപ്പഴക്കംകൊണ്ട് ജല ചോർച്ചയുണ്ടാകുന്നത് പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ജല ചോർച്ച കണ്ടെത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളുടെ സഹായം തേടാറുണ്ടോ; വിശദമാക്കുമോ?

കാലഹരണപ്പെട്ട പൈപ്പുകളാണ് പ്രധാനമായും ചോർച്ചയുണ്ടാകുന്നതിന് കാരണം. ഈ പൈപ്പുകൾ സ്റ്റേറ്റ് പ്ലാൻ, അമൃത് 2,

കിഫ്ബി, ജെ.ജെ.എം., വരൾച്ച ദുരിതാശ്വാസ പദ്ധതികൾ, അർബൻ അഗ്ലോമറേഷൻ, നഗരസഭയുടെ നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് പൊട്ടലുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വിവിധ സോണുകളാക്കി തിരിച്ച് റണ്ണിംഗ് കോൺട്രാക്ടും കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ ബ്ലൂബ്രിഗേഡ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ പൈപ്പ് ലൈനിലെ ചോർച്ച കണ്ടെത്തുന്നതിനായി Leak detection equipment-ഉം ഉപയോഗിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ലീക്ക് ഡിറ്റക്ഷൻ ഉപകരണം എല്ലാ സർക്കിൾ ഓഫീസുകളിലും ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം**

14 (*524) ശ്രീ. മുരളി പെരുനെല്ലി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തുന്ന വികസന പരിപാടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ് അംബേദ്കർ ഗ്രാമം പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതി എന്നിവ.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്. റോഡ് നിർമ്മാണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവന പുനരുദ്ധാരണം, ആശയവിനിമയ സൗകര്യം, കുടിവെള്ള സൗകര്യം, വൈദ്യുതീകരണം,

സംരക്ഷണഭിത്തി നിർമ്മാണം, അടുക്കളത്തോട്ടം, വരുമാനദായക പദ്ധതികൾ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) മുതലായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി ഒരു കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം.എൽ.എ.-മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം. പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന മാനവ വിഭവശേഷി വികസന അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം പോലുള്ള പദ്ധതികളിലുള്ള നിർണ്ണായക വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട്. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പദ്ധതി തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്കുള്ള ഭരണാനുമതി നൽകാവുന്നതാണ്.

പട്ടികജാതി മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തുന്ന വികസന പരിപാടികൾ വിലയിരുത്തുന്നതിനായി

ഡയറക്ടറേറ്റ് തലത്തിലും ജില്ലാ-ബ്ലോക്ക് തലത്തിലും സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി കൈവരിക്കാത്ത സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിൽ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും

ശിപാർശയനുസരിച്ച് ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. ഈ പ്രവൃത്തികൾ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിർവ്വഹണ ഏജൻസികളെ വിളിച്ചുകൂട്ടി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള പുരോഗതി വകുപ്പ് യഥാസമയം വിലയിരുത്തുന്നുണ്ട്.

പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിൽ ഡിജിറ്റൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇന്റർനെറ്റ് കണക്ടിവിറ്റി പൂർണ്ണമായും എത്തിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

പട്ടികജാതി മേഖലകളിൽ നടപ്പിലാക്കി വരുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന വിജ്ഞാൻവാടികളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്

വിനിയോഗിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്തതായി കണ്ടെത്തിയ 1284 കോളനികളിൽ 1070 കോളനികൾ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ സാമൂഹ്യ പഠന മുറികളിൽ ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇടമലക്കുടിയിൽ മാത്രം ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി 4.31 കോടി രൂപയാണ് വകയിരുത്തി ചെലവഴിക്കുന്നത്.

(സി) പ്രസ്തുത മേഖലകളിൽ വീടുകളുടെ അറ്റകുറ്റപ്പണി, പൂർത്തീകരണം, നവീകരണം എന്നിവ ലക്ഷ്യമാക്കി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും നവീകരണവും ലക്ഷ്യമിട്ടുള്ള SAFE (Secure Accommodation and Facility Enhancement) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ വരുമാനപരിധിയുള്ളതും 2010 ഏപ്രിൽ 1-നുശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, പുനരുദ്ധാരണത്തിനോ, പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിച്ചവരെയും മുൻവർഷങ്ങളിൽ അനുവദിച്ച

ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും ടി പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നതല്ല. ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് 7000 പേർക്ക് 2 ലക്ഷം രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതിലേയ്ക്കായി ഭൗതിക ലക്ഷ്യം നിശ്ചയിച്ച് പത്രപരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിൽനിന്നും അർഹരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ സേഫ് (Secure Accommodation and Facility Enhancement) എന്ന പദ്ധതി പുതിയതായി ആവിഷ്കരിച്ചിട്ടുണ്ട്. നടപ്പ് വർഷം ഭവന പുനരുദ്ധാരണത്തിനായി ജില്ലകൾക്ക് അനുമതി നൽകിയ 1500 വീടുകൾ സേഫ് പദ്ധതിയിലെ 2.50 ലക്ഷം രൂപ നിരക്കിൽ നടപ്പിലാക്കുന്നതിന് ജില്ലകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് സേഫ് പദ്ധതിയുടെ 2.50 ലക്ഷം രൂപ നിരക്കിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാർവച്ച് വിവിധ ഘട്ടങ്ങളിലായി വീടുകൾ പുരോഗമിച്ചുവരുന്നു.

**ഹരിത രശ്മി പദ്ധതി**

15 (*525) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിരമായ കാർഷിക ഇടപെടലിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമായ ഭൂമിയുടെ ഫലപ്രദമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിത രശ്മി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കൈവശമുള്ള കാർഷികാവശ്യത്തിന് ഉപയോഗിക്കാത്ത ഭൂമിയെ കൃഷിയോഗ്യമാക്കി, കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹരിത രശ്മി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടങ്ങളായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; ഓരോ ഘട്ടത്തിലും വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ

എന്തൊക്കെയെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലും സമൂഹത്തിലും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി മൂന്ന് ഘട്ടങ്ങളായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പുതിയ പ്രദേശത്തിന്റെ കണ്ടെത്തൽ, ബോധവൽക്കരണ പരിപാടികൾ, പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ്, സാമൂഹ്യ സാമ്പത്തിക വിശകലനം, ഗ്രൂപ്പുകളുടെ രൂപീകരണം, പരിശീലന പരിപാടികൾ, മണ്ണ് പരിശോധന, പ്രാഥമിക ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളകളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങളാണ് ഒന്നാംഘട്ടത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. രണ്ടാംഘട്ടത്തിന്റെ ഭാഗമായി വിളകൾ നടുന്ന പ്രവർത്തനങ്ങൾ, അവ പരിപാലിക്കുന്ന പ്രവർത്തനങ്ങൾ, ശാസ്ത്രീയമായി അവ ശേഖരിക്കുന്നതിനും മാർക്കറ്റുമായി ഈ വിളകളെ ബന്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ഗ്രൂപ്പുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, ഭാവിയിൽ ഒരു പ്രൊഡ്യൂസർ കമ്പനിയായി ഈ ഗ്രൂപ്പുകളെ മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് മൂന്നാംഘട്ടത്തിന്റെ

ഭാഗമായി നടപ്പിലാക്കേണ്ടത്. പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തിവരുന്നു.

**ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി**

16 (*526) ശ്രീ. എം. മുകേഷ്:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് വിവിധ ജില്ലകളിൽ നടത്തുന്ന തീരസംരക്ഷണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

തീരസംരക്ഷണത്തിനായി കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രവൃത്തികളായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണത്തിന് ടെട്രാപോഡുകൾ, കരിങ്കൽ എന്നിവ ഉപയോഗിച്ചുള്ള ഡിസൈൻ ഐ.ഐ.ടി. ചെന്നൈ, നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.)-ൽനിന്ന് ലഭ്യമാക്കിയാണ്

ഏകദേശം 23.05 കിലോമീറ്റർ തീരദേശ സംരക്ഷണ പ്രവൃത്തികൾ ഇരുജില്ലകളിലുമായി നടന്നുവരുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ആലപ്പുഴ ജില്ല**

1. ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹49.859 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 72% പൂർത്തീകരിച്ചിട്ടുണ്ട്.

2. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹53.358 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്.

3. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി.മീറ്റർ നീളത്തിലുള്ള

തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹21.635 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 66% പൂർത്തീകരിച്ചിട്ടുണ്ട്.

4. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹28.519 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്.

5. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹30.67 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 85% പൂർത്തീകരിച്ചിട്ടുണ്ട്.

6. ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹78.34 കോടി രൂപ). പദ്ധതി ടെണ്ടർ ചെയ്ത് കരാർ നടപ്പിലാക്കിയിട്ടുണ്ട്.

**എറണാകുളം ജില്ല**

കിഫ്ബി - എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നും ഇടയിൽ 10 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം- ഘട്ടം I- CP 986-നും CP 1026-നും ഇടയിൽ 7.35 കി.മീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായ CP 986-നും CP 1026-നും ഇടയിൽ 7.35 കിലോമീറ്റർ നീളത്തിൽ തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹344.20 കോടി രൂപ). ഒന്നാംഘട്ട പദ്ധതിയുടെ കരാർ തുക ₹256.89 കോടി രൂപയാണ്. പദ്ധതി പ്രവൃത്തികൾ 87% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കരിങ്കൽ ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ലഭ്യതക്കുറവും പരിഗണിച്ച് തിരുവനന്തപുരം പൂന്തുറ മുതൽ വലിയതുറ വരെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി വിലയിരുത്താറായിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പൂന്തുറ മുതൽ വലിയതുറ വരെ 700 മീറ്റർ നീളത്തിൽ ജിയോട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തിയാണ് നടപ്പിലാക്കുന്നത്. നിലവിൽ 100 മീറ്റർ നീളത്തിലുള്ള ആദ്യ സെഗ്മെന്റ്

ഭാഗികമായി പൂർത്തീകരിച്ചു. പൂർത്തീകരിച്ച സെഗ്മെന്റിന്റെ Post Monsoon behaviour സംബന്ധിച്ച പഠനം നടന്നുവരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ കടലാക്രമണം രൂക്ഷമായ ഇടങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള പുലിമുട്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ജലസേചന വകുപ്പ് നടത്തിവരുന്ന പദ്ധതികൾക്കുപുറമെ കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ആലപ്പുഴ ജില്ലയിലെ കാട്ടൂർ, അമ്പലപ്പുഴ, പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങളിൽ ₹184.04 കോടി രൂപ ചെലവിൽ ഐ.ഐ.ടി. ചെന്നൈയുടെ രൂപകൽപ്പന പ്രകാരം പുലിമുട്ടുകൾ നിർമ്മിച്ചുവരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**ആലപ്പുഴ ജില്ല**

1. ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 72% പൂർത്തീകരിച്ചിട്ടുണ്ട്.

2. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്.

3. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 66% പൂർത്തീകരിച്ചിട്ടുണ്ട്.

4. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്.

5. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 85% പൂർത്തീകരിച്ചിട്ടുണ്ട്.

6. ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട്

മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി ടെണ്ടർ ചെയ്ത് കരാർ നടപ്പിലാക്കിയിട്ടുണ്ട്.

**ഫയർ മാനേജ്മെന്റ് പ്ലാൻ**

17 (*527) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ ചൂടിന്റെ തീവ്രത വർദ്ധിക്കുന്നതും വേനൽ മഴയുടെ അഭാവവുംമൂലം വനമേഖലയിൽ കാട്ടുതീ ഉണ്ടാകുന്നതിനുള്ള സാധ്യതകൾ മുന്നിൽക്കണ്ട് കാട്ടുതീ പ്രതിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വേനൽ ചൂടിന്റെ തീവ്രത വർദ്ധിക്കുന്നതും വേനൽ മഴയുടെ അഭാവവുംമൂലം വനമേഖലയിൽ കാട്ടുതീ ഉണ്ടാകുന്നതിനുള്ള സാധ്യതകൾ മുന്നിൽക്കണ്ട് കാട്ടുതീ പ്രതിരോധിക്കുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ ഉണ്ടാകാനുള്ള സാധ്യതകളുടെ അടിസ്ഥാനത്തിൽ

വനമേഖലകളെ വിവിധ ബ്ലോക്കുകളായി വേർതിരിച്ച് അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതും ഇവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. ഫോറസ്റ്റ് സ്റ്റേഷൻ മുതൽ സർക്കിൾതലം വരെ ഫയർ കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിച്ച് സ്ഥിതിഗതികൾ നിരന്തരമായി വിലയിരുത്തുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാനായി കാട്ടുതീ ഉണ്ടാകാനിടയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി വനാശ്രിതരായ വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെ ഫയർ വാച്ചർമാരായി നിയോഗിച്ചിട്ടുള്ളതും ഇത്തരം സ്ഥലങ്ങളിൽ ജീവനക്കാർ നിരന്തരം പട്രോളിംഗ് നടത്തി വരുന്നതുമാണ്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പറും ലാൻഡ് ഫോണും വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കാട്ടുതീ ചെറുക്കുന്നതിനുവേണ്ടി ഫയർ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാട്ടുതീ ചെറുക്കുന്നതിനുവേണ്ടി ഫയർ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കി അവയ്ക്ക് അനുയോജ്യമായ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അവ ക്രോഡീകരിച്ച് ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷൻ ഫയർ പ്ലാനുണ്ടാക്കുകയും ആയത് ക്രോഡീകരിക്കുകയും റേഞ്ച് ലെവൽ പ്ലാനും റേഞ്ച് ലെവൽ പ്ലാൻ ക്രോഡീകരിച്ച് ഡിവിഷൻ ലെവൽ പ്ലാനും ഡിവിഷൻ ലെവൽ പ്ലാൻ ക്രോഡീകരിച്ച് സർക്കിൾ ലെവൽ പ്ലാനും സർക്കിൾ ലെവൽ പ്ലാനുകൾ ക്രോഡീകരിച്ച് സ്റ്റേറ്റ് ലെവൽ ഫയർ പ്ലാനും തയ്യാറാക്കുന്നു. കാട്ടുതീ ഉണ്ടായാൽ അനുവർത്തിക്കേണ്ട Incident Command System, സുരക്ഷാ മാനദണ്ഡങ്ങൾ, കർമ്മ പദ്ധതികൾ, Calendar of activities, Post fire analysis എന്നിവ സംബന്ധിച്ച് വിവിധ തലങ്ങളിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങൾ

നടപ്പിലാക്കിവരുന്നു.

(സി) വനമേഖലയുടെ സംരക്ഷണത്തിനും കാട്ടുതീയുടെ സാധ്യതകൾ കണ്ടെത്തുന്നതിനും ഉപഗ്രഹ നിരീക്ഷണ സംവിധാനവും ആധുനിക മുന്നറിയിപ്പ് സംവിധാനവും ഏർപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ?

വനമേഖലയുടെ സംരക്ഷണത്തിനും കാട്ടുതീയുടെ സാധ്യതകൾ കണ്ടെത്തുന്നതിനും ഉപഗ്രഹ നിരീക്ഷണ സംവിധാനവും ആധുനിക മുന്നറിയിപ്പ് സംവിധാനവും വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എഫ്.എസ്.ഐ. മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്നപക്ഷം അവയുടെ അലർട്ടുകളും അതത് ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പിന്നാക്ക വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ**

18 (*528) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 65 ശതമാനത്തിലധികം വരുന്ന മറ്റുപിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യംവച്ച് 2011-ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലക്ഷ്യ ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) ഫണ്ടും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ, പട്ടികജാതിയിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ടവർ എന്നീ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി തുച്ഛമായ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികളും വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ പ്രോത്സാഹന/ധനസഹായ/പരിശീലന പദ്ധതികളും കോർപ്പറേഷനിൽനിന്നും നൽകി വരുന്നുണ്ട്.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കായി രണ്ട് ലക്ഷം രൂപയുടെ വ്യക്തിഗത വായ്പ നൽകി വരുന്നു.

(ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ റീജിയണൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി നാല് മേഖലാ കാര്യാലയങ്ങൾ നിലവിലുണ്ട്.

(സി) ഇവർക്കായി കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും എല്ലാ ജില്ലകളിലും ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സേവനങ്ങൾ സംസ്ഥാനത്തെ കൂടുതൽ പിന്നാക്ക/മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് കോർപ്പറേഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും 20 ഉപജില്ലാ ഓഫീസുകളും ഒരു മുഖ്യ കാര്യാലയവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന് കണ്ണൂർ, പാലക്കാട്, പത്തനംതിട്ട ജില്ലയിലെ റാന്നി എന്നിവിടങ്ങളിൽ

സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗുണഭോക്താക്കളല്ലാത്തവർ ധനസഹായം കൈപ്പറ്റിയതായ ആക്ഷേപം**

19 (*529) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായുള്ള ധനസഹായം ഗുണഭോക്താക്കളല്ലാത്തവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റി തിരിമറിനടത്തുന്ന സംഭവങ്ങൾ ആവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം കോർപ്പറേഷനിൽനിന്ന് ഏതാണ്ട് ഒരു കോടി രൂപയിലധികം ഇപ്രകാരം വകമാറ്റിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ വിജിലൻസ് അന്വേഷണം

നടത്തിയിട്ടുണ്ടോയെന്നും പ്രസ്തുത അന്വേഷണം പൂർത്തിയാക്കിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ് പരിശോധനയിൽ, ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി നൽകിയതായും ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേയ്ക്ക് ആനുകൂല്യ തുക മാറി നൽകിയതായും കണ്ടെത്തിയതിനെ തുടർന്ന് കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും വകുപ്പുതല അച്ചടക്ക നടപടികൾ തുടർന്നുവരികയും ചെയ്യുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന

തുടരന്വേഷണം നടത്താൻ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന പട്ടികജാതി വികസന വകുപ്പിലെ ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട ക്രൈം നമ്പർ 240/2021 കേസ്സിന്മേൽ വി.സി.03/2022/റ്റി.വി.എം. നമ്പറായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വിജിലൻസ് ഡയറക്ടർ പ്രഥമ വിവര റിപ്പോർട്ടും സ്പെഷ്യൽ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്.

**അവളിടം പദ്ധതി**

20 (*530) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡ് സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ആരംഭിച്ച അവളിടം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആത്മവിശ്വാസവും അവബോധവും വളർത്തി സ്ത്രീ ശാക്തീകരണത്തിന് അടിത്തറ പാകാൻ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ?

അവളിടം പദ്ധതി മികച്ച രീതിയിൽ നടന്നുവരുന്നു. സ്ത്രീ ശാക്തീകരണം, ബോധവൽക്കരണം, കല, കായികം, തൊഴിൽ പരിശീലനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ക്ലാസ്സുകളും സെമിനാറുകളും അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. 14 ജില്ലകളിലും യുവതികൾക്കായി കലാ ട്രൂപ്പുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) യുവതികളെ സ്വയംപര്യാപ്തരാക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ പരിശീലനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവതികൾക്കായി കേക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തയ്യൽ പരിശീലനം, കൂൺകൃഷി പരിശീലനം, കേക്ക് നിർമ്മാണം-വിപണനം എന്നിവ സംഘടിപ്പിച്ചു. കഴിഞ്ഞ ക്രിസ്തുമസ്-പുതുവർഷാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലുമായി 750-ഓളം യുവതികൾ കേക്കുകൾ നിർമ്മിച്ച് വിപണനം നടത്തുകയും വിപണനമേളയിൽ പങ്കെടുത്ത യുവതീ ക്ലബ്ബുകൾക്ക് സ്വന്തമായി വരുമാനം നേടികൊടുക്കാനും ഈ സംരംഭംവഴി കഴിഞ്ഞിട്ടുണ്ട്.

(സി) സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് അവളിടം പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

യുവതീ ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ, സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, സ്ത്രീധനത്തിനെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്.

**ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ നടപടി**

21 (*531) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുന്നതിനും മലിനീകരണം തടയുന്നതിനും വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്ത രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ചതോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരന്മാരിൽ അവബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യ നിക്ഷേപമോ മലിനജലക്കുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ

മുകൾഭാഗത്ത് നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നതുവഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കാൻ സാധിക്കും. നീർത്തടാടിസ്ഥാനത്തിൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തികൂടി പരിഗണിച്ച്) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിലൂടെ മലിനീകരണത്തിന്റെ തോതും ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവർത്തനങ്ങളിന്മേൽ തുടർനടപടി

സ്വീകരിക്കാത്തതുമൂലം മാലിന്യമുക്തമാക്കപ്പെട്ട ജലസ്രോതസ്സുകളിൽ വീണ്ടും മാലിന്യം നിറയുന്ന സാഹചര്യമുണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ?

മാലിന്യമുക്തമാക്കപ്പെട്ട ജലസ്രോതസ്സുകൾ വീണ്ടും മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഴക്കാലത്ത് ഓടകളിൽ നിന്നും മറ്റും വൻതോതിൽ മലിനജലം/മാലിന്യം നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത് സ്രോതസ്സുകൾ വീണ്ടും മലിനീകരിക്കപ്പെടുന്നതിന് കാരണമാകുന്നുണ്ട്. കൂടാതെ മലിനീകരണത്തിനെതിരെ പൗരന്മാരിൽ അവബോധം വളർത്തിയെടുക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കേണ്ടതായും ശുചീകരിച്ച ഭാഗങ്ങൾ ജനങ്ങളുടെതന്നെ നിയന്ത്രണത്തിലേയ്ക്ക് മാറ്റുകയും ചെയ്യാവുന്നതാണ്. ഇവയുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിന് സന്നദ്ധസംഘടനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി, വിനോദസഞ്ചാരം തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും വേണം. ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നടപടിയെടുക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

കേരള വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം പുഴകൾ മലിനീകരിക്കുന്നവർക്കെതിരെ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും പോലീസ് വിഭാഗം തുടർ നടപടികൾ സ്വീകരിക്കാറുമുണ്ട്.

(ഡി) ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാനും ജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താനും വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾവഴി എത്തുന്ന മാലിന്യങ്ങളെയും നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്ത രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ സാധിക്കും. നദീഭാഗങ്ങളുടെ മുകൾഭാഗത്ത് നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം

മാലിന്യത്രക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നതുവഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കാൻ സാധിക്കും.

നീർത്തടാടിസ്ഥനത്തിൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തികൂടി പരിഗണിച്ച്) ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോത്, ഒരുപരിധിവരെ നിയന്ത്രിക്കാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചുവരുന്നു.

കേരളത്തിലൂടെ ഒഴുകുന്ന 44 നദികളിലെയും ജല സാമ്പിളുകൾ എല്ലാ മാസവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച്

ഗുണനിലവാര പരിശോധന ദേശീയ-സംസ്ഥാന പദ്ധതികളുടെ ഭാഗമായി നടത്തിവരുന്നു. നദികളുടെ വിവിധ സ്ഥലങ്ങളിലായി 365 സാമ്പിളിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ ഫലം Water and Air Quality Directory ആയി പ്രസിദ്ധീകരിക്കുന്നു. ആയത് ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഗുണനിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ തുടർനടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 Polluted River Stretches-ൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്താനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 20-09-2018-ലെ OA No.673/2018 ഉത്തരവിൻപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടെയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റുഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു കർമ്മപദ്ധതി

തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കി വരുന്നു.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തുന്ന വികസന പ്രവർത്തനങ്ങൾ**

22 (*532) ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

അറിയിക്കാം. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 13-02-2020-ലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

FSH007-01/APR-3/2020/KIIFB പ്രകാരം ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 97.43 കോടി രൂപയുടെ ഭരണാനുമതിയും 95 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ച് M/s. രാമലിംഗം കമ്പനിയുമായി 28-10-2021-ൽ കരാറിലേർപ്പെട്ട് 05-11-2021-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ തെക്കേ പുലിമുട്ടിന്റെയും വടക്കേ പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആകെ നിർമ്മാണ പ്രവൃത്തിയുടെ 17% പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) താനൂർ, വെള്ളയിൽ, ചെല്ലാനം, പുതിയാപ്പ ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

അറിയിക്കാം. കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 44.87 കോടി രൂപയുടെ ഭരണാനുമതി നൽകിയ താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി 30-03-2021-ൽ പൂർത്തീകരിച്ചു. നബാർഡ് RIDF XXV-ൽ ഉൾപ്പെടുത്തി 14.86 കോടി രൂപയുടെ താനൂർ ബ്രേക്ക് വാട്ടറിന്റെ നീളം കൂട്ടുന്ന പ്രവൃത്തി 12-03-2021-ന് പൂർത്തീകരിച്ചു. നബാർഡ് RIDF XXVII-ൽ ഉൾപ്പെടുത്തി 13.9 കോടി രൂപയുടെ വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നു. അതിൽ ഗേറ്റ് ഹൗസ്,

ടോയ്‌ലറ്റ്, ലാൻഡ് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ലോ ലെവൽ ജെട്ടി & വാർഫ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, കോമ്പൗണ്ട് വാൾ, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, നെറ്റ്മെന്റിംഗ് ഷെഡ്, ഗിയർ ഷെഡ്, ക്യാന്റീൻ ഷോപ്പ് ബിൽഡിംഗ് എന്നിവ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ടി പ്രവൃത്തികൾ 2023 മേയ് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയാപ്പ ഹാർബറിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി 10.96 കോടി രൂപ ചെലവഴിച്ച് 2 ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് XXIII-ൽ ഉൾപ്പെടുത്തി 19 ലോക്കർ മുറികൾ, 1560 മീറ്റർ കോമ്പൗണ്ട് വാൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയാപ്പ ഹാർബറിന്റെ വിപുലീകരണത്തിനായി 16.25 കോടി രൂപയുടെ പ്രൊപ്പോസലും പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 5.373 കോടി രൂപയുടെ പ്രൊപ്പോസലും പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)-യിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വെള്ളയിൽ ഹാർബറിന്റെ അടിസ്ഥാന സൗകര്യ

വിപുലീകരണത്തിനായി നബാർഡ് XXIII-ലുൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ, പാർക്കിംഗ് ഏരിയ & ഡ്രെയിൻ, റോഡ് നാവിഗേഷണൽ ഗൈഡ് ലൈറ്റ്, ഇലക്ട്രിഫിക്കേഷൻ ഓഫ് ആക്ഷൻ ഹാൾ, യാർഡ് ലൈറ്റ് എന്നീ പ്രവൃത്തികൾ 2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് XXV-ലുൾപ്പെടുത്തി മത്സ്യബന്ധന യാനങ്ങളുടെ സുഗമമായ യാത്രയ്ക്കുവേണ്ടി സൗത്ത് ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി 2021-ൽ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് XXVII-ലുൾപ്പെടുത്തി വാർഫ്, ലോ ലെവൽ ജെട്ടി എന്നിവയുടെ നീളം വർദ്ധിപ്പിക്കൽ, പാർക്കിംഗ് ഏരിയ നെറ്റ്മെന്റിംഗ് ഷെഡ്, കാന്റീൻ, ടോയ്‌ലറ്റ് ബ്ലോക്ക്, ലോക്കർ റൂം, കോമ്പൗണ്ട് വാൾ എന്നീ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

നബാർഡ് XXIII-ലുൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ 10.37 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. നബാർഡിൽ XXVII-ലുൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ 13.43 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി പുരോഗമിക്കുന്നു.

**(ഡി) മുനമ്പം ഹാർബറിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?**

പദ്ധതിയിലുൾപ്പെടുത്തി 10.57 കോടി രൂപയുടെ ഭരണാനുമതി നൽകിയ മുനമ്പം ഫിഷിംഗ് ഹാർബറിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**ബഫർ സോണിനുള്ളിലെ നിർമ്മിതികൾ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട്**

23 (*533) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ ബഫർസോണിനുള്ളിലെ നിർമ്മിതികൾ സംബന്ധിച്ച് വിദഗ്ധ സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P(C) No.202/1995 കേസ്സിലെ I.A. 1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിലെ ഖണ്ഡിക 44(സി)-ൽ നിർദ്ദേശിക്കുന്ന രീതിയിലുള്ള വിവര ശേഖരണം ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ്

ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖേന നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ KSREC ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജനാഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.

28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.580/2022/വനം നമ്പർ പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ചുനൽകി. വിദഗ്ദ്ധ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന പൂർത്തിയാക്കി 01-03-2023-ൽ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച തുടർനടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരികയാണ്.

(ബി) അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും പരാതികളും സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

ഭൗതിക സ്ഥലപരിശോധന നടത്തുന്നതിനായി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി പൊതുജന പങ്കാളിത്തത്തോടെയാണ് ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടുത്തിക്കൊണ്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിൽ ജനുവരി 7-നകം അറിയിക്കുന്നതിനാണ് അവസരം നൽകിയിരുന്നത്. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിച്ച 63615 പരാതികൾക്ക് പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസറ്റ് മാപ്പർ ആപ്പ് മുഖേന 81258 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ?

ഭൗതിക സ്ഥലപരിശോധന നടത്തുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ

സമിതിയുടെ റിപ്പോർട്ട് 01-03-2023-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർതലത്തിൽ പഠനവിധേയമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ സംരക്ഷിത വനമേഖലയ്ക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജനവാസമേഖലകൾ ഒഴിവാക്കി ലഭിക്കുന്നതിനായുള്ള ഭരണപരവും നിയമപരവുമായ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തുനിന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസലുകൾ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ 17-08-2022-ൽതന്നെ ഡയറി നം. 25588/2022 ആയി പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ

സമർപ്പിച്ച മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ (ഐ.എ.നം.5764/2023) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി 16-01-2023-ൽ ആയത് പരിഗണിക്കുകയും തുടർവാദം മൂന്നംഗ ബഞ്ച് കേൾക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**കാട്ടാന ശല്യം പരിഹരിക്കാൻ നടപടി**

24 (*534) ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) അരിക്കൊമ്പൻ, ചക്കക്കൊമ്പൻ, മൊട്ടവാലൻ, ചില്ലിക്കൊമ്പൻ തുടങ്ങിയ ഒറ്റയാൻമാർ കാട്ടിൽനിന്നും ഇറങ്ങി ജനവാസമേഖലയിൽ പതിവായി ആക്രമണം നടത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അരിക്കൊമ്പൻ, ചക്കക്കൊമ്പൻ തുടങ്ങിയ ഒറ്റയാൻമാർ ഇടുക്കിയിലെ ജനജീവിതം ദുസ്സഹമാക്കിയത് അതീവ ഗൗരവത്തോടെ

കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മൂന്നാർ വനം ഡിവിഷൻ പരിധിയിലെ ചിന്നക്കനാൽ-ആനയിറങ്കൽ, ശാന്തൻപാറ പ്രദേശത്ത് മനുഷ്യ-കാട്ടാന സംഘർഷ സംഭവങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നുണ്ട്.

(സി) ജനവാസമേഖലകളിൽ ഏറ്റവും കൂടുതൽ നാശം വിതയ്ക്കുന്ന അരിക്കൊമ്പൻ ഉൾപ്പെടെയുള്ള കാട്ടാനകളെ പിടികൂടാൻ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള സാദ്ധ്യമായ എല്ലാ നടപടികളും വനം വകുപ്പ് കൈക്കൊണ്ടുവരുന്നു. ടി മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിനിടയാക്കുന്ന കാട്ടാനകളെ തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശ പരിഗണിച്ച് മൂന്നാർ ഡിവിഷനിലുൾപ്പെട്ട ശാന്തൻപാറ, ചിന്നക്കനാൽ മേഖലകളിലെ പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായ അരിക്കൊമ്പൻ എന്ന കാട്ടാനയെ കണ്ടെത്തി മയക്കുവെടി വയ്ക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

(വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 21-02-2023-ന് ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഈ ദൗത്യത്തിന് കുങ്കി ആനകളുടെ സേവനം ആവശ്യമാകുന്നപക്ഷം ആയത് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ദൗത്യസംഘം രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തിവരുന്നു. കൂടാതെ എലിഫന്റ് ക്രാൾ നിർമ്മാണം നടന്നുവരികയുമാണ്. പ്രസ്തുത മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും ദീർഘകാല പരിഹാരമാർഗ്ഗങ്ങളും ആവിഷ്കരിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മൂന്നാർ ചിന്നക്കനാൽ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന താൽക്കാലിക ആർ.ആർ.ടി. രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്. ഇതിനായി വനം വകുപ്പുദ്യോഗസ്ഥരെ കൂടാതെ നാൽപ്പത്തിയഞ്ചോളം വാച്ചർമാരും നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ഉടമസ്ഥത**

25 (*535) <u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീമതി കെ. കെ. രമ:</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചുള്ളതായതിനാൽ അവരെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗമായ അരുന്ധതിയാർ/ചക്ലിയാർ, വേടൻ, കള്ളാടി, നായാടി എന്നീ കുടുംബങ്ങൾക്ക് ജീവിതനിലവാരം ഉയർത്തുന്നതിനായി കൃഷി ചെയ്യുന്നതിന് കൃഷിഭൂമി വാങ്ങാൻ ധനസഹായം അനുവദിക്കുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം

എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 1684 പേർക്ക് 1789.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾ മുഖേന ഭൂമി നൽകാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

ഭൂമിയുടെ ഉടമസ്ഥത ഉറപ്പാക്കുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പൽ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് വാങ്ങുന്നതിന് 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്നു. നടപ്പുസാമ്പത്തിക വർഷം 10-03-2023 വരെ 3138 പേർക്ക് ഭൂമി വാങ്ങുന്നതിനായി 122,60,58,368/- രൂപ

ചെലവഴിച്ചു. കൂടാതെ നിലവിൽ ദുർബലവിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ദുർബലവിഭാഗങ്ങളായ അരുന്ധതിയാർ/ചക്ലിയാർ, വേടൻ, കള്ളാടി, നായാടി എന്നീ വിഭാഗത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് പഞ്ചായത്തിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 5 ലക്ഷം രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 7.5 ലക്ഷം രൂപയും അനുവദിക്കുന്നു. പ്രസ്തുത വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഭൂമി ഉടമസ്ഥത സ്വായത്തമാക്കുന്നതിനും കൃഷി രീതിയിലൂടെ ഉപജീവനമാർഗ്ഗം നേടുന്നതിനുമായി കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിനായി 10 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു. നടപ്പുസാമ്പത്തിക വർഷം 2023 ഫെബ്രുവരി 28 വരെ 168 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനായി 8,40,00,000 രൂപ ചെലവഴിച്ചു. നടപ്പുസാമ്പത്തിക വർഷം ദുർബലവിഭാഗത്തിലെ 35 പേർക്ക് കൃഷി ഭൂമി അനുവദിച്ചു. ആയതിനായി 3,50,00,000 രൂപ ചെലവഴിച്ചു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ, റവന്യൂ

ഭൂമി വിതരണം എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വനാവകാശ നിയമപ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ ആകെ 1684 പേർക്ക് 1789.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) ആദിവാസി മേഖലകളോട് ചേർന്ന് കിടക്കുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം പർച്ചേയ്സ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂവുടമകളിൽനിന്നും വാങ്ങി ലാൻഡ് ബാങ്കിലുൾപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം നാളിതുവരെയായി 306 ഗുണഭോക്താക്കൾക്ക് 53.71 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, വയനാട്,

കാസർഗോഡ് എന്നീ ജില്ലകളിലായി 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം പത്തനംതിട്ട, എറണാകുളം, കോട്ടയം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലായി 34.78 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, എറണാകുളം, വയനാട് എന്നീ ജില്ലകളിലായി 11.04 ഏക്കർ ഭൂമി വാങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12,84,87,557 രൂപ (പന്ത്രണ്ട് കോടി എൺപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി അഞ്ഞൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്കുതന്നെ ലഭിക്കുന്നുവെന്നും അന്യാധീനപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ?

പട്ടികജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾപ്രകാരം അനുവദിക്കുന്ന ഭൂമി പ്രസ്തുത വിഭാഗങ്ങളുടെ പേർക്ക്

തന്നെ രജിസ്റ്റർ ചെയ്യുന്നുവെന്നത് വകുപ്പിന്റെ ഫീൽഡുതല ഉദ്യോഗസ്ഥർ മുഖേന ഉറപ്പുവരുത്തുന്നുണ്ട്. ഭൂമി രജിസ്റ്റർ ചെയ്തശേഷം ആധാരം സമർപ്പിക്കുമ്പോൾ ആയത് പരിശോധിച്ച് ബോധ്യപ്പെട്ടശേഷമാണ് ധനസഹായത്തുക അനുവദിക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്കുതന്നെ ലഭിക്കുന്നുവെന്നും അന്യാധീനപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കുന്നതിന് വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് കൃത്യമായ പരിശോധന നടത്തുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റും നടന്നുവരുന്നുണ്ട്. സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി വിതരണം എന്നിവ മുഖേന ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന ഭൂമിക്ക് നൽകുന്ന കൈവശാവകാശ രേഖ/പട്ടയം എന്നിവയിൽ ഭൂമി മറ്റുള്ളവർക്ക് വിൽക്കാനോ അന്യാധീനപ്പെടുത്താനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999-ലെ കെ.എസ്.ടി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം നിയന്ത്രിക്കാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത

വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്കുതന്നെ ലഭിക്കുന്നുവെന്നും അന്യാധീനപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**വന്യജീവി സെൻസസ്**

26 (*536) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അവസാനമായി നടത്തിയ വന്യജീവി സെൻസസ്സിൽ വന്യജീവികളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

കാട്ടുപോത്ത്, മ്ലാവ്, കാട്ടുപന്നി, പുള്ളിമാൻ എന്നിവയുടെ കണക്കെടുപ്പ് 2011-ലും ആനകളുടെ കണക്കെടുപ്പ് 2017-ലും കടുവകളുടെയും വരയാടുകളുടെയും കണക്കെടുപ്പ് 2022-ലുമാണ് അവസാനമായി നടന്നിട്ടുള്ളത്. എന്നാൽ കടുവകളുടെ 2022-ലെ കണക്ക് വിവരം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിൽ കടുവകളുടെ 2018-ലെ

സെൻസസ് പ്രകാരമുള്ള കണക്കാണ് ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്ത് അവസാനമായി നടത്തിയ വന്യജീവി സെൻസസ്സിൽ വന്യജീവികളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ ഭാഷാപഠന സൗകര്യം**

27 (*537) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാൻ സഹായകരമാകുന്ന വിധത്തിൽ വിദേശ ഭാഷാപഠനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങളുടെ പുരോഗതി അറിയിക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം പരിശീലന കേന്ദ്രങ്ങളിൽ അഡ്മിഷൻ ലഭിച്ചവരുടെ കണക്ക് ലഭ്യമാണോ;

(ബി) ഈ വർഷം പ്രസ്തുത സൗകര്യം എത്ര വിദ്യാർത്ഥികൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; സ്വകാര്യ സെന്ററുകളിൽ പരിശീലനം നൽകുന്നതിന് ഗ്രാന്റ് അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതിനായി സ്വകാര്യ സെന്ററുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയാറാക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും അറിയിക്കാമോ?

(എ-സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100 പേർക്ക് വീതം IELTS, OET പരിശീലനങ്ങൾക്കായും 40 പട്ടികവർഗ്ഗക്കാർക്ക് ഭാഷാ പരിശീലനം ലഭ്യമാക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാൻ സഹായകരമാകുന്ന പരിശീലനം ഓവർസീസ് ഡെവലപ്‌മെന്റ് ആൻഡ് എംപ്ലോയ്‌മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPEC) എന്ന സർക്കാർ ഏജൻസി മുഖേന ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് പരിശോധിച്ചുവരുന്നു.

(ഡി) എല്ലാ ജില്ലകളിലും ഇത്തരം ഭാഷാപരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കത്തക്കവിധത്തിൽ വിപുലമായ ലിസ്റ്റ് തയാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനും

പ്ലസ് വൺ അഡ്മിഷൻ മാതൃകയിൽ കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

**കലാ, സാംസ്കാരിക പ്രവർത്തനങ്ങളുടെ ശാക്തീകരണം**

28 (*538) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കലാ, സാംസ്കാരിക പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി സർക്കാർ നടത്തുന്ന പ്രധാന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് കലാ, സാംസ്കാരിക പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരികയും മറ്റ് ജില്ലകളിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയുമാണ്. കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക എന്ന ലക്ഷ്യത്തോടെ ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശികതലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു. കലാപരിശീലകർക്ക് സാംസ്കാരിക വകുപ്പ് പ്രതിമാസം 10,000/- രൂപ വീതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 7,500/- രൂപ വീതവും ഉൾപ്പെടെ 17,500/- രൂപ

ഫെലോഷിപ്പ് തുകയായി നൽകിവരുന്നു. പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ പരിശീലനം നൽകിവരുന്നത്. ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതിയിൻകീഴിൽ പാരമ്പര്യ കലകൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഗ്രാമീണ കലാകേന്ദ്രം പദ്ധതിയിലുൾപ്പെടുത്തി വാസ്തുവിദ്യ ഗുരുകുലം മുഖേന നടപ്പിലാക്കിവരുന്ന പരമ്പരാഗത കരകൗശല നിർമ്മിതികൾക്കൊപ്പം പ്രാചീന ഫോക്‌ലോർ കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കേരള ഫോക്‌ലോർ അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ട് നാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി,

മാപ്പിള പാട്ട്, പാടിപ്പറയൽ, അറബന മുട്ട് തുടങ്ങി കേരളത്തിൽ അന്യംനിന്നുപോകുന്ന വിവിധ കലാരൂപങ്ങളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

സാംസ്കാരിക വ്യാപനം പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി പാരമ്പര്യകലകൾ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ദേശീയ-അന്തർദേശീയതലങ്ങളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ് ' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൻകീഴിൽ പാരമ്പര്യ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നുണ്ട്.

ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിള കലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ കലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശിൽപ്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ

യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധ ഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽനിന്നുള്ള കലാസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും അതത് കലാസംഘങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചുവയ്ക്കുകയും ചെയ്യുന്ന 'മഴമിഴി'- മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സാംസ്കാരിക വകുപ്പ്, കേരള ചലച്ചിത്ര അക്കാദമി, കേരള ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, ഗുരു ഗോപിനാഥ് നടന ഗ്രാമം, സംഗീത നാടക അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലാണ് മഴമിഴി മൾട്ടിമീഡിയ മെഗാ സ്ട്രീമിംഗ് സംഘടിപ്പിച്ചത്. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകാനും ഗോത്രകലകളിലെ ആയിരം പ്രതിഭകൾക്ക് 3000 രൂപ വീതം പ്രതിഫലം നൽകാനും സംസ്ഥാനത്തെ 5 ജില്ലകളിൽ 11 ദിനങ്ങളിലായി 'തളിർമിഴി ഗോത്രകലായാത്രാ' 2023 ഫെബ്രുവരി 26 മുതൽ മാർച്ച് 25 വരെ സംഘടിപ്പിച്ചുവരുന്നു. പാലക്കാട്

ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ കൽപ്പറ്റ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം/കൊല്ലം അതിർത്തി പ്രദേശമായ കുളത്തുപ്പുഴ എന്നീ ഇടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിൽ കണ്ട് ആസ്വദിക്കാവുന്ന വേദികളിലും ലോകത്തെ വിവിധ ഇടങ്ങളിലെ മലയാളികൾക്ക് ഓൺലൈൻവഴി കണ്ട് ആസ്വദിക്കാവുന്ന രീതിയിലും വ്യത്യസ്തമായ ശൈലിയിലാണ് തളിർമിഴി ഗോത്രകലായാത്രാ എന്ന പരിപാടി സംഘടിപ്പിക്കുന്നത്. സാംസ്കാരിക വകുപ്പ് കിർത്താഡ്സിന്റെ സഹകരണത്തോടെയാണ് ഗോത്രകലായാത്ര സംഘടിപ്പിക്കുന്നത്.

വൈവിധ്യമാർന്ന സംസ്കാരങ്ങൾ, മൺമറഞ്ഞുപോകുന്ന കലാരൂപങ്ങൾ എന്നിവ സംരക്ഷിക്കാനും അവ പുതുതലമുറയ്ക്കായി ആർക്കൈവ് ചെയ്യാനും ഇന്ത്യൻ ദ്വീപുകളിലെ പാരമ്പര്യ കലാവതരണങ്ങൾ, കേരളത്തിലെ കോളനികൾ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, തീരദേശ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ എന്നിവ ഐലന്റ് ആൻഡ് കോളനി ഫെസ്റ്റ് എന്നപേരിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പിനുകീഴിൽ പാരമ്പര്യകലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കേരള

ഫോക്‌ലോർ അക്കാദമി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അന്യംനിന്നുപോകുന്ന നാടൻ കലകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് 10 വയസ്സ് മുതൽ 17 വയസ്സുവരെയുള്ള 300 കുട്ടികൾക്ക് ഒരു വർഷത്തേയ്ക്ക് സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അവാർഡ്/ഫെല്ലോഷിപ്പ് നൽകി ആദരിക്കുന്നുണ്ട്. കേരളത്തിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, പ്രാദേശികമായുള്ള കലാരൂപങ്ങൾ എന്നിവ മറ്റുജില്ലകളിലും പരിചയപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ നാടൻ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ ആദിവാസി സംസ്കൃതിയും കലയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നാടൻകലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ, പൊലിചാതുർമാസിക എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് തലത്തിലും സ്കൂൾ തലത്തിലും വിദ്യാർത്ഥികൾക്ക് നാടൻകല അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും ഗ്രാമസന്ധ്യ എന്ന പേരിൽ സെമിനാറുകളും നാടൻ കലാവതരണങ്ങളും നടപ്പിലാക്കി

വരുന്നു. ദേശീയ-അന്തർദേശീയ സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നാടൻ കലോത്സവം (International Folklore fest) കേരളത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മലയാളം മിഷൻ മുഖേന ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോ ആയ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നുണ്ട്. റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്യുന്ന സമം-ഷീ റേഡിയോ എന്ന പ്രക്ഷേപണ പരിപാടിയുടെ ഭാഗമായി എഴുത്തുകാരികളുടെ ചെറുകഥകളെ ആസ്പദമാക്കിയ റേഡിയോ നാടകങ്ങൾ, പെൺകഥോത്സവം, പെൺ കവിയരങ്ങ്, സാഹിത്യ-സാംസ്കാരിക-സാമൂഹിക മേഖലകളിലെ വനിതാ പ്രതിഭകളുടെ അഭിമുഖം എന്നിവയും പ്രക്ഷേപണം ചെയ്തുവരുന്നു.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാദമി മാപ്പിളകലകളുടെ സജീവതയ്ക്കും വ്യാപനത്തിനും പ്രവർത്തിച്ചുവരുന്നതോടൊപ്പം അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലകളായ പാടിപ്പറയൽ, ചവിട്ടുകളി, ചീനിമുട്ട് തുടങ്ങിയവയും പ്രോത്സാഹിപ്പിച്ചുവരുന്നു. കേരളത്തിലെ പാരമ്പര്യ കലകളായ കളമെഴുത്ത്,

ചുവർചിത്രകല, വിവിധ മാധ്യമങ്ങളിലുള്ള ശിൽപ്പകല തുടങ്ങിയവ കേരള ലളിതകലാ അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് പാരമ്പര്യ കലയായ ചുമർചിത്രകല പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന വാസ്തുവിദ്യാ ഗുരുകുലം ചുവർചിത്ര കലാ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഈ കലയിൽ താൽപ്പര്യമുള്ളവർക്കായി വിവിധ കാലദൈർഘ്യമുള്ള കോഴ്സുകളും നടത്തി വരുന്നു. കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, പുരാതന കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ചുവർചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളും ഗുരുകുലം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. അന്യമായിക്കൊണ്ടിരിക്കുന്ന പാരമ്പര്യകലകളെ സംബന്ധിച്ചും അവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി പൈതൃകപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2017-ൽ ആരംഭിച്ച ടൂറിംഗ് ടാക്കീസിന്റെ മേഖലാ കേന്ദ്രങ്ങൾ കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സിനിമകൾ പ്രദർശിപ്പിക്കുകയും സംവാദ പരിപാടികൾ

സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ നേതൃത്വത്തിൽ പാരമ്പര്യകലകൾ ഉൾപ്പെടെയുള്ള എല്ലാ കലകളുടെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി എല്ലാ ജില്ലകളിലെയും കലാകാരന്മാർക്ക് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് അവസരവും ഓൺലൈനായി പ്രതിഫലവും നൽകിവരുന്നു. മുതിർന്ന പൗരന്മാർക്ക് ഒത്തുചേർന്ന് കലാസാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനായി എല്ലാ മാസവും 'ഉണർവ് കൂട്ടായ്മ' -യും നടത്തിവരുന്നു. കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ യുവതലമുറയ്ക്ക് ആവശ്യമായ സാഹിത്യ രചനാ ക്യാമ്പുകൾ, സാഹിത്യ സെമിനാറുകൾ, അനുസ്മരണ സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സമം സാംസ്കാരികോത്സവത്തിന്റെ ഭാഗമായി നാടൻ കലാസംഗമം, ഗസൽ, സെമിനാറുകൾ, നാടകങ്ങൾ എന്നിവയും ജില്ലകളിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് പുരസ്കാരവിതരണവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകോത്സവം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

29 (*539) ശ്രീ. കുറുക്കോളി മൊയ്തീൻ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഴ്സുകൾ പൂർത്തിയാക്കുന്നതിനും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്.

2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ.

3. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

4. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ.

5. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.

6. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിൽ സൗജന്യ അംഗത്വം.

7. ബി.ടെക് കോഴ്സ് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ്.

8. ബി.ടെക് കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.-യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾവഴി "സമുന്നതി" പദ്ധതി.

(9) രോഗം കാരണമായി ഒരു അക്കാഡമിക് വർഷത്തെ പരീക്ഷയെഴുതാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട അതോറിറ്റിയിൽനിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപനമേധാവിയുടെ ശിപാർശ പ്രകാരം റിന്യൂവൽ.

(10) ഏതെങ്കിലും യൂണിവേഴ്സിറ്റി/സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസിലെ പരീക്ഷ പാസാകാതെ ഉയർന്ന ക്ലാസിലേയ്ക്ക് പ്രൊമോട്ട്

ചെയ്യുകയും പിന്നീട് താഴ്ന്ന ക്ലാസിലെ പരീക്ഷ എഴുതേണ്ടി വരികയും ചെയ്താലും മറ്റുവിധത്തിൽ അർഹതയുള്ളപക്ഷം വിദ്യാർത്ഥിക്ക് ഉയർന്ന ക്ലാസിൽ സ്കോളർഷിപ്പ്.

(11) ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റെഗുലർ സ്റ്റുഡന്റായി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർത്ഥ കാലയളവ്, ഏതാണോ കുറവ് എന്നതുപ്രകാരം ആനുകൂല്യം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം 3 തവണത്തേയ്ക്ക് ലഭിക്കും.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

05-01-2023-ലെ സ.ഉ.(പി)നം.1/2023/പജപവവിവ., സ.ഉ(പി)നം.2/ 2023/പജപവവിവ. നമ്പർ ഗവ. ഉത്തരവുകൾ പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിൽ പദ്ധതി**

30 (*540) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ഇടനിലക്കാരുടെ ചൂഷണമില്ലാതെ ന്യായവില ലഭ്യമാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യം വിപണനം ചെയ്യുന്നതിനും സർക്കാർ നടത്തുന്ന ഇടപെടൽ വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ഇടനിലക്കാരുടെ ചൂഷണമില്ലാതെ ന്യായവില ലഭ്യമാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യം വിപണനം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടത്തുന്ന തീരദേശ ലേല സമ്പ്രദായത്തിലൂടെ ശേഖരിച്ച് ഫിഷ് മാർട്ടുകൾവഴി

വിപണനം നടത്തുന്നതുവഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യത്തിന് ന്യായവില ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ, അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നുതന്നെ ലഭിക്കുന്നതിനായി "അന്തിപ്പച്ച" എന്ന പേരിൽ 16 ഫിഷറ്റേറിയൻ മൊബൈൽ മാർട്ടുകൾ (സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനങ്ങൾ) മത്സ്യഫെഡ് പ്രവർത്തിപ്പിച്ചുവരുന്നു. മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായി ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനായി 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിലെ 16-ാം വകുപ്പ് പ്രകാരം ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുവേണ്ടി ഒരു സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി നിലവിൽ വന്നിട്ടുണ്ട്. മത്സ്യ ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തെക്കുറിച്ച് ബോധവൽക്കരണം നൽകുക, മത്സ്യബന്ധനം നടത്തി ലഭിക്കുന്ന

മത്സ്യത്തിനുവേണ്ടി സർട്ടിഫിക്കറ്റ് നൽകുന്നതിലേയ്ക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുക, മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുക എന്നിവ കമ്മിറ്റിയുടെ കർത്തവ്യങ്ങളാണ്. കേരള നിയമസഭ പാസ്സാക്കിയ മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികളും 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും 11-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികളും ഫിഷ് ലാന്റിംഗ് സെന്ററുകളിലോ ഫിഷിംഗ് ഹാർബറുകളിലോ മാർക്കറ്റുകളിലോ മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകൾ നിയന്ത്രിക്കപ്പെടുമെന്ന് ഉറപ്പുവരുത്തുന്നു. സംസ്ഥാനത്ത് 21 ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വിജ്ഞാപനംവഴി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ ചട്ടരൂപീകരണം അന്തിമഘട്ടത്തിലാണ്.

(ബി) ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിൽ പദ്ധതിയിലൂടെ

മത്സ്യഫെഡ് മുഖേന ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ?

'ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിൽ' പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡിന്റെ 4 ഫിഷ് മാർട്ടുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 ഫിഷ് മാർട്ടുകൾ പ്രവർത്തനത്തിന് സജ്ജമാണ്. 3 ഫിഷ് മാർട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(സി) വിഴിഞ്ഞത്ത് ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്നവിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റ്, വിപണന ഔട്ട്ലെറ്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചുകഴിഞ്ഞു.

(ഡി) മത്സ്യം മൂല്യവർദ്ധിതോൽപ്പന്നങ്ങളാക്കി കേടുകൂടാതെ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് ഓൺലൈൻ വിപണന

സൗകര്യങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മത്സ്യഫെഡ് നിർമ്മിക്കുന്ന മൂല്യവർദ്ധിതോൽപ്പന്നങ്ങൾ ഓൺലൈൻവഴി വിപണനം ചെയ്തുവരുന്നു.

### (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകൾ

1 (6288) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ എത്ര വീടുകളുണ്ട്; ഇതിന്റെ പൂർത്തീകരണത്തിനായി മുൻവർഷം വകുപ്പിന് എത്ര തുക നീക്കിവച്ചിരുന്നു; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി; അവശേഷിക്കുന്നവ എത്ര; വിശദാംശം നൽകുമോ?

ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ വിവിധ പദ്ധതികളിലും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും 7857 വീടുകൾ നിർമ്മാണത്തിനായി ഏറ്റെടുത്തതിൽ 3960 വീടുകൾ പൂർത്തീകരിക്കുകയും 3897 വീടുകൾ പൂർത്തിയാക്കാൻ ശേഷിക്കുകയും ചെയ്യുന്നു. പൂർത്തിയാക്കാൻ ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പ്രസ്തുത വീടുകളുടെ പൂർത്തീകരണത്തിനുമാത്രമായി വകുപ്പ് പ്രത്യേകം തുക മുൻവർഷം നീക്കിവച്ചിട്ടില്ല. എന്നാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും വകുപ്പിന്റെ ഭവനപുനരുദ്ധാരണവും നടപ്പിലാക്കുന്നതിനുമായി 2021-22 സാമ്പത്തിക വർഷം 5720 ലക്ഷം രൂപ വകയിരുത്തിയതിൽ 5129.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും ഏറ്റെടുത്ത വീടുകളിൽ മുൻസാമ്പത്തിക വർഷം 150 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി**

2 (6289) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ഇവർക്ക് ഭൂമി ലഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ ഭൂരഹിതരായ അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ലൈഫ് മിഷൻ മുഖേന അപേക്ഷ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ഇവർക്ക് വീട് ലഭിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ 37 പട്ടികവർഗ്ഗക്കാരാണ് നിലവിൽ ഭവനരഹിതരായിട്ടുള്ളത്. നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം അനുവദിച്ചുവരുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷയിന്മേൽ ലൈഫ് മിഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീട് അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര അപേക്ഷകരുണ്ട്; ഇവർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം

ലഭ്യമാക്കാമോ?

നടപ്പുവർഷം 135 ഗുണഭോക്താക്കളാണ് ഭവന പുനരുദ്ധാരണത്തിനായി അപേക്ഷ ലഭ്യമാക്കിയിട്ടുള്ളത്. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അമ്പലകുന്ന് കോളനിയിലെ ഗുണഭോക്താക്കളെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലും മറ്റ് പഞ്ചായത്തുകളിലെ ഗുണഭോക്താക്കളെ സേഫ് പദ്ധതിയിലുമുൾപ്പെടുത്തി ഭവനപുനരുദ്ധാരണം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി ചെലവഴിച്ച തുക**

3 (6290) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി കഴിഞ്ഞ ഏഴ് വർഷം ചെലവഴിച്ച തുക എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2016 മുതൽ 31-03-2023 വരെ ഭവന നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ആകെ ചെലവഴിച്ച തുക (രൂപ ലക്ഷം) |
|---|---|---|
| 1 | തിരുവനന്തപുരം | 160.23 |
| 2 | കൊല്ലം & ആലപ്പുഴ | 163.63 |
| 3 | പത്തനംതിട്ട | 48.60 |
| 4 | കോട്ടയം | 538.61 |
| 5 | ഇടുക്കി | 472.36 |
| 6 | എറണാകുളം | 586.11 |
| 7 | തൃശ്ശൂർ | 269.56 |
| 8 | മലപ്പുറം | 630.07 |
| 9 | പാലക്കാട് | 1878.88 |
| 10 | കോഴിക്കോട് | 136.65 |
| 11 | വയനാട് | 18457.45 |
| 12 | കണ്ണൂർ | 169.60 |
| 13 | കാസർഗോഡ് | 365.57 |
| ആകെ | | 23877.32 |

**ട്രൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം**

4 (6291) <u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ മുഖേന ട്രൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന കുടുംബങ്ങളെ

പുനരധിവസിപ്പിക്കുമ്പോൾ അവരുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്തുപോകാതിരിക്കുന്നതിനും വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. തലമുറകളായി ഉപയോഗിച്ചുവരുന്ന വനഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്ന വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് ആവാസവ്യവസ്ഥയ്ക്ക് പുറത്തുപോകാതെ വനവിഭവ ശേഖരണത്തിന് സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്നില്ല. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങളെ അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതരത്തിലാണ് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നത്. ഇതിനായി അവർ താമസിക്കുന്ന പ്രദേശങ്ങളിലോ അതിനടുത്തായോ ആണ് ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നത്.

(ബി) മേൽപ്പറഞ്ഞ പ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ പുനരധിവസിപ്പിക്കപ്പെടുന്നവർ കടുത്ത മാനസിക സമ്മർദ്ദം നേരിടുന്നതും നിരവധി കുടുംബങ്ങൾ തിരികെ പോകുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന്

വ്യക്തമാക്കുമോ?

ഉണ്ട്. വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരത്തിൽനിന്നും മാറ്റിപ്പാർപ്പിക്കുന്നതിനായി വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പെടെയുള്ള ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ഉദുമ മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

5 (6292) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ ഉദുമ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

**ചിറയിൻകീഴ് മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

6 (6293) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണുള്ളതെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ പട്ടികജാതി കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

**മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം**

7 (6294) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോന്നിലും എത്ര കുടുംബങ്ങൾ വീതമുണ്ട്; കോളനികൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കോളനികളിൽ അംബേദ്കർ ഗ്രാമപദ്ധതിയിലോ മറ്റേതെങ്കിലും കോളനി വികസന പദ്ധതികളിലോ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

1) ഞാറക്കാട് കോളനി, മങ്കട ഗ്രാമപഞ്ചായത്ത്

2) കളത്തിൽ ചാളക്കൽ കോളനി, കുറുവ ഗ്രാമപഞ്ചായത്ത്

3) ചൊവ്വാണ കോളനി, കുറുവ ഗ്രാമപഞ്ചായത്ത്

4) അമ്പലപ്പറമ്പ് കോളനി, കുറുവ ഗ്രാമപഞ്ചായത്ത്

5) പട്ടിയിൽപ്പറമ്പ് കോളനി, കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

6) കല്ലറാംകുന്ന് & മേലേപ്പാട്ട് കോളനി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

(സി) പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പട്ടികജാതി വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മങ്കട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി കോളനികളിൽ റോഡുകളുടെ നവീകരണം, ലൈറ്റുകൾ സ്ഥാപിക്കൽ, കുടിവെള്ള പദ്ധതികളുടെ നവീകരണം, ശ്മശാന നവീകരണം എന്നീ കോളനി നവീകരണ പ്രവൃത്തികൾ ആവശ്യമുള്ളതായി കാണുന്നു. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൻ കോളനിയിൽ റോഡ്, കുടിവെള്ളം എന്നിവയും മുന്നാക്കൽ കോളനിയിൽ ചുറ്റുമതിൽ, ഇല്ലത്തുചാള കോളനിയിൽ റോഡ്, കുടിവെള്ളം, കലമ്പറമ്പ് കോളനിയിൽ കുടിവെള്ളം, അത്തിക്കോട്ട് കോളനിയിൽ സൈഡ് കെട്ടൽ തുടങ്ങിയവയും ആവശ്യമായിട്ടുണ്ട്.

(ഡി) കോളനി വികസന പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് വകുപ്പ് ഏതെല്ലാം തരത്തിലാണ് ഫണ്ട് കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോളനികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ വാർഷിക പദ്ധതികളിലുൾപ്പെടുത്തിയും കൂടാതെ ഫീസിബിലിറ്റിക്ക് അനുസൃതമായി വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

**ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച തുക**

8 (6295) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ചെമ്പക്കാട് പട്ടികവർഗ്ഗ കോളനി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിച്ച് ബിൽ ലഭ്യമാകുന്ന മുറയ്ക്ക് ബിൽ പ്രകാരമുള്ള തുക അനുവദിക്കുന്നതാണ്.

(ബി) പദ്ധതി നിർവ്വഹണത്തിനായി ചേർന്ന ഊരുകൂട്ടത്തിൽ കോളനിയിൽ വീടില്ലാത്ത കുടുംബങ്ങൾക്ക് മുൻഗണനാപ്രകാരം വീട് നൽകാൻ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻപ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ.-ൽ 14 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിരുന്നു. ആയതിന് അനുമതി നൽകിയിട്ടുണ്ട്.

**ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നുള്ള കുടുംബങ്ങളുടെ പുനരധിവാസം**

9 (6296) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നുള്ള എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 27 ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും വിവിധ കാരണങ്ങളാൽ 354 പട്ടികവർഗ്ഗ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് 21,26,86,315/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വയം സന്നദ്ധ

പുനരധിവാസ പദ്ധതിപ്രകാരം 5 സെറ്റിൽമെന്റുകളിൽനിന്നായി 63 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനായി 6,30,00,000/- രൂപ വനം വന്യജീവി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

(ബി) ട്രൈബൽ സെറ്റിൽമെന്റുകളിലുള്ളവരെ പുനരധിവസിപ്പിക്കുമ്പോൾ സ്വാഭാവിക ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ഏത് രീതിയിൽ ബാധിക്കുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ മേൽപ്പറഞ്ഞ പ്രകാരം പുനരധിവാസ നടപടികൾ നടപ്പാക്കിയത്; എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം പുനരധിവസിപ്പിച്ച കുടുംബങ്ങൾ പുതിയ ആവാസ വ്യവസ്ഥയെ ഉൾക്കൊള്ളാൻ സാധിക്കാത്തതിന്റെ മാനസിക സമ്മർദ്ദത്തെ തുടർന്ന് പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(ബി&സി) ഇത്തരത്തിൽ ശാസ്ത്രീയമായ ഒരു പഠനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല. എന്നാൽ വയനാട് ജില്ലയിൽ വനം

വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നതുൾപ്പെടെയുള്ള ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**കോട്ടങ്കര ട്രൈബൽ സെറ്റിൽമെന്റിൽനിന്നും പുനരധിവസിപ്പിച്ച കുടുംബങ്ങൾ**

10 (6297) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടങ്കര ട്രൈബൽ സെറ്റിൽമെന്റിൽനിന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഏത് മേഖലയിലാണ് ഇവരെ പുനരധിവസിപ്പിച്ചതെന്നും ഇതിനായി എത്ര ഭൂമി വാങ്ങിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കോട്ടങ്കര ട്രൈബൽ

സെറ്റിൽമെന്റിൽനിന്നും 36 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തു. ഇവരെ നൂൽപ്പുഴ, നെന്മേനി, അമ്പലവയൽ, പൂതാടി എന്നീ പഞ്ചായത്തുകളിലാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഇവർ ആകെ 15.12 ഏക്കർ ഭൂമിയാണ് വാങ്ങിയിട്ടുള്ളത്. ഇതിനായി ഓരോ ഗുണഭോക്താവിനും 10 ലക്ഷം രൂപ വീതമാണ് വനം വകുപ്പ് അനുവദിച്ച് നൽകിയിട്ടുള്ളത്.

(ബി) എത്ര പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നും എത്ര ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയെന്നും അറിയിക്കാമോ; ഇതിൽ എത്രപേർ വീട് നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്രപേർ വീട് നിർമ്മിക്കാനുണ്ടെന്നും ഭൂമി അനുയോജ്യമല്ലാത്തതിനാൽ വീട് നിർമ്മിക്കാത്ത കുടുംബങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ?

36 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. 15.12 ഏക്കർ ഭൂമിയാണ് ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 21 കുടുംബങ്ങൾ വിവിധ പദ്ധതികളിലായി വീട് പൂർത്തീകരിച്ചിട്ടുണ്ട്. 15 കുടുംബങ്ങൾ വീട് നിർമ്മിക്കാനുണ്ട്. ഇതിൽ 2 പേർ ഭൂമി അനുയോജ്യമല്ലാത്തതിനാലാണ് വീട് നിർമ്മിക്കാത്തത്.

(സി) പ്രസ്തുത സ്ഥലത്ത് കൃഷി, കന്നുകാലി വളർത്തൽ, വനവിഭവങ്ങളുടെ ശേഖരണം തുടങ്ങിയ സ്വാഭാവിക ഉപജീവനമാർഗ്ഗങ്ങൾ

കണ്ടെത്തുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

വനത്തിന് സമീപം ഭൂമി വാങ്ങിയവർ കന്നുകാലി വളർത്തൽ തുടങ്ങിയവയ്ക്ക് വനത്തിനെ ആശ്രയിക്കുകയും വനവിഭവങ്ങളുടെ ശേഖരണം നടത്തുകയും ചെയ്യുന്നു. സ്വന്തമായി മൃഗപരിപാലനം, കൃഷി തുടങ്ങിയവ നടത്തിയിരുന്നവർ നിലവിലും ഉപജീവന മാർഗ്ഗത്തിനായി ഇവയെ ആശ്രയിക്കുന്നു.

(ഡി) സ്വാഭാവിക ആവാസവ്യവസ്ഥയിൽനിന്നും മാറിയതിനെത്തുടർന്ന് ഉപജീവനമാർഗ്ഗം നഷ്ടമായ പ്രസ്തുത കുടുംബങ്ങൾ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നതുൾപ്പെടെയുള്ള

ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പുനരധിവാസം നടന്ന സ്ഥലങ്ങളിലെ ആളുകൾക്ക് അവരുടെ ജന്മസ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുമ്പോൾ സാധാരണ രീതിയിൽ തുടക്കത്തിൽ ഉപജീവനത്തിനായുള്ള തൊഴിലിനും മറ്റും പ്രയാസം നേരിടുകയും മാനസിക സമ്മർദ്ദം നേരിടുകയും ചെയ്യാറുണ്ട്. എന്നാൽ പുതിയ സ്ഥലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് അവർ പൊരുത്തപ്പെട്ട് പോകുന്നതായാണ് കാണുന്നത്.

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

11 (6298) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽനിന്നും 2016 മുതൽ നാളിതുവരെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ വിശദാംശവും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും വിശദമാക്കുമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ

കഴിയുമെന്നും വിശദമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) കോട്ടക്കൽ മണ്ഡലത്തിൽനിന്നും നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും നടപ്പുസാമ്പത്തിക വർഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ**

12 (6299) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 25 കുടുംബങ്ങളിൽ കൂടുതൽ താമസിക്കുന്ന എത്ര പട്ടികജാതി കോളനികളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ പേര് വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇരുപത്തിയഞ്ചിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികം കുടുംബങ്ങൾ താമസിക്കുന്ന 72 പട്ടികജാതി കോളനികളുണ്ട്. പഞ്ചായത്തുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**അരുവിക്കര മണ്ഡലത്തിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിലെ പൊതുകെട്ടിടങ്ങൾ**

13 (6300) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിലെ ആദിവാസി സെറ്റിൽമെന്റുകളിൽ നിലവിലുള്ള പൊതുകെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ, കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, നിലവിലെ സ്ഥിതി, ഓരോ കെട്ടിടത്തിലും നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ എന്നീ വിവരങ്ങൾ സഹിതം അറിയിക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങളുടെ ദാരിദ്ര്യം ഉന്മൂലനം ചെയ്യാൻ പദ്ധതി**

14 (6301) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗങ്ങളിൽ ഉൾപ്പെട്ടവർക്കിടയിലെ ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തമാക്കുന്നതിനും സെറ്റിൽമെന്റ് കുടുംബം അടിസ്ഥാനമാക്കി സൂക്ഷ്മതല പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഊരുകളിലും ഊരിന് പുറത്തുമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ കുടുംബാധിഷ്ഠിത സർവ്വേ നടത്തി ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മതല ആസൂത്രണം മുഖേന പദ്ധതികൾ രൂപീകരിച്ച് സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി ഹോം എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് എല്ലാ മേഖലകളിലും ആവശ്യാധിഷ്ഠിതമായ ക്ഷേമവും വികസനവും സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. നിലവിലുള്ള സ്കീമുകളെ പരമാവധി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) ആയതിനാവശ്യമായ സാമൂഹിക, സാമ്പത്തിക സർവ്വെ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

സാമൂഹിക-സാമ്പത്തിക സർവ്വേ പൂർത്തിയായിട്ടില്ല.

(സി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര സെറ്റിൽമെന്റുകളെ ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ കീഴിൽ 3 സെറ്റിൽമെന്റുകളിൽ എന്ന പ്രകാരം ആദ്യഘട്ടത്തിൽ ആകെ 162 സെറ്റിൽമെന്റുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സെറ്റിൽമെന്റുകൾക്കുപുറത്ത് താമസിക്കുന്ന അതിദരിദ്രരായ പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുകൂടി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

സൂക്ഷ്മതല പദ്ധതിയിൽ ഊരുകളിലും ഊരിന് പുറത്തുമുള്ള പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എല്ലാ മേഖലകളിലും ആവശ്യാധിഷ്ഠിതമായ ക്ഷേമവും വികസനവും സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

15 (6302) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വെള്ളുകുന്ന്, മുതലപ്ര എന്നീ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസി മുഖാന്തരമാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) മുഖേനയാണ്. മുതലപ്ര എസ്.സി. കോളനിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളുകുന്ന് എസ്.സി. കോളനിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമായിട്ടില്ല.

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

16 (6303) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ കോളനികളിലെയും പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രവൃത്തിക്ക് ഭരണാനുമതിയായ തീയതി, പ്രവൃത്തി ആരംഭിക്കാൻ നിർവ്വഹണ ഏജൻസിക്ക് സൈറ്റ് കൈമാറിയ തീയതി, പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എന്നീ വിവരങ്ങൾ ഓരോ കോളനിയും അടിസ്ഥാനപ്പെടുത്തി നൽകുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം.

(ഇ) പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർവ്വഹണ ഏജൻസിയെ പങ്കെടുപ്പിച്ച് അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിതല അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് മുൻ സർക്കാരുകളുടെ കാലത്ത് സ്വയംപര്യാപ്ത/അംബേദ്കർ ഗ്രാമം പദ്ധതികളിലേയ്ക്ക് തെരഞ്ഞെടുത്തിരുന്ന ഭൂരിപക്ഷം കോളനികളുടെയും പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ, ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹണ ഏജൻസികളുമായി അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

17 (6304) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഇതിനായി പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ളതും പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേസുകളുടെ വിചാരണയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മലപ്പുറം-മഞ്ചേരിയിലും വയനാട്-മാനന്തവാടിയിലും പാലക്കാട്-മണ്ണാർക്കാടും കൊല്ലം-കൊട്ടാരക്കരയിലുമായി നാല് സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നശേഷം തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. സ്പെഷ്യൽ കോടതികളില്ലാത്ത ജില്ലകളിൽ അതത് ജില്ലകളിലെ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികൾ സ്പെഷ്യൽ കോടതികളായി പ്രവർത്തിച്ചുവരുന്നു.

(ബി) പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ സംസ്ഥാനത്ത്

രൂപീകരിച്ചിട്ടുണ്ടോ; നിയമപരമായ സംരക്ഷണത്തിന് മറ്റെന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം, 1995-ലെ നിയമം 8-ന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 04-11-2015-ലെ GO(Rt) No.2821/2015/Home നമ്പർ ഉത്തരവുപ്രകാരം എസ്.സി./എസ്.ടി. പ്രൊട്ടക്ഷൻ സെൽ സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമപരമായ സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിനും മറ്റും പാലക്കാട്, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്.) യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന പട്ടികവിഭാഗക്കാർ വാദികളായ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്താലുടൻതന്നെ വിക്ടിം ലെയ്സൻ ഓഫീസർമാരെ (VLO) നിയമിച്ചും നിയമപരമായ സേവനങ്ങൾ

ലഭ്യമാക്കുന്നതിനുവേണ്ടി District Legal Service Authority-യെ അറിയിച്ചും അവർക്കാവശ്യമായ സംരക്ഷണവും മറ്റ് സഹായങ്ങളും നൽകിവരുന്നതാണ്. നിയമാനുസരണം ടി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം ലഭിക്കുന്നതിലേയ്ക്കായി ടിയാളുകൾ വാദികളായ കേസുകളുടെ എഫ്.ഐ.ആർ., അന്തിമ റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ സമയബന്ധിതമായി ജില്ലാ കളക്ടർക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസുകൾക്കും നൽകിവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസുകളും അതീവ ജാഗ്രതയോടെയും കാര്യക്ഷമമായും നീതിയുക്തമായും അന്വേഷണം നടത്തുന്നതിനും എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് നീതി ഉറപ്പുവരുത്തുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകിവരുന്നതും കേസുകളും പരാതികളും സുതാര്യതയോടെ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സബ് ഡിവിഷൻതലത്തിലും ജില്ലാതലത്തിലും പോലീസ് ആസ്ഥാനത്തും സർക്കാർതലത്തിലും അവലോകനം നടത്തി വരുന്നതുമാണ്. കൂടാതെ കാര്യക്ഷമമായ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവയും ട്രൈബൽ ജനമൈത്രി പദ്ധതിയിലൂടെ ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിയമ പരിരക്ഷ നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ഈ സർക്കാർ അധികാരത്തിൽവന്നശേഷം 'ജ്വാല' (Justice, Welfare and Legal Assistance) എന്ന പേരിൽ നിയമസഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് അയ്യൻകാളി ഭവനിൽ രൂപീകരിച്ചിരിക്കുന്ന 'ജ്വാല' ലീഗൽ സെല്ലിന്റെ ഭാഗമായി നിയമിക്കപ്പെട്ടിരിക്കുന്ന ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കോൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരും ജില്ലാതലത്തിൽ നിയമിതരായിരിക്കുന്ന 14 ലീഗൽ കൗൺസിലർമാർ എന്നിവരും ഉൾപ്പെടുന്നതാണ് ജ്വാല നിയമ സഹായ സെൽ. അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് അടിയന്തര നിയമ സഹായം ആവശ്യമായി വരുന്നപക്ഷം കോൾ സെന്ററുമായോ ജില്ല പട്ടികജാതി വികസന ഓഫീസുകളിൽ നിയമിക്കപ്പെട്ടിരിക്കുന്ന ലീഗൽ കൗൺസിലർമാരുമായോ ബന്ധപ്പെടാവുന്നതാണ്. അതിക്രമം തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിവരങ്ങൾ നിയമസഹായ സെൽ മുഖേന ശേഖരിക്കുകയും ടി കേസുകളുടെ പുരോഗതി റിപ്പോർട്ട് കോടതികളുമായി ബന്ധപ്പെട്ട് തയ്യാറാക്കുകയും നിയമ സഹായം ആവശ്യമായ കേസുകൾക്ക് സൗജന്യ നിയമ സഹായം നൽകുകയും

ചെയ്യുന്നതിന് വകുപ്പ് മുഖേന ശ്രമിച്ചുവരുന്നു. പട്ടികജാതിക്കാർക്കുള്ള പ്രത്യേക നിയമ പരിരക്ഷകളെക്കുറിച്ച് അവബോധം നൽകുന്നതിനായി നിയമസഹായ സെല്ലിന്റെ നേതൃത്വത്തിൽ വിവിധ ലോ കോളേജുകളുമായും ഇതര നിയമ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിയമ ബോധവത്കരണ സെമിനാറുകളും പഠന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് നിയമ ക്ലിനിക്കുകൾ നടത്തുന്നതിനുമുള്ള പദ്ധതികൾ വകുപ്പുതലത്തിൽ ആലോചിച്ചുവരുന്നു.

(സി) അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആശ്വാസവും പുനരധിവാസവും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

അതിക്രമത്തിനിരയായി ഒറ്റപ്പെടൽ അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് ആശ്വാസവും മാനസിക പിന്തുണയും പ്രദാനം ചെയ്ത് സമൂഹത്തിന്റെ ഭാഗമായിത്തന്നെ നിലനിർത്തുന്നതിനും ലീഗൽ അഡ്വൈസർ, ലീഗൽ കൗൺസിലർ എന്നിവരെ ഇത്തരം ഭവനങ്ങൾ സന്ദർശിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി അതിക്രമം

തടയൽ നിയമ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. ഇത്തരം കേസുകൾ ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയും പുനരധിവാസം ആവശ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നപക്ഷം ഭൂമി, വീട്, ജോലി എന്നിവയിൽ ആവശ്യമായവ അനുവദിച്ചുവരികയും ചെയ്യുന്നു.

അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, കേസുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ചൂഷണത്തിൽ നിന്നും തടയുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ ഉന്നമന പദ്ധതികളും സാമൂഹിക, സാമ്പത്തിക ഉന്നമന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്കെതിരായ

അതിക്രമം തടയൽ നിയമത്തിന്റെ കർശന വ്യവസ്ഥകൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്**

18 (6305) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി., ഒ.ഇ.സി., എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ് ഏതുവർഷം മുതൽ നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) കുടിശ്ശികയുണ്ടെങ്കിൽ ആയത് ഉൾപ്പെടെ നൽകാനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

(എ&ബി) 2021-22 അദ്ധ്യയന വർഷംവരെ യഥാസമയം അപേക്ഷ നൽകിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2018-19 മുതൽ 2021-22 അദ്ധ്യയന വർഷംവരെയുള്ള വൈകി ലഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ക്ലെയിമുകളും 2021-22 അദ്ധ്യയന വർഷം മുതൽ

വൈകി ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ക്ലെയിമുകളും അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ക്ലെയിമുകൾ പരിശോധിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**സ്വാശ്രയ ജനറൽ നേഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം**

19 (6306) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ ജനറൽ നഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ ജനറൽ നഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ

സംസ്ഥാനതലത്തിലോ അഖിലേന്ത്യാതലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെയോ/യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ രീതിയിൽ അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ റാങ്ക് പട്ടിക പ്രകാരമോ/ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ്-റിസർവ്വേഷൻ വഴിയോ/മെറിറ്റ്-റിസർവ്വേഷൻ എന്നിവ പാലിച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷൻ വഴിയോ പ്രവേശനം ലഭിക്കുന്ന കേസുകളിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

(ബി) എങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees സ്റ്റേറ്റ് അക്കാദമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം നൽകാൻ നടപടി

സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/ റിസർവ്വേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/റിസർവ്വേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും മാത്രമേ സംസ്ഥാനത്തിനുപുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുള്ളൂവെന്നതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ സ്വാശ്രയ ജനറൽ നഴ്സിംഗ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമല്ല.

(ഡി) കോഴ്സ് കാലയളവ് നീണ്ടുപോകുന്ന സാഹചര്യങ്ങളിൽ സ്വാശ്രയ കോളേജുകൾ പ്രസ്തുത കാലയളവിലെ ഫീസ് വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം**

20 (6307) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യത്തിന്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 5, 6, 7 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും ഹൈസ്കൂൾതലത്തിൽ സയൻസ്, കണക്ക്, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്കും ട്യൂഷൻ കൂടാതെ വിദ്യാർത്ഥികളുടെ രാത്രികാല പഠന മേൽനോട്ടത്തിനായി ഓരോ ഹോസ്റ്റലിലും റെസിഡന്റ് ട്യൂട്ടർമാരെയും പ്രീപ്രൈമറി വിദ്യാർത്ഥികൾക്കായി മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. S.S.L.C, +2 പരീക്ഷകൾക്കുമുമ്പായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റെസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്, പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം, ബി.ടെക് കോഴ്സ് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ്, ബി.ടെക് കോഴ്സ് പൂർത്തീകരിക്കാത്തവരോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില

പരീക്ഷകൾ എഴുതാൻ ബാക്കിയുള്ളതോ ആയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.-യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി "സമുന്നതി " എന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ നടപടി**

21 (6308) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിൽ ഏറ്റവും കുറവ് കേരളത്തിലാണെന്നതിന്റെ കാരണം വ്യക്തമാക്കാമോ?

വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലും വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലുമുണ്ടായ മികച്ച ഭൗതിക സാഹചര്യങ്ങളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികളും ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സഹായകമായിട്ടുണ്ട്.

(ബി) കേരളത്തിൽ മറ്റ് വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് 2021, 2022 കാലയളവിൽ എത്രയാണെന്ന് വിശദമാക്കാമോ?

2021-22 അദ്ധ്യയന വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 144 കുട്ടികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 211 കുട്ടികളും പഠനം ഉപേക്ഷിച്ചതായി കണ്ടെത്തിയിരുന്നു. അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണമെന്തെന്ന് വിശദമാക്കാമ; ഈ കൊഴിഞ്ഞുക്ക് തടയുന്നതിന് സർക്കാർതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കാമോ?

താമസിക്കുന്ന പ്രദേശത്തെ പ്രത്യേക സാമൂഹികാന്തരീക്ഷം, കുട്ടികളെ സ്കൂളുകളിൽ അയയ്ക്കുന്നതിലുള്ള രക്ഷകർത്താക്കളുടെ താൽപ്പര്യക്കുറവ്, കാർഷിക വിളവെടുപ്പ് സമയങ്ങളിൽ രക്ഷകർത്താക്കളോടൊപ്പം മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകുന്നത്, യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ

ഒറ്റപ്പെടലുകൾ, കുടുംബ പ്രശ്നങ്ങൾ, വിനിമയ ഭാഷയിൽനിന്നും പഠന ഭാഷയിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ തുടങ്ങിയവയെല്ലാം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

- പ്രീമെട്രിക് സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ
- മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ
- പ്രീമെട്രിക് ഹോസ്റ്റലുകൾ
- സാമൂഹ്യ പഠനമുറി
- ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
- 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
- റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ
- മെന്റർ ടീച്ചർ
- പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്

- അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ- ഇംബേഴ്സ്മെന്റ്

- രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം

- വിദ്യാവാഹിനി പദ്ധതി.

**മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ**

22 (6309) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.-കളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി

കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ള പദ്ധതികൾ, അഗ്നിപ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി., സ്റ്റീം ബേസ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോ ഹസാർഡ് സ്പിൽ കിറ്റ് എന്നിവ ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ പഠനാന്തരീക്ഷവും അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ-ബുക്ക് ലൈബ്രറി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി വകുപ്പിനുകീഴിലുള്ള എം.ആർ.എസ്.-കളിൽ കെട്ടിട നവീകരണം, കളിസ്ഥല നവീകരണം, മറ്റ് ആധുനിക നിർമ്മാണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിവരുന്നു. ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടർ ലാബുകൾ എം.ആർ.എസ്.-കളിൽ സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള സയൻസ് ലാബ്, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബുകൾ എന്നിവ ആധുനികവൽക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലനം കൃത്യമായ

ഇടവേളകളിൽ അദ്ധ്യാപകർക്ക് നൽകുന്നുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കുന്നതിനും വ്യക്തിത്വ വികസനത്തിനുമുള്ള പ്രത്യേക പരിശീലനം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പാഠ്യ വിഷയങ്ങളിൽ പ്രത്യേക ക്ലാസുകൾ നൽകിവരുന്നു. കണക്ക്, ഇംഗ്ലീഷ്, മലയാളം വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്തിനുശേഷം സ്പെഷ്യൽ ക്ലാസുകൾ നൽകുന്നു. വിദ്യാർത്ഥികളുടെ പഠനം ഫലപ്രദമാക്കാൻ സയൻസ് ലാബ്, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കുന്നതിനായി യോഗ പരിശീലനം, സംഗീത പരിശീലനം, കായിക പരിശീലനം എന്നിവ നൽകുന്നു. കൂടാതെ സയൻസ് ക്ലബ്, മാത്സ് ക്ലബ്, പരിസ്ഥിതി ക്ലബ്, ലഹരി വിരുദ്ധ ക്ലബ് മുതലായവയും പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി മോട്ടിവേഷൻ ക്ലാസുകൾ, പ്രസംഗ പരിശീലന ക്ലാസുകൾ, കൗൺസിലിംഗ് ക്ലാസുകൾ, മഞ്ചാടി

പ്രോഗ്രാം, കൃഷി സംബന്ധമായ ക്ലാസുകൾ വിവിധ കലാപരിപാടികൾ എന്നിവ നടത്തിവരുന്നു. ശാസ്ത്ര കായിക മേളകളിലും കലോത്സവങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് യൂണിസെഫിന്റെ സഹകരണത്തോടെ വിദ്യാർത്ഥികളുടെ സാമൂഹികവും മാനസികവുമായ പുരോഗതിക്കായി സോഫ്റ്റ് സ്കില്ലുകൾ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ എസ്.സി.ഇ.ആർ.ടി., ഹയർ സെക്കണ്ടറി വകുപ്പിന്റെ കരിയർ സെൽ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ മികവ് കൈവരിക്കുന്നതിനായി പരിശീലനങ്ങളും നൽകിവരുന്നുണ്ട്. ഇതിനുപുറമെ ഓരോ സ്കൂളുകളിലും പ്രാദേശികമായി വ്യക്തിത്വ വികസന നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) വിവിധ മത്സരപരീക്ഷകളിൽ വിജയം കൈവരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികളും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നൈപുണി ശേഷി വികസന പരിപാടികളും പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, മെഡിക്കൽ/എഞ്ചിനീയറിംഗിന് പ്രവേശന പരീക്ഷകൾക്കായി പരിശീലനം, പ്രത്യേക പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു. ലൈഫ് സ്കിൽ പ്രവർത്തനങ്ങൾ നടത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മെഡിക്കൽ/എഞ്ചിനീയറിംഗിന് പ്രവേശന പരീക്ഷകൾ, നിയമപഠനത്തിനായുള്ള പ്രവേശന പരീക്ഷകൾ, കേന്ദ്ര സർവ്വകലാശാലകളിൽ പ്രവേശനത്തിനുള്ള പരീക്ഷകൾ എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനുള്ള പരിപാടികളും നടപ്പാക്കിവരുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥിനികൾക്കുള്ള ആനുകൂല്യം**

23 (6310) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി

വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥിനികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും എങ്ങനെയാണ് നൽകുന്നതെന്നും വിശദമാക്കുമോ; പ്രസ്തുത ആനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് (ഡേ സ്കോളർ)/പോക്കറ്റ് മണി (ഹോസ്റ്റലർ), ഹോസ്റ്റൽ ഫീസ് എന്നിവയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. 2022-23 അദ്ധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടുകൂടി അപേക്ഷ

സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പുനലൂർ നിയോജകമണ്ഡലത്തിലെ പ്ലസ് ടു പഠനം പൂർത്തിയാക്കിയവർക്ക് ഇ-ഗ്രാന്റ്സ് വഴി സ്കോളർഷിപ്പ് വിഹിതം**

24 (6311) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും 2020-22 കാലഘട്ടത്തിൽ പ്ലസ് ടു പഠനം പൂർത്തിയാക്കിയ അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് വഴി സ്കോളർഷിപ്പ് വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്കോളർഷിപ്പ് വിഹിതം ഇനിയും ലഭിക്കാത്ത എത്ര കുട്ടികളുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് സൈറ്റ്

വഴിയാണ് അനുവദിച്ചുവരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകളാണ് ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭിക്കുന്നത്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ ലഭ്യമല്ല. നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൊല്ലം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13537 വിദ്യാർത്ഥികളിൽ 13536 വിദ്യാർത്ഥികളുടെയും അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പുനലൂർ നിയോജകമണ്ഡലത്തിലെ 56 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സ്കോളർഷിപ്പ് ലഭിക്കാത്തവർക്കും സാങ്കേതിക കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെട്ടവർക്കും പ്രസ്തുത സ്കോളർഷിപ്പ് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

സ്കോളർഷിപ്പ് അപേക്ഷ ലഭ്യമാക്കിയിട്ടില്ലാത്തവർക്ക് അപേക്ഷ ലഭ്യമാക്കുന്നമുറയ്ക്കും അപേക്ഷ നിരസിക്കപ്പെട്ടവർ ന്യൂനത പരിഹരിച്ച് അപേക്ഷ യഥാസമയം സമർപ്പിക്കുന്നമുറയ്ക്കും സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

## സ്റ്റൈപ്പന്റ്/ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിന് നടപടി

25 (6313) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ അൺ എയ്ഡഡ്/എയ്ഡഡ്/ ഗവൺമെന്റ് കോളേജുകളിൽ പ്രവേശനം നേടിയ (ഡിഗ്രി തലം മുതൽ മാസ്റ്റർ ഡിഗ്രി വരെ) എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സ്റ്റൈപ്പന്റ്/ ലംപ്സം ഗ്രാന്റ് വാങ്ങുന്നുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) 2022-23 വർഷത്തിൽ സ്റ്റൈപ്പന്റ്/ലംപ്സം ഗ്രാന്റ് വിതരണത്തിൽ തടസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 അദ്ധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന്

സംസ്ഥാനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം**

26 (6314) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം നൽകുന്നതിലേയ്ക്കായി സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം നൽകുന്നതിലേയ്ക്കായി സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിലായി നടപ്പ് വർഷം എത്ര കുട്ടികൾ എൻട്രൻസ് പരിശീലനം നേടുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിലായി നടപ്പ് വർഷം 705 വിദ്യാർത്ഥികളാണ് പരിശീലനം നേടിയിട്ടുള്ളത്.

**കോഴിക്കോട് ജില്ലയിലെ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

27 (6315) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിലൂടെ ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(എ&ബി) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ഓരോ നിയോജകമണ്ഡലത്തിലും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 02-11-2022-ൽ എല്ലാ എം.എൽ.എ.-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

28 (6316) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് പഠിക്കുന്ന വിദ്യാർത്ഥികളിൽ കേന്ദ്ര സർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിരുന്നവർക്ക് ആർക്കെങ്കിലും നിലവിൽ സ്കോളർഷിപ്പ് ലഭ്യമാകാതെയുണ്ടോ;

അറിയിക്കാമോ?

2022-23 അദ്ധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്വയംഭരണാവകാശവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർവ്വകലാശാല, കോളേജുകൾ പ്രസ്തുത സ്കോളർഷിപ്പിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ബംഗ്ലൂരുവിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ്.(നിംഹാൻസ്)

എന്ന സ്ഥാപനം ഈ സ്കോളർഷിപ്പിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി ആന്റ് സി) സ.ഉ. (പി) 50/2009/പജപവവിവ ഗവ. ഉത്തരവുപ്രകാരം സ്വയംഭരണ സർവ്വകലാശാലകളിലും കോളേജുകളിലും പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദനീയമല്ലായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 05-01-2023-ലെ സ.ഉ(പി)നം.2/2023/പജപവവിവ ഗവ. ഉത്തരവുപ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുകയും പ്രസ്തുത ഗവ. ഉത്തരവുപ്രകാരം ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽവരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിലോ മെറിറ്റ്/റിസർവേഷൻ പാലിച്ച്

സ്പോട്ട് അഡ്മിഷൻ വഴിയോ പ്രവേശനം നേടുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ബംഗ്ലൂരുവിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ്. (നിംഹാൻസ്) സ്ഥാപനത്തിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ട്.

**വിദ്യാഭ്യാസ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ**

29 (6317) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവിഭാഗങ്ങൾക്കും പിന്നാക്ക വിഭാഗങ്ങൾക്കുമുള്ള വിദ്യാഭ്യാസ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിലാക്കി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ആയതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെയും നിർവ്വഹണ

രീതിയുടെയും സമാന സ്വഭാവ സവിശേഷതകൾ കണക്കിലെടുത്തും പദ്ധതികൾ കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ക്ഷേമ-വികസന പ്രവർത്തനങ്ങൾ ഒരു കുടക്കീഴിലാക്കി ഉന്നതി എന്ന പേരിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**(ബി) ആദ്യവർഷ ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകളും സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെ മെട്രിക്/പോസ്റ്റ് മെട്രിക് വിഭാഗങ്ങളിലായി എത്ര കുട്ടികളുടെ അപേക്ഷകളിൽ ഗ്രാന്റ്/സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്; ഇനിയും എത്ര അപേക്ഷകൾ തീർപ്പാക്കാനായി വിവിധ ഓഫീസുകളിൽ പെൻഡിംഗിലുണ്ട്; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?**

2022-23 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**എങ്കക്കാട് ഐ.ടി.സി.-യിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

**30 (6318) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എങ്കക്കാട് ഐ.ടി.സി.-യിൽ പുതുതലമുറ ഉൾപ്പെടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.ടി.ഐ.-കളിൽ കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും നിലവിലെ റെഗുലർ പരിശീലനത്തോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. അതിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എങ്കക്കാട് ഐ.ടി.ഐ.-യിൽ നിലവിൽ പരിശീലനം നൽകിവരുന്ന സർവ്വെയർ എന്ന ദ്വിവത്സര ട്രേഡിനോടൊപ്പം ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ എന്ന ദ്വിവത്സര ട്രേഡും Add on course ആയി GPS Survey, Total station survey, Autocad എന്നീ കോഴ്സുകളുംകൂടി ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) ഇല്ലായെങ്കിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാധകമല്ല.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി വെങ്ങര ഐ.ടി.ഐ.**

31 (6319) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാടായി വെങ്ങര ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന മാടായി ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനത്തിൽ എത്ര കുട്ടികളും ഉദ്യോഗസ്ഥരും നിലവിലുണ്ടെന്ന് അറിയിക്കുമോ?

മാടായി ഐ.ടി.ഐ.-യിൽ നിലവിൽ 2 കോഴ്സുകളാണുള്ളത്.

പെയിന്റർ ജനറൽ (ദ്വിവത്സരം), പ്ലംബർ (ഏകവത്സരം)

നിലവിലെ കുട്ടികളുടെ എണ്ണം - 27

നിലവിലെ ഉദ്യോഗസ്ഥരുടെ എണ്ണം - ആകെ 8 പേർ (സ്ഥിരം-3, താൽക്കാലികം - 5)

(സി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ ലഭ്യമാക്കാൻ പദ്ധതി**

32 (6320) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ നൽകുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾ സംപ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തിലൂടെ ആവിഷ്കരിച്ച പദ്ധതിയാണ് TRACE (TRAINING FOR CAREER EXCELLENCE). വിദ്യാസമ്പന്നരായ ധാരാളം യുവാക്കൾ കൃത്യമായ പ്രായോഗിക പരിശീലനം ലഭിക്കാത്തതിനാൽ സർക്കാർ, സ്വകാര്യ മേഖലകളിലെ മികവാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാതെ പോകുന്ന സാമൂഹ്യപശ്ചാത്തലം, മികച്ച വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും അതിനനുസരിച്ചുള്ള തൊഴിൽ ലഭ്യമാകാത്തതിനാൽ മറ്റ് മേഖലകളിൽ തൊഴിൽ അന്വേഷകരാകുന്ന സാഹചര്യം, സ്വകാര്യ മേഖലകളിൽ ധാരാളം

തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമ്പോഴും ടി മേഖലയിൽ എത്തിപ്പെടാൻ പറ്റാതെ പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ അവസ്ഥ എന്നിവയ്ക്ക് പരിഹാരമെന്ന നിലയിലുള്ള ഇടപെടലാണ് TRACE വഴി വകുപ്പ് നടത്തുന്നത്. വിവിധ പഠന മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തന്നെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, മെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ പരിശീലനത്തിനും പ്രവൃത്തിപരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ട് വർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ രണ്ട് വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ

സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മികച്ച തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൈപുണ്യ വികസന പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുന്നു.

“ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക" എന്നതിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിലില്ലായ്മ പരിഹരിച്ച് പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുക, അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടിക്കൊടുക്കുക എന്നീ ലക്ഷ്യങ്ങളോടെ വകുപ്പ് വിവിധ തൊഴിൽ

നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ടൂറിസം മേഖലയിലെ ഹോട്ടൽ മാനേജ്മെന്റ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ ഡയഗണോസിസ് ആൻഡ് റിപ്പയർ, ഗ്രാഫിക് ഡിസൈനിംഗ് തുടങ്ങി ഇരുപതോളം പരിശീലന പരിപാടികളിൽ പരിശീലനം നൽകുകയും 2827 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ**

33 (6321) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ നൈപുണ്യവികസനം നടപ്പിൽവരുത്താൻ കഴിയുന്ന മേഖലകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. നിലവിൽ ടൂറിസം സെക്ടർ, ഹോസ്പിറ്റാലിറ്റി സെക്ടർ, ഓട്ടോ മൊബൈൽസ് സെക്ടർ, ഏവിയേഷൻ സെക്ടർ, ഡിജിറ്റൽ മീഡിയ സെക്ടർ

തുടങ്ങിയ മേഖലകളിൽ നൈപുണ്യ പരിശീലനം നടത്തിവരുന്നു. കൂടുതൽ മേഖലകളിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത വിഭാഗക്കാർക്കായി 2016 മുതൽ നൈപുണ്യ വികസന രംഗത്ത് നടത്തിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിര ശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്. 2016-17 മുതൽ 2021-22 വരെ നടപ്പിലാക്കിയ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ ഡയഗണോസിസ് ആൻഡ് റിപ്പയർ, ഗ്രാഫിക് ഡിസൈനിംഗ്, പൈപ്പ് ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ടെക്നീഷ്യൻ, അഡ്വാൻസ്ഡ്

ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടിങ്കറിംഗ് ആൻഡ് പെയിന്റിംഗ്, ഡീലർഷിപ്പ് എക്സിക്യൂട്ടീവ്, ടു വീലർ സർവ്വീസിംഗ്, ഫോർ വീലർ സർവ്വീസിംഗ്, ഫുഡ് പ്രൊഡക്ഷൻ കോഴ്സ്, ഫുഡ് ആൻഡ് ബിവറേജ് കോഴ്സ്, പ്ലാസ്റ്റിക് പ്രോഡക്റ്റ് ഡിസൈൻ ആൻഡ് മാനുഫാക്ച്ചറിംഗ്, പ്ലാസ്റ്റിക് പ്രൊഡക്റ്റ് മാനുഫാക്ച്ചറിംഗ് ആൻഡ് ക്വാളിറ്റി കൺട്രോൾ, ഇലക്ട്രീഷ്യൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങിയ ഇരുപതോളം പരിശീലന പരിപാടികളിൽ പരിശീലനം നൽകുകയും 2827 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തു.

(സി) 2023-24 ബഡ്ജറ്റ് കാലയളവിൽ ഈ രംഗത്ത് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2023-24 ബഡ്ജറ്റ് കാലയളവിൽ ഏവിയേഷൻ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, ഡിജിറ്റൽ മീഡിയ തുടങ്ങിയ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകാനുദ്ദേശിക്കുന്നു.

**പട്ടിക വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

34 (6322) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട വ്യവസായ മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിൽനിന്നുള്ള സഹായം കൂടാതെ എന്തൊക്കെ സാമ്പത്തിക സഹായങ്ങളും പലിശ കുറഞ്ഞ വായ്പാ പദ്ധതികളുമാണ് ഇവർക്കുവേണ്ടി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ട്അപ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ട്അപ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission-നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ

ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്ന് ഈടാക്കുന്നത്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉൽപ്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും കോൺഫറൻസ്-മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ട്അപ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പരമാവധി 20% വായ്പ കേരള സ്റ്റേറ്റ് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന

വായ്പാബന്ധിതമായിട്ടാണ് അനുവദിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ്ഗ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ ദാതാക്കളും തൊഴിൽ സംരംഭകരുമാക്കുന്നതിനുമായി എംപവർമെന്റ് സൊസൈറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) പട്ടികജാതി വനിതകൾക്ക് മാത്രമായി എന്തെങ്കിലും പ്രത്യേക വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സ്റ്റാർട്ട്അപ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്ന യുവസംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ട്അപ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. പർച്ചേയ്സ്-വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട്, വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ട്അപ് ഡ്രീംസ് പദ്ധതിയുടെ വനിതാ സംരംഭകർക്കും ലഭ്യമാണ്.

## എസ്.ടി. പ്രൊമോട്ടർമാർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ

35 (6323) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രൊമോട്ടർമാർക്ക് പ്രതിമാസം നൽകിവരുന്ന പ്രതിഫലം എത്രയെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സേവനമനുഷ്ഠിക്കുന്ന പ്രൊമോട്ടർമാർക്ക് പ്രതിമാസം ഓണറേറിയം ഇനത്തിൽ 12,500 രൂപയും യാത്രാബത്ത ഇനത്തിൽ 1,000 രൂപയുമാണ് അനുവദിക്കുന്നത്.

(ബി) ഇത് അവസാനമായി പരിഷ്കരിച്ചത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം അവസാനമായി പരിഷ്കരിച്ചത് 25-11-2019-ലെ സ.ഉ(സാധാ)നം.1294/2019/പജപവവിവ നമ്പർ ഉത്തരവുപ്രകാരമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദുർഘട പ്രദേശങ്ങളിലും വനത്തിനുള്ളിലും സേവനമനുഷ്ഠിക്കുന്ന പ്രൊമോട്ടർമാർക്ക് നിലവിലുള്ള പ്രതിഫലത്തിന് പുറമെ നിശ്ചിത തുക റിസ്ക് അലവൻസ് നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് യാത്രാബത്ത ഇനത്തിൽ പ്രതിമാസം 1,000 രൂപ അനുവദിച്ചുനൽകുന്നുണ്ട്. റിസ്ക് അലവൻസ് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂച്ചവാലേൽപടി-ശ്രീധർമ്മശാസ്താ ക്ഷേത്രം റോഡിന്റെ പുനർനിർമ്മാണം**

36 (6324) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡിലെ അമരാവതി-പുലിക്കുന്ന് ഭാഗത്ത് പട്ടികജാതി സങ്കേതത്തിലേയ്ക്കുള്ള ഏക ഗതാഗത മാർഗ്ഗമായ പൂച്ചവാലേൽപടി-ശ്രീധർമ്മശാസ്താ ക്ഷേത്രം റോഡ് പ്രളയത്തിൽ തകർന്നതുമൂലം പ്രദേശവാസികൾക്കുണ്ടായിട്ടുള്ള യാത്രാദുരിതം പരിഹരിക്കുന്നതിനായി

സ്വീകരിച്ചുവരുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് കോൺക്രീറ്റ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിനായി ജില്ലാതല പട്ടികജാതി സമിതി യോഗത്തിന്റെ ശിപാർശയോടുകൂടി വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡിലെ അമരാവതി-പുലിക്കുന്ന് ഭാഗത്തെ പട്ടികജാതി പ്രദേശങ്ങളിലേയ്ക്കുള്ള ഏക ഗതാഗത മാർഗ്ഗമായ പൂച്ചവാലേൽപടി-ശ്രീധർമ്മശാസ്താ ക്ഷേത്രം റോഡ് പ്രളയത്തിൽ തകർന്നതുമൂലം പ്രദേശവാസികൾക്കുണ്ടായിട്ടുള്ള യാത്രാദുരിതം പരിഹരിക്കുന്നതിനായി 2022-23 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി 38,05,000/- (മുപ്പത്തിയെട്ട് ലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ

വർക്കിംഗ് ഗ്രൂപ്പ് മുഖേന കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനത്തിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതുമാണ്.

**പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട്**

37 (6325) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് അനുവദിച്ച കോർപ്പസ് ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച കോർപ്പസ് ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്നും അതിനായി

അനുവദിച്ച തുകയുടെ വിവരങ്ങളും പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

2021-22

പദ്ധതി- മുറിക്കല്ലുപുറം എസ്.സി. കോളനി റോഡ് പുനരുദ്ധാരണം

ഭരണാനുമതി തുക- 24,46,000/- രൂപ (ഇരുപത്തി നാല് ലക്ഷത്തി നാൽപ്പത്തി ആറായിരം രൂപ മാത്രം)

ചെലവഴിച്ച തുക – 20,77,972/- രൂപ (ഇരുപത് ലക്ഷത്തി എഴുപത്തി ഏഴായിരത്തി തൊള്ളായിരത്തി എഴുപത്തി രണ്ട് രൂപ മാത്രം)

പഞ്ചായത്ത്-മുണ്ടക്കയം

2022-23 - ഫണ്ട് അനുവദിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ചിറയിൻകീഴ് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

38 (6326) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചിറയിൻകീഴ്

മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി എത്ര പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിൽനിന്നും ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | വാലിക്കോണം വയ്യാലിൽ കോളനി ഫുട്പാത്ത്, പാർശ്വഭിത്തി നിർമ്മാണം |
| 2 | തെക്കെവീട് പറമ്പിൽ നടപ്പാലവും പാർശ്വഭിത്തി നിർമ്മാണവും |
| 3 | പുത്തൻവിള കോളനി നടപ്പാത പാർശ്വഭിത്തി നിർമ്മാണം |
| 4 | നെടിയവിള കോളനി നടപ്പാത പാർശ്വഭിത്തി നിർമ്മാണം |
| 5 | പാറയിൽ കോളനി റോഡ് കോൺക്രീറ്റിംഗ് |
| 6 | ഊരുപൊയ്ക ലക്ഷം വീട് റോഡ് കോൺക്രീറ്റിംഗ് |

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് ചിറയിൻകീഴ് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി പദ്ധതി ശിപാർശകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ | തുക |
|---|---|---|
| 1 | വാലിക്കോണം വയ്യാലിൽ കോളനി ഫുട്പാത്ത്, പാർശ്വഭിത്തി നിർമ്മാണം | 21,00,000/- |
| 2 | തെക്കെവീട് പറമ്പിൽ നടപ്പാലം പാർശ്വഭിത്തി നിർമ്മാണം | 24,00,000/- |
| 3 | പുത്തൻവിള കോളനി നടപ്പാത പാർശ്വഭിത്തി നിർമ്മാണം | 4,50,000/- |
| 4 | നെടിയവിള കോളനി നടപ്പാത പാർശ്വഭിത്തി നിർമ്മാണം | 42,03,000/- |

**അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

39 (6327) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2016 മുതൽ നാളിതുവരെ ഉദുമ നിയോജകമണ്ഡലത്തിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ രാമനടുക്കം ചൂളംകല്ല് കോളനി, ദേലമ്പാടി

ഗ്രാമപഞ്ചായത്തിലെ വെള്ളരിക്കയ കോളനി എന്നീ കോളനികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

<u>രാമനടുക്കം ചൂളംകല്ല് കോളനി</u>

- വീട് റിപ്പയർ 1 എണ്ണം പൂർത്തിയായി
- ഭവനനിർമ്മാണം 5 എണ്ണം പൂർത്തിയായി
- റോഡ് നിർമ്മാണം പൂർത്തിയായി
- കുടിവെള്ളം ശേഖരിക്കുന്നതിന് ടാങ്ക് സ്ഥാപിച്ചു

<u>വെള്ളരിക്കയ കോളനി</u>

- വീട് നിർമ്മാണം 9 എണ്ണം പൂർത്തിയായി
- വീട് റിപ്പയർ 3 എണ്ണം പൂർത്തിയായി
- ടോയ്‌ലറ്റ് നിർമ്മാണം 1 എണ്ണം പൂർത്തീകരിച്ചു. 7 എണ്ണം നിർമ്മാണം പുരോഗമിക്കുന്നു.
- വീട് നിർമ്മാണം സ്ഥലം നിരപ്പാക്കൽ പൂർത്തീകരിച്ചു.

**ഐ.ടി.ഡി.പി./ടി.ഡി.ഒ. ഓഫീസുകളിൽ നിശ്ചിത തുക ഇംപ്രസ്റ്റ് മണി ആയി സൂക്ഷിക്കുന്നതിന് സംവിധാനം**

40 (6328) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ അപകട മരണം, മറ്റ് അപകടങ്ങൾ എന്നിവയുണ്ടാകുമ്പോൾ അടിയന്തരമായി സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തികസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസനിധി. ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ,

റേഷൻ കാർഡ്/ആധാർ കാർഡ്, പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാരേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ. മെഡിക്കൽ ആഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പി.ഒ./ടി.ഡി.ഒ.-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു. വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അനുവദിക്കുന്ന തുക ട്രഷറിയിൽ ബിൽ സമർപ്പിച്ച് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് അനുവദിച്ചുനൽകുന്നത്.

(ബി) ഇത്തരത്തിൽ സാമ്പത്തിക സഹായം കൈമാറുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്കാരുടെ ചികിത്സാധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പരിശോധിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

(സി) ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ

ഐ.ടി.ഡി.പി./ടി.ഡി.ഒ. ഓഫീസുകളിൽ ഒരു നിശ്ചിത തുക ഇംപ്രസ്റ്റ് മണി ആയി സൂക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

പരിശോധിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ തൊഴിൽ ശേഷി വർദ്ധിപ്പിക്കാൻ നടപടി**

41 (6329) ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ ജനസമൂഹം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന സാമൂഹ്യപ്രശ്നമായ സ്ഥിരവരുമാനമുള്ള തൊഴിൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട്

എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission-നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് ഡ്രീംസിലുള്ളവർക്കും ലഭിക്കും. നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, 18 നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ സെൽ കോ-ഓർഡിനേറ്റർ, ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മാനേജ്മെന്റ് അദ്ധ്യാപനം ഉൾപ്പെടെയുള്ള വിവിധ

മേഖലകളിലെ ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമ ബിരുദധാരികളായ യുവതീയുവാക്കൾക്ക് ഗവ. പ്ലീഡർമാർ, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസിൽ മുതിർന്ന അഭിഭാഷകരുടെ ഓഫീസ് എന്നിവിടങ്ങളിൽ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ ഓണറേറിയത്തോടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി 500 പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ അടുത്ത ദിവസം നിയമനം നൽകുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച

മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻവേണ്ടി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി എന്ന പദ്ധതി ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള ഐ.ടി.ഐ.-കളെ സമഗ്ര തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽനിന്ന് വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി Tool kit നൽകുന്ന പദ്ധതിയും ഒരു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന ട്രെയിനിംഗ് കം എംപ്ലോയ്മെന്റ്/അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ കുട്ടമലയിലും ഇടുക്കി ജില്ലയിൽ നാടുകാണിയിലും ഓരോ ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. കുട്ടമല ഐ.ടി.ഐ.-യിൽ നിലവിൽ പ്ലംബിംഗ്, കാർപെന്ററി എന്നീ ട്രേഡുകളും നാടുകാണി ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, പ്ലംബിംഗ് ട്രേഡുകളിലും പരിശീലനം നൽകിവരുന്നു.

(സി) നൈപുണ്യ പരിശീലനകേന്ദ്രങ്ങളിൽ പഠിച്ച് കോഴ്സ് പാസ്സായവർക്കും പ്രൊഫഷണൽ കോഴ്സ് പാസ്സായവർക്കും പരിശീലനവും നൈപുണ്യ വികസനവും ഉറപ്പാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മികച്ച തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിനായി ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും

പദ്ധതി പ്രകാരം ഉറപ്പാക്കുന്നുണ്ട് .

നൈപുണ്യ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് പ്ലേസ്മെന്റ് മുഖേന തൊഴിൽ ലഭ്യമാക്കുന്നതിനും സ്വന്തം നിലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് സംരംഭകത്വ ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

(ഡി) വിദഗ്ദ്ധ പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ ഉന്നത പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

നൈപുണ്യ പരിശീലനങ്ങൾ നേടിയ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് വിദേശത്ത് തൊഴിൽ നേടുന്നപക്ഷം വകുപ്പ് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു.

**ചികിത്സാ ധനസഹായ വിതരണം**

42 (6330) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽനിന്നും നിലവിൽ ചികിത്സാ ധനസഹായം ലഭിക്കാത്തത് കാരണം നിരവധി കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ അർഹത പരിശോധന നടത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക അനുവദിക്കുന്നുണ്ട്.

(ബി) നിലവിൽ എത്രപേർക്കാണ് പ്രസ്തുത ധനസഹായം വിതരണം ചെയ്യാനുള്ളതെന്നും എത്ര തുകയാണ് കുടിശ്ശികയുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ശിപാർശ ചെയ്ത എത്ര അപേക്ഷകർക്ക് പ്രസ്തുത ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(ബി & സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പ്രസ്തുത ധനസഹായ വിതരണം വൈകുന്നതിന് കാരണം വ്യക്തമാക്കാമോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ സുരക്ഷാ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ലഭിച്ച

മുഴവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. റീ-അപ്രോപ്രിയേഷൻ മുഖേന അധിക തുക ലഭിക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അധിക തുക ലഭ്യമായാൽ കാലതാമസം കൂടാതെ ധനസഹായം വിതരണം ചെയ്യുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾ**

43 (6331) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിരിക്കുന്ന തസ്തികകളുടെ എണ്ണവും നിയമന രീതിയും വ്യക്തമാക്കാമോ?

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

44 (6332) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; നടപ്പിലാക്കാൻ ശേഷിക്കുന്നവയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ -സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചികിത്സാ ധനസഹായ പദ്ധതി പോർട്ടൽ**

45 (6333) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വകുപ്പുമന്ത്രിയുടെ കീഴിലുള്ള ചികിത്സാ ധനസഹായ പദ്ധതിയിൽ അപേക്ഷിച്ചാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷയുടെ സ്റ്റാറ്റസ് അറിയാൻ സി.എം.ഡി.ആർ.എഫ്. മാതൃകയിൽ എം.എൽ.എ.-മാർക്കുകൂടി പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ പോർട്ടൽ ഉണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകനെ അറിയിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്ന T-Grants പോർട്ടലിൽ ഡി.ആർ.എഫ്. നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ സ്ഥിതി പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതോടെ അപേക്ഷകർക്കും എം.എൽ.എ.-മാർക്കും അപേക്ഷകളിന്മേൽ എടുത്ത തീരുമാനവും അപേക്ഷകളുടെ സ്റ്റാറ്റസും അറിയാൻ കഴിയുന്നതാണ്. ഓൺലൈൻ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സർക്കാർതലത്തിൽ തുക അനുവദിക്കുമ്പോൾ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട അപേക്ഷകർക്കുകൂടി നൽകാറുണ്ട്.

**വട്ടവട മാതൃക ഗ്രാമം പദ്ധതി**

46 (6334) <u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവട മാതൃക ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 108 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് 3.24 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി തുക ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിച്ചുനൽകിയിരുന്നു. പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കായി കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരഞ്ഞെടുക്കുകയും മേൽ തുക കൈമാറിയിട്ടുള്ളതുമാണ്. വകുപ്പ് മുഖേന കൈമാറിയ തുകയിൽനിന്നും നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റിന് 1 കോടി രൂപ കൈമാറുകയും ആയതിൽ 70 ലക്ഷം രൂപ ലാന്റ് സ്ലേപ്പിംഗിനായി ചെലവഴിക്കുകയും ശേഷിച്ച 30 ലക്ഷം രൂപ പഞ്ചായത്തിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തതായി ഇതുമായി ബന്ധപ്പെട്ട

വകുപ്പുതല പരിശോധനാവേളയിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിക്കുകയുണ്ടായി. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിന്റെ അടിസ്ഥാനത്തിൽ 18-06-2020-ൽ വട്ടവട വില്ലേജാഫീസർ സ്റ്റോപ്പ്മെമ്മോ നൽകിയിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

വട്ടവട വില്ലേജ് ഓഫീസർ നൽകിയ സ്റ്റോപ്പ് മെമ്മോയ്ക്ക് പുറമേ പദ്ധതിക്കായി വിവിധ ഇനങ്ങളിലേയ്ക്കായി ആകെ ലഭിക്കേണ്ടിയിരുന്ന 11.21 കോടി രൂപയിൽ വകുപ്പ് മുഖേന അനുവദിച്ച 3.24 കോടി രൂപയും ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ 20 ലക്ഷം രൂപയും തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ജോലികളും മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിവിധതലങ്ങളിൽനിന്നും ലഭ്യമാകേണ്ടിയിരുന്ന ഫണ്ട് നാളിതുവരെ ലഭ്യമാകാതിരുന്നത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വകുപ്പുതലത്തിലുള്ള സമിതി പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ ടി സ്ഥലം ഭവന നിർമ്മാണം നടത്തുന്നതിന് അനുയോജ്യമല്ലായെന്ന്

ബോധ്യപ്പെട്ടിട്ടുണ്ട്. മലഞ്ചരിവ് പ്രദേശമായ ടി ഭൂമിയോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് കഴിഞ്ഞ കാലവർഷക്കാലത്ത് മണ്ണിടിച്ചിലുണ്ടായിട്ടുള്ളതുമാണ്. മേൽ പ്രശ്നങ്ങളും നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോയും ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ടി സ്ഥലത്ത് പ്രായോഗികമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

**ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**

47 (6335) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1955-ലെ പൗരാവകാശ സംരക്ഷണ നിയമപ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽ 2021-22, 2022-23 വർഷങ്ങളിൽ നടത്തിയിട്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും വിശദാംശവും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നുള്ള വിവരവും അറിയിക്കാമോ?

വെള്ളനാട് ബ്ലോക്കിലെ 8 പഞ്ചായത്തുകളും നെടുമങ്ങാട് ബ്ലോക്കിലെ അരുവിക്കര പഞ്ചായത്തും ഉൾപ്പെടുന്നതാണ് അരുവിക്കര നിയോജക മണ്ഡലം. കോവിഡ് കാലഘട്ടമായതിനാൽ 2021-22 വർഷത്തിൽ

അരുവിക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മേൽപ്പറഞ്ഞ ബ്ലോക്കുകളിൽ പൗരാവകാശ സംരക്ഷണ നിയമപ്രകാരമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും സാംസ്കാരിക പരിപാടികളും പട്ടികജാതി വികസന വകുപ്പ് സംഘടിപ്പിച്ചിട്ടില്ല.

2022-23 വർഷത്തിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി വെള്ളനാട്, നെടുമങ്ങാട് എന്നീ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ മുഖേന 1955-ലെ പൗരാവകാശ സംരക്ഷണ നിയമം സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വെള്ളനാട് നടന്ന പരിപാടികൾക്കായി 5000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**നൂൽപ്പുഴ ട്രൈബൽ സെറ്റിൽമെന്റിൽ നിന്നുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച്**

48 (6336) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂൽപ്പുഴ ട്രൈബൽ സെറ്റിൽമെന്റിൽനിന്നും എത്ര കുടുംബങ്ങളെ ഏതെല്ലാം മേഖലയിൽ പുനരധിവസിപ്പിച്ചെന്നും ഇതിനായി എത്ര ഭൂമി

വാങ്ങിയെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

നൂൽപ്പുഴ പഞ്ചായത്തിലെ അമ്മവയൽ, ഗോളൂർ, കൊട്ടങ്കര, കുറിച്യാട്, വെള്ളക്കോട്, ചെട്യാലത്തൂർ എന്നീ സെറ്റിൽമെന്റുകളിൽനിന്നായി 123 കുടുംബങ്ങളെ നൂൽപ്പുഴ, അമ്പലവയൽ, നെന്മേനി, പൂതാടി, മീനങ്ങാടി എന്നീ പഞ്ചായത്തുകളിലും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലുമായാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഇതിനായി ആകെ 55.6 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ഇതിലേയ്ക്കായി ഓരോ കുടുംബത്തിനും 10,00,000/- രൂപ വീതം വനം വകുപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തെന്നും എത്ര ഭൂമി ഇവരുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയെന്നും വ്യക്തമാക്കുമോ?

217 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 123 പേർ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 55.6 ഏക്കർ ഭൂമിയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(സി) എത്രപേർ വീട് നിർമ്മാണം പൂർത്തീകരിച്ചെന്നും ഇനി എത്രപേർ പൂർത്തീകരിക്കാനുണ്ടെന്നും ഭൂമി അനുയോജ്യമല്ലാത്ത കാരണത്താൽ വീട് നിർമ്മിക്കാൻ സാധിക്കാത്ത കുടുംബങ്ങളുണ്ടോ എന്നും വിശദമാക്കുമോ?

നിലവിൽ 67 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 64 പേരുടെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3 പേർ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 3 കുടുംബങ്ങളിൽ 2 കുടുംബങ്ങൾക്ക് ഭൂമി അനുയോജ്യമല്ലാത്തതിനാൽ വീട് നിർമ്മിക്കാൻ സാധിച്ചിട്ടില്ല.

(ഡി) പ്രസ്തുത സ്ഥലത്ത് കൃഷി, കന്നുകാലി വളർത്തൽ, വനവിഭവങ്ങളുടെ ശേഖരണം തുടങ്ങിയ സ്വാഭാവിക ഉപജീവനമാർഗ്ഗങ്ങൾ നിറവേറ്റുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

വനത്തിന് സമീപം ഭൂമി വാങ്ങിയവർ കന്നുകാലി വളർത്തൽ തുടങ്ങിയവയ്ക്ക് വനത്തിനെ ആശ്രയിക്കുകയും വനവിഭവങ്ങളുടെ ശേഖരണം നടത്തുകയും ചെയ്യുന്നു. സ്വന്തമായി മൃഗപരിപാലനം, കൃഷി തുടങ്ങിയവ നടത്തിയിരുന്നവർ നിലവിലും ഉപജീവനമാർഗ്ഗത്തിനായി ഇവയെ ആശ്രയിക്കുന്നു.

(ഇ) സ്വാഭാവിക ആവാസ വ്യവസ്ഥയിൽനിന്നും മാറിയതിനാൽ ഉപജീവനമാർഗ്ഗങ്ങൾ നഷ്ടമാകുന്നതിനെത്തുടർന്ന് മേൽപ്പറഞ്ഞ കുടുംബങ്ങൾ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായ റിപ്പോർട്ടുകളുടെ

നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; ആയതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരത്തിൽനിന്നും മാറ്റിപ്പാർപ്പിക്കുന്നതിനായി വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം 2012 മുതൽ വനം വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നതുൾപ്പെടെയുള്ള ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

പുനരധിവാസം നടന്ന സ്ഥലങ്ങളിലെ ആളുകൾക്ക് അവരുടെ ജന്മസ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുമ്പോൾ സാധാരണ രീതിയിൽ തുടക്കത്തിൽ ഉപജീവനത്തിനായുള്ള തൊഴിലിനും മറ്റും പ്രയാസം നേരിടുകയും മാനസിക സമ്മർദ്ദം നേരിടുകയും ചെയ്യാറുണ്ട്.

എന്നാൽ പുതിയ സ്ഥലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് അവർ പൊരുത്തപ്പെട്ട് പോകുന്നതായാണ് കാണുന്നത്.

**കുറിച്ചിയാട് ട്രൈബൽ ഹാംലെറ്റ്**

49 (6337) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചിയാട് ട്രൈബൽ ഹാംലെറ്റിലുൾപ്പെടുന്ന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ടി.ആർ.ഡി.എം. മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിലേയ്ക്കായി എത്ര ഭൂമി വാങ്ങിയിട്ടുണ്ടെന്നും ആകെ ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ?

കുറിച്യാട് ട്രൈബൽ ഹാംലെറ്റിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരങ്ങളിൽനിന്നും വനം വകുപ്പ് മാറ്റിപ്പാർപ്പിക്കുന്ന

പദ്ധതിയായ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കുറിച്യാട് കോളനിയിലെ 75 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ആയതിൽ 47 കുടുംബങ്ങൾക്ക് 19.9962 ഏക്കർ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 28 പേരിൽ 26 പേർക്കായി 12.23 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമിയുടെ രജിസ്ട്രേഷൻ നടത്തേണ്ടതായിട്ടുണ്ട്. ഇനി 2 പേർക്കുകൂടി ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. 75 ഗുണഭോക്താക്കൾക്കായി ഒരു ഗുണഭോക്താവിന് 10,00,000/- രൂപ നിരക്കിൽ 7,50,00,000/- രൂപയും രജിസ്ട്രേഷൻ ചാർജ്ജിനത്തിൽ 29,11,364/- രൂപയും ചേർത്ത് ആകെ 7,79,11,364/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഓരോ കുടുംബത്തിനും എത്ര തുക വീതമാണ് ഇതിനായി വകയിരുത്തിയതെന്നും എത്ര കുടുംബങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്തു നൽകിയെന്നും അറിയിക്കുമോ; ഇനി എത്ര കുടുംബങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകുവാനുണ്ടെന്നും ആയത് വൈകുന്നതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ?

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനം വകുപ്പ് കുറിച്യാട് കോളനിയിലെ 75 കുടുംബങ്ങൾക്കും 10 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു.

47 പേരുടെ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയുടെ ഉടമസ്ഥരായിട്ടുണ്ട്. 26 പേരുടെ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക വനം വകുപ്പിൽനിന്നും കണ്ടെത്താൻ കഴിയാത്തതിനാലാണ് രജിസ്ട്രേഷൻ പൂർത്തീകരിക്കുവാൻ വൈകിയത്. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകുകയും എന്നാൽ ആദിവാസി ജനവിഭാഗങ്ങളെ ഭൂരഹിതരാക്കി മാറ്റുകയും ചെയ്യുന്ന രീതിയിൽ രജിസ്ട്രേഷൻ നടപടിയിലെ വീഴ്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് നടപ്പിലാക്കിവരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കണ്ടെത്തിയ ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വനം വന്യജീവി വകുപ്പിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

**ആലുവ-പി.വി.ഐ.പി. പരവൂർ ബ്രാഞ്ച് കനാലിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം**

50 (6338) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-പി.വി.ഐ.പി. പരവൂർ ബ്രാഞ്ച് കനാലിന്റെ മഴയിൽ തകർന്ന സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന 12-01-2022-ലെ അപേക്ഷയിൽ പട്ടികജാതി വികസന ഡയറക്ടർ കാര്യാലയത്തിലെ ഇ-27428/2022/പി2 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ പട്ടികജാതി വികസന ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ എറണാകുളം പട്ടികജാതി വികസന ജില്ലാ ഓഫീസിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലാ ഓഫീസർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) ആലുവ-പി.വി.ഐ.പി. പരവൂർ ബ്രാഞ്ച് കനാലിന്റെ മഴയിൽ തകർന്ന സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12-01-2022-ലെ E-27428 നമ്പർ അപേക്ഷയും അനുബന്ധ രേഖകളും 17-03-2022-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുകയും ആയതിന്മേൽ ജില്ലാ ഓഫീസറുടെ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 26-4-2022-ലെ SCDD/2821/22/P2(PL) നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർ 24-06-2022-ലെ പി/6311/22 കത്ത് പ്രകാരം എസ്റ്റിമേറ്റും അനുബന്ധ രേഖകളും ശിപാർശ ചെയ്ത് ലഭ്യമാക്കുകയും ചെയ്തു. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയായതിനാൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ശിപാർശ ചെയ്യുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പുകൂടി ആവശ്യമായതിനാൽ ആയതുകൂടി ലഭ്യമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് വീണ്ടും കത്ത് നൽകുകയും 02-03-2023-ന് കൂടിയ പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് 14-03-2023-ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകളും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്തിടപാടുകളുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

എസ്റ്റിമേറ്റ് തുക 25 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പാണ് അംഗീകാരം നൽകുന്നത്. പ്രസ്തുത പ്രവൃത്തിക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ**

51 (6339) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കൊടക്കാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കൊടക്കാട് (വെള്ളച്ചാൽ) എം.ആർ.എസ്.-ൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും പട്ടികജാതി വികസന വകുപ്പ് ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ ഹയർ സെക്കണ്ടറി കോഴ്സിന്റെ രണ്ട് ബാച്ചുകൾ (സയൻസ്, കോമേഴ്സ്) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ വെർച്ച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

52 (6340) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ വെർച്ച്വൽ പ്രീ എക്സാമിനേഷൻ ട്രെയ്നിംഗ് സെന്റർ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ

മണ്ഡലങ്ങളിലും വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയ്നിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയ്നിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ഓരോ നിയോജകമണ്ഡലത്തിലും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 02-11-2022-ൽ എല്ലാ എം.എൽ.എ.-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ഗോത്ര കലാമേള**

53 (6341) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വകുപ്പ് മുഖേന ഗോത്ര കലാമേള നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗക്കാർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും

പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനുമായി മൂന്നുദിവസം ദൈർഘ്യത്തിൽ ജില്ലാതലങ്ങളിൽ നാടൻ കലാമേളയും പ്രദർശന വിപണന മേളയും സംഘടിപ്പിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലെ നിയന്ത്രണങ്ങൾക്കിടയിലും ആറ് ജില്ലകളിൽ മേള സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽവച്ച് ഗോത്ര കലാമേള നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി മണ്ഡലത്തിൽ കലാമേള നടത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ് പദ്ധതി**

54 (6342) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ എത്രപേർക്ക് പ്രസ്തുത സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെന്നും അതിനായി ചെലവായ തുക എത്രയെന്നും പഞ്ചായത്തടിസ്ഥാനത്തിൽ

ലഭ്യമാക്കാമോ?

ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതിപ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽ 2021-22, 2022-23 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച സ്കോളർഷിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | 2021-22 | | 2022-23 | |
|---|---|---|---|---|---|
| | | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | വെള്ളനാട് | 15 | 67500 | 9 | 40500 |
| 2 | പൂവച്ചൽ | 11 | 49500 | 14 | 63000 |
| 3 | കുറ്റിച്ചൽ | 20 | 91600 | 14 | 64600 |
| 4 | ആര്യനാട് | 40 | 1,82,400 | 32 | 1,46,000 |
| 5 | ഉഴമലയ്ക്കൽ | 8 | 36000 | 13 | 58500 |
| 6 | തൊളിക്കോട് | 6 | 29000 | 5 | 24100 |
| 7 | വിതുര | 20 | 92,000 | 18 | 83400 |
| 8 | അരുവിക്കര | 1 | 4500 | 1 | 4500 |
| ആകെ | | 121 | 5,52,500 | 106 | 4,84,600 |

**കുറ്റകൃത്യങ്ങളിൽ ഇരകളാക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം**

55 (6343) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഇരകളാക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ദിവസത്തിനകം നഷ്ടപരിഹാരം നൽകണമെന്ന് ദേശീയ പട്ടികജാതി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിവാരണ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകൾക്ക് ധനസഹായം നൽകുന്നതിനായുള്ള കേന്ദ്ര വിഹിതം നാളിതുവരെ ലഭ്യമായിട്ടില്ല. മേൽ കാരണത്താൽ ടി പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ആകെ 1,81,39,200/- രൂപ (ഒരു കോടി എൺപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി ഇരുന്നൂറ് രൂപ) മാത്രമാണ് വകുപ്പ് മുഖേന ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. 50% കേന്ദ്ര സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന വിഹിത ഇനത്തിൽ ലഭ്യമായിട്ടുള്ള മേൽ തുക കൊലപാതകം, കൂട്ട മാനഭംഗം തുടങ്ങിയ ഹീന കുറ്റകൃത്യങ്ങൾക്ക് വിധേയരായവരുടെ പുനരധിവാസത്തിന് മുൻഗണന നൽകിയാണ് വിനിയോഗിച്ചിട്ടുള്ളത്. കേന്ദ്ര വിഹിതം ലഭ്യമാകുമ്പോൾ അടിയന്തരമായി കുടിശ്ശിക തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ അന്വേഷണ ഉദ്യോഗസ്ഥൻ യാതൊരു അലംഭാവവും കൂടാതെ F.I.R.-ന്റെയും അന്തിമ റിപ്പോർട്ടിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും പകർപ്പ് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്ന് വിശദീകരിച്ച് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ നിലവിൽ എത്ര കേസുകളിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്; ഏത് തീയതി മുതലുള്ള കേസുകളിലാണ് നഷ്ടപരിഹാരം നൽകുന്നതിന് കുടിശ്ശികയുള്ളത്; ഈ ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ ?

നിലവിൽ കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ മുൻ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവും രജിസ്റ്റർ ചെയ്തിട്ടുള്ള നിരവധി കേസുകൾക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

56 (6344) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>

ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത സ്കൂൾ പ്രവേശനത്തിനുള്ള വരുമാന പരിധിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ മികച്ച രീതിയിൽ ശ്രദ്ധചെലുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ യൂണിറ്റുകളുടെ നിരന്തരസേവനം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി അവരുടെ ആരോഗ്യ സംബന്ധമായ മുഴുവൻ വിവരങ്ങളും സമഗ്രമായി രേഖപ്പെടുത്തുകയും തുടർചികിത്സകൾക്ക്

പ്രയോജനപ്രദമാകുന്ന തരത്തിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്കും പ്രസ്തുത ഹെൽത്ത് കാർഡ് വഴി ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നഴ്സുമാരെയും ആയമാരെയും നിയമിച്ചിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനുള്ള വരുമാനപരിധി ഈ സർക്കാർ ഒരു ലക്ഷം രൂപയിൽനിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ വിദ്യാർത്ഥികളുടെയും പ്രവേശനത്തിനുശേഷവും സീറ്റുകൾ ഒഴിവുകളുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനപരിധി നിലവിലുള്ള 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായിക പഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായിക പഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഒരു സ്പോർട്സ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. 30 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 6-ാം ക്ലാസിലേയ്ക്കാണ് ടി സ്ഥാപനത്തിൽ പ്രവേശനം നൽകുന്നത്. വിവിധ കേന്ദ്രങ്ങളിൽ സെലക്ഷൻ ട്രയൽസ് നടത്തിയാണ് കുട്ടികൾക്ക് പ്രവേശനം നൽകുന്നത്.

**വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിശദാംശം**

57 (6345) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം

തസ്തികകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; അവയുടെ എണ്ണമെത്രയെന്നും ഒഴിവുള്ള തസ്തികകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുൻ ഉപാധികൾ/രേഖകൾ, സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പട്ടികജാതി മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

58 (6346) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

2022-23 അദ്ധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിന് ബജറ്റിൽ അനുവദിച്ചതും**

**ചെലവഴിച്ചതുമായ തുക**

59 (6347) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-22 സാമ്പത്തിക വർഷം പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിന് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിന് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയിൽനിന്നും ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ച തുക മുഴുവനും നൽകാതിരിക്കുകയോ ലാപ്സാകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ**

60 (6348) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ മുഖേന ട്രൈബൽ സെറ്റിൽമെന്റുകളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

20-06-2002-ലെ സ.ഉ.(പി)നം.41/2002/പജപവവിവ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതലത്തിൽ അർഹരുടെ പട്ടിക തയ്യാറാക്കുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും വനാവകാശ നിയമപ്രകാരവും ഭൂമി ലഭ്യമാക്കുന്നു. വനാവകാശ നിയമപ്രകാരം വന്യമൃഗ ശല്യവും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ലഭിച്ച വ്യക്തിഗത വനാവകാശരേഖകൾ പൂർണ്ണമായും വനം വന്യജീവി വകുപ്പിന് തിരികെ നൽകി അതിനുപകരമായി വനഭൂമിയിൽത്തന്നെ

കൈവശാവകാശരേഖ നൽകി പുനരധിവസിപ്പിക്കുന്നു. നിരന്തരമായുള്ള വെള്ളപ്പൊക്ക ഭീഷണി, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ, റവന്യൂ വകുപ്പ് എന്നിവ മുഖേന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി പുനരധിവസിപ്പിക്കുന്നു.

(ബി) പുനരധിവസിപ്പിക്കുന്ന സ്ഥലങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ട്രൈബൽ വിഭാഗത്തിൽപ്പെട്ട ആളുകളെ അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽനിന്നും മാറ്റി പാർപ്പിക്കുന്നതിന് പ്രസ്തുത സ്കീമിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പട്ടികവർഗ്ഗ

കുടുംബങ്ങളെ അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതരത്തിലാണ് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നത്. ഇതിനായി അവർ താമസിക്കുന്ന പ്രദേശങ്ങളിലോ അതിനടുത്തായോ ആണ് ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നത്. വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർ കൈവശം വച്ചിരിക്കുന്ന വനഭൂമിക്കുതന്നെയാണ് കൈവശാവകാശ രേഖ നൽകുന്നത്.

**ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങളെ സഹായിക്കാനുള്ള പദ്ധതികൾ**

61 (6349) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെട്ട അവസ്ഥയിൽ ഇത്തരം കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഓരോ വകുപ്പിലും ഉള്ളതെന്ന് വിശദമാക്കാമോ?

ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ ടിയാളുടെ കുടുംബത്തിന് അർഹത പരിശോധിച്ച്

വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2,00,000/- രൂപ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം പദ്ധതികളിലുൾപ്പെടുത്തി സഹായധനം ലഭ്യമാക്കിയവരുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2296 പേർക്ക് 43,71,00,000/- രൂപ (നാല്പത്തി മൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) നാളിതുവരെ അനുവദിച്ചിട്ടുണ്ട്. 103 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) ധനസഹായം സംബന്ധിച്ച അപേക്ഷകളിൽ ഇനിയും തീർപ്പ് കല്പിക്കാത്തവയുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

ഏക വരുമാനദായകന്റെ മരണംമൂലം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിലെ 1850 അപേക്ഷകർക്ക് ധനസഹായം അനുവദിക്കുവാനുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ 54 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കാസർഗോഡ് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ

62 (6350) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെകീഴിൽ കാസർഗോഡ് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന വികസന പ്രവൃത്തികൾ കോളനി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതും ടെണ്ടർ ചെയ്തതും ഏത് വർഷമാണെന്ന വിവരം കോളനി തിരിച്ച് ലഭ്യമാക്കാമോ;

(സി) എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് കോളനി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കിയതും പകുതിയിൽ ഉപേക്ഷിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് കോളനി തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് കോളനി തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) മേൽപ്പറഞ്ഞ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര്

വിവരം വ്യക്തമാക്കാമോ?

(എ - എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ബജറ്റിൽ അനുമതി നൽകിയ മലപ്പുറം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

63 (6351) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് 2021-22, 2022-23 വർഷങ്ങളിലെ ബജറ്റിൽ അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം നൽകുമോ; എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) നടപ്പ് വർഷത്തെ ബജറ്റിൽ അനുവദിച്ച പ്രവൃത്തികളുടെ പേര് വിവരം വിശദമാക്കുമോ; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ - സി) പട്ടികജാതി വികസന വകുപ്പിന് 2021-22, 2022-23

സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട്, അംബേദ്കർ ഗ്രാമം പദ്ധതികളിലുൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ പുരോഗതി എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുടെ കടം എഴുതിതള്ളുന്നതിനുള്ള നടപടികൾ**

64 (6352) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 2011-16 കാലഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുകയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും ഇതിന്റെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ലെങ്കിൽ ഈ ഇനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ അവശേഷിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ-സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് 39.52 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 9.40 കോടി രൂപ 3307 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്. കോർപ്പറേഷന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. ശേഷിച്ച തുക പബ്ലിക് അക്കൗണ്ട് റിസപ്ഷന്റെ ഭാഗമായി കോർപ്പറേഷന്റെ അക്കൗണ്ടിൽനിന്നും സർക്കാർ അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ് ചെയ്തത്.

(ഡി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; ഇല്ലെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ഈ ഇനത്തിൽ അവശേഷിക്കുന്ന തുക തിരികെ വകുപ്പിന് ലഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതിയിലേയ്ക്കായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിലവിൽ തുക അവശേഷിക്കുന്നില്ല.

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംരംഭകത്വ സഹായം**

65 (6353) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി ?

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പത്ത് ലക്ഷം രൂപ വീതം സംരംഭകത്വ സഹായം നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പദ്ധതി മുഖേന എത്രപേർക്കാണ് സംരംഭകത്വ സഹായം വിതരണം ചെയ്തിട്ടുള്ളത്; പ്രസ്തുത ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്യുന്നതിനായി സർക്കാർ ഖജനാവിൽനിന്നും ഇതിനോടകം ചെലവായിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനും വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് 23-11-2022-ലെ സർക്കാർ ഉത്തരവ് നം.1196/2022/പജപവ

പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പരമാവധി 20% വായ്പ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വായ്പാബന്ധിതമായിട്ടാണ് അനുവദിക്കുന്നത്. ലഭ്യമാകുന്ന പദ്ധതി രൂപരേഖകൾ പരിശോധിച്ച് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക മാറ്റി വച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

സംരംഭകത്വത്തിനും തൊഴിൽ പരിശീലനങ്ങൾക്കും സ്വയം തൊഴിലിനുമായി 10 കോടി രൂപ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

**ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ**

66 (6354) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ

ആരംഭിച്ചത് എന്നാണെന്നും നാളിതുവരെ എത്ര ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്നുള്ള എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ?

09-11-2001-ലെ സ.ഉ.(അച്ചടി)നം.63/2001/പജ.പവ.വിവ പ്രകാരമാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചിട്ടുള്ളത്.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 27 ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്നും വിവിധ കാരണങ്ങളാൽ പട്ടികവർഗ്ഗ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 21,26,86,315/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വനം-വന്യജീവി വകുപ്പുമുഖേന നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 8 സെറ്റിൽമെന്റുകളിൽനിന്നായി 155 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 15,79,11,364/- രൂപ വനം-വന്യജീവി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ വാരിയം കോളനിയിലെ 67 കുടുംബങ്ങളെ എറണാകുളം ജില്ലയിലെതന്നെ പന്തപ്രയിലെ ഉരുളൻതണ്ണി തേക്ക് പ്ലാന്റേഷനിൽ ഇത്തരത്തിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിനായി 4,30,90,886/- രൂപ ചെലവഴിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ചളിക്കൽ കോളനിയിലെ 31

കുടുംബങ്ങളെ സ്ഥലം വാങ്ങിയും കണ്ണൺകുണ്ട് കോളനിയിലെ 34 കുടുംബങ്ങൾക്ക് നിക്ഷിപ്ത വനഭൂമി നൽകിയും പുനരധിവസിപ്പിക്കുന്നതിന് 2,41,64,591/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കാക്കണഞ്ചേരി, ചുള്ളിയകം, ഓടങ്കോട് എന്നിവിടങ്ങളിലായുള്ള 51 കുടുംബങ്ങളെ സ്ഥലം വാങ്ങി പുനരധിവസിപ്പിക്കുന്നതിന് 2,38,17,946/- രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 21 കോളനികളിൽനിന്നും 171 കുടുംബങ്ങളെ സ്ഥലം വാങ്ങി പുനരധിവസിപ്പിക്കുന്നതിനായി 12,16,12,892/- രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം വന്യജീവി സാങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരത്തിൽനിന്നും 2012 മുതൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നൂൽപുഴ, തിരുനെല്ലി പഞ്ചായത്തുകളിലായുള്ള 8 സെറ്റിൽമെന്റുകളിൽനിന്നായി ഇതുവരെ 155 കുടുംബങ്ങൾക്കായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 129 കുടുംബങ്ങളുടെ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി വനം വകുപ്പിൽനിന്നും ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നിരക്കിൽ

അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ 15,50,00,000/- രൂപയും രജിസ്ട്രേഷൻ ഇനത്തിൽ 29,11,364/- രൂപയും ചേർത്ത് ആകെ 15,79,11,364/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പുനരധിവസിപ്പിച്ച മേഖലയിൽ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും ഈ മേഖലയിൽ താമസിക്കാൻ സാധിക്കാത്തതിനാൽ തിരികെ പോയ കുടുംബങ്ങൾ എത്രയാണെന്നും അറിയിക്കാമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്നും മാറ്റിപ്പാർപ്പിച്ച 354 കുടുംബങ്ങളിൽ 216 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. 138 കുടുംബങ്ങൾ താമസത്തിന് എത്താനുണ്ട്. വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം മാറ്റി പാർപ്പിക്കപ്പെട്ടതിൽ 2 കുടുംബങ്ങൾ താമസിക്കാൻ സാധിക്കാത്തതിനാൽ തിരികെ പോയിട്ടുണ്ട്.

(സി) പുനരധിവാസം സംബന്ധിച്ച് സമ്മതപത്രം നിർബന്ധിച്ച് ഒപ്പിട്ടുവാങ്ങി എന്ന് കാണിച്ച് എത്ര കുടുംബങ്ങൾ പരാതി നൽകിയിട്ടുണ്ട്; പ്രസ്തുത പരാതികളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഇപ്രകാരമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി

67 (6355) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അത്യാവശ്യമായി ചെയ്യേണ്ട പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ U.P. & H.S. ഹോസ്റ്റൽ നവീകരണം, പെയിന്റിംഗ്, H.S.S. ഹോസ്റ്റൽ റിപ്പയർ, പെയിന്റിംഗ്, ഇന്റർലോക്ക് ചെയ്യൽ, മെസ് ഹാൾ, കിച്ചൻ നവീകരണം, H.S.S. സ്കൂൾ കെട്ടിടങ്ങൾക്കിടയിലുള്ള സ്ഥലത്ത് മേൽക്കൂര, സ്റ്റേജ് എന്നിവ സ്ഥാപിച്ച് ഓഡിറ്റോറിയം തയ്യാറാക്കൽ തുടങ്ങിയ പ്രവൃത്തികൾ ആവശ്യമുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ പ്രൊപ്പോസലുകൾ 2023-24

സാമ്പത്തിക വർഷം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി**

68 (6356) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്നും ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വാങ്ങുമ്പോൾ ഭൂമി ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്താണോ വാങ്ങുന്നത്; എങ്കിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ സെറ്റിൽമെന്റുകളിൽനിന്നുള്ള എത്ര ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ പേരിലാണ് ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങുന്നത്. അതിനുശേഷമാണ് ടി ഭൂമിക്കുമേൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നത്. എന്നാൽ വയനാട് ജില്ലയിൽ

നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം 2012 മുതൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിവരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഭൂമി ഗുണഭോക്താവുതന്നെ കണ്ടെത്തിയാണ് ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നത്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വയനാട് ജില്ലയിൽ കുറിച്യാട് സെറ്റിൽമെന്റിൽനിന്നും 48 പേരും ചെട്യാലത്തൂർ സെറ്റിൽമെന്റിൽനിന്നും 10 പേരും കൊട്ടങ്കര സെറ്റിൽമെന്റിൽനിന്നും ഒരാളും ഈശ്വരൻകൊല്ലി സെറ്റിൽമെന്റിൽനിന്ന് 3 പേരും ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി ഭൂവുടമകൾക്ക് പണം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര തുക നൽകിയിട്ടുണ്ടെന്നും ഏത് ഇനത്തിലാണ് തുക നൽകിയതെന്നും മുൻകൂർ തുക നൽകിയതിനുശേഷം ഭൂമി രജിസ്ട്രേഷൻ നടപ്പാക്കാൻ സാധിക്കാത്ത സ്ഥലം എത്രയെന്നും എത്ര ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് കിട്ടാനുണ്ടെന്നും അറിയിക്കാമോ?

ഉണ്ട്. വയനാട് ജില്ലയിൽ വനം-വന്യജീവി വകുപ്പ് മുഖേന നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കുറിച്യാട് കോളനിയിൽ നിന്നും പുനരധിവാസത്തിനായി തെരഞ്ഞെടുക്കപ്പെട്ട 75 കുടുംബങ്ങളിൽ 26 പേരുടെ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുമുമ്പ് ഭൂഉടമകൾക്ക്

തുക നൽകിയിട്ടുണ്ട്. 26 പേർക്കായി ആകെ 12.23 ഏക്കർ ഭൂമിക്കായി 1,92,02,906/- രൂപ ഭൂഉടമകൾക്ക് നൽകിയിട്ടുണ്ട്. 26 ഗുണഭോക്താക്കൾക്കായി 12.23 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷനാണ് ഇനി നടത്താനുള്ളത്.

(സി) ഈ ഇനത്തിൽ നഷ്ടം സംഭവിച്ച തുക എങ്ങനെ തിരിച്ചുപിടിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും ഭൂഉടമയും തമ്മിൽ വസ്തു കൈമാറ്റം സംബന്ധിച്ച് കരാർ വച്ചശേഷമാണ് ഭൂഉടമയ്ക്ക് വസ്തുവിന്റെ വില, ഗുണഭോക്താവ്, പഞ്ചായത്ത് പ്രസിഡന്റ്, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽനിന്നും കൈമാറുന്നത്. ഇനി 26 പേരുടെ 12.23 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻകൂടി പൂർത്തീകരിക്കാനുണ്ട്. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതോടുകൂടി 26 പേരും ഭൂമിയുടെ ഉടമസ്ഥരാകും. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം ഭൂമി കണ്ടെത്തിയ 26 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി 06-01-2023-ന് വയനാട് കളക്ടറേറ്റിൽവച്ച്

യോഗം ചേർന്നിരുന്നു. തുടർന്ന് 02-02-2023-ന് സുൽത്താൻ ബത്തേരി വൈൽഡ് ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗുണഭോക്താവ്, നൂൽപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് മേല്പറഞ്ഞ 26 കുടുംബങ്ങളുടെയും ഭൂമിയുടെ രജിസ്ട്രേഷൻ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് അക്കൗണ്ടിൽ തുക തികയാതെ വരുന്ന ഗുണഭോക്താക്കളുടെ ഭൂമിയുടെ രജിസ്ട്രേഷനായി SWF (Sanctuary Welfare Fund)-ൽനിന്ന് തുക കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിവരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തുനൽകുന്നതിൽ സംഭവിച്ച കാലതാമസം ഉൾപ്പെടെയുള്ള അപാകതകൾ സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വിഷയം വനം-വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**ട്രേസ് പദ്ധതിയുടെ പുരോഗതി**

69 (6357) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന ട്രേസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠനമേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റുവകുപ്പുകളുടെയും പദ്ധതിപ്രവർത്തനങ്ങളിൽ പങ്കാളികളാവുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം

പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുന്നതുവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 M.S.W. ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽവന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ 18 നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 'ജ്വാല'

എന്ന പേരിൽ നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ആരംഭിച്ച പുതിയ പദ്ധതിപ്രകാരം നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഓണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

(ബി) നൈപുണ്യ പരിശീലനം കൂടുതൽ മേഖലകളിൽ

വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുതകുന്നതരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ &ഗ്യാസ്, മറൈൻ വ്യവസായം, ടൂറിസം & ഹോട്ടൽ മാനേജ്മെന്റ് സെക്ടർ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

**അവശ്യരേഖകൾ ഉറപ്പാക്കുന്നതിന് നടപടി**

70 (6359) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും അവശ്യരേഖകൾ ഉറപ്പാക്കുന്നതിനായി സർക്കാർ

നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴവൻ കുടുംബങ്ങൾക്കും അവശ്യരേഖകൾ നഷ്ടപ്പെട്ട് പോകാതിരിക്കുന്നതിനായി രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുവാൻ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എ.ബി.സി.ഡി.) പദ്ധതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കാർഡ്, മരണ സർട്ടിഫിക്കറ്റ്, ആരോഗ്യ ജനന ഇൻഷ്വറൻസ് കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങി വിവിധ ആധികാരിക രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ ഭരണകൂടം, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഐ.ടി. മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. പട്ടികജാതി വിഭാഗക്കാർക്കായി പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന എ.ബി.സി.ഡി. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

A.B.C.D. പദ്ധതി വയനാട്, പാലക്കാട് ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആധികാരികരേഖകൾ ഇല്ലാത്തവരേയും രേഖകൾ നഷ്ടപ്പെട്ടവരേയും കണ്ടെത്തുന്നതിനുള്ള സർവേ പ്രൊമോട്ടർമാർ മുഖേന നടത്തിവരുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ, റവന്യൂ ഭൂമി വിതരണം എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കിവരുന്നു. ടി പദ്ധതികൾ മുഖേന നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1369

പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 1684 പേർക്ക് 1789.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

**ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് പഠനം**

71 (6360) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്നും ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുമ്പ് സ്വാഭാവിക ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റം പ്രസ്തുത കുടുംബങ്ങളുടെ ജീവിതചര്യയെ എപ്രകാരം ബാധിക്കും എന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്താറുണ്ടോ; വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ വനം-വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇപ്രകാരം എത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ സെറ്റിൽമെന്റുകളിൽ നിന്നുള്ള പുനരധിവാസം സംബന്ധിച്ചാണ് പഠനം നടത്തിയതെന്നും പ്രസ്തുത പഠനങ്ങളിലെ കണ്ടെത്തലുകൾ എന്തായിരുന്നുവെന്നും അറിയിക്കാമോ?

വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നതുൾപ്പെടെയുള്ള ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കണ്ടെത്തലുകൾക്ക് അനുസൃതമായി പുനരധിവാസ പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

2012 മുതൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കുന്ന ടി പദ്ധതിയിൽ നിലവിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

72 (6361) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം നാദാപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ വല്ല്യാംപാറ കോളനിയെ 2021-22-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവൃത്തികൾക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കോളനികളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അവയ്ക്കായി അനുവദിച്ച തുക എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിലവിലെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ മാറ്റി പകരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിനെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

73 (6362) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കല്ലുവാതുക്കൽ മുള്ളിപ്പച്ച പട്ടികജാതി സങ്കേതത്തിലെ വികസന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കല്ലുവാതുക്കൽ മുള്ളിപ്പച്ച കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം ചുവടെ പറയുന്ന പ്രവൃത്തികൾ (എസ്റ്റിമേറ്റ് പ്രകാരം) പൂർത്തിയാക്കിയിട്ടുണ്ട്.

1. Retaining wall for a length of 630 m on the side of proposed Amburi Murthi Temple.

2. Providing & fixing 1.5 HP pump

3. Road concreting 150 m

4. Electric post 8 numbers

5. Maintenance of 12 houses

6. Providing water supply connection to 49 houses.

അമ്പൂരി മുള്ളിപ്പച്ച കോളനിയിലെ അമ്പൂരി, ഗാന്ധിപുരം എന്നീ സ്ഥലങ്ങളിലെ 36 വീടുകൾക്കും മുള്ളിപ്പച്ചയിലെ 15 വീടുകൾക്കും വ്യക്തിഗത പൈപ്പ് കണക്ഷനും ഒരു പൊതുടാപ്പുൾപ്പെടെ 52 കണക്ഷനാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി കോളനിയിൽ സുലഭമായി വെള്ളം ലഭ്യമാകുന്നതിനായി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ഒരു ബോർവെൽ സ്ഥാപിക്കുകയും ഇത് അപര്യാപ്തമായതിനാൽ അഡീഷണലായി ഒരു ബോർവെല്ലും ചെയ്തുനൽകിയിട്ടുണ്ട്. കോളനിയിൽ നിലവിലുണ്ടായിരുന്ന ഒരു ബോർവെൽകൂടി റിപ്പയർ ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നടപടികളുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ അംബേദ്കർ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം**

74 (6363) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടയുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി വകുപ്പിൽ നിലവിലില്ലാത്തതിനാൽ ഇതുമൂലം ബുദ്ധിമുട്ട് നേരിടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടയുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തി കുടുംബത്തിലെ ഏക വരുമാനദായകനാണെങ്കിൽ ടി കുടുംബങ്ങൾക്ക് ഏകവരുമാനദായകൻ മരണപ്പെടുമ്പോൾ നൽകുന്ന ധനസഹായ പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്.

**കാറ്റാടി പദ്ധതി**

75 (6364) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കാൻ പോകുന്ന KATADII

(കാറ്റാടി) പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് വീൽചെയറുകൾ, ശ്രവണസഹായികൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് കാറ്റാടി (KATADI initiative - Kerala Accelerated Tribal Ability Development And Inclusion Initiatives). പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന Composite Regional Centre for Skill Development, Rehabilitation & Empowerment of Persons with Disabilities (CRC-Kozhikode) എന്ന സ്ഥാപനവും സംയോജിതമായാണ് നടപ്പിലാക്കുന്നത്. കാറ്റാടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, മറ്റ് വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് 17-02-2023-ലെ സ.ഉ.(സാധാ)നം.242/ 2023/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ വകുപ്പിനുകീഴിലുള്ള പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾവഴി ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്ക് നൽകാനുപയോഗിക്കുന്ന സഹായ ഉപകരണങ്ങൾക്ക് അപേക്ഷ

സമർപ്പിക്കുന്ന വിധം അറിയിക്കാമോ;

(സി) ഉപകരണം വിതരണം ചെയ്യുന്നത് ജില്ലാ ഓഫീസ് അടിസ്ഥാനത്തിലാണോ; അറിയിക്കാമോ?

(ബി&സി) പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ വകുപ്പുതലത്തിൽ അടിയന്തര പ്രാധാന്യം നൽകി സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച മറ്റ് വിശദാംശങ്ങൾ യഥാസമയം പ്രോജക്റ്റ് ഓഫീസ്/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ, പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ്, മറ്റ് സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി അറിയിപ്പ് നൽകുന്നതാണ്.

**കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

76 (6365) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കോളനികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി കോളനി തിരിച്ച് വിശദമാക്കുമോ?

(എ&ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 2017-18-ലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അമ്മാറമ്പ് കോളനിയിലെ പദ്ധതി നിർവ്വഹണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ്. നിലവിൽ ടി പദ്ധതി പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. 2020-21-ലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കടവിൽ-മുണ്ടയോട് കോളനിയുടെ പദ്ധതി നിർവ്വഹണ ചുമതല കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ്. ടി പദ്ധതിയുടെ ഡി.പി.ആർ. ഒരു കോടി രൂപയിൽ നിജപ്പെടുത്തി ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട് ആദിവാസി മേഖല പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട് മല പട്ടികവർഗ്ഗ സങ്കേതമേഖല നിലവിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(ഡി) ആദിവാസി മേഖലകളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ജില്ലകളിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കുന്നതിന് പരിഗണിക്കുന്നത്.

**പിറവം മണ്ഡലത്തിലെ സേഫ് പദ്ധതി**

77 (6366) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതിയുടെ ഭാഗമായി പിറവം നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്; ഈ സാമ്പത്തിക വർഷം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കും; വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

(എ & ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

പിറവം നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ആകെ 593 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും ഒരു അപേക്ഷ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

**എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം**

78 (6367) <u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ പിന്നാക്ക സമുദായത്തിൽപ്പെട്ട

യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിലും നൈപുണ്യ വികസനത്തിനും എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് സർക്കാർ ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഹോട്ടൽ മാനേജ്മെന്റ്, ലോജിസ്റ്റിക്സ്, ഓട്ടോമൊബൈൽ മേഖലകളിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഓട്ടോമൊബൈൽ, ട്രാവൽ ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപ്പന്റും തൊഴിലന്വേഷകർക്ക് നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏജൻസി നൽകുന്നു. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം 10 മാസത്തേയ്ക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന കേരള നോളജ് ഇക്കോണമി മിഷനുമായി ഈ പദ്ധതിയെ സംയോജിപ്പിക്കുന്നത് പരിഗണിക്കും.

(ഡി) പ്രസ്തുത സമുദായങ്ങളിലെ പ്രധാന പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനും അവരുടെ നൈപുണ്യ വികസനത്തിനുംവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പിന്നാക്ക സമുദായങ്ങളിലെ പ്രധാന പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനും അവരുടെ നൈപുണ്യ വികസനത്തിനുംവേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി

ചേർത്തിരിക്കുന്നു.[+]

## പിന്നാക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുവാൻ നടപടി

79 (6368) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നാക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഏതൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

## മതസൗഹാർദ്ദത്തിന്റെ മഹനീയ മാതൃകകൾ

80 (6370) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ശബരിമലയിൽ തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനായി ഒരുക്കിയ ഇടത്താവളങ്ങൾക്കൊപ്പം ഇതര മതസ്ഥരുടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കൂടിയുള്ളതിനാൽ മതസൗഹാർദ്ദത്തിന്റെ മഹനീയ മാതൃകകൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വരുംകാലങ്ങളിലും സമാനരീതിയിൽ ഇതര മതവിശ്വാസികളോട് പരസ്പര ബഹുമാനവും സ്നേഹവും പുലർത്തുന്നതിന് ഉതകുന്ന ഇടപെടലുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശബരിമല തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനായി ഒരുക്കിയ ഇടത്താവളങ്ങളിൽ എരുമേലി പോലുള്ളയിടങ്ങളിൽ ഇതരമതസ്ഥരുടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളുംകൂടി ഉൾപ്പെട്ടിട്ടുള്ളതാണ്. ഇത്തരം സ്ഥലങ്ങളിൽ ദർശനത്തിനെത്തുന്ന അയ്യപ്പ ഭക്തർ മറ്റ് മതസ്ഥരുടെ ആരാധനാലയങ്ങളിലും ദർശനം നടത്തിയാണ് മതപരമായ ചടങ്ങുകൾ പൂർത്തിയാക്കുന്നത്. കൂടാതെ ആചാരപരമായ മുഖ്യമായ ചടങ്ങുകളിൽ രണ്ട് മതസ്ഥർക്കും മുഖ്യസ്ഥാനങ്ങൾ നൽകി ആദരിച്ചാണ് ചടങ്ങുകൾ പൂർത്തിയാക്കുന്നത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അയ്യപ്പ

ഭക്തർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി നൽകുന്ന പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ഇതര മതവിശ്വാസികളുടെ സൗഹാർദ്ദപരവും മനുഷ്യത്വപരവുമായ പ്രവൃത്തികൾ വിവിധ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന തീർത്ഥാടകരുടെപോലും പ്രശംസ ലഭിച്ചിട്ടുള്ള ഒന്നാണ്. വരും വർഷങ്ങളിലും ഇത്തരം പരസ്പര സഹകരണത്തിനുതകുംവിധം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

81 (6371) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ എന്നും എങ്കിൽ അത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

(എ-സി) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ദേവസ്വങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/ രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

ഭക്തജനങ്ങൾക്കാവശ്യമായ വഴിപാടുകൾ കൃത്യതയോടെ ചെയ്ത് നൽകുന്നു.

**പാലക്കാട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികൾ**

82 (6372) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ചെയ്യുന്നതിനായി അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതി**

83 (6373) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിലേയ്ക്ക് ആവശ്യമായ കദളിപ്പഴം ഉൽപ്പാദിപ്പിച്ച് നൽകുന്നതിന് കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ പുതുക്കാട് മണ്ഡലത്തിൽ നടപ്പാക്കിയതും കോവിഡ് മഹാമാരിയെ തുടർന്ന് നിർത്തിവച്ചതുമായ കദളീവനം പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ദേവസ്വം വകുപ്പിന്റെ പുതുക്കിയ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പുനഃരാരംഭിക്കാമെന്ന ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഉറപ്പ് ലഭിച്ച സാഹചര്യത്തിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പൊലിമ പുതുക്കാട് പദ്ധതിയുടെ ഭാഗമായി കദളീവനം പദ്ധതി നടപ്പാക്കുവാൻ സഹായം ലഭ്യമാക്കുമോ; വിശദമാക്കുമോ?

(എ - സി) സ്റ്റോർ പർച്ചേയ്സ് മാന്വലിലെ വ്യവസ്ഥ പ്രകാരമല്ലാതെ നേരിട്ട് വാങ്ങുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീയുടെ അപേക്ഷ പരിഗണിക്കുവാൻ ഗുരുവായൂർ ദേവസ്വം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

**ഇരിങ്ങണ്ണൂർ മഹാശിവക്ഷേത്രം ജീവനക്കാരുടെ ശമ്പളം**

84 (6374) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഇരിങ്ങണ്ണൂർ മഹാശിവക്ഷേത്രം ജീവനക്കാരുടെ ശമ്പളം മുടങ്ങിയത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത ക്ഷേത്രത്തിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മുടങ്ങിയ സാഹചര്യമുണ്ടായിട്ടില്ല. 2020 വർഷം വരെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും ക്ഷേത്രഫണ്ടിൽനിന്നുമാണ് നൽകിവന്നിരുന്നത്. എന്നാൽ കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധികാരണം 2021, 2022 വർഷങ്ങളിൽ ജീവനക്കാരുടെ ശമ്പളം ഭാഗികമായി മുടങ്ങിയിട്ടുണ്ട്. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളം പൂർണ്ണമായും മുൻ വർഷങ്ങളിലെ ഡി.എ. കുടിശ്ശികയും നൽകിക്കഴിഞ്ഞു. 2021, 2022 വർഷങ്ങളിലെ കുടിശ്ശിക ക്ഷേത്രഫണ്ടിൽ നിന്നുതന്നെ കഴിവതും വേഗം കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

85 (6375) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളെ അവയുടെ

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകളാക്കി തരംതിരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, ഹയർ ഗ്രേഡ്, ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ പ്രതിമാസ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന ക്ഷേത്രങ്ങളെ 'എ' ഗ്രേഡിലും 50,000/- രൂപയ്ക്കുമുകളിലും 1 ലക്ഷം രൂപയിൽ താഴെയും വരുമാനമുള്ള ക്ഷേത്രങ്ങളെ 'ബി' ഗ്രേഡിലും 50,000/- രൂപയ്ക്ക് താഴെ വരുമാനമുള്ള ക്ഷേത്രങ്ങളെ 'സി' ഗ്രേഡിലുമാണ് തരംതിരിച്ചിട്ടുള്ളത്.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളെ വാർഷിക വരുമാനത്തിന്റെയടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം തരംതിരിച്ചിട്ടുണ്ട്.

4 കോടി രൂപയ്ക്ക് മുകളിൽ - സൂപ്പർ ഗ്രേഡ്

75 ലക്ഷം രൂപയ്ക്കുമുകളിൽ 4 കോടി രൂപ വരെ - ഗ്രേഡ് I

25 ലക്ഷം രൂപയ്ക്കുമുകളിൽ 75 ലക്ഷം രൂപ വരെ - ഗ്രേഡ് II

10 ലക്ഷം രൂപയ്ക്കുമുകളിൽ 25 ലക്ഷം രൂപ വരെ - ഗ്രേഡ് III

10 ലക്ഷം രൂപ വരെ - ഗ്രേഡ് IV

ഗുരുവായൂർ ദേവസ്വത്തിന് ഗുരുവായൂർ ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളുമാണുള്ളത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകളായി തരം തിരിച്ചിട്ടില്ല.

കൂടൽമാണിക്യം ദേവസ്വത്തിന് കൂടൽമാണിക്യം ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളുമാണുള്ളത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകളായി തരം തിരിച്ചിട്ടില്ല.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഗ്രേഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 1403 ക്ഷേത്രങ്ങളെ വിവിധ ഗ്രേഡുകളിൽ പാലക്കാട്, കോഴിക്കോട്, മലപ്പുറം, തലശ്ശേരി, കാസർഗോഡ് ഡിവിഷനുകളായി തിരിച്ചതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകി വരുന്ന സാമ്പത്തിക സഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

86 (6376) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകി വരുന്ന സാമ്പത്തിക സഹായത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് മറ്റ് ക്ഷേമ പെൻഷനുകൾ നൽകുന്നതുപോലെ മേൽ സാമ്പത്തിക സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

(എ&ബി) 2023 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 9 മാസത്തെ വേതനമാണ് കടിശ്ശികയായിട്ടുള്ളത്. നിലവിൽ 1811 ആചാരസ്ഥാനിയർക്കും 397 കോലധാരികൾക്കും പ്രതിമാസം 1400/- രൂപ വീതമാണ് നൽകിവരുന്നത്. ഇത് 2000/- രൂപയായി വർദ്ധിപ്പിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. കൂടാതെ വാർഷിക ബജറ്റ് വിഹിതം 1.25 കോടി ആയിരുന്നത് 2.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ ദേവസ്വം വകുപ്പിന്റെ പ്രവൃത്തികൾ**

87 (6377) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന

ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

എരുമേലി ഇടത്താവള നിർമ്മാണത്തിനായി കിഫ്ബി മുഖേന 14.44 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വർക്കുകൾ പുരോഗമിച്ചുവരുന്നു.

**വനാശ്രിത വ്യവസായങ്ങളും ഉല്പന്നങ്ങളും**

88 (6378) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാശ്രിത വ്യവസായങ്ങളും ഉല്പന്നങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ പങ്ക് വഹിക്കുന്നുണ്ടോയെന്ന്

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ വനങ്ങളിൽ ലഭ്യമാകുന്ന ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ് വനാശ്രിതരായ ആദിവാസികളുടെ പ്രധാന ഉപജീവനമാർഗ്ഗം. വനത്തിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന വന വിഭവങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വനശ്രീ" പദ്ധതിവഴി വിപണനം ചെയ്യുന്നു. ഇതിലൂടെ മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ തങ്ങളുടെ വനവിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും അതിലൂടെ ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാര ഉയർച്ചയുറപ്പുതകുകയും ചെയ്യുന്നു. നിലവിൽ കേരളത്തിൽ 2 മൊബൈൽ യൂണിറ്റുകളുൾപ്പെടെ 69 വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ടി ഇക്കോഷോപ്പുകളുമായി ബന്ധപ്പെട്ട സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ പ്രവർത്തനങ്ങളിൽ ആദിവാസികൾ ഉൾപ്പെടെ VSS/EDC അംഗങ്ങളെ പങ്കാളികളാക്കുന്നു. അതിലൂടെയും അവർക്ക് കൂടുതൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് കഴിയുന്നു.

നിലവിൽ ചാലക്കുടി വന വികസന ഏജൻസി വികസിപ്പിച്ച www.vanasree.in എന്ന e-commerce platform വഴി വനവിഭവങ്ങൾ

ഓൺലൈൻ മുഖേന വിപണനം നടത്തിവരുന്നു. ഇത് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വനവികസന ഏജൻസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു സമഗ്രമായ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേന്ദ്ര പട്ടികവർഗ്ഗകാര്യ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന Tribal Co-operative Marketing Development Federation of India Ltd. (TRIFED)-ന്റെ ധനസഹായത്തോടെ വനം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന MSP for MFP പദ്ധതിവഴി കേരളത്തിലെ വനങ്ങളിൽ ലഭ്യമായ കാട്ടുതേൻ ഉൾപ്പെടെ 26 ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി വഴി വനവിഭവങ്ങളുടെ ശേഖരണ-വിപണന സംവിധാനത്തിനായി HAAT ബസാറുകളുടെ നിർമ്മാണം (Establishment of HAAT Bazars), നിലവിലുള്ള HAAT ബസാറുകളുടെ ആധുനികവൽക്കരണം (Modernisation of HAAT bazars), ശേഖരണ കേന്ദ്രങ്ങളുടെ നിർമ്മാണം (Creation of storage centre) എന്നിവയും നടത്തിയിട്ടുണ്ട്. ടി പദ്ധതിയിൻകീഴിൽ തേൻശേഖരണത്തിനായി വന വികസന ഏജൻസി (FDA) തലത്തിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള

ധനസഹായവും നൽകിവരുന്നുണ്ട്.

ചെറുകിട വനവിഭവങ്ങളുടെ ചില്ലറ വിപണനത്തിനും മൂല്യവർദ്ധനവിനും പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ വൻ ധൻ വികാസ് യോജന (Van Dhan Vikas Yojana)-യ്ക്കുകീഴിൽ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (VDVKs) പ്രവർത്തിച്ചുവരുന്നു. ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധനവിലൂടെയും വിപണനത്തിലൂടെയും വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ശാക്തീകരണത്തിനായിട്ടാണ് VDVK-കൾ പ്രവർത്തിക്കുന്നത്. വയനാട് ജില്ലയിൽ വയനാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 195.00 ലക്ഷം രൂപ ചെലവിൽ 13 VDVK-കൾ കൂടാതെ, സംസ്ഥാനത്ത് 18 വന വികസന ഏജൻസികൾക്കുകീഴിൽ 31 VDVK-കൾ ആരംഭിച്ചിട്ടുണ്ട്. ഈ VDVK-കൾ സ്ഥാപിക്കുന്നതിനായി TRIFED 2.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ 45 ചെറുകിട വനവിഭവങ്ങൾ VDVK വഴി വിപണനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

എല്ലാ വർഷവും വനവിഭവ ശേഖരണത്തിനായി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന് (Kerala State Schedule Caste/Schedule Tribes Development Federation) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ

ശേഖരണത്തിനായി വനം വകുപ്പ് അതത് സംഘങ്ങളുടെ പ്രവർത്തനമേഖല ഉൾപ്പെടുന്ന വനം റേഞ്ചുകൾ അനുവദിച്ചുവരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ഫെഡറേഷൻവഴി വിപണനം നടത്തിവരുന്നു. വനാതിർത്തികളിൽ താമസിക്കുന്നവർക്ക് ഔഷധസസ്യ കൃഷിയിലൂടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനം വകുപ്പ് 'വന ഔഷധ സമൃദ്ധി' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ VSS/EDC-കൾ വഴി ഔഷധ സസ്യങ്ങൾ, പ്രത്യേകിച്ച് മഞ്ഞൾ (Curcuma longa) കൃഷി പ്രോത്സാഹിപ്പിക്കുക വഴി അവർക്ക് മികച്ച വരുമാനം പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ (ICAR) ഘടകസ്ഥാപനമായ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) മഞ്ഞൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന VSS/EDC അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക പിന്തുണയും നൽകുന്നു.ഇത്തരത്തിൽ സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ചെറുകിട വനവിഭവങ്ങളുടെ വിപണനം ടി വിഭാഗങ്ങളുടെ ശാക്തീകരണത്തോടൊപ്പം സംസ്ഥാനത്തിന്റെ വളർച്ചയിലും പങ്കുവഹിക്കുന്നുണ്ടെന്ന് കാണാവുന്നതാണ്.

(ബി) സംസ്ഥാനത്തും ഇന്ത്യയിലും വിദേശത്തുമുള്ള വിപണികൾ മുഖേന വനവിഭവങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും വില്പന നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ അറിയിക്കാമോ; ഇത്തരം ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനാശ്രിത വിഭാഗങ്ങളിലൂടെ ശേഖരിക്കുന്ന വനോൽപ്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വനശ്രീ മുഖേനയും കേന്ദ്രസർക്കാരിന്റെ വൻ ധൻ വികാസ് കേന്ദ്രം മുഖേനയും ഇക്കോഷോപ്പുകൾ മുഖേനയും നിലവിൽ വിപണനം നടത്തിവരുന്നു. മണ്ണാർക്കാട് ഡിവിഷനിൽ വിവിധ ആദിവാസി വനസംരക്ഷണ സമിതികൾ മുഖാന്തരം ചെറുകിട വന വിഭവങ്ങൾ ശേഖരിച്ച് ഉണക്കി കഷണങ്ങളായി പായ്ക്ക് ചെയ്ത് വിവിധ ആയുർവേദ കമ്പനികൾക്ക് വിപണനം നടത്തുന്ന വനാമൃതം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. വനാശ്രിത ഉൽപ്പന്നമായ തടികൾ വിൽപ്പന നടത്തുന്നതിനായി എം.എസ്.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം മുഖേന ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ചാലക്കുടി വനവികസന ഏജൻസി വികസിപ്പിച്ച www.vanasree.in എന്ന ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴി

വനവിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തിവരുന്നു. ഇത് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വനവികസന ഏജൻസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു സമഗ്രമായ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പേപ്പർ പൾപ്പ്, പ്ലൈവുഡ്, പെൻസിൽ വുഡ് എന്നിവയുടെ അസംസ്കൃത വസ്തുവായ മരങ്ങൾ സംസ്ഥാനത്ത് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നുണ്ടോ; എങ്കിൽ അത് വിപണി ആവശ്യകതയ്ക്ക് പര്യാപ്തമായ അളവിൽ ലഭിക്കുന്നുണ്ടോ; അറിയിക്കുമോ?

പേപ്പർ പൾപ്പ്, പ്ലൈവുഡ്, പെൻസിൽ വുഡ് എന്നിവയുടെ അസംസ്കൃത വസ്തുവായ മരങ്ങൾ നിലവിൽ വ്യാവസായികമായി കൃഷി ചെയ്തുവരുന്നില്ല. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന്റെ ഭാഗമായി നിലവിലുള്ള അക്കേഷ്യ, യൂക്കാലിപ്റ്റസ്, സിബാബൂൾ തുടങ്ങിയ തോട്ടങ്ങൾ മുറിച്ചുമാറ്റി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) കൂടുതലായി കൃഷി ചെയ്യേണ്ട ഇനം തടികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

വനമേഖല, സോഷ്യൽ ഫോറസ്റ്റി, സ്വകാര്യ പ്ലാന്റേഷനുകൾ എന്നിവ തമ്മിൽ ബന്ധിപ്പിച്ച് വ്യാവസായിക, കാർഷിക വനവത്കരണ പരിപാടികൾക്ക് രൂപം നൽകുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ അധീനതയിൽ നിലവിലുള്ളതും കാലാവധി തികഞ്ഞതുമായ തേക്ക് തോട്ടങ്ങളിൽ അടക്കിമുറി നടത്തി പുതിയ തോട്ടങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തേക്ക്, മലവേപ്പ് തുടങ്ങിയ വൃക്ഷങ്ങളാണ് നിലവിൽ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നത്. വനം വകുപ്പ് പ്രധാനമായും വന പുനഃസ്ഥാപനമാണ് ലക്ഷ്യം വയ്ക്കുന്നത്. ആയതിന്റെ ഭാഗമായി വൈദേശിക വൃക്ഷങ്ങൾ ഘട്ടംഘട്ടമായി നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിനാൽ വനമേഖല കേന്ദ്രീകരിച്ച് കാർഷിക വനവൽക്കരണം നടത്തുന്നത് അഭികാമ്യമല്ല.

**വനേതര വൃക്ഷങ്ങൾ വ്യാവസായികമായി വളർത്തുന്നതിന് നയരൂപീകരണം**

89 (6379) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറപ്പായും സംരക്ഷിക്കപ്പെടേണ്ട വനവൃക്ഷങ്ങളിലേയ്ക്ക് കയ്യേറ്റം വരാതിരിക്കാൻ വനേതര വൃക്ഷങ്ങൾ വ്യാവസായികമായി വളർത്തുന്നതിന്

നയരൂപീകരണം പ്രാവർത്തികമാക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക വനപുനഃസ്ഥാപനത്തിനായി 17-11-2021-ലെ സ.ഉ.(കൈ)നം.29/2021/വനം പ്രകാരം നയരേഖ തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത നയരേഖയിലെ ഖണ്ഡിക 2.14 പ്രകാരം വനത്തിന് വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗീകരണം വർദ്ധിപ്പിക്കുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കും. ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യും. കൃഷിക്കാരും പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നയം നടപ്പിലാക്കുന്നതുവഴി വനേതര വൃക്ഷങ്ങൾ വനമേഖലയ്ക്കുപുറത്ത് ധാരാളമായി വളർത്തുന്നതിന് സഹായകരമാകുന്നതാണ്.

(ബി) വീട്, ഫർണിച്ചർ എന്നിവയുടെ നിർമ്മാണത്തിനും വിറകിനുമായി മാത്രമുള്ള മരങ്ങൾ വ്യാവസായികമായി നട്ടുവളർത്തി ഉപയോഗിക്കുക വഴി വനം സംരക്ഷിക്കുന്ന വിദേശ മാതൃക സംസ്ഥാനത്തും നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

വീട്, ഫർണിച്ചർ എന്നിവയുടെ നിർമ്മാണത്തിനും വിറകിനുമായി മാത്രമുള്ള മരങ്ങൾ വ്യാവസായികമായി നട്ടുവളർത്തി ഉപയോഗിക്കുന്നത് നിലവിൽ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം 2005 പ്രകാരവും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ വിവിധ പദ്ധതികൾ പ്രകാരവും നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ വിദേശ മാതൃകകൾ നടപ്പിലാക്കേണ്ട ആവശ്യകത ഇല്ലാത്തതാണ്.

(സി) സ്വകാര്യ ഭൂമിയിലും പാട്ടഭൂമിയിലും ഇത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

സ്വകാര്യഭൂമിയിലും പാട്ടഭൂമിയിലും ഫർണിച്ചർ യൂണിറ്റ്/സോമിൽ ഉൾപ്പെടെയുള്ള മരാധിഷ്ഠിത വ്യവസായത്തിന് Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules 2021 പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ചുള്ള നിയന്ത്രണങ്ങളും കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുടെ ലൈസൻസുകളും നിലവിലുള്ളതാണ്.

## ജൈവ സമ്പത്ത് സംരക്ഷണം

90 (6380) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>

<u>ശ്രീ. ലിന്റോ ജോസഫ്</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി വനവൽക്കരണത്തിൽ സംസ്ഥാനത്തിന് എത്രത്തോളം മുന്നേറാൻ കഴിഞ്ഞുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനമേഖലയും അതിലുൾപ്പെടുന്ന ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി വനംവകുപ്പ് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി വനപുന:സ്ഥാപന നയരേഖ, 17-12-2021-ലെ സ.ഉ. (കൈ)നം.29/2021/വനം പ്രകാരം നടപ്പിലാക്കിവരുന്നു. സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി വനഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യപോലുള്ള വിദേശയിനം മരങ്ങൾ മുറിച്ചുമാറ്റി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് സ്കീം/റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് എന്നിവ വഴി

അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വന പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

- ശുഷ്ക വനപ്രദേശങ്ങൾ ഉത്തമ വനമാക്കുന്നതിനും പൂർവ്വസ്ഥിതിയിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തേക്കുതോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വാഭാവികമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇൻഡ്യ മിഷൻപോലുള്ള പദ്ധതികൾപ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു.
- വനം കയ്യേറ്റം തടയുന്നതിനായി സർവ്വെ ടീമിന്റെ സഹായത്തോടെ വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ, പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുക

തുടങ്ങിയ പ്രവൃത്തികൾ സ്വീകരിച്ചുവരുന്നു.

- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിയും ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചും പട്രോളിംഗിനായി ഗതാഗത സൗകര്യം സുഗമമാക്കുന്നതിന്റെ ഭാഗമായി ട്രക്ക് പാത്തുകൾ യഥാസമയം നവീകരിച്ചും വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.
- വന്യജീവികളുടെ സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തിവരികയും ചെയ്യുന്നു.
- കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പ്രവർത്തനങ്ങൾ, പ്ലാന്റേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇ-ഗ്രീൻ വാച്ച് പോർട്ടൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജൈവ സമ്പത്തിന്റെ പരിപോഷണ പ്രവർത്തനങ്ങൾക്ക് സുസ്ഥിരത കൈവരിക്കുന്നതിനായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ജൈവ സമ്പത്തിന്റെ പരിപോഷണത്തിനായി നടപ്പിലാക്കുന്ന വന

പുനഃസ്ഥാപന പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. ആയത് പൂർത്തീകരിക്കുന്നതിന് 15 മുതൽ 20 വർഷം വരെ വേണ്ടിവന്നേക്കും. പ്രാരംഭ ഘട്ടത്തിലായതിനാൽ ടി പ്രവർത്തനങ്ങൾ വിലയിരുത്താറായിട്ടില്ല.

(സി) ജൈവ സമ്പത്തിന് ഭീഷണിയായി സംസ്ഥാനത്തെ വനമേഖലയിൽ വളർന്ന് പന്തലിക്കുന്ന അധിനിവേശ സസ്യങ്ങൾ സൃഷ്ടിക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ?

ജൈവസമ്പത്തിന് ഭീഷണിയായി വനമേഖലയിൽ വളരുന്ന അധിനിവേശ സസ്യങ്ങൾ അവ വളരുന്ന പ്രദേശത്തുള്ള സ്വാഭാവിക സസ്യജാലങ്ങളെ ഉന്മൂലനം ചെയ്യുന്നതായും ജൈവ വൈവിധ്യത്തെ ശോഷിപ്പിക്കുന്നതായും വനങ്ങളുടെ സ്വാഭാവിക പാരിസ്ഥിതിക കർത്തവ്യങ്ങളെ തടയുന്നതായും കാണുന്നു. കേരളത്തിലെ വനത്തിൽ കണ്ടുവരുന്ന വിനാശകാരികളായ അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മുഖാന്തരം 100 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യഘട്ടത്തിനായി 40 കോടി രൂപയുടെ ഭരണാനുമതി 20-10-2022-ലെ ജി.ഒ.(ആർ.ടി.)നം. 396/2022/പി&ഇ.എ പ്രകാരം

നൽകിയിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിലും നോർത്ത് വയനാട് ഡിവിഷനിലും വ്യാപകമായി കണ്ടുവരുന്ന സെന്ന (മഞ്ഞക്കൊന്ന) എന്ന അധിനിവേശ സസ്യത്തിന്റെ ഉന്മൂലനം ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 28-11-2022-ൽ ചേർന്ന ഏഴാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ആദ്യഗഡു അനുവദിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിലെ തോൽപ്പെട്ടി, മുത്തങ്ങ എന്നീ റെയ്ഞ്ചുകളിലെ സൈറ്റ് സ്പെസിഫിക് പ്ലാൻ അംഗീകരിക്കുകയും തോൽപ്പെട്ടി റെയ്ഞ്ചിലെ ബാവേലി, മുത്തങ്ങ റെയ്ഞ്ചിലെ മുത്തങ്ങ ഇ.ഡി.സി.-കൾക്ക് പദ്ധതി നടത്തിപ്പിനായി 5 ലക്ഷം രൂപ വീതം മുൻകൂർ തുക നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ സെന്ന (മഞ്ഞക്കൊന്ന) നിർമ്മാർജ്ജനം ചെയ്യുന്നതിന് 13-04-2022-ലെ സ.ഉ (കൈ.)നം.17/2022/വനം പ്രകാരം നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 621.78 ലക്ഷം (ആറ് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപ) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കംചെയ്ത് വനത്തിനകത്ത് മുളയുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ

വച്ചുപിടിപ്പിക്കുന്നുണ്ട്. വ്യാവസായികാവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സാമൂഹ്യ വനവത്കരണ പദ്ധതികൾ**

91 (6381) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണത്തിനായി വനത്തിന് പുറത്തുള്ള വൃക്ഷവൽക്കരണ പദ്ധതികളാണ് വനംവകുപ്പ് മുഖ്യമായി നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ സഹായത്തോടെ ചെറുവനങ്ങൾ നട്ടുവളർത്തുന്ന വിദ്യാവനം, നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന നഗരവനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പങ്കാളിത്തത്തോടെ

വൃക്ഷാവരണം വിപുലപ്പെടുത്തുന്ന വൃക്ഷസമൃദ്ധി പദ്ധതി, തീരദേശ സംരക്ഷണത്തിനായി കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നദീതീരങ്ങളുടെ സംരക്ഷണത്തിനായി മുളത്തൈകൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെയായി ചെലവഴിച്ച തുക, അവയുടെ പുരോഗതി എന്നിവ വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതികൾക്കായി 2020-21 വർഷത്തിൽ 1341.43 ലക്ഷം (പതിമൂന്ന് കോടി നാൽപത്തിയൊന്ന് ലക്ഷത്തി നാല്പത്തിമൂവായിരം രൂപ) രൂപയും 2021-22 വർഷത്തിൽ 998.73 ലക്ഷം (ഒൻപത് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ) രൂപയും 2022-23 വർഷത്തിൽ 598 ലക്ഷം (അഞ്ച് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ) രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾവഴി നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ വളർച്ചയും അതിജീവനവും പ്രാരംഭകാലം മുതൽതന്നെ പരിശോധിച്ചിട്ടുള്ളതും നല്ലരീതിയിൽ വളരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി എവിടെയെല്ലാമാണ് വനവൽക്കരണ പരിപാടികൾ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന പാതയോരങ്ങൾ എന്നിവിടങ്ങളിലെ ലഭ്യമായ സ്ഥലങ്ങൾ, നദീതടങ്ങൾ (മുളത്തൈകൾ നട്ടുപിടിപ്പിക്കൽ), കടൽത്തീരങ്ങൾ (കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കൽ) എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**കാട്ടുതീ തടയാൻ നടപടി**

92 (6382)<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീ കാരണം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീ കൂടുതലായും ഉണങ്ങിയ പുൽമേടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. ഈ വർഷം നാളിതുവരെ കാട്ടുതീ കാരണം 52,500/-

രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കാട്ടുതീ പ്രതിരോധിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാന വനം വകുപ്പിനുകീഴിലുള്ള എല്ലാ സർക്കിളുകളിലും റെയ്ഞ്ച്തലം മുതൽ ഫയർ സീസണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർ പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധനശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാംഗുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/ വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ

ഗ്യാംഗുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പുറോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിലെത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക്തലം മുതൽ സർക്കിൾതലം വരെ ഫയർ കൺട്രോൾ റൂമുകൾ (Crs) രൂപീകരിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ഫയർ മോണിറ്ററിംഗ് സെൽ (SFMC) പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(സി) കാട്ടുതീയെത്തുടർന്ന് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നതിനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ വനങ്ങളിലുണ്ടാകുന്ന കാട്ടുതീ കൂടുതലായും ഉണങ്ങിയ പുൽമേടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. സാധാരണയായി ഇത്തരത്തിലുണ്ടാകുന്ന കാട്ടുതീയിൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാകാറില്ല. എന്നിരുന്നാലും കാട്ടുതീ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിലെ ജലലഭ്യത നിലനിർത്തുന്നതിനായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, തടയണ

നിർമ്മാണം, ജല സ്രോതസ്സുകളുടെയും കുളങ്ങളുടെയും സംരക്ഷണം, ഫയർലൈൻ തെളിക്കൽ, ഫയർ ഗ്യാംഗുകൾ ഉൾപ്പെടെ നിയോഗിച്ചുള്ള നിരീക്ഷണ സംവിധാനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വനം വകുപ്പ് ചെയ്തുവരുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന ജനവാസമേഖലകളിൽ ആയത് നിരീക്ഷിക്കുന്നതിനായി ഫയർ വാച്ചർമാർ, VSS/EDC അംഗങ്ങൾ, താൽക്കാലിക ജീവനക്കാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) കാട്ടുതീ ഭീഷണിയെത്തുടർന്ന് കാടിനുള്ളിലെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് തീരുമാനമെടുത്തിരുന്നോയെന്ന് വിശദമാക്കാമോ?

വേനൽക്കാലത്ത് വനമേഖലയിൽ കാട്ടുതീയുണ്ടാകാനുള്ള സാധ്യതകൾ കണക്കിലെടുത്ത് അതത് മേഖലകളിലെ സാഹചര്യങ്ങളെ വിലയിരുത്തി കാട്ടിനുള്ളിലെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമുള്ള നടപടികൾ ഫീൽഡ്തലത്തിൽ കൈക്കൊണ്ടുവരുന്നു.

നിലവിൽ വയനാട് വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വയനാട് വന്യജീവി സങ്കേതത്തെയും അതിലെ വന്യമൃഗങ്ങളെയും കാട്ടുതീയിൽനിന്ന് രക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 2023 മാർച്ച് 9 മുതൽ ഏപ്രിൽ 15 വരെ വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകർക്ക് പ്രവേശനം നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

**വനപ്രദേശങ്ങളിലുണ്ടായ പ്രധാന തീപിടുത്തങ്ങൾ**

93 (6383) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23 വർഷങ്ങളിൽ സംസ്ഥാനത്തെ വന പ്രദേശങ്ങളിലുണ്ടായ പ്രധാന തീപിടുത്തങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

2021-22 വർഷത്തിൽ 140 സംഭവങ്ങളിലായി 396.71 ഹെക്ടർ സ്ഥലത്തും 2022-23 വർഷത്തിൽ (16-03-2023 വരെ) 334 സംഭവങ്ങളിലായി 762.938 ഹെക്ടർ സ്ഥലത്തും തീപിടുത്തമുണ്ടായിട്ടുണ്ട്.

**ഗ്രീൻ ഗ്രാസ് പദ്ധതി**

94 (6384) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രീൻ ഗ്രാസ് പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനായി 13-09-2018-ലെ ജി.ഒ.(ആർ.ടി.)നം.406/2018/വനം പ്രകാരം വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. 24-12-2019-ലെ ജി.ഒ.(ആർ.ടി.)നം. 506/2019/വനം പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 തുടങ്ങി മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. വനമേഖലകളിലും പരിസര പ്രദേശങ്ങളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനായി വനസംരക്ഷണ സമിതി അംഗങ്ങൾ, ദിവസവേതന വാച്ചർമാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വിവിധ എൻ.ജി.ഒ.-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ, മറ്റ് സർക്കാർ വകുപ്പുകൾ, ശുചിത്വ മിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ ഉറവിടങ്ങളിൽനിന്നും മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ടി പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കരുതെന്നുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ക്യാമറ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ച്

നിരീക്ഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. വനത്തിന് സമീപത്തുകൂടി കടന്നുപോകുന്ന പാതയോരങ്ങളിലും വനമേഖലയിലും രാത്രിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ പട്രോളിംഗ് ശക്തമായി നടത്തിവരുന്നുണ്ട്. ഇക്കോടൂറിസം കേന്ദ്രങ്ങളിൽ മാലിന്യശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വേയ്സ്റ്റ് ബിൻ, പിറ്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ എന്നിവ നടത്തിവരുന്നുണ്ട്. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ രാജമലയിൽ ഒരു വേയ്സ്റ്റ് മാനേജ്മെന്റ് യൂണിറ്റ് മാലിന്യ നിർമ്മാർജ്ജനത്തിനായി നിർമ്മിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ ലഭിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സ്വകാര്യഭൂമി രജിസ്റ്റർ ചെയ്യുന്നതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്**

95 (6385) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി രജിസ്റ്റർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിന് വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ ആവശ്യകതയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽനിന്നും എൻ.ഒ.സി. നൽകിയതിനുശേഷം മാത്രമേ വില്ലേജ് ഓഫീസർമാർ കൈവശ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് വനം വന്യജീവി (എ) വകുപ്പ് രജിസ്ട്രേഷൻ വകുപ്പിനെ അറിയിച്ചിട്ടുള്ളതായി വനം വന്യജീവി വകുപ്പിലെ 18-12-86-ലെ നം.21497/ഇ 2/86/വനം ഉത്തരവും 08-06-10-ലെ 6143/എ 2/2009/വനം കത്ത് പ്രകാരവും വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27-07-2010-ലെ വി.ഇ.4 2970/2009 നമ്പർ കത്തിന്മേൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 10/2010 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ 24-03-2017-ലെ സർക്കാർ കത്ത് നമ്പർ എ 1/17/2017/വനം പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 21-10-2017-ൽ 9/2017 നമ്പർ സർക്കുലറിലൂടെ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വനാതിർത്തികളിൽ തർക്കങ്ങളോ വ്യവഹാരങ്ങളോ നിലനിൽക്കാത്തതും അതിർത്തികൾ ജണ്ടകൾ കെട്ടി വേർതിരിച്ചിട്ടുള്ളതുമായ ഭൂമിക്കുപോലും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ വനാതിർത്തിയോടുചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ നിരാക്ഷേപപത്രം ആവശ്യമാണ്.

(സി) സ്വകാര്യ ഭൂമിയുടെ രജിസ്ട്രേഷനുവേണ്ടി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനായി പൊതുജനങ്ങൾ വനം വകുപ്പിന്റെ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ നിർദേശം നൽകാമോയെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിൽനിന്നും നിരാക്ഷേപപത്രം നൽകുന്നതിനായി കാലതാമസം ഒഴിവാക്കുവാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 27-07-2010-ലെ 10/2010 സർക്കുലർ പ്രകാരം എല്ലാ വകുപ്പ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വന നശീകരണം തടയാൻ നടപടി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

96 (6386) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ വനവിസ്തൃതി കുറഞ്ഞുവരുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ പ്രകാരമുള്ള 2017, 2019, 2021 എന്നീ വർഷങ്ങളിലെ വനവിസ്തൃതി താഴെ ചേർക്കുന്നു.

2017- 11309 ചതുരശ്ര മീറ്റർ

2019- 11309 ചതുരശ്ര മീറ്റർ

2021- 11522 ചതുരശ്ര മീറ്റർ

(ബി) വന നശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

വനം കയ്യേറ്റം തടയുന്നതിനായി സർവ്വേ ടീമിന്റെ സഹായത്തോടെ കയ്യേറ്റങ്ങൾ കണ്ടെത്തി വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിച്ച് വനഭൂമി തിരിച്ചുപിടിക്കുന്നതിനും ആയത് ഒഴിപ്പിക്കുന്നതിനുമുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കാട്ടുതീമൂലമുള്ള വനനശീകരണം തടയുന്നതിനായി വേനൽ ആരംഭത്തിൽത്തന്നെ

ഫയർലൈൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുക്കുക, കൺട്രോൾഡ് ബേണിംഗ്, ബയോമാസ് റിമൂവൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ, ഫയർ ഗ്യാംഗ് ഉണ്ടാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വനനശീകരണം തടയുന്നതിനായി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക, വനത്തിൽ രാത്രിയും പകലും ഫീൽഡ് വിഭാഗം ജീവനക്കാരും വാച്ചർമാരും ഊർജ്ജിതമായ പട്രോളിംഗ്, ക്യാമ്പിംഗ് റെയ്ഡുകൾ എന്നീ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വനം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നമുറയ്ക്ക് യഥാസമയം നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കാട്ടുതീ തടയുവാനുള്ള ഫയർലൈൻ തെളിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാട്ടുതീ തടയുന്നതിനായി വനമേഖലകളിൽ ഫയർലൈൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാട്ട വ്യവസ്ഥയിലെ വനഭൂമി**

97 (6387) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനവിസ്തൃതി എത്ര ശതമാനമാണെന്ന് അറിയിക്കുമോ?

2020-21-ലെ ഭരണ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.66 ശതമാനമാണ് വനവിസ്തൃതി.

(ബി) പാട്ട വ്യവസ്ഥയിലെ വനഭൂമി കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി കൈവശം വച്ചിരിക്കുന്നത് തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പാട്ട കാലാവധി കഴിഞ്ഞ വനഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള എത്ര ഹെക്ടർ വനഭൂമി ഈ സർക്കാർ കാലയളവിൽ നാളിതുവരെ തിരികെ പിടിച്ചിട്ടുണ്ടെന്നും എത്ര ഹെക്ടർ വനഭൂമി തിരികെ പിടിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ കീഴിൽ 449.8 ഹെക്ടറും വൈൽഡ് ലൈഫ്, പാലക്കാട് സർക്കിളിൽ 21.54 ഹെക്ടറും തൃശ്ശൂർ സെൻട്രൽ സർക്കിളിൽ 475.5 ഹെക്ടർ സ്ഥലവും ഉൾപ്പെടെ ആകെ 946.84 ഹെക്ടർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്. കണ്ണൂർ നോർത്തേൺ സർക്കിളിനുകീഴിൽ 1709.6189 ഹെക്ടറും തൃശ്ശൂർ സെൻട്രൽ സർക്കിളിൽ 0.504 ഹെക്ടർ സ്ഥലവും ഉൾപ്പെടെ ആകെ 1710.1229 ഹെക്ടർ സ്ഥലം തിരികെ പിടിച്ചെടുക്കാനുണ്ട്.

**ഭൂതല സർവ്വേ**

98 (6388) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. ലിന്റോ ജോസഫ്:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ കരുതൽ മേഖലയിൽനിന്ന് ഒരാളും കുടിയൊഴിപ്പിക്കപ്പെടില്ലെന്ന് സർക്കാർ നൽകിയ ഉറപ്പിന്റെ തുടർച്ചയായി പ്രസ്തുത നിർദ്ദേശം നീക്കിക്കിട്ടാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്കുചുറ്റും ഒരു സുരക്ഷാ കവചമായി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമൂലം ആരെയും കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല.

ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ W.P.(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്നതിൽ ജനവാസ മേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട്

സംരക്ഷിച്ചുകിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹു. സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോമീറ്റർ E.S.Z.-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീംകോടതിയേയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹു. സുപ്രീംകോടതിയുടെ W.P. (C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ

ഉത്തരവിന്മേൽ ബഹു. സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി വിഷയത്തിൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സ.ഉ.(സാധാ)നം.424/2022/വനം പ്രകാരം തോട്ടത്തിൽ ബി. രാധാകൃഷ്ണൻ (റിട്ടയേർഡ് ജസ്റ്റിസ്) ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ

ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടെയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും

നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 63615 പരാതികൾക്ക് പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 81258 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. 28-12-2022-ലെ സ.ഉ.(സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് 01-03-2023-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള അപേക്ഷ (ഐ.എ. നമ്പർ 5764/2023) ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ചിരുന്നു. ബഹു. സുപ്രീംകോടതി 16-01-2023-ൽ ആയത് പരിഗണിക്കുകയും തുടർവാദം മൂന്നംഗ ബഞ്ച് കേൾക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) സുപ്രീംകോടതി നിർദേശപ്രകാരം അനിവാര്യമായി സമർപ്പിക്കേണ്ടിയിരുന്ന ഉപഗ്രഹ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില കേന്ദ്രങ്ങൾ ആശങ്ക ഉയർത്താൻ നടത്തിയ നീക്കം അനാവശ്യമായിരുന്നെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ബഹു. സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് നടത്തിയ ഉപഗ്രഹ സർവ്വേ സംബന്ധിച്ച് ഉയർന്ന ആശങ്കകളെ സർക്കാർ ഗൗരവപരമായാണ് കണ്ടിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഉപഗ്രഹ സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥല പരിശോധനകൂടി നടത്താൻ തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സ.ഉ.(സാധാ) നം.424/2022/വനം പ്രകാരം തോട്ടത്തിൽ ബി. രാധാകൃഷ്ണൻ (റിട്ടയേർഡ് ജസ്റ്റീസ്) ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

(സി) സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൂതല സർവ്വേ പൂർത്തീകരിച്ച് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എത്ര നിർമ്മിതികളാണ് കരുതൽ മേഖലയിലുള്ളതെന്ന് വ്യക്തമാക്കുമോ?

വിദഗ്ധ സമിതിയുടെ റിപ്പോർട്ട് 01-03-2023-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. KSREC വികസിപ്പിച്ച അസ്സറ്റ് മാപ്പർ എന്ന മൊബൈൽ

ആപ്പ് മുഖേന നടത്തിയ ഫീൽഡ് വെരിഫിക്കേഷനിൽ 62039 നിർമ്മിതികളും ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയിൽ 49374 നിർമ്മിതികളുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇവ രണ്ടിലെയും വിവരങ്ങൾ പരിഗണിച്ചുകൊണ്ടും ഇരട്ടിപ്പുകളുള്ള ഡാറ്റ ഒഴിവാക്കിക്കൊണ്ടും അന്തിമ കണക്ക് പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ 24 സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിൽ 70582 നിർമ്മിതികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

**പാലോട് റെയ്ഞ്ചിലെ ജണ്ട നിർമ്മാണം**

99 (6389) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 വർഷങ്ങളിൽ പാലോട് റെയ്ഞ്ചിൽ എത്ര കിലോമീറ്റർ വനാതിർത്തി ജണ്ട നിർമ്മിച്ച് വേർതിരിക്കാൻ അവശേഷിച്ചിരുന്നുവെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയ്ഞ്ചിലെ വനാതിർത്തി 2019-2020 വർഷത്തിൽ 61 കിലോമീറ്ററും 2020-21 വർഷത്തിൽ 52.79 കിലോമീറ്ററും ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കാൻ അവശേഷിച്ചിരുന്നു.

(ബി) 2019-20, 2020-21 വർഷങ്ങളിൽ പാലോട് റെയ്ഞ്ചിൽ നിർമ്മിച്ച

ജണ്ടകളുടെ എണ്ണവും അതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ?

പാലോട് റെയ്ഞ്ചിൽ 2019-20 വർഷത്തിൽ 900 ജണ്ടകൾ നിർമ്മിക്കുന്നതിനായി 83,21,679/- രൂപയും 2020-21 വർഷത്തിൽ 2315 ജണ്ടകൾ നിർമ്മിക്കുന്നതിനായി 2,47,94,642/- രൂപയും ചെലവായിട്ടുള്ളതായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ പാലോട് റെയ്ഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ എത്രയെണ്ണം വനം വിജിലൻസ് വിഭാഗം പരിശോധിച്ചുവെന്നും അതിൽ എത്രയെണ്ണത്തിന് നിർമ്മാണ അപാകതയുള്ളതായി കണ്ടെത്തിയെന്നും വെളിപ്പെടുത്തുമോ?

പ്രസ്തുത കാലയളവിൽ പാലോട് റെയ്ഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ 3302 ജണ്ടകൾ വനം വിജിലൻസ് വിഭാഗം പരിശോധിച്ചു. ആയതിൽ വിശദ പരിശോധന പൂർത്തിയായതിൽ 390 ജണ്ടകൾക്ക് ഇതുവരെ നിർമ്മാണത്തിൽ അപാകതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

**വനാതിർത്തി നിർണ്ണയം**

100 (6390) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട്, കോട്ടൂർ, കായണ്ണ, കാന്തലാട് വില്ലേജുകളിൽ വനാതിർത്തി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അതിർത്തി പൂർണ്ണമായും നിശ്ചയിച്ചിട്ടുള്ളതെന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് അതിർത്തി നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

കായണ്ണ, കാന്തലാട് എന്നീ വില്ലേജുകളിൽ നിക്ഷിപ്ത വനം സ്കെച്ചിന്റെ അടിസ്ഥാനത്തിൽ വനാതിർത്തി നിർണ്ണയിച്ചിട്ടുള്ളതാണ്. കൂരാച്ചുണ്ട് വില്ലേജിലുൾപ്പെട്ടുവരുന്നതും വനം വകുപ്പ് സംരക്ഷിച്ചുവരുന്നതുമായ വി.എഫ്.സി. ഐറ്റം 5 എ ഒഴികെയുള്ള എല്ലാ നിക്ഷിപ്ത വനങ്ങളുടെയും അതിർത്തി സ്കെച്ചുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ളതാണ്. കോട്ടൂർ വില്ലേജിൽ വനം ഉൾപ്പെട്ടുവരുന്നില്ല.

(ബി) പ്രസ്തുത വില്ലേജുകളിൽ റവന്യൂ, വനം വകുപ്പുകളുടെ ജോയിന്റ് സർവ്വേ പൂർത്തീകരിച്ചതാണോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിലാണ് സർവ്വേ ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന വിശദാംശം അറിയിക്കാമോ?

കോഴിക്കോട് ഡിവിഷനിലെ മേൽ വില്ലേജുകളിൽപ്പെട്ട വനഭൂമി നിക്ഷിപ്ത വനത്തിൽപ്പെട്ടവയാണ്. Kerala Land Assignment (Regularisation of Occupations of Forest Lands prior to 01-01-1977) Special Rules 1993

പ്രകാരം നിക്ഷിപ്ത വനഭൂമിയും പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളും കയ്യേറിയവർക്ക് ഭൂമി പതിച്ച് നൽകാൻ നിർവ്വാഹമില്ലെന്ന് 08-11-2018-ലെ W.P.(C) 4501/2018 നമ്പർ കേസിലെ വിധിപ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ കോടതിവിധി നിലനിൽക്കുന്നതിനാൽ നിക്ഷിപ്ത വനഭൂമിയിൽ സംയുക്ത സർവ്വേ നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതില്ല.

(സി) പ്രസ്തുത വില്ലേജുകളിൽ പരാതിക്കാരായ എല്ലാ കർഷകരുടെയും ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾക്ക് സർവ്വേ നടത്തി പരിഹാരം കണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എല്ലാ കർഷകരുടേയും ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾക്ക് സർവ്വേ നടത്തി പരിഹാരം കണ്ടിട്ടുള്ളതല്ല. 08-11-2018-ലെ WP(C)No.4501/2018 കേസിലെ കോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വേ നടത്തി പരിഹാരം കാണാൻ സാധിക്കുകയില്ല.

**വനഭൂമി സംരക്ഷിക്കാൻ നടപടി**

101 (6391) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

വനഭൂമിയുടെ സംരക്ഷണത്തിനായി നിരന്തരമായി പകലും രാത്രിയുമുള്ള പട്രോളിംഗ്, വനാന്തർഭാഗത്തുള്ള ക്യാമ്പിംഗ്, വനസംരക്ഷണ സമിതികളുടെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ, വനസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെ നടപ്പാക്കൽ, വനാതിർത്തി ജണ്ടകെട്ടി വേർതിരിക്കൽ, വനം കയ്യേറ്റം തടയൽ, കാട്ടുതീ പ്രതിരോധത്തിന്റെ ഭാഗമായി ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി ആയതിലെ ശിപാർശകൾ നടപ്പിലാക്കൽ, വനസംരക്ഷണ ജീവനക്കാർക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളും പരിശീലനവും ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ വനപരിപാലനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങളുടെ പരിപാലനം, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്.

(ബി) സ്വകാര്യ വനം പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ വനങ്ങൾ പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും നിലവിൽ സ്വീകരിച്ചുവരുന്നില്ല.

(സി) വനത്തോട് ചേർന്നുനിൽക്കുന്ന ഭാഗങ്ങളിൽ യഥാർത്ഥ കർഷകരെ സംരക്ഷിക്കുന്നതിനോടൊപ്പം വനഭൂമി കയ്യേറുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

വനത്തോട് ചേർന്നുനിൽക്കുന്ന ഭാഗങ്ങളിൽ യഥാർത്ഥ കർഷകരെ സംരക്ഷിക്കുന്നതിനോടൊപ്പം വനഭൂമി കയ്യേറുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി സർവ്വേ ടീമിന്റെ സഹായത്തോടെ വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുകയും ഫീൽഡ് വിഭാഗം ജീവനക്കാരും വാച്ചർമാരും വനാന്തർഭാഗത്തും വനാതിർത്തികളിലും നിരന്തരം പട്രോളിംഗ് നടത്തി വനഭൂമി കയ്യേറുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതുമാണ്. വനം കയ്യേറ്റം കർശനമായി തടയുന്നതിന് വനാതിർത്തികളിൽ പരിശോധന നടത്തുകയും കയ്യേറ്റങ്ങൾ കണ്ടെത്തുന്നപക്ഷം നിയമാനുസൃതം കേസുകൾ രജിസ്റ്റർ ചെയ്യുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**ഹൈക്കോടതി വിധി പ്രകാരം വനഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടികൾ**

102 (6392) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ല്യൂ.പി.സി. നമ്പർ 1613/2011 കേസിലെ ഹൈക്കോടതി വിധിപ്രകാരം നിക്ഷിപ്ത വനഭൂമി അർഹരായവർക്ക് പതിച്ചുകൊടുക്കുന്നതിൽ തീരുമാനമെടുക്കാൻ കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 29-10-2021-ലെ WP(സി) No. 1613/2011 കേസിലെ വിധിപ്രകാരം കക്ഷികൾ സമർപ്പിച്ച പരാതികൾ പരിശോധിച്ച്, കക്ഷികളെ ഹിയറിംഗ് നടത്തി നിയമാനുസൃതം നടപടികൾ സ്വീകരിക്കാൻ ഒന്നാം എതിർകക്ഷിയായ വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഇ 2/283/2021-എഫ്.ഡബ്ല്യൂ.എൽ.ഡി. നമ്പർ ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടതിനുശേഷം FWLD-E2/283/2021-FWLD നമ്പർ ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ഫയലിലെ നടപടിയുടെ ഭാഗമായി സർക്കാർ കക്ഷികളെ വിസ്തരിച്ചിട്ടുണ്ടോ; എങ്കിൽ അതെന്നാണെന്ന് അറിയിക്കാമോ?

ഉണ്ട്. അപേക്ഷ സമർപ്പിച്ച കക്ഷികളെ 06-08-2022-ൽ സർക്കാർ കേട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത ഫയലിന്മേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

17-03-2023-ലെ ജി.ഒ. (ആർ.ടി.) നം. 115/2023/എഫ്.ഡബ്ല്യൂ.എൽ.ഡി. നമ്പർ ഉത്തരവുപ്രകാരം പ്രസ്തുത ഫയലിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**ട്രീ കമ്മിറ്റികളുടെ പ്രവർത്തനം**

103 (6393) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ട്രീ കമ്മിറ്റികളുടെ പ്രവർത്തനങ്ങളും കമ്മിറ്റിയിലെ അംഗങ്ങളുടെ വിശദാംശവും അറിയിക്കാമോ?

10-10-2010-ലെ ജി.ഒ. (ആർ.റ്റി.) നം. 68/2010/വനം നമ്പർ സർക്കാർ ഉത്തരവുപ്രകാരം സാമൂഹ്യവനവൽക്കരണ വിഭാഗത്തിനുകീഴിൽ ജില്ലാതലത്തിൽ ട്രീ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. സർക്കാർ/ പൊതുസ്ഥലങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ ട്രീ കമ്മിറ്റി പരിശോധിച്ച് നിബന്ധനകൾക്കുവിധേയമായി മുറിച്ചുമാറ്റാൻ അനുമതി

നൽകിവരുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്/മേയർ/ചെയർപേഴ്സൺ എന്നിവർ ആരെങ്കിലും ചെയർമാനായും സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുമാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. കമ്മിറ്റിയിൽ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ടൗൺ പ്ലാനർ, സർക്കാർ നോമിനേറ്റ് ചെയ്ത എൻ.ജി.ഒ. പ്രതിനിധി എന്നിവർ അംഗങ്ങളാണ്. 21-04-2010-ലെ ജി.ഒ. (ആർ.റ്റി.) നം. 172/2010/വനം നമ്പർ സർക്കാർ ഉത്തരവുപ്രകാരം എൻ.ജി.ഒ. കമ്മിറ്റി അംഗങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. 07-02-2023-ലെ സ.ഉ.(സാധാ) നം. 58/2023/വനം നമ്പർ സർക്കാർ ഉത്തരവുവഴി 20 പേരെക്കൂടി പാനലിലുൾപ്പെടുത്തി ട്രീ കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കമ്മിറ്റിയുടെ തീരുമാനങ്ങളിന്മേൽ ഏതെങ്കിലും അംഗത്തിന് വീറ്റോ അധികാരമുണ്ടോയെന്ന് അറിയിക്കാമോ;

(സി) വീറ്റോ അധികാരമുള്ള അംഗങ്ങൾ വർഷങ്ങളോളം തുടർച്ചയായി പ്രവർത്തിക്കുന്നത് ഏത് ചട്ടപ്രകാരമാണെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് വർഷങ്ങളോളം സ്ഥിരമായി പ്രസ്തുത കമ്മിറ്റികളിലുൾപ്പെട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിക്കുന്ന അംഗങ്ങളുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കാമോ?

(ബി&സി) ട്രീ കമ്മിറ്റി അംഗങ്ങൾക്ക് വീറ്റോ അധികാരമില്ല. എൻ.ജി.ഒ. കമ്മിറ്റി അംഗങ്ങളുടെ കാലാവധി നിശ്ചയിച്ചിട്ടില്ല.

(ഡി) പൊതുമരാമത്ത് റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുകയും അതേ മരങ്ങൾമൂലം അപകടങ്ങളുണ്ടാകുകയും ചെയ്യുമ്പോൾ, അപ്രകാരമുണ്ടാകുന്ന നഷ്ടത്തിന് പ്രസ്തുത കമ്മിറ്റിക്ക് ബാധ്യത ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; അറിയിക്കുമോ?

പരിഗണനയിലില്ല.

(ഇ) പ്രസ്തുത തീരുമാനത്തിൽ യാതൊരു പങ്കുമില്ലാത്ത പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ അത്തരം അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യതപ്പെടുന്നത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച് വനം വകുപ്പിൽ ഉത്തരവുകളോ ചട്ടങ്ങളോ നിലവിലില്ല.

**ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

104 (6394) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് വനം വകുപ്പ് ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികളും സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കാമോ?

വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വനം വകുപ്പ് ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് താഴെപ്പറയുന്ന പരിപാടികളും നടപടികളും സ്വീകരിച്ചുവരുന്നു.

ആദിവാസികൾ വനത്തിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, അവരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വനം വകുപ്പ് "വനശ്രീ" പദ്ധതി നടപ്പാക്കിവരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയാണ് വനശ്രീയുടെ മുഖ്യ കർമ്മപരിപാടി. ഇത്തരത്തിൽ 69 വനശ്രീ യൂണിറ്റുകൾ (രണ്ട് മൊബൈൽ യൂണിറ്റുകളുൾപ്പെടെ) വഴി വിപണനം നടത്തുന്നതിലൂടെ വനവിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനും അതിലൂടെ വനാശ്രിതരായ ആദിവാസികളുടെ

ജീവിതനിലവാരം ഉയർത്താനും സാധിക്കുന്നു.

കേന്ദ്ര പട്ടികവർഗ്ഗകാര്യ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന TRIFED-ന്റെ ധനസഹായത്തോടെ വനം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന MSP for MFP പദ്ധതിവഴി കേരളത്തിലെ വനങ്ങളിൽ ലഭ്യമായ കാട്ടുതേൻ ഉൾപ്പെടെ 26 ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിവഴി വനവിഭവങ്ങളുടെ ശേഖരണ-വിപണന സംവിധാനത്തിനായി HAAT ബസാറുകളുടെ നിർമ്മാണം, നിലവിലുള്ള HAAT ബസാറുകളുടെ ആധുനികവത്കരണം, ശേഖരണ കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയും നടത്തിയിട്ടുണ്ട്. ടി പദ്ധതിയിൻകീഴിൽ തേൻ ശേഖരണത്തിനായി വനവികസന ഏജൻസി (FDA) തലത്തിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള ധനസഹായവും നൽകിവരുന്നുണ്ട്.

ചെറുകിട വനവിഭവങ്ങളുടെ ചില്ലറ വിപണനത്തിനും മൂല്യവർദ്ധനവിനും പിന്തുണ നൽകുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ വൻ ധൻ വികാസ് യോജന (Van Dhan Vikas Yojana) യുടെകീഴിൽ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (VDVKs) പ്രവർത്തിച്ചുവരുന്നു. ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധനയിലൂടെയും വിപണനത്തിലൂടെയും വനത്തെ ആശ്രയിക്കുന്ന

സമൂഹങ്ങളുടെ ശാക്തീകരണത്തിനായാണ് VDVK-കൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് TRIFED-ന്റെ ധനസഹായത്തോടെ 44 VDVK-കൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ വർഷവും വനവിഭവ ശേഖരണത്തിനായി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിനായി വനം വകുപ്പ് അതത് സംഘങ്ങളുടെ പ്രവർത്തന മേഖലയുൾപ്പെടുന്ന വനം റെയ്ഞ്ചുകൾ അനുവദിച്ചുവരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ഫെഡറേഷൻവഴി വിപണനം നടത്തിവരുന്നു.

വനാതിർത്തികളിൽ താമസിക്കുന്നവർക്ക് ഔഷധസസ്യ കൃഷിയിലൂടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനം വകുപ്പ് 'വന ഔഷധ സമൃദ്ധി' എന്നപദ്ധതി നടപ്പാക്കിവരുന്നുണ്ട്. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ VSS/EDC-കൾവഴി ഔഷധ സസ്യങ്ങൾ, പ്രത്യേകിച്ച് മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കുകവഴി അവർക്ക് മികച്ച വരുമാനം പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ ഘടക സ്ഥാപനമായ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് മഞ്ഞൾ കൃഷിയിലേർപ്പെട്ടിരിക്കുന്ന

VSS/EDC അംഗങ്ങൾക്കാവശ്യമായ പരിശീലനവും സാങ്കേതിക പിന്തുണയും നൽകുന്നു. കൂടാതെ, പങ്കാളിത്ത വന പരിപാലനത്തിനുകീഴിൽ കേന്ദ്ര ഏജൻസികളുടെ ധനസഹായത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യ ബോർഡിന്റെ പദ്ധതി എന്നിവകളിലെ വനവൽക്കരണ-വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകവഴിയും വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും അതുവഴി അവരുടെ ജീവിതനിലവാരം ഉയരുന്നതിനും സഹായകരമാകുന്നു.

**ഇടുക്കി ജില്ലയിലെ വിദ്യാവനം പദ്ധതി**

105 (6395) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; ജില്ലയിലെ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ജി.എച്ച്.എസ്.എസ്. സേത്തുപാറ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കല്ലാർ, ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മുട്ടം, തൊടുപുഴ ജി.എച്ച്.എസ്.എസ്. പുറ്റടി, പഞ്ചായത്ത് എൽ.പി.എസ്. കുമിളി,

ജി.എച്ച്.എസ്.എസ്. മുക്കുടം, ജി.എച്ച്.എസ്.എസ്. ശാന്തൻപാറ, എസ്.എൻ.വി.എച്ച്.എസ്.എസ്. വണ്ണപ്പുറം, കാൽവരി എച്ച്.എസ്. കാൽവരി മൗണ്ട്, ഗവൺമെന്റ് ട്രൈബൽ എച്ച്.എസ്. മുരിക്കാട്ട്കുടി എന്നീ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലയിലെ ഏതൊക്കെ സ്കൂളുകളിൽനിന്നാണ് അപേക്ഷ ലഭിച്ചിരുന്നത്; അവയിൽ ഏതൊക്കെ അനുവദിച്ചിട്ടുണ്ട്; അറിയിക്കാമോ?

ഇടുക്കി ജില്ലയിൽ വിദ്യാവനം പദ്ധതിക്കായി 6 സ്കൂളുകളിൽനിന്നും പുതിയതായി അപേക്ഷ ലഭിക്കുകയും പ്രസ്തുത സ്കൂളുകളിൽ വിദ്യാവനം പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ വിദ്യാവനം പദ്ധതി**

106 (6396) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും അവയുടെ വിശദാംശവും ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയിലൂടെ ഏതെല്ലാം ഇനം വൃക്ഷങ്ങളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ 2021-22 വർഷത്തിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, മാവേലിക്കരയിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്ന വൃക്ഷസമൃദ്ധി, അമൃതവനം, നഗരവനം തുടങ്ങിയ പദ്ധതികൾ മാവേലിക്കര മണ്ഡലത്തിൽ എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ മാവേലിക്കര ബിഷപ്മൂർ കോളേജിൽ നഗരവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വൃക്ഷസമൃദ്ധി പദ്ധതിയിൻകീഴിൽ തദ്ദേശസ്വയംഭരണ വകുപ്പും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ചേർന്ന് മാവേലിക്കര മണ്ഡലത്തിൽ 2021-22 വർഷത്തിൽ 140000 വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. അമൃതവനം പദ്ധതി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതികൾ മണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയനുസരിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി**

107 (6397) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര വനം മന്ത്രാലയത്തിന് വനം വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര വനം മന്ത്രാലയം എന്തൊക്കെ വിശദീകരണങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കേന്ദ്ര വനം മന്ത്രാലയം ചുവടെപ്പറയുന്ന വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. പരിഹാര വനവൽക്കരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള സ്ഥലത്തിന് ചുറ്റുമുള്ള സ്ഥലങ്ങളുടെ ലീഗൽ സ്റ്റാറ്റസ്.
2. പരിഹാര വനവൽക്കരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള 17.5 ഹെക്ടറിൽ 7.40 ഹെക്ടർ മാത്രമേ പരിഹാര വനവൽക്കരണത്തിന് അനുയോജ്യമായിട്ടുള്ളൂവെന്നതിനാൽ, അധികമായി കണ്ടെത്തിയ

സ്ഥലത്തിന്റെ വിശദാംശം.

3. 'ഔർ ഓൺ നാച്വർ ' സെക്രട്ടറി ശ്രീ. ധർമ്മരാജ് സി. എസ്., കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ നിവേദനത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം.

4. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് യൂസർ ഏജൻസി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ മുന്നോട്ടുവച്ച പദ്ധതികളിന്മേലുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അഭിപ്രായം.

(സി) പ്രസ്തുത തുരങ്കപാത പദ്ധതിക്കായി കേന്ദ്ര വനം മന്ത്രാലയത്തിന് സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷ നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതുമൂലം വനഭൂമി നഷ്ടപ്പെടാത്ത സാഹചര്യത്തിൽ പകരം ഭൂമി നൽകാനുള്ള വ്യവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 17.263 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നതിനാൽ 1980-ലെ വനസംരക്ഷണ നിയമത്തിലെ നിബന്ധനകൾപ്രകാരം പകരം ഭൂമി നൽകുന്നതിനുള്ള വ്യവസ്ഥ

ഒഴിവാക്കാൻ കഴിയുകയില്ല.

**കാസർഗോഡ് ഡിവിഷനുകീഴിലെ വനസംരക്ഷണ സമിതികൾ**

108 (6398) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡി.എഫ്.ഒ.-യുടെ കീഴിൽവരുന്ന റെയ്ഞ്ചുകളിൽ നിലവിൽ എത്ര വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കാമോ?

കാസർഗോഡ് ഡിവിഷനിൽ നിലവിൽ 15 വനസംരക്ഷണ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത സമിതികൾ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

മേൽ വനസംരക്ഷണ സമിതികൾ മുഖേന വിവിധയിനം വൃക്ഷത്തൈകൾ വനമേഖലയിൽ നട്ടുപിടിപ്പിക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ, മറ്റ് വനസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിവരുന്നു. വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വനാശ്രിത സമൂഹത്തിന്റെ ജീവിതസാഹചര്യം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തിവരുന്നുണ്ട്. കൂടാതെ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്.

**മലബാറിലെ കാവുകളെ സംരക്ഷിക്കുന്നതിന് പദ്ധതി**

109 (6399) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്രങ്ങൾക്കനുബന്ധമായി നിലകൊള്ളുന്ന കാവുകളെ സംരക്ഷിക്കുന്നതിന് വനം വകുപ്പിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മലബാറിലെ ക്ഷേത്രങ്ങൾക്കനുബന്ധമായി നിലകൊള്ളുന്ന കാവുകളെ സംരക്ഷിക്കുന്നതിന് വനം വകുപ്പിന് പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) ഇത്തരം കാവുകളെ സംരക്ഷിക്കുന്നതിന് വകുപ്പ് ഫണ്ട് അനുവദിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് 2406-02-110-68-CBD ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ടിൽനിന്നുമാണ് കാവുകൾക്കുള്ള ധനസഹായത്തിന് തുക കണ്ടെത്തുന്നത്.

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

110 (6400) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ്, കിഫ്ബി ഫേസ്-II സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലേയ്ക്ക് 2365 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 368 അപേക്ഷകൾ (480 അർഹതപ്പെട്ട കുടുംബങ്ങൾ) തീർപ്പാക്കിയിട്ടുണ്ട്.

റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 326 അർഹതപ്പെട്ട കുടുംബങ്ങൾ പദ്ധതിയുടെ ഭാഗഭാക്കായിട്ടുള്ളതാണ്. 326 അർഹതപ്പെട്ട കുടുംബങ്ങളിൽ, 168 അർഹതപ്പെട്ട കുടുംബങ്ങൾക്ക് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപവീതം നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. 158 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യഗഡുവായ 7.5 ലക്ഷം രൂപവീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം 37.05 കോടി രൂപ റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം

സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 326 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക നൽകിയിട്ടുള്ളതാണ്. കിഫ്ബി ഫേസ്-II സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 154 അർഹതപ്പെട്ട കുടുംബങ്ങൾ പദ്ധതിയുടെ ഭാഗഭാക്കായിട്ടുള്ളതാണ്. 154 അർഹതപ്പെട്ട കുടുംബങ്ങളിൽ 62 അർഹതപ്പെട്ട കുടുംബങ്ങൾക്ക് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപവീതം നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. 92 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യഗഡുവായ 7.5 ലക്ഷം രൂപവീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം 16.2 കോടി രൂപ കിഫ്ബി ഫേസ്-II സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 154 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക നൽകിയിട്ടുള്ളതാണ്. മേൽ പദ്ധതികൾപ്രകാരം 480 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക നൽകി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുള്ളതും ഇപ്രകാരം 53.25 കോടി രൂപ ഈയിനത്തിൽ ചെലവാക്കിയിട്ടുള്ളതുമാണ്.

(ബി) പദ്ധതിയുടെ ഭാഗമായി പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെയും അനുവദിച്ച തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ്, കിഫ്ബി ഫേസ് II സ്വയംസന്നദ്ധ

പുനരധിവാസ പദ്ധതിയുടെ ഭാഗമായി പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെയും അനുവദിച്ച തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വനാധിഷ്ഠിത ഇക്കോടൂറിസം പദ്ധതികൾ**

111 (6401) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാധിഷ്ഠിത ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വനാധിഷ്ഠിത ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി മെച്ചപ്പെട്ട വരുമാനവും ജീവിതനിലവാര ഉയർച്ചയും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വനാധിഷ്ഠിത ഇക്കോടൂറിസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിവരുന്നത്. വനം വകുപ്പിനുകീഴിൽ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നിലവിൽ 60 അംഗീകൃത ഇക്കോടൂറിസം കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വനാശ്രിത സമൂഹത്തിന് പ്രയോജനപ്രദമായ വിധത്തിൽ ഇക്കോടൂറിസം പദ്ധതികൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ അവർക്ക് കൂടുതൽ തൊഴിൽ ലഭിക്കുന്നതിനും അതുവഴി ജീവിതനിലവാര ഉയർച്ചയും ലക്ഷ്യമിട്ടാണ് കേരളത്തിൽ ഇക്കോടൂറിസം നടപ്പാക്കിവരുന്നത്. നിലവിൽ 60 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അതത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC-കളാണ് ടി ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും പരിപാലനത്തിനുമായും സമിതി അംഗങ്ങളെ നിയോഗിച്ചുവരുന്നു. എല്ലാവർക്കും തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ റൊട്ടേഷൻ അടിസ്ഥാനത്തിൽ സമിതി അംഗങ്ങളെ ഇത്തരത്തിൽ നിയോഗിച്ചുവരുന്നു.

(സി) 2016-17 മുതൽ ഇക്കോ ടൂറിസം ഡയറക്ടറേറ്റ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ?

വനം വകുപ്പിന്റെ കീഴിൽ ഇക്കോടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനായി നടപടികളാരംഭിച്ചിട്ടുണ്ട്. ഡയറക്ടറേറ്റ് രൂപീകരണത്തിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പദവിയിലുള്ള സ്പെഷ്യൽ ഓഫീസറെ നിയമിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ശിപാർശ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കോ ടൂറിസം പദ്ധതികൾ വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുമെന്നും വനാശ്രിതത്വം കുറയ്ക്കുമെന്നും പരിസ്ഥിതി അവബോധം വർദ്ധിപ്പിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി മെച്ചപ്പെട്ട വരുമാനവും ജീവിതനിലവാര ഉയർച്ചയും ലഭ്യമാക്കുക എന്നതാണ് ഇക്കോടൂറിസത്തിന്റെ ഉദ്ദേശ്യലക്ഷ്യം. അതത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC-കളാണ് ടി

ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. എല്ലാവർക്കും തൊഴിൽ ലഭിക്കത്തക്കവിധത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ടി അംഗങ്ങളെ നിയോഗിച്ചുവരുന്നു. ഇതിലൂടെ വനാശ്രിതർക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതുവഴി ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നു.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി പഠന ക്ലാസുകളും സ്കൂൾ കുട്ടികൾക്കായി പഠന ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇക്കോടൂറിസം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ട്രക്കിംഗ് പരിപാടികളും നടത്തിവരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി പദ്ധതിപ്രദേശങ്ങളിൽ വനസംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച സൈൻബോർഡുകളും വനം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇത് പൊതുജനങ്ങൾക്ക് വനത്തെയും വന്യജീവികളെയും അടുത്തറിയുന്നതിനും അതുവഴി പരിസ്ഥിതി സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും കഴിയുന്നു.

**താത്ക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് ശമ്പളം**

112 (6402) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ വെള്ളിക്കുളങ്ങര റെയ്ഞ്ചിന് കീഴിലുള്ള താത്ക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് മാസങ്ങളായി ശമ്പളം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വെള്ളിക്കുളങ്ങര റെയ്ഞ്ചിനുകീഴിലുള്ള താത്ക്കാലിക വാച്ചർമാർക്ക് 2022 ഡിസംബർ വരെയുള്ള ശമ്പളം പൂർണ്ണമായും നൽകിയിട്ടുണ്ട്. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളം ഭാഗികമായി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം അതത് മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ഫണ്ട് ലഭ്യമായാലുടൻതന്നെ ശമ്പളം നൽകിവരുന്നുണ്ട്.

(സി) എങ്കിൽ തടസ്സങ്ങൾ നീക്കി പ്രസ്തുത ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഉടൻ നൽകുന്നതിനും അതത് മാസങ്ങളിൽത്തന്നെ ശമ്പളം അനുവദിച്ച് നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായ ശമ്പളം നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ബാക്കിയുള്ള കുടിശ്ശിക ശമ്പളവും അനുവദിക്കുന്നതാണ്.

(ഡി) പ്രസ്തുത ജീവനക്കാർക്ക് പണിയെടുക്കുന്ന മുഴുവൻ ദിവസങ്ങളിലെയും വേതനം അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തുന്ന മുഴുവൻ ദിവസങ്ങളിലെയും വേതനം അനുവദിച്ച് നൽകിവരുന്നുണ്ട്.

**വനം വകുപ്പിലെ സമാശ്വാസ തൊഴിൽദാന പദ്ധതി**

113 (6403) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നേടാൻ അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

താൽക്കാലികമായി നിയമനം ലഭിച്ച ജീവനക്കാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലുള്ള ഒരു ആനുകൂല്യമെന്ന നിലയ്ക്കാണ് സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ടി സൂപ്പർ ന്യൂമററി തസ്തികകൾ ജീവനക്കാർ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്. സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ താൽക്കാലിക

ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലിക്ക് അർഹതയില്ലാത്തതാണ്.

(ബി) കൊല്ലം ജില്ലയിൽ താൽക്കാലിക വാച്ചറായി ജോലി ചെയ്തിരുന്ന ജീവനക്കാരന്റെ ആശ്രിതയ്ക്ക് ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത ജോലി നൽകിയതെന്ന് വെളിപ്പെടുത്തുമോ?

വനം-വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ പുനലൂർ സോഷ്യൽ ഫോറസ്റ്റി റെയ്ഞ്ചിലെ പ്ലാന്റേഷനുകളിൽ ദിവസവേതന വാച്ചറായി ജോലി നോക്കിയിരുന്ന വിവേകാനന്ദൻ 30-10-2016-ൽ മരണപ്പെടുകയുണ്ടായി. പരേതന്റെ മകൾ കുമാരി ആതിര എൻ. വി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകുന്നതിന് 01-07-2022-ലെ സ.ഉ. (കൈ) നം. 36/2022/വനം പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഇതിന്റെയടിസ്ഥാനത്തിൽ വനം വകുപ്പിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ആശ്രിതരുടെയെല്ലാം അപേക്ഷകൾ പരിശോധിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകാൻ

നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വനം വകുപ്പിൽ താൽക്കാലികമായി ജോലിചെയ്തിരുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**റാപ്പിഡ് റെസ്പോൺസ് ടീമുകൾ എണ്ണം വർദ്ധിപ്പിക്കൽ**

114 (6404) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങൾ കാടിറങ്ങുന്നത് ദിനംപ്രതി വർദ്ധിക്കുമ്പോഴും മുപ്പത്തിയാറ് വനം ഡിവിഷനുകൾക്കായി ആകെ പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകൾ മാത്രമാണുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.ടി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ച സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൂടാതെ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ 7 ആർ.ആർ.റ്റി.-കൾ താത്ക്കാലികമായി പ്രവർത്തിച്ചുവരുന്നു.

**ഫോറസ്റ്റ് വകുപ്പ് സിവിൽ സർവ്വീസ് കായികമേള**

115 (6405) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് വകുപ്പിലെ യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടെ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വനം വകുപ്പിൽ കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കിവരുന്ന ശ്രീ. വിശാഖ് കെ., ശ്രീമതി ഡോണ കെ. അഗസ്റ്റിൻ എന്നിവർ കാസർഗോഡ് ജില്ലാ കളക്ടറുടെ അനുമതി പ്രകാരവും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 03-12-2021-ലെ ഡബ്ല്യു.പി.സി. നമ്പർ 27597/21 വിധിന്യായപ്രകാരവുമാണ് സംസ്ഥാന സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുത്തത്. പ്രസ്തുത ഉത്തരവുകളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വനം വകുപ്പ് മേലധികാരികളുടെ അനുമതിയില്ലാതെ യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ സിവിൽ സർവ്വീസ് മീറ്റിൽ പങ്കെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരവും കാസർഗോഡ് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരവും ഓഫീസ് മേലധികാരിയുടെ അനുമതിയോടുകൂടിയാണ് സംസ്ഥാന സിവിൽ സർവ്വീസ് കായികമേളയിൽ ടി ജീവനക്കാർ പങ്കെടുത്തത്.

(സി) ഏതെങ്കിലും കോടതിയുടെ ഇടക്കാല ഉത്തരവ് നിലവിലുള്ളപ്പോൾ അതിന്റെ പൂർണ്ണ വിധി വരുന്നതിനുമുമ്പ് യൂണിഫോം ഉദ്യോഗസ്ഥർ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 03-12-2021-ലെ ഡബ്ല്യു.പി.സി. നമ്പർ 27597/21 വിധി ന്യായപ്രകാരമാണ് ടി ഉദ്യോഗസ്ഥർ കാസർഗോഡ് ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന സിവിൽ സർവ്വീസ് കായികമേളയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പങ്കെടുത്തത്. ഈ ഉത്തരവ് പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതി 16-12-2022-ലെ ഉത്തരവ് മുഖേന കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത ജീവനക്കാർക്ക് കോടതിയിൽ പോകുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ വനം വകുപ്പിന്റെ അനുമതി വാങ്ങേണ്ട ആവശ്യമില്ല.

(ഇ) നിലവിൽ അനുമതി നേടാനുള്ള എത്ര കേസുകൾ വനം വകുപ്പിന്റെ പരിഗണനയിലുണ്ട്; ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഇത്തരം കേസുകൾ വനം വകുപ്പിന്റെ പരിഗണനയിലില്ല.

**പാലക്കാട് ജില്ലയിൽ കൈവശരേഖ ലഭിക്കാനുള്ളവർ**

116 (6406) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിക്കാനുള്ള അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലുൾപ്പെടുന്ന വനം ഡിവിഷനുകൾക്കുകീഴിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിക്കാനായി 246 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വനം വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ**

117 (6407) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര ചെക്ക് പോസ്റ്റുകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും എത്ര ജീവനക്കാരാണ് ഓരോ ചെക്ക് പോസ്റ്റിലുമുള്ളതെന്നും പട്ടിക തിരിച്ച് വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള ചെക്ക് പോസ്റ്റുകളുടെയും ജീവനക്കാരുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വനം വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് റോഡിനുകുറുകെ പോസ്റ്റ് സ്ഥാപിച്ച് വാഹനങ്ങളെയും വ്യക്തികളെയും തടഞ്ഞ് പരിശോധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിന്റെ കീഴിൽ റോഡിനുകുറുകെ പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളതും വാഹനങ്ങളെയും വ്യക്തികളെയും തടഞ്ഞ് പരിശോധന നടത്തുന്നതുമായ ചെക്ക് പോസ്റ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വനം വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുവരുന്ന വാഹനങ്ങൾ പരിശോധനയ്ക്കെത്തുമ്പോൾ താൽക്കാലിക വാച്ചർമാരെ ഉപയോഗിച്ച് പരിശോധന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിലെ ഗോൾഡൻവാലി ചെക്ക് പോസ്റ്റിൽ പൊന്മുടി ഇക്കോടൂറിസം ഗൈഡുമാരാണ് നിലവിൽ പരിശോധന നടത്തിവരുന്നത്. കൂടാതെ, കോതമംഗലം ഡിവിഷനിലെ കുരുതിക്കുളം ചെക്ക് പോസ്റ്റിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സഹായത്തിനായി താൽക്കാലിക വാച്ചർമാരെയും നിയോഗിച്ചുവരുന്നുണ്ട്.

(ഡി) ചെക്ക് പോസ്റ്റുകളിൽ വാഹനം പരിശോധനയ്ക്ക് വിധേയമാക്കാത്തതും വാഹനങ്ങളുടെ വിവരം രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ചെക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോസ്റ്റുകൾ നിർത്തലാക്കി ജിവനക്കാരെ മറ്റ് സ്റ്റേഷനുകളിലേയ്ക്കോ എൻഫോഴ്സ്മെന്റിന്റെ ഭാഗമാക്കി മാറ്റുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ചെക്ക് പോസ്റ്റുകളിൽ വാഹനം പരിശോധനയ്ക്ക് വിധേയമാക്കാത്തതും വാഹനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതുമായ ഒരു സംഭവം സൗത്ത് വയനാട് ഡിവിഷനിലെ ലക്കിടി ചെക്ക് പോസ്റ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പനംകുട്ടി, തലക്കോട്, ബോഡിമെട്ട്, പാലാർ ചെക്ക് പോസ്റ്റുകൾ ദേശീയ/സംസ്ഥാന പാതകൾ ഉൾപ്പെടെ വളരെ തിരക്കേറിയ റോഡുകളിൽ സ്ഥിതിചെയ്യുന്നതിനാൽ എല്ലാ വാഹനങ്ങളും പൂർണ്ണമായും പരിശോധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി ചെക്ക് പോസ്റ്റുകളിലൂടെ തടി, വനവിഭവങ്ങൾ, വന്യജീവി കടത്ത് ഉൾപ്പെടെയുള്ളവ കണ്ടെത്തുന്നതിന് ചരക്കുവണ്ടികൾ കൃത്യമായി പരിശോധിച്ചശേഷമാണ് കടത്തിവിടുന്നത്. സംശയാസ്പദമായ സാഹചര്യങ്ങളിലും രഹസ്യ/ഇന്റലിജൻസ് വിവരങ്ങളുടെ അടിസ്ഥാനത്തിലും മറ്റ് വാഹനങ്ങളിലും പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ വന കുറ്റകൃത്യങ്ങൾ ഒരുപരിധിവരെ തടയുന്നതിന് സാധിക്കുന്നുണ്ട്.

(ഇ) ചെക്ക് പോസ്റ്റുവഴി കടന്നുപോകുന്ന വാഹനങ്ങൾ നിർത്തി രേഖകൾ പരിശോധിക്കാതെ 24 മണിക്കൂറും ജീവനക്കാരെ ഡ്യൂട്ടിക്കുമാത്രം നിയോഗിച്ച് പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾകൊണ്ട് വനം വകുപ്പ് ലക്ഷ്യം വയ്ക്കുന്നതെന്തെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി സംരക്ഷണത്തിനും തടി, ചന്ദനം, ആനക്കൊമ്പ്, മറ്റ് വനവിഭവങ്ങളുടെ അനധികൃത കടത്ത്, വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലേയ്ക്കുള്ള അനധികൃത പ്രവേശനവും ഇടപെടലുകളും തടയുന്നതിനുമായാണ് വനംവകുപ്പ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിപ്പിച്ചുവരുന്നത്. റാന്നി ഡിവിഷനിലെ വടശ്ശേരിക്കര, രാജംപാറ ചെക്ക് പോസ്റ്റുകളിൽ ശബരിമല സീസണിൽ തീർത്ഥാടക പ്രവാഹം നിയന്ത്രണാതീതമാകുകയാണെങ്കിൽ ആയത് നിയന്ത്രണ വിധേയമാക്കാനുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

**കാട്ടുതീ തടയാൻ നടപടി**

118 (6408) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടുതീ പടരുന്നത് തടയുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റിൽ എത്രതുക അനുവദിച്ചിട്ടുണ്ടെന്നും എത്രതുക

ചെലവഴിച്ചിട്ടുണ്ടെന്നും നടപ്പുസാമ്പത്തികവർഷം എത്രതുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കാട്ടുതീ പടരുന്നത് തടയുന്നതിനായി 2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 2286.96 ലക്ഷം രൂപയിൽ 1999.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23-ൽ (നടപ്പുസാമ്പത്തികവർഷം) ഇക്കാര്യത്തിനായി 2689.51 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**പുനലൂർ മണ്ഡലത്തിലെ ഇടമൺ 34-ലെ ഫോറസ്റ്റ് കോംപ്ലക്സ്**

119 (6409) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ഇടമൺ 34-ലെ ഫോറസ്റ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം കഴിഞ്ഞ് ഒന്നര വർഷമായിട്ടും തുറന്നുപ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബീറ്റ് ഫോറസ്റ്റ് സ്റ്റേഷനൊപ്പം വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്താൻ ലക്ഷ്യമിട്ട് ഇരുപത് ലക്ഷം രൂപ മുടക്കി നിർമ്മിച്ച ഫോറസ്റ്റ് കോംപ്ലക്സ് കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) പുനലൂർ നിയോജകമണ്ഡലത്തിലെ പുനലൂർ ഡിവിഷന്റെ

പരിധിയിൽവരുന്ന ഇടമൺ 34 എന്നസ്ഥലത്ത് അഞ്ചൽ റെയ്ഞ്ചിലെ ആയിരനല്ലൂർ, കരവാളൂർ, കളംകുന്ന് എന്നീ മൂന്ന് ഫോറസ്റ്റ് സെക്ഷനുകൾ ഒരുമിച്ച് സ്റ്റേഷൻതലത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഒരു കെട്ടിടം 2020-21 സാമ്പത്തികവർഷത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. ആയിരനല്ലൂർ ഫോറസ്റ്റ് സ്റ്റേഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്. അഞ്ചൽ റെയ്ഞ്ചിലെ ആയിരനല്ലൂർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ, ടി കെട്ടിടം ആയിരനല്ലൂർ സെക്ഷൻ ഫോറസ്റ്ററുടെ കാര്യാലയമായി നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. ഏരൂർ ഇടമൺ 34 റോഡ് വീതികൂട്ടുന്ന ജോലികളുമായി ബന്ധപ്പെട്ട് ടി കെട്ടിടത്തിലേയ്ക്കുള്ള വൈദ്യുതി കണക്ഷനും വാട്ടർ സപ്ലൈയും വിച്ഛേദിക്കപ്പെട്ടതിനാൽ ടി കെട്ടിടം കുറച്ചുനാൾ ഉപയോഗിച്ചിട്ടില്ലായിരുന്നു.

**കാട്ടുതീ പ്രതിരോധം**

120 (6410) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനമേഖലയിലേയ്ക്ക് അഗ്നിശമന വാഹനങ്ങൾ വേഗത്തിൽ

കടന്നുചെല്ലാൻ കഴിയുന്നതരത്തിലുള്ള റോഡുകളുടെ അഭാവം, കാട്ടുതീ പ്രതിരോധത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വനമേഖലയിൽ കാട്ടുതീയുണ്ടായാൽ സാധാരണയായി വനം വകുപ്പ് ജീവനക്കാർ വനസംരക്ഷണ സമിതി (വി.എസ്.എസ്.)/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി.) അംഗങ്ങൾ/ഫയർ വാച്ചർമാർ എന്നിവരുടെ കൂട്ടായ പരിശ്രമത്താലാണ് തീയണയ്ക്കുന്നത്. കാട്ടുതീ പടരാതിരിക്കാൻ ഫയർ ലൈൻ, ഫയർ ബ്രേക്ക്, കൺട്രോൾ ബേണിംഗ്, കൗണ്ടർ ഫയർ എന്നീ പ്രതിരോധപ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

വനത്തിനുള്ളിലേയ്ക്കുള്ള പ്രധാന കൂപ്പ് റോഡുകൾ, ട്രക്ക് പാത്തുകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കാനായി കാട്ടുതീയുണ്ടാകാനിടയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി വനാശ്രിതരായ വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെ ഫയർ വാച്ചർമാരായും ഫയർ ഗ്യാംഗുകളിലും നിയോഗിച്ചിട്ടുള്ളതും ഇത്തരം സ്ഥലങ്ങളിൽ ജീവനക്കാർ നിരന്തരം പട്രോളിംഗ് നടത്തിവരുന്നുമുണ്ട്. വനത്തിൽനിന്നും ജനവാസ

മേഖലകളിലേയ്ക്ക് തീപടരുന്ന സാഹചര്യമുണ്ടാകുമ്പോൾ മാത്രമാണ് അഗ്നിശമനസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നത്.

**കേന്ദ്ര വനാവകാശ നിയമത്തിലെ പുനരധിവാസ വ്യവസ്ഥകൾ**

121 (6411) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ലെ കേന്ദ്ര വനാവകാശ നിയമത്തിലെ വകുപ്പ് 4(2)-ൽ പരാമർശിക്കുന്ന പുനരധിവാസ വ്യവസ്ഥകളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2006-ലെ കേന്ദ്ര വനാവകാശ നിയമത്തിലെ വകുപ്പ് 4(2)-ൽ പരാമർശിക്കുന്ന പുനരധിവാസ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

4(2) ദേശീയ പാർക്കുകളിലെയും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലെയും സന്നിദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളിൽ ഈ ആക്റ്റിൻകീഴിൽ അംഗീകരിച്ചിട്ടുള്ള വനാവകാശങ്ങൾ പിന്നീട് വ്യത്യാസപ്പെടുത്തുകയോ പുനർനിശ്ചയിക്കുകയോ ചെയ്യാവുന്നതും എന്നാൽ താഴെപ്പറയുന്ന എല്ലാ ഉപാധികളും ബോദ്ധ്യപ്പെട്ടതായ സംഗതിയിലല്ലാതെ

വന്യജീവി സംരക്ഷണത്തിനായി അഭംഗമായ പ്രദേശങ്ങൾക്ക് രൂപംനൽകുന്നതിനായുള്ള ഉദ്ദേശങ്ങൾക്കുവേണ്ടി യാതൊരു വനാവകാശ കൈവശക്കാരെയും പുനരധിവസിപ്പിക്കുന്നതിനോ അവരുടെ അവകാശങ്ങളെ ഏതൊരു രീതിയിലും ബാധിക്കുവാനോ പാടില്ലാത്തതുമാണ്, അതായത്:-

(ക) പരിഗണനയിലിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും 6 വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള അവകാശങ്ങൾ അംഗീകരിക്കലും നിക്ഷിപ്തമാക്കലും പ്രക്രിയ പൂർത്തിയായിരിക്കുകയും;

(ഖ) 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് (1972-ലെ 53)-ൻ കീഴിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികൾ, വന്യജീവികളിന്മേൽ അവകാശ കൈവശക്കാരുടെ പ്രവർത്തനങ്ങളും സാന്നിദ്ധ്യംമൂലമുള്ള ആഘാതവും അപരിഹാര്യമായ നാശനഷ്ടത്തിനും പ്രസ്തുത വംശങ്ങളുടെ നിലനിൽപ്പിനും അവയുടെ വാസസ്ഥാനങ്ങൾക്ക് ഭീഷണിയാകുന്നതിനും മതിയായ കാരണമാകുമെന്ന് സ്ഥാപിച്ചിരിക്കുകയും;

(ഗ) സഹവർത്തിത്വം പോലെയുള്ള മറ്റ് മതിയായ ഓപ്ഷനുകൾ ലഭ്യമല്ലായെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയും;

(ഘ) സുരക്ഷിതമായ ജീവിതവൃത്തി, ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതും കേന്ദ്രസർക്കാരിന്റെ പ്രസക്ത നിയമങ്ങളിലും നയത്തിലും അങ്ങനെയുള്ള ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും നൽകിയിട്ടുള്ള ആവശ്യകതകൾ നിറവേറ്റുന്നതുമായ ഒരു പുനരധിവാസമോ ബദൽ പാക്കേജോ തയ്യാറാക്കുകയും അറിയിച്ചിരിക്കുകയും;

(ങ) ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഗ്രാമസഭകളുടെ നിർദ്ദിഷ്ട പുനരധിവാസത്തിനും പാക്കേജിനുമുള്ള നിർബാധമായി എഴുതി അറിയിച്ച സമ്മതം ലഭിച്ചിരിക്കുകയും;

(ച) വാഗ്ദാനം ചെയ്ത പാക്കേജ് പ്രകാരം പുനരധിവാസ സ്ഥലത്തിൽ സൗകര്യങ്ങളും ഭൂമി വിഭജിച്ചുകൊടുക്കലും പൂർത്തിയാകുന്നതുവരെ യാതൊരു പുനരധിവാസവും നടത്തുവാൻ പാടുള്ളതല്ല. എന്നാൽ, വന്യജീവി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കായി കൈവശാവകാശക്കാരെ അപ്രകാരം സ്ഥലംമാറ്റിയ സന്നിദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളെ സംസ്ഥാന സർക്കാരിനോ കേന്ദ്രസർക്കാരിനോ മറ്റേതെങ്കിലും നികായത്തിനോ അനന്തരം മറ്റാവശ്യങ്ങൾക്കായി വ്യതിചലിപ്പിക്കാൻ പാടുള്ളതല്ല.

(ബി) കേരളത്തിലെ ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്ന് പുനരധിവാസം നടത്തുമ്പോൾ മേൽപ്പറഞ്ഞ പുനരധിവാസ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; ഇതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ട്രൈബൽ സെറ്റിൽമെന്റുകൾക്കായുള്ള പുനരധിവാസ പദ്ധതി കേരളത്തിൽ നിലവിൽ നടപ്പാക്കുന്നില്ല. എന്നാൽ വയനാട് വന്യജീവി സങ്കേതത്തിൽ മുമ്പ് നടപ്പിലാക്കിയ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിൻകീഴിൽ സ്വയംസന്നദ്ധരായ ട്രൈബൽസും ഉൾപ്പെട്ടിരുന്നു. ടി പദ്ധതിപ്രകാരമുള്ള നിർദ്ദേശങ്ങളിൽ താഴെപ്പറയുന്ന രണ്ട് ഓപ്ഷനുകളാണുള്ളത്.

1. വനം വകുപ്പിന്റെ മറ്റ് പുനരധിവാസ പദ്ധതികൾ സ്വീകരിക്കാതെ ഒരു കുടുംബത്തിന് 10 ലക്ഷം രൂപ കൈപ്പറ്റി വന്യജീവി സങ്കേതം/ടൈഗർ റിസർവ്വിൽനിന്ന് ഒഴിഞ്ഞുപോവുക.
2. വന്യജീവി സങ്കേതം/ടൈഗർ റിസർവ്വിൽ താമസിക്കുന്ന കുടുംബങ്ങളെ വനം വകുപ്പ് പുനരധിവസിപ്പിക്കുക. ഈ ഓപ്ഷനിൽ താഴെപ്പറയും പ്രകാരം പുനരധിവാസ സ്ഥലത്ത് നടപ്പിലാക്കുന്നതാണ്.

- കൃഷി ഭൂമി വാങ്ങുന്നതിനും വികസനത്തിനും (2 ഹെക്ടർ) – മൊത്തം

പാക്കേജിന്റെ 35%.

- സെറ്റിൽമെന്റ് ഓഫ് റൈറ്റ്സ് – മൊത്തം പാക്കേജിന്റെ 30%.
- ഗൃഹനിർമ്മാണത്തിന് – മൊത്തം പാക്കേജിന്റെ 20%.
- ഇൻസെന്റീവ് – മൊത്തം പാക്കേജിന്റെ 5%.
- അടിസ്ഥാനസൗകര്യങ്ങൾക്ക് (റോഡ്, കുടിവെള്ളം, ജലസേചനം എന്നിവയ്ക്ക്) – മൊത്തം പാക്കേജിന്റെ 10%.

വയനാട് വന്യജീവി സങ്കേതത്തിൽ ടി സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി താഴെപ്പറയുന്ന പ്രകാരമാണ് നടപ്പിലാക്കിയത്.

ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വയം സന്നദ്ധരായവരിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതിനുവേണ്ടി തീരുമാനിക്കുകയും ബന്ധപ്പെട്ട സെറ്റിൽമെന്റിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ അപേക്ഷ സ്വീകരിക്കുകയും ആയത് പരിശോധിച്ച് പുനരധിവാസ മാനദണ്ഡപ്രകാരം അർഹമായ അപേക്ഷകൾ വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കുകയും ചെയ്യുന്നു. ടി അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് ടി അപേക്ഷകൾ പരിശോധിച്ച് ടി

അപേക്ഷകൾക്ക് അംഗീകാരം നൽകുന്നു. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർ, എം.എൽ.എ., ടി.ഡി.ഒ., ടി.ഒ., എൻ.ജി.ഒ. തുടങ്ങിയവരാണ് ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളത്. അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായ 6 ലക്ഷം രൂപ നൽകുന്നതിന് ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റി തീരുമാനിക്കുന്നു. തുടർന്ന് കരാർപ്രകാരം നിശ്ചിത കാലയളവിനുള്ളിൽ ഗുണഭോക്താക്കളുടെ സ്ഥാവര-ജംഗമ വസ്തുക്കൾ ഗുണഭോക്തക്കൾ മാറ്റുകയും ഭൂമി വനം വകുപ്പ് മഹസ്സർ പ്രകാരം ഏറ്റെടുക്കുകയും ചെയ്യുന്നു. തുടർന്ന് രണ്ടാം ഗഡുവായ നാല് ലക്ഷം രൂപ അനുവദിക്കുന്നതിന് വൈൽഡ് ലൈഫ് വാർഡൻ ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റിക്ക് ശിപാർശ ചെയ്യുന്നു.

(സി) വനാവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനരധിവാസം നടത്തുന്നതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ട്രൈബൽ സെറ്റിൽമെന്റുകൾക്കായുള്ള പുനരധിവാസ പദ്ധതി കേരളത്തിൽ നിലവിൽ നടപ്പാക്കുന്നില്ല.

**ഔദ്യോഗിക ജോലിക്കിടെ മരണപ്പെട്ട ഹുസൈന്റെ കുടുംബത്തിനുള്ള സഹായം**

122 (6412) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക ജോലിക്കിടെ കാട്ടാനയുടെ ആക്രമണംമൂലം മരണപ്പെട്ട കോഴിക്കോട് മുക്കം സ്വദേശി ഹുസൈന്റെ കുടുംബത്തിന് ഇതുവരെ നൽകിയിട്ടുള്ള സഹായം വിശദമാക്കുമോ?

വന്യമൃഗ ആക്രമണത്തിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാര തുകയായ 10 ലക്ഷം രൂപയുടെ ആദ്യഗഡുവായ 5 ലക്ഷം രൂപ ഹുസൈന്റെ കുടുംബത്തിന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 5 ലക്ഷം രൂപ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് നൽകുന്നതാണ്. കൂടാതെ എഫ്.ഡി.എ.-യിൽനിന്നും 1,40,000/- രൂപയും ടിയാന്റെ കുടുംബത്തിന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബത്തിനെ സഹായിക്കുന്നതിന് മരിച്ച വ്യക്തിയുടെ ഭാര്യയ്ക്ക് ജോലി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ?

ഹുസൈൻ ടി. കെ.-യുടെ ഭാര്യയ്ക്ക് താമരശ്ശേരി റെയ്ഞ്ചിൽ ആർ.ആർ.ടി.-യിൽ പാർട്ട് ടൈം സ്വീപ്പറായി എഫ്.ഡി.എ. മുഖാന്തരം

താൽക്കാലിക ജോലി നൽകിയിട്ടുണ്ട്. ഹുസൈന്റെ ആശ്രിതർക്ക് ജോലി നൽകുന്ന വിഷയം പരിശോധിച്ച് അടിയന്തരമായി ശിപാർശ സർക്കാരിൽ സമർപ്പിക്കാനായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്, 10-11-2022-ലെ എഫ്-3/235/ 2022/വനം കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം**

123 (6413) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ സെറ്റിൽമെന്റുകളിൽനിന്നും ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പ് പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. വയനാട് വന്യജീവി ഡിവിഷനിലെ വനത്തിനകത്തെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരും അല്ലാത്തവരുമായവരെ പുനരധിവസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ പദ്ധതിയായ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നിലവിൽ നടപ്പാക്കിവരുന്നുണ്ട്. ഒന്നാംഘട്ട പുനരധിവാസ പദ്ധതിപ്രകാരം

ഗോത്രവർഗ്ഗത്തിൽപ്പെട്ട 190 കുടുംബങ്ങൾക്ക് ആകെ 19 കോടി രൂപ നൽകിയിട്ടുണ്ട്. ആയതിൽ ഇതുവരെ ഗോത്രവർഗ്ഗത്തിൽപ്പെട്ട 129 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ബാക്കിവരുന്ന 61 കുടുംബങ്ങളിൽ മുഴുവൻ തുകയും അനുവദിച്ച കുറിച്യാട് സെറ്റിൽമെന്റിലെ ഗോത്രവർഗ്ഗത്തിൽപ്പെട്ട 33 കുടുംബങ്ങളുടെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച് മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചെട്ടിയാലത്തൂർ സെറ്റിൽമെന്റിലെ 28 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിക്കായി ഫണ്ട് ലഭിക്കുന്ന മാർഗ്ഗങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിക്കായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ വിഹിതമായി 60% തുകയും സംസ്ഥാന സർക്കാർ വിഹിതമായി 40% തുകയുമാണ് അനുവദിച്ചത്. ഈ പദ്ധതിക്ക് നാളിതുവരെ 38.94 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ 38.2 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം ആദിവാസികളുടെ

പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇപ്രകാരം നാളിതുവരെ എത്ര ഏക്കർ ഭൂമി കണ്ടെത്തി വാങ്ങിയിട്ടുണ്ടെന്ന് ഇതിനായി ചെലവഴിച്ച തുക, വാങ്ങിയ ഭൂമിയുടെ സർവ്വേ നമ്പർ എന്നിവയുൾപ്പെടെ വിശദമാക്കുമോ?

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഇംപ്ലിമെന്റിംഗ് കമ്മിറ്റിയാണ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നത്. ടി കമ്മിറ്റിയിൽ വനംവകുപ്പ് കൂടാതെ മറ്റ് പ്രധാനപ്പെട്ട വകുപ്പുകളുടെ അംഗങ്ങളും എൻ.ജി.ഒ. അംഗങ്ങളും ഉൾപ്പെടുന്നു. ജില്ലാതല ഇംപ്ലിമെന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഗുണഭോക്താക്കൾക്ക് അടിസ്ഥാനസൗകര്യങ്ങളായ വെള്ളം, വൈദ്യുതി, ഗതാഗതം എന്നീ സൗകര്യങ്ങളുള്ള 50 സെന്റിൽ കുറയാത്ത ഭൂമി ജില്ലാതല പർച്ചേസ് കമ്മിറ്റി ഏറ്റെടുത്ത് നൽകിവരുന്നു. കുറിച്യാട് സെറ്റിൽമെന്റ് റീ-ലൊക്കേഷനുമായി ബന്ധപ്പെട്ട് ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി 19.9962 ഏക്കർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടത്തി ഉപഭോക്താവിന് നൽകിയിട്ടുണ്ട്. പുനരധിവാസ പദ്ധതിക്ക് ഓരോ അർഹതാകുടുംബത്തിനും അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീടുകൾ വയ്ക്കുന്നതിനായി 4.70 കോടി

രൂപയും ടി ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിനായി 29,11,364/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി ഇനത്തിൽ വാങ്ങിയ ഭൂമിയുടെ സർവ്വേ നമ്പറുകളും സ്ഥലങ്ങളും ചുവടെ ചേർക്കുന്നു.

സുൽത്താൻബത്തേരി താലൂക്ക് കിടങ്ങനാട് വില്ലേജിൽ വടക്കനാട് പ്രദേശത്ത് പള്ളിവയൽ, ചെതലയം എന്നിവിടങ്ങളിൽ വിവിധ സർവ്വെ നമ്പറുകളിലായി - 22/1, 26/4, 95/5, 16/5, 6, 8, 19/3, 4, 5, 33/8, 9, 147/2, 169/3, 108/2, 9, 10, 11, 106/7, 171/4 സുൽത്താൻബത്തേരി താലൂക്ക് ഇരുളം വില്ലേജ് പാപ്ലശ്ശേരി ഭാഗത്ത് സർവ്വെ നമ്പർ -311/1.

**പ്രോജക്ട് ഗ്രീൻ ഗ്രാസ്**

124 (6414) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രോജക്ട് ഗ്രീൻ ഗ്രാസിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ വനമേഖലയിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കംചെയ്ത് വനങ്ങളുടെ സ്വാഭാവികാവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുന്നതിനായി 'പ്രോജക്ട് ഗ്രീൻ ഗ്രാസ്'' എന്നപദ്ധതി വനം വകുപ്പ്

നടപ്പിലാക്കിവരുന്നുണ്ട്. വനമേഖലകളിലും പരിസര പ്രദേശങ്ങളിലും ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനായി വനസംരക്ഷണ സമിതി അംഗങ്ങൾ, ദിവസവേതന വാച്ചർമാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വിവിധ എൻ.ജി.ഒ.-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ, മറ്റ് സർക്കാർ വകുപ്പുകൾ, ശുചിത്വമിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ ഉറവിടങ്ങളിൽനിന്നും മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ടി പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കരുതെന്നുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ക്യാമറ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ച് നിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. വനത്തിനുസമീപത്തുകൂടി കടന്നുപോകുന്ന പാതയോരങ്ങളിലും വനമേഖലയിലും രാത്രിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ പട്രോളിംഗ് ശക്തമായി നടത്തിവരുന്നുണ്ട്. ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വേസ്റ്റ്ബിൻ, പിറ്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പുകൾ എന്നിവ നടത്തിവരുന്നുണ്ട്. മൂന്നാർ വൈൽഡ്

ലൈഫ് ഡിവിഷനുകീഴിൽ രാജമലയിൽ ഒരു വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് മാലിന്യനിർമ്മാർജ്ജനത്തിനായി നിർമ്മിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ ലഭിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനായി 13-09-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 406/2018/വനം പ്രകാരം വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്താകെയുള്ള വനമേഖലയിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുക, ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയാണ് പ്രസ്തുത കമ്മിറ്റിയുടെ ചുമതല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതരത്തിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി കേരള ഫോറസ്റ്റ് ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതരത്തിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ 1961-ലെ കേരള ഫോറസ്റ്റ് ആക്റ്റിലെ സെക്ഷൻ 27 (1) (ഇ) 4 പ്രകാരവും 1972-ലെ വൈൽഡ്ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റ് പ്രകാരവുമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഫോറസ്റ്റ് ആക്റ്റിന്റെ ഭേദഗതിയുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

**വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വനം വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

125 (6415) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വനം വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ,

മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വനം വകുപ്പിനുകീഴിലുള്ള ഓഫീസുകൾ, ടി ഓഫീസുകളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഓദ്യോഗിക മൊബൈൽ നമ്പറുകൾ എന്നിവ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.+

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/ താൽക്കാലിക/ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, ടി സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്ന് ഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി - ഡി) അനുബന്ധം 'ബി' 'സി' 'ഡി' ആയി ചേർത്തിരിക്കുന്നു.+

**പട്ടയം വിതരണം ചെയ്യുന്നതിലുള്ള തടസ്സങ്ങൾ നീക്കാൻ നടപടി**

126 (6416) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വനമേഖലയോടുചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. നെന്മാറ ഡിവിഷനുകീഴിൽ വരുന്ന ആലത്തൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തി പുനർനിർണ്ണയിച്ചതും സർവ്വേ കല്ലുകളും ജണ്ടകളും യഥാസ്ഥാനത്തുള്ളതുമായ വനമേഖലയോടുചേർന്ന് സ്വകാര്യസ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്ന് തടസ്സങ്ങളൊന്നും നിലനിൽക്കുന്നില്ല. വനാതിർത്തി പുനർനിർണ്ണയം നടപ്പാക്കാത്ത സ്ഥലങ്ങളിൽ പുനർനിർണ്ണയം നടത്തി ജണ്ടകൾ സ്ഥാപിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിർത്തി പുനർനിർണ്ണയം നടത്തി ജണ്ടകൾ സ്ഥാപിക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ തടസ്സങ്ങൾ പരിഹരിക്കുന്നതാണ്.

**അമ്പലപ്പുഴയിൽ വനം വകുപ്പിന് കൈമാറി ലഭിച്ച ഭൂമി**

127 (6417) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴയിൽ എത്ര ഭൂമിയാണ് വനം വകുപ്പിന് കൈമാറി ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത ഭൂമിയിൽ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിൽ ഏതെങ്കിലും പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; ഓരോ പദ്ധതിയുടെയും വിശദാംശവും അവയുടെ നിലവിലെ പ്രവർത്തനപുരോഗതിയും ലഭ്യമാക്കുമോ?

അമ്പലപ്പുഴ പുറക്കാട് വില്ലേജിൽ ഗാന്ധിസ്മൃതി വനം പദ്ധതിയിൻകീഴിൽ റവന്യൂ വകുപ്പ് ഏറ്റെടുത്ത 174.7914 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പ്രദേശത്തെ വിവിധ ഇനത്തിൽപ്പെട്ട പക്ഷികളുടെയും ഉരഗങ്ങളുടെയും മത്സ്യ-ജലസസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യ-ജന്തുജാലങ്ങളുടെയും സംരക്ഷണത്തോടൊപ്പം പ്രദേശവാസികളുടെ ഉന്നമനംകൂടി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഇതിനോടനുബന്ധിച്ച് ജില്ലാ പെർമനന്റ് നഴ്സറി നിർമ്മാണം,

പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡ് സംരക്ഷണഭിത്തി കെട്ടി ബലപ്പെടുത്തുന്നത് എന്നീ പ്രവൃത്തികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ഒരു ഓഫീസ് റൂം, കമ്പോസ്റ്റ് യൂണിറ്റ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണവും 5 ഗ്രീൻ ഹൗസുകളുടെയും 3 പോളിഹൗസുകളുടെയും നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിക്കുന്നു. റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

**കച്ചേരി പ്രദേശത്തുള്ള കുഴൽക്കിണർ**

128 (6418) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിൽ വനത്തിനുപുറത്ത് റോഡുകളോ കിണറുകളോ മറ്റ് സ്ഥാപനങ്ങളോ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയ്ഞ്ചിന്റെ പരിധിയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പൊയിലൂർ എന്നസ്ഥലത്ത് പി.ആർ. സ്മാരക പ്രകൃതി പഠന കേന്ദ്രം വനം വകുപ്പിന്റെ അധീനതയിലുണ്ട്. പ്രസ്തുത കെട്ടിടം വനം വകുപ്പിന്റെ അധീനതയിലാണെങ്കിലും കെട്ടിടം

സ്ഥിതിചെയ്യുന്നത് സ്വകാര്യ സ്ഥലത്താണ്. പ്രസ്തുത നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിൽ വനത്തിനുപുറത്ത് റോഡുകളോ കിണറുകളോ ഇല്ല.

(ബി) തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ സെൻട്രൽ പൊയിലൂരിൽ കച്ചേരി പ്രദേശത്തുള്ള കുഴൽക്കിണർ വനം വകുപ്പിന്റെ അധീനതയിലുള്ളതാണോ; എങ്കിൽ പ്രസ്തുത കുഴൽക്കിണറിൽനിന്നും വെള്ളമെടുക്കുന്ന മുപ്പതോളം കുടുംബങ്ങൾക്ക് ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയ്ഞ്ചിന്റെ പരിധിയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ സെൻട്രൽ പൊയിലൂരിൽ കച്ചേരി പ്രദേശത്തുള്ള കുഴൽക്കിണർ വനം വകുപ്പിന്റെ അധീനതയിലല്ല.

(സി) പ്രസ്തുത കുഴൽക്കിണർ പഞ്ചായത്തിന് കൈമാറുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**വാഴാനി വനമേഖലയിൽ വന്യമൃഗശല്യം പ്രതിരോധിക്കാൻ നടപടി**

129 (6419) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കാട്ടാനയുടെയും വന്യമൃഗങ്ങളുടെയും ശല്യം നിരന്തരമുണ്ടാകുന്ന വാഴാനി വനമേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ഡിവിഷന്റെ പരിധിയിൽവരുന്ന വാഴാനി വനം മേഖലയിൽ നിരന്തരമുണ്ടാകുന്ന വന്യമൃഗ-മനുഷ്യ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പ്രാഥമികനടപടി എന്നനിലയിൽ സോളാർവേലി സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ 'വന്യമിത്ര' ജില്ലാ സംയോജിത പദ്ധതിയിലുൾപ്പെടുത്തി തനത് വർഷത്തിൽ വാഴാനി മേഖലയിൽ 16 കിലോമീറ്റർ ദൂരത്തിൽ സോളാർവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നാട്ടിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിന് ദിവസവേതന വാച്ചർമാരെ നിയോഗിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) കാട്ടാന/വന്യമൃഗ ആക്രമണ പ്രതിരോധത്തിനായി വടക്കാഞ്ചേരി, മച്ചാട് ഫോറസ്റ്റ് റെയ്ഞ്ചുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള

റാപ്പിഡ് റെസ്പോൺസ് ടീമിന് വനമേഖലകളിൽ ചെന്നെത്തുന്നതിനുള്ള ഗെറ്റ് എവേ/ക്യാമ്പർ വെഹിക്കിൾ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

നിലവിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടില്ല. ഗെറ്റ് എവേ, ക്യാമ്പർ വെഹിക്കിൾ അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) മേൽപ്പറഞ്ഞ റാപ്പിഡ് റെസ്പോൺസ് ടീമിന് വനമേഖലകളിൽ ചെന്നെത്തുന്നതിന് പ്രസ്തുത വെഹിക്കിൾ അനുവദിക്കുന്നതിനായി എം.എൽ.എ. ഫണ്ട് പ്രയോജനപ്പെടുത്തുന്നതിന് തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നമുറയ്ക്ക് എം.എൽ.എ. ഫണ്ടുമുഖേന വെഹിക്കിൾ അനുവദിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി**

130 (6420) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസ മേഖലയിലിറങ്ങി കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നത് കണക്കിലെടുത്ത് അവയ്ക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ വിളയുന്ന മരങ്ങൾ കാട്ടിൽത്തന്നെ വച്ചുപിടിപ്പിക്കണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വനമേഖലയിൽനിന്നും വന്യജീവികൾ ജനവാസമേഖലയിലിറങ്ങി കാർഷികോൽപ്പന്നങ്ങളും മറ്റും നശിപ്പിക്കുന്നത് കണക്കിലെടുത്ത് വനത്തിനുള്ളിലുള്ള ഏകവിള തോട്ടങ്ങളായ അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, വാറ്റിൽ തുടങ്ങിയ വിദേശയിനം മരങ്ങൾ ഘട്ടംഘട്ടമായി നീക്കംചെയ്ത് വന്യജീവികൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനനുയോജ്യമായ കാട്ടുമാവ്, കാട്ടുനെല്ലി, കാട്ടുപ്ലാവ് തുടങ്ങിയ തദ്ദേശീയവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സ്വാഭാവികവനങ്ങളാക്കി മാറ്റുന്നതിന് വനങ്ങളുടെ പുന:സ്ഥാപന നയരേഖ 17-12-2021-ലെ സർക്കാർ ഉത്തരവ് നം. 29/21/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരളം തുടർച്ചയായി നേരിടുന്ന പ്രകൃതിദുരന്തങ്ങളുടെയും വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പ്രാധാന്യമർഹിക്കുന്നതാണ്. ഉദ്ദേശം 27000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട

ഈ ബൃഹത് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിലുദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുന:സ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുന:സ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്.

(ബി) വേനൽക്കാലത്ത് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വന്യജീവികളുടെ ആവാസവ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ, വന്യജീവികൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ

വച്ചുപിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾപ്രകാരം നടപ്പിലാക്കിവരുന്നുണ്ട്. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവയുപയോഗിച്ച് താത്ക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണലഭ്യത ഉറപ്പാക്കുന്നതിന് വയലുകളിൽ കാണപ്പെടുന്ന കളകളുടെ നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തിവരുന്നു.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം നേരിട്ടവർക്കുള്ള ധനസഹായം**

131 (6421) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണംമൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കും വനം വകുപ്പ് നൽകിവരുന്ന ധനസഹായം ഒറ്റപ്പാലം മണ്ഡലത്തിൽ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ ആരുംതന്നെ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടിട്ടില്ല. പരിക്കേറ്റവരിൽനിന്നും 9 അപേക്ഷകൾ ലഭിക്കുകയും ടി അപേക്ഷകളിൽ ആകെ 3,11,431/- രൂപ നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**വന്യമൃഗങ്ങളെ പിടിക്കുന്നതിനായി ടാസ്ക് ഫോഴ്സ്**

132 (6422) ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടിക്കുന്നതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്; ഏതൊക്കെ വിഭാഗങ്ങളിൽനിന്ന് എത്രപേരെ ഉൾപ്പെടുത്തിയാണ് ഓരോ ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജനവാസമേഖലയിൽ സംഘർഷം സൃഷ്ടിക്കുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടിക്കുന്നതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ കീഴിലെ വിവിധ വനം സർക്കിളുകളിലായി 26 ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ സർക്കിൾ തിരിച്ച

വിവരം ചുവടെ ചേർക്കുന്നു.

<u>സതേൺ സർക്കിൾ, കൊല്ലം</u>

കൊല്ലം സതേൺ സർക്കിളിന്റെ പരിധിയിൽ കോന്നി ഡിവിഷനിൽ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 14 ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരെയുൾപ്പെടുത്തി 28-07-2021-ൽ സ്പെഷ്യൽ ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്.

<u>ഹൈറേഞ്ച് സർക്കിൾ, കോട്ടയം</u>

ഇടുക്കി ജില്ലയിലെ ദേവികുളം റെയ്ഞ്ചിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗത്ത് ജനവാസമേഖലയിൽ സംഘർഷം സൃഷ്ടിക്കുന്ന അരിക്കൊമ്പൻ എന്നപേരിൽ അറിയപ്പെടുന്ന കാട്ടാനയെ പിടിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 23-07-2017 മുതൽ 28-07-2017 വരെ ഒരു ഓപ്പറേഷൻ നടത്തിയിരുന്നു. ടി ഓപ്പറേഷനായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയിൽ ചുവടെ പറയുന്നവരുൾപ്പെട്ടിരുന്നു.

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ, കോട്ടയം
2. ഫീൽഡ് ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്, കോട്ടയം
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ
4. ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, കോന്നി

5. അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, വയനാട്

6. അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, തേക്കടി.

ടി ഓപ്പറേഷനിലുൾപ്പെട്ട മറ്റ് ടീം അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ദേവികുളം
2. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, മൂന്നാർ
3. എലഫന്റ് മാനേജ്മെന്റ് കമ്മിറ്റി – 3 അംഗങ്ങൾ
4. എലഫന്റ് പട്രോളിംഗ് കമ്മിറ്റി ടീം 1 – 4 അംഗങ്ങൾ
5. എലഫന്റ് പട്രോളിംഗ് കമ്മിറ്റി ടീം 2 – 4 അംഗങ്ങൾ
6. മെഡിക്കൽ ടീം – മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, രാജാക്കാട്
7. കുങ്കി ടീം – 2 കുങ്കിയാനകൾ, 4 പാപ്പാന്മാർ

(കൂടാതെ ദേവികുളം റെയ്ഞ്ചിലെ എല്ലാ സ്റ്റാഫുകളും ടി ഓപ്പറേഷനിൽ പങ്കെടുക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു). ഇടുക്കി ജില്ലയിലെ മൂന്നാർ വനം ഡിവിഷനിൽപ്പെട്ട ചിന്നക്കനാൽ, ശാന്തൻപാറ തുടങ്ങിയ ജനവാസമേഖലകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ്

കൺസർവേറ്ററുടെ നേതൃത്വത്തിൽ വനം വകുപ്പിലെ വിവിധ തസ്തികകളിൽപ്പെട്ട എഴുപതോളം ജീവനക്കാരുൾപ്പെട്ട ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

ഈസ്റ്റേൺ സർക്കിൾ, പാലക്കാട്

പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയ്ഞ്ച് പരിധിയിൽ സംഘർഷം സൃഷ്ടിച്ച ആനയെ പിടികൂടുന്നതിനായി 2017-ൽ വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിൽനിന്നും 77 പേരെയുൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു. പാലക്കാട് ഡിവിഷനിലെ ജനവാസ മേഖലകളിൽ പ്രശ്നം സൃഷ്ടിച്ചിരുന്ന പി.ടി-7 എന്ന കാട്ടാനയെ മയക്കുവെടിവച്ച് പിടികൂടുന്നതിനായി 2023 വർഷത്തിൽ വയനാട്ടിൽനിന്നുള്ള ആർ.ആർ.ടി. ടീം അംഗങ്ങളുൾപ്പെടെ പാലക്കാട് ഡിവിഷനിലെ ജീവനക്കാരെയും ചേർത്ത് 61 പേരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദൗത്യസംഘം രൂപീകരിച്ചിരുന്നു.

നോർത്തേൺ സർക്കിൾ, കണ്ണൂർ

ജനവാസ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാട്ടാനയുൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടികൂടുന്നതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കണ്ണൂർ നോർത്തേൺ സർക്കിളിൽ പ്രത്യേക ടാസ്ക്

ഫോഴ്സുകളൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ പ്രശ്നങ്ങളുണ്ടാകുന്നമുറയ്ക്ക് വിവിധ സെക്ഷൻ/സ്റ്റേഷൻ സ്റ്റാഫുകൾ, വെറ്ററിനറി സർജൻ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് ജനവാസമേഖലകളിൽ പ്രശ്നം സൃഷ്ടിക്കുന്ന വന്യജീവികളെ പിടികൂടുന്നത്. മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജനവാസമേഖലയിൽ പ്രശ്നംസൃഷ്ടിച്ച വന്യമൃഗങ്ങളെ പിടികൂടുന്നതിനായി നടത്തിയ ദൗത്യങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്</u>

പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിൽ ജനവാസമേഖലകളിൽ സംഘർഷം സൃഷ്ടിക്കുന്ന കാട്ടാനയുൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടികൂടുന്നതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ടാസ്ക് ഫോഴ്സ് എന്നപേരിൽ ഒരു സംഘത്തെ രൂപീകരിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള റാപ്പിഡ് റെസ്പോൺസ് ടീമിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമുൾപ്പെടെ 15 പേരുണ്ട്.

| | |
|---|---|
| ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 2 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 5 |
| റിസർവ്  ഫോറസ്റ്റ് വാച്ചർ | 1 |
| ഡ്രൈവർ | 2 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| താല്ക്കാലിക ജീവനക്കാർ | 4 |

(ബി) ഓരോ ടാസ്ക് ഫോഴ്സിന്റെയും പ്രവർത്തനത്തിനായി നാളിതുവരെ എത്രതുക ചെലവഴിച്ചിട്ടുണ്ട്; എത്ര ടാസ്ക് ഫോഴ്സുകൾ ദൗത്യം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്; ദൗത്യം പൂർത്തീകരിക്കാൻ സാധിക്കാത്ത എത്ര ടാസ്ക് ഫോഴ്സുകളുണ്ട്; അവ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 60,06,768 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരെണ്ണമൊഴികെയുള്ള മറ്റ് ടാസ്ക് ഫോഴ്സുകളുടെ ദൗത്യം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇടുക്കി ജില്ലയിലെ ദേവികുളം റെയ്ഞ്ചിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗത്ത് ജനവാസമേഖലയിൽ സംഘർഷം സൃഷ്ടിക്കുന്ന അരിക്കൊമ്പൻ എന്നപേരിൽ അറിയപ്പെടുന്ന കാട്ടാനയെ പിടിക്കുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരളയുടെ 22-06-2017-ലെ ഡബ്ല്യൂ.എൽ.1-29528/2017 നമ്പർ ഉത്തരവുപ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 23-07-2017 മുതൽ 28-07-2017 വരെ ഒരു ഓപ്പറേഷൻ നടത്തിയിരുന്നെങ്കിലും ആയത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരാജയപ്പെടുകയാണുണ്ടായത്.

## ഇടുക്കിയിലെ കാട്ടാനശല്യം

133 (6423) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ആക്രമണകാരികളായ കാട്ടാനകളെ തുരത്തുന്നതിന് പ്രത്യേക ദൗത്യസംഘം രൂപീകരിച്ചിട്ടുണ്ടോ?

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിൽ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്ന അരിക്കൊമ്പൻ എന്ന് വിളിപ്പേരുള്ള കാട്ടാനയെ മയക്കുവെടിവച്ച് പിടികൂടി കൂട്ടിലടയ്ക്കുകയോ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുകയോ ആയതിന് സാധിക്കാത്തപക്ഷം റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനും ചീഫ് വൈൽഡ് ലൈഫ് വാർഡൻ 21-02-2023-ൽ KFDHQ/1220/2023-CWW/WL1 നമ്പർ ഉത്തരവ് നൽകിയിട്ടുള്ളതും ആയതുപ്രകാരം ദൗത്യസംഘത്തെ രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തിവരുന്നതുമാണ്.

(ബി) ചിന്നക്കനാൽ, ശാന്തൻപാറ ഗ്രാമപഞ്ചായത്തുകളിലെ

ആക്രമണകാരികളായ ഒറ്റയാൻമാരുടെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കിക്കൊണ്ട് അവയെ പിടികൂടാനുള്ള പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ആക്രമണകാരികളായ കാട്ടാനകളെ പിടികൂടുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള സാദ്ധ്യമായ എല്ലാ നടപടികളും വനം വകുപ്പ് കൈക്കൊണ്ടുവരുന്നു. ടി മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിനിടയാക്കുന്ന കാട്ടാനകളെ തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ദൗത്യസംഘം രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തിവരുന്നു. രണ്ട് റേഡിയോ കോളർ സർവ്വീസിംഗ് നടത്തുകയും എലഫന്റ് ക്രാൾ നിർമ്മാണം നടന്നുവരികയുമാണ്. പ്രസ്തുത മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹ്രസ്വകാല പരിഹാരമാർഗ്ഗങ്ങളും ദീർഘകാല പരിഹാരമാർഗ്ഗങ്ങളും ആവിഷ്ക്കരിച്ചുവരുന്നു.

**കാട്ടാനയെ പിടികൂന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സ്**

134 (6424) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ജനവാസമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അരിക്കൊമ്പൻ എന്നപേരിൽ അറിയപ്പെടുന്ന കാട്ടാനയെ പിടികൂന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; ഏതൊക്കെ വിഭാഗങ്ങളിൽനിന്നുള്ള എത്രപേരാണ് പ്രസ്തുത ടാസ്ക് ഫോഴ്സിലുൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിലെ മൂന്നാർ വനം ഡിവിഷനിൽപ്പെട്ട ചിന്നക്കനാൽ, ശാന്തൻപാറ തുടങ്ങിയ ജനവാസമേഖലകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വനം വകുപ്പിലെ വിവിധ തസ്തികകളിൽപ്പെട്ട എഴുപതോളം ജീവനക്കാരുൾപ്പെട്ട ഒരു ടീമിനെ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്. ആക്ഷൻ ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് മാത്രമേ ഇതുസംബന്ധിച്ച അന്തിമപട്ടിക തീരുമാനിക്കുകയുള്ളൂ.

(ബി) പ്രസ്തുത ആനയെ പിടികൂടുന്നതിനായി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം (എ)-യിൽപ്പറയുന്ന ടീമിലുൾപ്പെട്ട ജീവനക്കാർക്ക് ഡ്യൂട്ടികൾ നിശ്ചയിച്ച് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ടാസ്ക് ഫോഴ്സ് എന്നാണ് പ്രവർത്തനമാരംഭിച്ചതെന്നും നാളിതുവരെ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനത്തിനായി എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങൾ നടന്നുവരുന്നു. ആയതിലേയ്ക്കായി ഇതുവരെ 2,37,320/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

**വന്യജീവി ആക്രമണം**

135 (6425) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് പതിവായെത്തി ജനങ്ങളുടെ ജീവനും സ്വത്തിനും വ്യാപകമായി ഭീഷണിയുയർത്തുന്ന സാഹചര്യം പഠിക്കുന്നതിനും പ്രശ്നപരിഹാരങ്ങൾക്കായി ശാസ്ത്രീയമായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വനാതിർത്തിയോടുചേർന്ന ജനവാസ മേഖലകളിലുണ്ടായിക്കൊണ്ടിരിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷവുമായി

ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വിവിധ നടപടികൾ ഏകോപിപ്പിക്കുന്നതിനും അതത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി 26-12-2022-ൽ G.O. (MS) 578/2022/F&WLD സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി റെയ്ഞ്ചിനുകീഴിലുള്ള പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനും ആക്രമണങ്ങൾക്ക് ഇരയായവർക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പാലപ്പിള്ളി റെയ്ഞ്ചിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്.

നാട്ടിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതിന് കൂടുതൽ ദിവസക്കൂലി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. വന്യമൃഗ സാന്നിദ്ധ്യമറിഞ്ഞാലുടനെ SMS അലെർട്ട് സിസ്റ്റംവഴി ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ ഹാരിസൺ മലയാളം ലിമിറ്റഡ്, കൊച്ചിൻ മലബാർ ലിമിറ്റഡ് പ്ലാന്റേഷൻ ജോലിക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന് (രാവിലെ 5.30-നുശേഷമാക്കുന്നതിന്) കമ്പനി സീനിയർ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, എലിക്കോട് ട്രൈബൽ കോളനി (2.5 കിലോമീറ്റർ), നടാംപാടം മുതൽ പുലിക്കണ്ണി (2.5 കിലോമീറ്റർ), ചീനിക്കുണ്ട് ട്രൈബൽ കോളനി (1 കിലോമീറ്റർ) എന്നിവിടങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കള്ളിചിത്ര കോളനിക്കുചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ സംയോജിത പദ്ധതിയായ 'വന്യമിത്ര'യുടെ യോഗം 01-11-2022, 04-11-2022 തീയതികളിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ ജനപ്രതിനിധികളും ജീവനക്കാരും കൂടിച്ചേരുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് നടത്തിയ ചർച്ചയിൽനിന്നും

വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് വനത്തിൽനിന്നും ഇറങ്ങിവരുന്ന ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റുകളില്ലാത്ത 5, 6, 8 വാർഡുകളിൽ എത്രയുംവേഗം സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മേൽവാർഡുകളിലെ വിവിധ സ്ഥലങ്ങളിലായി 40 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് അധികൃതർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി റെയ്ഞ്ചിനുകീഴിൽ കാട്ടാനയുടെ ആക്രമണംമൂലം കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ മരണപ്പെട്ടിട്ടുള്ളത് 3 പേരാണ്. അവരുടെ പേരുവിവരങ്ങളും അനുവദിച്ച നഷ്ടപരിഹാരത്തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വന്യജീവി ശല്യം നിയന്ത്രിക്കാനുള്ള കേന്ദ്രഫണ്ട്

136 (6426) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് മുഴുവനായും ചെലവാക്കാൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രധാനമായും പ്രോജക്ട് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ എന്നീ സ്കീമുകളിലാണ് കേന്ദ്രവിഹിതം അനുവദിക്കുന്നത്. മേൽ സ്കീമുകളുൾപ്പെടെ പ്രധാനപ്പെട്ട എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും കേന്ദ്രവിഹിതം 95 ശതമാനത്തിന് മുകളിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2010 മുതൽ ഈ ഇനത്തിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവാക്കാനാകാത്ത ആകെ തുക എത്രയാണെന്ന് അറിയിക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 2011-12 മുതൽ കേന്ദ്രത്തിൽനിന്നും അനുവദിച്ച തുകയിൽ പ്രോജക്ട് എലഫന്റ് സ്കീമിൽ 63.28 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ സ്കീമിൽ 345.57 ലക്ഷം രൂപയും ചെലവാക്കാൻ കഴിഞ്ഞില്ല.

(സി) പ്രസ്തുത കാലയളവിൽ ഏതൊക്കെ വർഷങ്ങളിൽ അനുവദിക്കപ്പെട്ട തുകയാണ് ഇപ്രകാരം ചെലവാക്കാനാകാത്തതെന്നും

ഓരോ വർഷവും അനുവദിച്ച തുകയും ചെലവാക്കാതെ ബാക്കിയായ തുകയും എത്രവീതമാണെന്നും അറിയിക്കുമോ?

പ്രസ്തുത കാലയളവിൽ പ്രോജക്ട് എലഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ എന്നീ സ്കീമുകളിൽ ഓരോ വർഷവും അനുവദിച്ച തുകയും ചെലവാക്കാതെ ബാക്കിയായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഈ തുകകൾ ചെലവാക്കാനാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് എലഫന്റ് സ്കീമിൽ ആകെ കേന്ദ്രവിഹിതം അനുവദിച്ചതിൽ 95 ശതമാനത്തിനുമുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ സ്കീമിൽ വാർഷികപദ്ധതി രൂപരേഖ അംഗീകരിച്ച് കേന്ദ്രവിഹിതത്തിന്റെ ആദ്യഗഡു ലഭിക്കുന്നത് ആ സാമ്പത്തികവർഷത്തിന്റെ അവസാന മാസങ്ങളിലാണ്. ആയതിനാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകരിച്ച പ്രവൃത്തികൾ പൂർത്തിയാക്കി സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് മുഴുവൻ തുകയും വിനിയോഗിക്കാൻ സാധിച്ചിരുന്നില്ല. കൂടാതെ 2022-23-നുമുമ്പുള്ള സാമ്പത്തികവർഷങ്ങളിൽ ഈ സ്കീമിൽ ബഡ്ജറ്റ് വിഹിതമായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല.

(ഇ) വന്യമൃഗ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ഫലപ്രദമായും സംസ്ഥാനത്ത് ചെലവഴിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കുമോ?

വന്യമൃഗ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ഫലപ്രദമായും സംസ്ഥാനത്ത് ചെലവഴിക്കുന്നതിനാവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സൗരോർജ്ജ വേലികൾ, ആനക്കിടങ്ങുകൾ, ആന പ്രതിരോധമതിലുകൾ എന്നിവയുടെ നിർമ്മാണം, റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വിവിധ നൂതന പദ്ധതികൾ എന്നിവ കൃത്യമായ ആസൂത്രണത്തോടെ സമയബന്ധിതമായി ചെയ്തുവരുന്നു. കൂടാതെ

വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്നതടക്കമുള്ള വിവിധ പ്രവൃത്തികൾ നടത്തിവരുന്നു.

**കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരിച്ചയാളുടെ കുടുംബത്തിനുള്ള ധനസഹായം**

137 (6427) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി വനത്തിൽ ഉറിയംപെട്ടി ആദിവാസി കോളനിയിലെ പൊന്നപ്പൻ ചിന്നസ്വാമി കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരിച്ച പൊന്നപ്പൻ ചിന്നസ്വാമിയുടെ കുടുംബത്തിന് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരണപ്പെട്ട പൊന്നപ്പൻ ചിന്നസ്വാമിയുടെ ആശ്രിതർക്ക് അടിയന്തര ധനസഹായമായി 5 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. ടി വ്യക്തിയുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് ബാക്കി തുകയായ 5 ലക്ഷം രൂപകൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കപ്രിക്കാട് മിനി മൃഗശാല**

138 (6428) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കോടനാട് കപ്രിക്കാട് മിനി മൃഗശാലയിലില്ലാത്ത മൃഗങ്ങൾക്ക് ആഹാരം നൽകിയവകയിൽ പണം തട്ടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തട്ടിപ്പുനടന്ന കാലഘട്ടത്ത് മൃഗശാലയിലെ ചുമതല വഹിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇപ്പോൾ ആ ഉദ്യോഗസ്ഥർ ഏതൊക്കെ സ്ഥലങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ജോലി നോക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) തട്ടിപ്പ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം വനം വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) വനം വകുപ്പിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എത്ര

രൂപയുടെ വെട്ടിപ്പ് നടന്നുവെന്നും ഇതിന്റെ ഉത്തരവാദി ആരാണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തട്ടിപ്പിൽ വ്യാജരേഖകൾ ചമയ്ക്കൽ, തെളിവ് നശിപ്പിക്കൽ, ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്യൽ എന്നീ കുറ്റകൃത്യങ്ങൾ നടന്നതായി വകുപ്പുതല അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തുവാൻ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഇ) എറണാകുളം ജില്ലയിലെ കോടനാട് കപ്രിക്കാട് മിനി മൃഗശാലയിൽ മൃഗങ്ങൾക്ക് ആഹാരം നൽകിയ വകയിൽ ക്രമക്കേട് നടന്നിട്ടുള്ളതായുള്ള ആരോപണം ശ്രദ്ധയിൽപ്പെടുകയും എറണാകുളം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് കോഴിക്കോട് ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ കൺസർവേറ്ററുടെ ശിപാർശ സഹിതം വിജിലൻസ് വിഭാഗം മേധാവിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. മേൽ അന്വേഷണ റിപ്പോർട്ട് സൂക്ഷ്മപരിശോധന നടത്തിവരികയാണ്. ആയതിനുശേഷം മാത്രമേ ക്രമക്കേട് നടന്ന കാലയളവ്, കുറ്റക്കാരായ ഉദ്യോഗസ്ഥർ, നഷ്ടം, കുറ്റകൃത്യങ്ങളെക്കുറിച്ച് വ്യക്തത തുടങ്ങിയ വസ്തുതകൾ വ്യക്തമാവുകയുള്ളൂ. ഇതിനനുസരിച്ച്

ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റുമുള്ള ബഫർസോണിലെ നിർമ്മിതികൾ**

139 (6429) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ബഫർ സോണിലെ നിർമ്മിതികളുടെ എണ്ണം കണ്ടെത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന് മാത്രമായി വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജനാഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള

സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി സംരക്ഷിതമേഖലയുടെ അതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോസെൻസിറ്റീവ് സോൺ ബാധകമാക്കിയാലുൾപ്പെടുന്ന നിർമ്മിതികളുടെ എണ്ണം കണ്ടെത്തുന്നതിനും വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനും തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം റിട്ടയേർഡ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

(ബി) പ്രസ്തുത വിദഗ്ദ്ധ സമിതി ബഫർ സോണിലെ നിർമ്മിതികളെക്കുറിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

വിദഗ്ധ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന പൂർത്തിയാക്കി 01-03-2023-ൽ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം എത്ര നിർമ്മിതികൾ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

KSREC വികസിപ്പിച്ച അസ്സറ്റ് മാപ്പർ എന്ന മൊബൈൽ ആപ്പ് മുഖേന നടത്തിയ ഫീൽഡ് വെരിഫിക്കേഷനിൽ 62039 നിർമ്മിതികളും

ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയിൽ 49374 നിർമ്മിതികളുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇവ രണ്ടിലെയും വിവരങ്ങൾ പരിഗണിച്ചുകൊണ്ടും ഇരട്ടിപ്പുകളുള്ള ഡാറ്റ ഒഴിവാക്കിക്കൊണ്ടും അന്തിമകണക്ക് പരിശോധിക്കുമ്പോൾ, സംസ്ഥാനത്തെ 24 സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിൽ 70582 നിർമ്മിതികളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ഡി) കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത നിർമ്മിതികളുടെ കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

കണക്കെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളും വിദഗ്ദ്ധ സമിതിയുമെടുത്ത നിർമ്മിതികളുടെ കണക്കുകൾ തമ്മിൽ അന്തരം നിലനില്ക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകളും വനം വകുപ്പും KSREC-ന്റെ സഹായത്തോടെ സംയുക്തമായി പ്രവർത്തിച്ചെടുത്ത കണക്കുകളാണ് വിദഗ്ധ സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്കുകളെടുത്തതായി വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി**

140 (6430) ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മൈക്രോ ഇറിഗേഷൻ പദ്ധതികൾ വിശകലന വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർതലത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വിശകലനം ചെയ്യുകയും പദ്ധതികൾ പരമാവധി വേഗതയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി ലഭിച്ച ചില പ്രവൃത്തികളിൽ പുരോഗതി കുറവാണെന്ന്

മനസ്സിലാക്കി നിലവിലെ തടസ്സങ്ങൾ പരിഹരിച്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രാവീണ്യമുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)-നെ എട്ട് പ്രവൃത്തികൾ (ആകെ അടങ്കൽ തുക 22.28 കോടി) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയെങ്കിലും ജലസേചിത പ്രദേശത്തിന്റെ വിസ്തൃതിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ലായെന്നത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ പരിശോധനാവിധേയമാക്കിയിട്ടില്ല. കെ.ഐ.ഐ.ഡി.സി. (KIIDC) നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ഏകദേശം 1059 ഏക്കർ പ്രദേശത്ത് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻവഴി ജലസേചനം ഉറപ്പാക്കാൻ സാധിക്കും. പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് പ്രസ്തുത പ്രദേശങ്ങളിൽ സാമൂഹിക-സാമ്പത്തിക സർവ്വേയും പരിശോധനയും നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം മൂന്നുവർഷത്തെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കാലാവധി കഴിയുമ്പോൾ സാമൂഹിക-സാമ്പത്തിക സർവ്വേ

വീണ്ടും നടത്തി പ്രസ്തുത പദ്ധതി വിലയിരുത്തുന്നതാണ്.

(സി) പ്രകൃതിക്ഷോഭങ്ങൾമൂലം ചെറുകിട ജലസേചന പദ്ധതികൾക്കുണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പര്യാപ്തമായ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ചെറുകിട ജലസേചന പദ്ധതികൾക്കുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിന് "Repairs to Minor Irrigation Structures, 2702-03-101-98" എന്ന പ്ലാൻ ഹെഡ്ഡിൽ 250 ലക്ഷം രൂപയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കേടുപാടുകൾ തീർക്കുന്നതിന് "Rehabilitation of Lift Irrigation Schemes 4702-00-101-73" എന്ന പ്ലാൻ ഹെഡ്ഡിൽ 500 ലക്ഷം രൂപയും 2022-23 സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് ഈ ഹെഡ്ഡിൽനിന്നും പ്രവൃത്തികൾ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ഡി) സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായും കൂടുതൽ പ്രദേശത്ത് ജലസേചനം ഉറപ്പാക്കുന്നതിനും പര്യാപ്തമായ രീതിയിൽ

നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മൈക്രോ ഇറിഗേഷൻ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പ് പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് മൈക്രോ ഇറിഗേഷൻ കൃഷി സാധ്യമാകുന്ന മേഖലകൾ കണ്ടെത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ കണ്ടെത്താൻവേണ്ട നിർദ്ദേശം ഫീൽഡ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, കാസർഗോഡ് ജില്ലയിലെ അയ്യൻകാവ്-വളയംകുണ്ട്-പയനിക്കര, വയനാട് ജില്ലയിലെ താളൂർ പാടശേഖരം, എറണാകുളം ജില്ലയിലെ കുട്ടിത്താനാൽ, പത്തനംതിട്ട ജില്ലയിലെ സീതത്തോട്, ഇടുക്കി ജില്ലയിലെ വണ്ടൻമേട്, കാമാക്ഷി-പാറക്കടവ്, കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി തുടങ്ങിയ പ്രദേശങ്ങളിൽ 22.28 കോടി രൂപയുടെ 8 പദ്ധതികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലവിഭവ വകുപ്പിനുകീഴിലെ നബാർഡ് പദ്ധതികൾ**

141 (6431) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിനുകീഴിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി എത്ര പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചത്; പദ്ധതി, അനുവദിച്ച തുക എന്നിവയുടെ വിശദാംശം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിനുകീഴിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2023-24 വർഷം ഇറിഗേഷൻ വകുപ്പിന് നബാർഡ് പദ്ധതിയിൽ എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2023-24 സാമ്പത്തികവർഷത്തിലെ NABARD RIDF XXIX-ലേയ്ക്കുള്ള അലോക്കേഷൻ ഇതുവരെ നിശ്ചയിച്ചിട്ടില്ല.

**ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനപുരോഗതി**

142 (6432) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന മേജർ, മൈനർ ഇറിഗേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നടപ്പാക്കുന്ന മേജർ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനപുരോഗതി വകുപ്പ് സെക്രട്ടറിതലത്തിൽ വിശകലനം ചെയ്യാറുണ്ട്. കൂടാതെ, പദ്ധതി ഇനത്തിലെ പ്രവൃത്തികളുടെ സാമ്പത്തികപുരോഗതി പ്ലാൻ സ്പേസ് സോഫ്റ്റ്‌വെയറിലും അപ്ഡേറ്റ് ചെയ്യാറുണ്ട്.

(ബി) നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ഇറിഗേഷൻ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നബാർഡ് (ആർ.ഐ.ഡി.എഫ്.)-ന്റെ ധനസഹായത്തോടെ ഇറിഗേഷൻ വകുപ്പിനുകീഴിലുള്ള പ്രവർത്തനങ്ങളുടെ പുരോഗതി ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി തലങ്ങളിൽ യഥാസമയം വിലയിരുത്താറുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള മേജർ ഇറിഗേഷൻ പ്രോജക്ടുകളുടെ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയാണ് SAKKIP. ആയതിന് TATA CONSULTANCY SERVICES എന്ന ഏജൻസിയുമായി കരാറിലേർപ്പെടുകയും പ്രസ്തുത പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

**കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ വിസ്തൃതി**

143 (6433) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളുടെ വിസ്തൃതി എത്രയാണ്; ആയതിൽ കടലാക്രമണ, അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ വിസ്തൃതി എത്രയാണെന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ തീരപ്രദേശത്തിന്റെ നീളം (കൊല്ലങ്കോട് മുതൽ മഞ്ചേശ്വരം വരെ) 576.2 കിലോമീറ്ററാണ്. ആയതിൽ കടലാക്രമണഭീഷണി നേരിടുന്ന പ്രദേശങ്ങൾ ആകെ 205.901 കിലോമീറ്ററും അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ആകെ 112.208 കിലോമീറ്ററുമാണുള്ളത്. പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്നതിനെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രദേശങ്ങളെ വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള

പ്രകൃതിക്ഷോഭങ്ങൾ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ?

മൺസൂൺ സമയത്ത് അതിരൂക്ഷ കടലാക്രമണമുള്ള സ്ഥലങ്ങളിൽ വേലിയേറ്റംമൂലം ഇടയ്ക്കിടെ വീടുകളിൽ വെള്ളം കയറുന്നതും വേലിയിറക്കംമൂലം തീരശോഷണവും വീടുകളുടെ അടിത്തറയിളകി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, റോഡ് ഗതാഗതയോഗ്യമല്ലാത്ത രീതിയിൽ തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**രണ്ടാം കുട്ടനാട് പാക്കേജ്**

144 (6434) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ എന്തെല്ലാം പ്രവൃത്തികളാണ് ജലവിഭവ വകുപ്പുമുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഓരോന്നിനും ചെലവാക്കിയ തുകയെത്ര; ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്; നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ

ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

(എ&ബി) രണ്ടാം കുട്ടനാട് പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചെറുകിട ജലസേചന വകുപ്പുമുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

145 (6435) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പുമുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പുമുഖേന ഏതൊക്കെ കുളങ്ങളുടെ നവീകരണ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ചെറുകിട ജലസേചന വകുപ്പുമുഖേന ആലപ്പുഴ മണ്ഡലത്തിൽ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിവരുന്നില്ല. എന്നാൽ കുട്ടനാട് പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി 2 കുളങ്ങളുടെ (ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ആനക്കുളം, കളപ്പുരക്കൽ വാർഡിലെ അമ്പലക്കുളം) പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ ജലസേചന പദ്ധതികൾ

146 (6436) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലസേചനം വ്യാപിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി പുതിയ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് നാണ്യവിളകൾക്കുകൂടി ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം, കൃത്യമായ വളപ്രയോഗം എന്നിവയിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കെ. എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം 12 കോടി രൂപ മൈക്രോ ഇറിഗേഷൻ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലസേചനം വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ ജലസേചന പദ്ധതികൾ താഴെപ്പറയുന്നു.

- ഇറിഗേഷൻ ഡിവിഷൻ ചിറ്റൂരിനുകീഴിൽ മൂലത്തറ വലതുകര കനാൽ

കോരയാർ മുതൽ വരട്ടയാർ വരെയും (ഒന്നാം ഘട്ടം) വരട്ടയാർ മുതൽ വേലന്താവളം വരെയും (രണ്ടാംഘട്ടം) ദീർഘിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

- 2008-നുശേഷം ജലസേചനം നിലച്ച അവസ്ഥയിലുള്ള പഴശ്ശി പദ്ധതിയുടെ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരികയാണ്. 2025-ൽ ജലസേചനം സാദ്ധ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ രൂപവൽക്കരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്യാനാവശ്യമായ പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2538 ഹെക്ടർ ജലസേചനം സാദ്ധ്യമാകുന്നരീതിയിൽ കാരാപ്പുഴ പദ്ധതി 2025-26 സാമ്പത്തിക വർഷത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. 840 ഹെക്ടർ ജലസേചനത്തിന് സാദ്ധ്യമാകുന്ന രീതിയിൽ ബാണാസുരസാഗർ പദ്ധതി 2024-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. വയനാട് ജില്ലയിൽ കബനി നദീതടത്തിൽ ഏഴ് ഇടത്തരം പദ്ധതികൾ (കടമാൻതോട്, തൊണ്ടാർ, ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി,

തിരുനെല്ലി, പെരിങ്ങോട്ടുപുഴ) വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി കടമാൻതോട്, തൊണ്ടാർ പദ്ധതികളുടെ പര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാലക്കാട് ജില്ലയിൽ ചാലക്കുടി ബേസിനിലുള്ള കാരപ്പാറ അരുവിയിൽ അണക്കെട്ട് നിർമ്മിച്ച് മഴനിഴൽ പ്രദേശങ്ങളിലേയ്ക്ക് ജലമെത്തിക്കാൻ (കുരിയാർകുറ്റി, കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ) SAKKIP എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പര്യവേഷണ പ്രവർത്തനം നടന്നുവരുന്നു.

- സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലസേചനം വ്യാപിപ്പിക്കുന്നതിനായി ഇടമലയാർ ജലസേചന പദ്ധതിയുടെ ലിങ്ക് കനാൽ നിർമ്മിക്കുന്നതും കാഞ്ഞൂർ തെക്കുംഭാഗം കനാലിന്റെ പ്രവൃത്തി നിർവ്വഹിക്കുന്നതും മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ കീഴിൽ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതും വാഴാനി, പെരിയാർ, കല്ലട ജലസേചന പദ്ധതികളുടെ കനാൽ ശൃംഖല നവീകരണവും സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കാവേരി ട്രിബ്യൂണലിന്റെ അന്തിമവിധിപ്രകാരം പാമ്പാർ ബേസിനിൽ കേരളത്തിനായി അനുവദിച്ച 3 ടി.എം.സി. ജലം ഫലപ്രദമായി ഉപയോഗിച്ച് കൂടുതൽ

സ്ഥലങ്ങളിലേയ്ക്ക് ജലസേചനം വ്യാപിപിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ജല ഉപയോഗം ക്രമീകരിക്കുന്നതിന്റെ ഭാഗമായി മൈക്രോ ഇറിഗേഷൻ പദ്ധതി സംസ്ഥാനത്തെവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാന ഫണ്ടുപയോഗിച്ച് 3.10 കോടി രൂപയുടെ പാലക്കാട് ജില്ലയിലെ കരടിപ്പാറ മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം കെ.ഐ.ഐ.ഡി.സി. (KIIDC) മുഖേന 2021 ആഗസ്റ്റ് മാസം പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലും വയനാട് ജില്ലയിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ 21.53 കോടി രൂപയ്ക്ക് മൂങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി, അത്തിച്ചാൽ-മുണ്ടൻകൊല്ലി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, കാസർഗോഡ് ജില്ലയിലെ അയ്യൻകാവ്-വളയംകുണ്ട്-പയനിക്കര, വയനാട് ജില്ലയിലെ താളൂർ പാടശേഖരം, എറണാകുളം ജില്ലയിലെ കുട്ടിത്താനാൽ, പത്തനംതിട്ട ജില്ലയിലെ സീതത്തോട്, ഇടുക്കി ജില്ലയിലെ വണ്ടൻമേട്, കാമാക്ഷി-പാറക്കടവ്,

കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി തുടങ്ങിയ പ്രദേശങ്ങളിൽ 22.28 കോടി രൂപയുടെ 8 പദ്ധതികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ**

147 (6437) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ശക്തി അഭിയാൻ, നബാർഡ് പദ്ധതികൾ എന്നിവയിലുൾപ്പെടുത്തുന്നതിനായി കുന്നത്തുനാട് മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രോജക്ട് പ്രൊപ്പോസൽ നിലവിലില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തീരദേശ സംരക്ഷണ പദ്ധതി**

148 (6438) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സാങ്കേതികവിദ്യകൾ ഉചിതമായി സംയോജിപ്പിച്ചുകൊണ്ട് തീരദേശ പരിരക്ഷണ നടപടികൾ അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്നതിനായി 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായോ?

പുതിയ സാങ്കേതികവിദ്യകൾ ഉചിതമായി സംയോജിപ്പിച്ചുകൊണ്ട് തീരദേശ പരിരക്ഷണ നടപടികൾ അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കുന്നതിനായി 2021-22 സംസ്ഥാന ബഡ്ജറ്റിൽ 5300 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി.

(ബി) 5300 കോടി രൂപ അടങ്കൽ ആയി പ്രഖ്യാപിച്ചിരുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) ഈ പദ്ധതിക്കായി സർക്കാർ ഖജനാവിൽനിന്നും എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ തീരങ്ങളിലാണ് പദ്ധതി പ്രകാരമുള്ള

തീരസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി-ഡി) ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിനുവേണ്ടി NCCR (National Centre for Coastal Research) എന്ന വിദഗ്ധസ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV-യായ KIIDC മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. ടി പ്രവൃത്തിയും ആലപ്പുഴ ജില്ലയിലെ വിവിധ പദ്ധതികളുടെയും പുരോഗതിയുടെ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആലപ്പുഴ ജില്ല</u>

ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch. 168.465 km to Ch.171.627 km) 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തികാനുമതി: ₹ 49.859 കോടി രൂപ) - പദ്ധതി പ്രവൃത്തികൾ 72% പൂർത്തീകരിച്ചിട്ടുണ്ട്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തികാനുമതി: ₹ 53.358 കോടി രൂപ) - പദ്ധതി പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തികാനുമതി: ₹ 21.635 കോടി രൂപ) - പദ്ധതി പ്രവൃത്തികൾ 66% പൂർത്തീകരിച്ചിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തികാനുമതി: ₹ 28.519 കോടി രൂപ) - പദ്ധതി

പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തികാനുമതി: ₹30.67 കോടി രൂപ) - പദ്ധതി പ്രവൃത്തികൾ 85% പൂർത്തീകരിച്ചിട്ടുണ്ട്.

ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തികാനുമതി: ₹ 78.34 കോടി രൂപ) - പദ്ധതി ടെണ്ടർ ചെയ്ത് കരാർ നടപ്പിലാക്കിയിട്ടുണ്ട്.

<u>എറണാകുളം ജില്ല</u>

കിഫ്ബി-എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നമിടയിൽ 10 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം – ഘട്ടം I – CP 986-നും CP 1026-നമിടയിൽ 7.35 കിലോമീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം (കിഫ്ബി സാമ്പത്തികാനുമതി: ₹344.20 കോടി രൂപ) - ഒന്നാംഘട്ട പദ്ധതിയുടെ കരാർ തുക ₹256.89

കോടി രൂപയാണ്. പദ്ധതി പ്രവൃത്തികൾ 87% പൂർത്തീകരിച്ചിട്ടുണ്ട്.

മറ്റൊരു ഹോട്ട്സ്പോട്ടായ തിരുവനന്തപുരം ജില്ലയിലെ ശംഖുംമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ (offshore break water) നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ പുരോഗമിച്ചുവരികയും ചെയ്യുന്നു. NCCR-ന്റെ ഡിസൈൻപ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് 24-12-2022-ലെ G.O. (Rt) No. 1150/2022/WRD പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 172.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി

ധനസഹായത്തോടെ നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

4711-01-103-81 Kerala Sustainable Coastal Protection and Climate Resilience Planning Project എന്ന ശീർഷകത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ 79.27 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികളുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) പദ്ധതിയുടെ ഭാഗമായി എന്തൊക്കെ സാങ്കേതികവിദ്യകളാണ് സംസ്ഥാനത്ത് തീരസംരക്ഷണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യയുപയോഗിച്ച് സംയോജിത കടൽഭിത്തി-പുലിമുട്ട് നിർമ്മാണമാണ് നടപ്പിലാക്കിവരുന്നത്. തിരുവനന്തപുരം ജില്ലയിലെ ശംഖുംമുഖം പ്രദേശത്ത് ഓഫ്ഷോർ ബ്രേക്ക് വാട്ടറും തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട്, പനത്തുറകര എന്നീ പ്രദേശങ്ങളിലും ആലപ്പുഴ ജില്ലയിലെ ആലപ്പാട് പ്രദേശത്തും ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവുമാണ്

നടപ്പിലാക്കാനുദ്ദേശിക്കുന്നത്. കടലാക്രമണം രൂക്ഷമായ മറ്റ് പ്രദേശങ്ങളിൽ പഠനം നടത്തി തീരഘടനയ്ക്കനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മിതികൾ നടപ്പിലാക്കാവുന്നതാണ്.

**തവനൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

149 (6439) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതിപ്രകാരം തവനൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നദികൾ മാലിന്യമുക്തമാക്കുന്നതിന് നടപടി**

150 (6440) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസുകൾ മലിനമാകുന്നത് തടയാൻ മറ്റ് വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസുകളൊഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിലുള്ള ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ചതോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസുകളിലേയ്ക്ക് മാലിന്യനിക്ഷേപമോ മലിനജല കുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾഭാഗത്ത് (UpStream) നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നതുവഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കാനും സാധിക്കും. ഇതിനുപുറമേ ഓരുവെള്ളക്കയറ്റംമൂലം ജലഗുണനിലവാരം താഴ്ന്നുപോകാതെ സംരക്ഷിക്കുന്നതിനുള്ള

പ്രവർത്തനങ്ങളും ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസുകളിൽ മാലിന്യം കാണപ്പെടുന്ന അവസരത്തിൽ അവ നിക്ഷേപിക്കുന്നതിനെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ജലസേചന വകുപ്പുദ്യോഗസ്ഥർ പരാതി സമർപ്പിക്കാറുണ്ട്. ഇവയിൽ പോലീസുദ്യോഗസ്ഥർ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

ശുചിമുറി മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്നതിലൂടെ ജലസ്രോതസുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 Polluted River Stretches-ൽ 21 എണ്ണം കേരളത്തിലുൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനും അവയിലെ ജലം കുളിക്കുന്നതിനനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്താനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ OA No. 673/2018-ൽ 20-09-2018-ലെ ഉത്തരവിൻപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടെയും

കർമ്മപദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിനനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റുഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി OA No. 325/2015-ലെ ഉത്തരവുപ്രകാരം കർമ്മപദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കിവരുന്നു.

(സി) ചാലിയാർ നദി മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

കേരളത്തിലെ നാലാമത്തെ വലിയ നദിയായ ചാലിയാർ പുഴയുടെ കേരളത്തിലെ വൃഷ്ടിപ്രദേശം 2535 ചതുരശ്രയടി കിലോമീറ്ററാണ്. ചാലിയാർപ്പുഴ നിലവിൽ നേരിടുന്ന പ്രശ്നം നദിയോടുചേർന്ന ചെറുപട്ടണങ്ങളിൽനിന്നും റോഡിനോടുചേർന്ന ഓടകളിൽനിന്നും മാലിന്യം എത്തിച്ചേരുന്നുവെന്നതാണ്. കൂടാതെ, നദിയുടെ വൃഷ്ടിപ്രദേശത്തെ ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന രാസകീടനാശിനി/രാസവളം എന്നിവയിൽനിന്ന്

എത്തിച്ചേരുന്ന അവശിഷ്ടങ്ങളും നദിയുടെ ജലഗുണനിലവാരത്തെ ബാധിക്കുന്നതായി കാണുന്നു. 2018, 2019 പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയിലും കൈവഴികളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും ഏറെക്കുറെ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നീക്കംചെയ്തിട്ടുണ്ട്. ജലസ്രോതസുകൾ മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിനായി ക്യാമ്പയിൻ നടത്തുക, ജൈവ വളങ്ങളുടെ ഉപയോഗം, തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ മാലിന്യസംസ്കരണത്തിന് ശാസ്ത്രീയ നടപടികൾ സ്വീകരിക്കുക എന്നിവ വഴി ഒരുപരിധിവരെ നദീജലം മാലിന്യമുക്തമാക്കാൻ സാധിക്കും.

**പൂഞ്ഞാർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

151 (6441) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ആകെ എത്ര കുളങ്ങളുണ്ടെന്ന് (സർക്കാർ/സ്വകാര്യ ആരാധനാലയങ്ങളിലെ കുളങ്ങൾ ഉൾപ്പെടെ) അറിയിക്കുമോ; പ്രസ്തുത കുളങ്ങളുടെ വിസ്തൃതി, നിലവിലെ അവസ്ഥ എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഫണ്ടിന്റെ ലഭ്യതയും പൊതു ഉപയോഗവും പ്രവൃത്തിയുടെ ആവശ്യകതയുമനുസരിച്ച് പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡാമുകളുടെ സുരക്ഷ**

152 (6442) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഡാമുകളുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ജലസേചന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 20 ഡാമുകളാണുള്ളത്.

(ബി) പ്രസ്തുത ഡാമുകളുടെ സുരക്ഷയ്ക്കായി ഏത് സേനാ വിഭാഗത്തെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ജലസേചന വകുപ്പിനുകീഴിൽ മലങ്കര ഡാമിന്റെ കോമ്പൗണ്ടിൽ പോലീസിന്റെ ഗാർഡ്റൂം പ്രവർത്തിക്കുന്നുണ്ട്. മറ്റ് ഡാമുകളിൽ സുരക്ഷയ്ക്കായി ഒരു സേനാവിഭാഗത്തെയും നിയോഗിച്ചിട്ടില്ല.

(സി) ഡാമുകളുടെ ജലനിരപ്പ് ഉയരുന്നത് മനസ്സിലാക്കാൻ എന്തെങ്കിലും ആധുനികരീതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ "ഡാമുകളിലെ ഇൻസ്ട്രുമെന്റേഷൻ" എന്ന പ്രവൃത്തിയിലുൾപ്പെടുത്തി ജലസേചന വകുപ്പിന്റെ 16 ഡാമുകളായ നെയ്യാർ, കല്ലട, ഭൂതത്താൻകെട്ട് ബാരേജ്, മലങ്കര, മൂലത്തറ റെഗുലേറ്റർ, ചിമ്മിനി, വാഴാനി, പീച്ചി, ചുള്ളിയാർ, പോത്തുണ്ടി, മീങ്കര, മലമ്പുഴ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, പഴശ്ശി എന്നിവിടങ്ങളിൽ ജലനിരപ്പ് അളക്കുന്നതിനായി A.W.L.R. (ഓട്ടോമാറ്റിക് വാട്ടർ ലെവൽ റെക്കോർഡർ) സ്ഥാപിച്ച് ഡാറ്റ ലഭ്യമാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

153 (6443) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം മുൻനിർത്തി ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം മുൻനിർത്തി ഡാമുകളുടെ

സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണ്ണും നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ട പാക്കേജ് ഏതാണെന്ന് വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ ജലസ്രോതസുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ മുഖ്യപദ്ധതിയായ ഹരിത കേരള മിഷന്റെ ആശയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജലലഭ്യത ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്.

(സി) പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇടത്തരം പദ്ധതിയായ കാരാപ്പുഴ ജലസേചന പദ്ധതി 2010-ൽ ഭാഗികമായി പൂർത്തീകരിച്ച് ഇടതുകര-വലതുകര കനാലുകളിലൂടെയും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെയും ജലസേചനം നടത്തുന്നുണ്ട്. ഇടതുകര-വലതുകര കനാലുകൾ 100 ശതമാനവും ബ്രാഞ്ച് കനാലുകൾ 76.94 ശതമാനവും ഡിസ്ട്രിബ്യൂട്ടറികൾ 7.32 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രധാന കനാലുകൾ, നാല് ബ്രാഞ്ച് കനാലുകൾ, 9 ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയിലൂടെ 2025-26 സാമ്പത്തികവർഷത്തോടെ 2538 ഹെക്ടർ ജലസേചനം സാദ്ധ്യമാകുന്നരീതിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാൽ 86.45 ശതമാനവും വെണ്ണിയോട് ബ്രാഞ്ച് കനാൽ 25.23 ശതമാനവും പടിഞ്ഞാറത്തറ ബ്രാഞ്ച് കനാൽ 7.32 ശതമാനവും കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറി 33.65 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തലിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ പ്രധാന കനാൽ 2022-23 സാമ്പത്തികവർഷത്തിലും വെണ്ണിയോട്, പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലുകളും ഡിസ്ട്രിബ്യൂട്ടറികളായ കാപ്പുംകുന്ന്, പേരാൽ, വീട്ടിക്കാമൂല, കുറുമ്പാല ഈസ്റ്റ്, വെണ്ണിയോട്, കുപ്പാടിത്തറ എന്നിവയും 2023-24 സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് പ്രവൃത്തികൾ നടത്തിവരുന്നു. ആയതുപ്രകാരം 200.76 കോടി രൂപയുടെ പുതുക്കിയ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

<u>ഇടമലയാർ ജലസേചന പദ്ധതി</u>

ഇടമലയാർ ജലസേചന പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി 7.5 കിലോമീറ്റർ നീളമുള്ള ലിങ്ക് കനാൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഐ.ഐ.പി. ലിങ്ക് കനാൽ നിർമ്മിക്കുന്നതുവഴി പെരിയാർ ബേസിനും ചാലക്കുടി ബേസിനുംകൂടി യോജിപ്പിക്കുന്നതിനും അതുവഴി ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിന്റെ ആയക്കട്ട് stabilize ചെയ്യുന്നതിനും 2992 ഹെക്ടർ additional ayacut achieve ചെയ്യുന്നതിനും സാധിക്കും.

<u>മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി</u>

എം.വി.ഐ.പി.-യുടെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയും പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളും കാഡ പ്രവൃത്തികളുമൊഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരികയാണ്. പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കാഡ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ജലസേചന പദ്ധതികളുടെ നവീകരണം പൂർത്തിയായിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതിയുടെ നവീകരണം നടന്നുവരുന്നുവെന്നും വ്യക്തമാക്കാമോ?

DRIP-PHASE I-ലുൾപ്പെടുത്തി കാഞ്ഞിരപ്പുഴ, മലമ്പുഴ, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിലും മൂലത്തറ റെഗുലേറ്ററിലും നവീകരണപ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പഴശ്ശി പദ്ധതിയുടെ കനാൽ ശൃംഖലകളുടെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

DRIP-PHASE II-ലുൾപ്പെടുത്തി കുറ്റ്യാടി ജലസേചന പദ്ധതിയുടെ സപ്പോർട്ടിംഗ് ഡാമിന്റെ പ്രവൃത്തിയും കാരാപ്പുഴ ഡാമിലെ നവീകരണ പ്രവൃത്തിയും നടന്നുവരുന്നു. കാഞ്ഞിരപ്പുഴ ഡാമിലെ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളുടെ നവീകരണ പ്രവൃത്തികൾക്കുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. നെയ്യാർ, വാഴാനി, ചിമ്മിനി, കല്ലട, മലങ്കര എന്നീ ഡാമുകളുടെയും മണിയാർ, ഭൂതത്താൻകെട്ട് എന്നീ ബാരേജുകളുടെയും നവീകരണം DRIP പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്നു. വാഴാനി ജലസേചന പദ്ധതിയുടെ പഴക്കംചെന്ന കനാൽ ശൃംഖലയുടെ നവീകരണത്തിനുള്ള DPR, കല്ലട ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലയുടെ നവീകരണത്തിനുള്ള DPR പി.വി.ഐ.പി.-യുടെ കനാൽ ശൃംഖലയുടെ നവീകരണത്തിനുള്ള DPR എന്നിവ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; അവശേഷിക്കുന്ന പണികൾ തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

എം.വി.ഐ.പി.-യുടെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് പ്രവൃത്തികളും പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളും കാഡ പ്രവൃത്തികളുമൊഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരികയാണ്. പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കാഡ പ്രവൃത്തികൾ നടന്നുവരുന്നു.

**ഡാമുകളുടെ സുരക്ഷാ പരിശോധന**

154 (6444) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകൾക്ക് കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച് സുരക്ഷാ ഭീഷണിയുള്ളതായി

കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകൾക്ക് കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച് സുരക്ഷാ ഭീഷണിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, സംഭരണശേഷി, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോ; ഇതിനായി പ്രത്യേക സംഘത്തെ നിയമിക്കുമോ?

സംസ്ഥാനത്തെ എല്ലാ ഡാമുകളിലും ബലം, സംഭരണശേഷി, സാങ്കേതിക സംവിധാനങ്ങൾ എന്നിവ വിലയിരുത്തുന്നതിനായി മഴക്കാലത്തിനുമുമ്പും പിൻപും ഡാം പരിശോധനകൾ കേന്ദ്ര ജലകമ്മീഷന്റെ (CWC) മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അതത് ഡാം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും വേണ്ട പരിഹാരപ്രവൃത്തികൾ ചെയ്തുവരികയും ചെയ്യുന്നു. കൂടാതെ, ലോകബാങ്കിന്റെ സഹായത്തോടെ ജലസേചന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന Dam Rehabilitation and Improvement Project (DRIP)-ലുൾപ്പെടുത്തി 16 ഡാമുകളിൽ വിശദമായ സുരക്ഷാ പരിശോധന Dam Safety Review Panel (DSRP) മുഖാന്തരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ആവശ്യമുള്ള പുനരുദ്ധാരണ

പരിപാലന പ്രവൃത്തികൾക്കായി നടപടികളാരംഭിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന നദീജല കരാറുകളുടെ (പെരിയാർ പാട്ടക്കരാർ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ) പരിധിയിലുള്ള കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധനകൾ നടത്തുന്നത് തമിഴ്നാട് സർക്കാരാണ്. മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതിയും സുരക്ഷ സംബന്ധിച്ച പരിശോധനകൾ നടത്തുന്നുണ്ട്.

(സി) കാലവർഷം തുടങ്ങുന്നതിനുമുമ്പായി ഡാമുകളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും നടപടി സ്വീകരിക്കുമോ; ഇതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ?

കാലവർഷം തുടങ്ങുന്നതിനുമുമ്പായി എല്ലാ ഡാമുകളിലും CWC മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പരിശോധനകൾ നടത്താറുണ്ട്. 200 MCM-നുമുകളിൽ സംഭരണശേഷിയുള്ള ഡാമുകളായ കല്ലട, മലമ്പുഴ എന്നീ ഡാമുകളിൽ Rule Curve പ്രകാരം ജലസംവിധാനം നിയന്ത്രിച്ച് ജലനിരപ്പ് ക്രമീകരിക്കാറുണ്ട്. ജലസേചന വകുപ്പിനുകീഴിലുള്ള 16 ഡാമുകളുടെ Emergency Action Plan (EAP) തയ്യാറാക്കുകയും ഇതിൽ 14 ഡാമുകളുടെ EAP

പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വർഷകാലങ്ങളിൽ, അന്തർ സംസ്ഥാന നദീജല കരാറുകളുടെ (പെരിയാർ പാട്ടക്കരാർ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ) പരിധിയിലുള്ള കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ ജലനിരപ്പിലുള്ള വ്യതിയാനങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ തമിഴ്നാട് ജലവിഭവ വകുപ്പ് കേരളത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിക്കുകയും മുന്നറിയിപ്പുകളനുസരിച്ച് ഉചിതമായ നടപടികൾ ജില്ലാ ഭരണകൂടത്തിന്റെയും ദുരന്തനിവാരണ അതോറിറ്റിയുടെയും നേതൃത്വത്തിൽ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**പൂമല ഡാം അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി**

155 (6445) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ പൂമല ഡാം അളന്ന് തിട്ടപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പൂമല ഡാം അളന്ന് തിട്ടപ്പെടുത്തുന്നതിന് വകുപ്പിൽ ലഭ്യമായ സ്കെച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി തഹസിൽദാർ, ഭൂരേഖ തൃശ്ശൂർ കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**പുതിയ അണക്കെട്ടുകൾ**

156 (6446) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ നദികളിലാണ് പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) ജലസേചന വകുപ്പിൽ നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുള്ള അണക്കെട്ടുകൾ ജലസേചനം, കുടിവെള്ളം എന്നിവ ഉദ്ദേശിച്ചുള്ളവയാണ്. വയനാട് ജില്ലയിലെ കബനി നദീതടത്തിൽ ഏഴ് ഇടത്തരം പദ്ധതികൾ (കടമാൻതോട്, തൊണ്ടാർ, ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, പെരിങ്ങോട്ടുപുഴ) ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ ആദ്യഘട്ടമായി കടമാൻതോട്, തൊണ്ടാർ എന്നീ പദ്ധതികളുടെ പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാലക്കാട് ജില്ലയിലെ ശിരുവാണി നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുള്ള അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്ര ജലകമ്മീഷൻ അനുമതിക്കായി

സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ചാലക്കുടി ബേസിനിലുള്ള കാരപ്പാറ അരുവിയിൽ അണക്കെട്ട് നിർമ്മിച്ച് മഴനിഴൽ പ്രദേശങ്ങളിലേയ്ക്ക് ജലമെത്തിക്കാൻ SAKKIP (കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ) എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ചെറിയ മഴ പെയ്താൽപ്പോലും വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യത്തിൽ വെള്ളപ്പൊക്കത്തിന്റെ കാരണങ്ങളെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല.

**നെന്മാറ മണ്ഡലത്തിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ**

157 (6447) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ നിയോജകമണ്ഡലത്തിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിലുൾപ്പെടുന്ന ഡാമുകൾ മീങ്കര, ചുള്ളിയാർ, പോത്തുണ്ടി എന്നിവയാണ്. ചുള്ളിയാർ ഡാമിന്റെ ഡിസിൽറ്റേഷൻ പ്രവൃത്തി

KIIDC ഏറ്റെടുത്ത് ടെണ്ടർ നടത്തുകയും KOOTHRADANS INFRASTRUCTURE എന്ന സ്ഥാപനവുമായി കരാർ ഉടമ്പടിവയ്ക്കുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഡിസിൽറ്റേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. മീങ്കര, വാളയാർ എന്നീ ഡാമുകളുടെ ഡിസിൽറ്റേഷൻ പ്രവൃത്തി KEMDEL ഏറ്റെടുത്ത് ദർഘാസ് നടത്തുകയും AVANTHIKA CONTRACTORS LTD എന്ന കമ്പനിയുമായി കരാറിലേർപ്പെടുകയും ചെയ്തു. ഡിസിൽറ്റേഷൻ പ്രവൃത്തി നടന്നുവരുന്നു. പോത്തുണ്ടി ഡാമിൽ BATHYMETRIC SURVEY നടത്തുകയും 3.784 MM3 സിൽറ്റ് അടിഞ്ഞതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

**മംഗലം ഡാമിൽനിന്ന് ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി**

158 (6448) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിൽനിന്ന് ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പെട്ടെന്ന് തടസ്സം നേരിടാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; പ്രശ്നങ്ങൾ പരിഹരിച്ച് മംഗലം ഡാമിൽനിന്ന് ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തി

പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) മംഗലം ഡാമിൽ ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി DHARTHI DREDGING INFRASTRUCTURE LIMITED എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത ഏജൻസി ടി പ്രവൃത്തി ആരംഭിക്കുകയുമുണ്ടായി. കരാർ ഏറ്റെടുത്ത കമ്പനി പ്രവൃത്തി നടത്തിയതിലുള്ള മോശം പ്രകടനവും സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തവണകൾ കൃത്യമായി ഒടുക്കാതിരുന്നതും കണക്കിലെടുത്ത് 30-05-2022-നുചേർന്ന 12-ാം എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്പനിയുമായുണ്ടാക്കിയ ഉടമ്പടി റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. അതിനെതിരെ National Law Tribunal Hyderabad-ൽ കമ്പനി ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നു. കോടതി ഉത്തരവാകുന്നമുറയ്ക്ക് പ്രവൃത്തി പുനരാരരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ മുടപ്പത്തൂർ ചെക്ക് ഡാം നവീകരണം**

159 (6449) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പഴശ്ശി പദ്ധതിയുടെ കീഴിലുള്ള മെയിൻ കനാലിലെ കാര എന്നസ്ഥലത്ത് തകർന്ന സൂപ്പർ പാസേജുകൾ

പുനർനിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

മട്ടന്നൂർ മണ്ഡലത്തിൽ പഴശ്ശി പദ്ധതിയുടെ കീഴിലുള്ള മെയിൻ കനാലിലെ കാര എന്നസ്ഥലത്ത് തകർന്ന സൂപ്പർ പാസേജുകൾ പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ 2022-23 വർഷത്തെ പ്ലാൻ ശീർഷകത്തിലുൾപ്പെടുത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) മട്ടന്നൂർ മണ്ഡലത്തിലെ മുടപ്പത്തൂർ ചെക്ക് ഡാം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

മട്ടന്നൂർ മണ്ഡലത്തിലെ മുടപ്പത്തൂർ ചെക്ക് ഡാമിന്റെ മരപ്പലകകൾ മാറ്റി എഫ്.ആർ.പി. ഷട്ടർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണ**

160 (6450) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടില്ല.

**കോട്ടക്കൽ മണ്ഡലത്തിലെ വി.സി.ബി. നിർമ്മാണവും തോടിന്റെ സൈഡ് കെട്ടലും**

161 (6451) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്-പങ്ങാട് ചിറ തോടിന്റെ സൈഡ് കെട്ടൽ, പൊന്മള പഞ്ചായത്തിലെ പെരിങ്ങൽച്ചിറ വി.സി.ബി. നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) കോതത്തോട്-പങ്ങാട് ചിറ തോടിന്റെ സൈഡ് കെട്ടുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ചീഫ് എഞ്ചിനീയറുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്-പങ്ങാട് ചിറ തോടിന്റെ സൈഡ് കെട്ടൽ നിർമ്മാണവുമായി ബന്ധപ്പെട്ട് "FD-Urgent side protection on the upstream of Pangad chira VCB across Kothathodu in Valanchery Municipality" എന്നപേരിൽ 25.60 ലക്ഷം രൂപ വരുന്ന പ്രവൃത്തി PRICE മുഖാന്തരം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള പഞ്ചായത്തിലെ പെരിങ്ങൽചിറ വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് "Construction of Peringalchira VCB in Ponmala Grama Panchayath" എന്നപേരിൽ 45.00 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ഇപ്പോൾ കരാറിലേർപ്പെട്ട് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പെരിങ്ങൽച്ചിറ വി.സി.ബി. നിർമ്മാണപ്രവൃത്തിയുടെ നിലവിലെസ്ഥിതി വിശദമാക്കുമോ?

പെരിങ്ങൽചിറ വി.സി.ബി. നിർമ്മാണം

പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള നിർദ്ദേശങ്ങൾ**

162 (6452) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാടിന്റെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച ശിപാർശ ചുവടെ ചേർക്കുന്നു.

1. റൂം ഫോർ റിവർ പദ്ധതി:- ഇതിന്റെ തുടർനടപടികൾക്കായി ഐ.ഐ.ടി. ചെന്നൈ കുട്ടനാടിന്റെ വെള്ളപ്പൊക്ക ലഘൂകരണത്തിനായി ഹൈഡ്രോഡൈനാമിക് പഠനം നടത്തുകയും അതിന്റെ അന്തിമ രൂപരേഖ 2023 മാർച്ച് 31-ന് കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.
2. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം കല്ലുകെട്ട് (DR Masonary &

RR Masonary) ബണ്ടിന്റെ പാർശ്വങ്ങളിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ നാളിതുവരെ നടപ്പാക്കിയിട്ടുള്ളതും ഇനി നടപ്പാക്കാനുള്ളതും പ്രവൃത്തി പുരോഗമിക്കുന്നതുമായ നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്നും ഓരോ ഇനത്തിലും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

2019-20 സാമ്പത്തികവർഷം മുതൽ പ്ലാൻ സ്കീമിലും നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിലുമുൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും തോടുകളിൽനിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. അവയുടെ സംക്ഷിപ്തരൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>2023-24-ൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി കുട്ടനാട്ടിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ</u>

1. പ്ലാൻ സ്കീം (Head of Account - 4711-01-103-84 പദ്ധതി വിഹിതം - 37 കോടി രൂപ) - 2023-24 ബഡ്ജറ്റിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലിനും അനുബന്ധ നിർമ്മിതികൾക്കും കൂടാതെ തോടുകളിൽനിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമായി 37 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 25 പ്രവൃത്തികളാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതുവഴി 1031 ഹെക്ടർ ഏരിയ സംരക്ഷണവും 32 കിലോമീറ്റർ പുറംബണ്ട്, 11 മോട്ടോർ തറ/ഷെഡ്, 5 സ്ലൂയിസ്, 5 ബോക്സ്/പൈപ്പ് കൾവെർട്ടുകൾ എന്നിവയുടെ നിർമ്മാണവും സാധ്യമാകുന്നതാണ്.

2. നബാർഡ് - ആർ.ഐ.ഡി.എഫ്. (Head of Account – 4711-01-103-83 പദ്ധതി വിഹിതം - 100 കോടി രൂപ) - പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി 100 കോടി രൂപയാണ് ഈ പദ്ധതിയിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുകയ്ക്കുള്ള 11 പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികൾമൂലം 1600 ഹെക്ടർ പാടശേഖരങ്ങളുടെ സംരക്ഷണം സാധ്യമാകുന്നതാണ്. കൂടാതെ 55 കിലോമീറ്റർ ബണ്ട്, 10 മോട്ടോർഷെഡ്, 10 മോട്ടോർതറ, 8 പൊതുമട എന്നിവ നവീകരിക്കപ്പെടും.

ഹൈഡ്രോഡൈനാമിക് പഠനം ആസ്പദമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് ആ നിർമ്മിതികളുടെ രൂപകൽപ്പന ചെയ്തശേഷം ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. വേമ്പനാട് കായലിന്റെ ഭാഗമായ പഴുക്കാനിലക്കായലിന്റെ ആഴം

വർദ്ധിപ്പിക്കുന്നതിനും അതിലെ ചെളി ഉപയോഗിച്ച് സമീപത്തുള്ള 3 പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യവികസനത്തിനുമായി ₹108 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കിലെ തകഴി, എടത്വ, തലവടി, മുട്ടാർ, ചമ്പക്കുളം, പുളിങ്കുന്ന്, വേലിയനാട്, കൈനകരി, നെടുമുടി, കാവാലം, നീലംപേരൂർ, രാമങ്കരി എന്നീ 12 പഞ്ചായത്തുകളിൽ പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ജിയോ ടെക്സ്റ്റൈലും സമീപപ്രദേശങ്ങളിലെ തോടുകളിലെ ചെളിയും ഉപയോഗിച്ച് വ്യാപിച്ചുകിടക്കുന്ന പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിന് ₹292.75 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 04-05-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 279/2020/ജവിവ പ്രകാരം ഒന്നാംഘട്ടമായി ₹160 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിയാർ നദിയിലെ കുട്ടിയ്ക്കൽ കടവ് സംരക്ഷിക്കുന്നതിന് നടപടി**

163 (6453) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ നദിയിലെ കുട്ടിയ്ക്കൽ കടവ് കെട്ടിസംരക്ഷിക്കണമെന്ന 12-02-2022-ലെ അപേക്ഷയിന്മേൽ (6375/വി.ഐ.പി./എം.(ഡബ്ല്യൂ.ആർ.)/2022) ചീഫ് എഞ്ചിനീയർ (ഐ.&എ.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ചീഫ് എഞ്ചിനീയർ നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കുട്ടിയ്ക്കൽ കടവ് കെട്ടിസംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പെരിയാർ നദിയിലെ കൂട്ടിക്കൽ കടവ് സംരക്ഷിക്കണമെന്ന 12-02-2022-ലെ അപേക്ഷ (6375/വിഐപി/എം(ഡബ്ല്യൂ.ആർ)/2022) തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി നൽകുകയുണ്ടായി. പ്രസ്തുത പരാതിയിന്മേൽ “Removal of accumulated silt and extension of Koottikkal kadavu near Thiruvairanikkulam temple in Ward No.12 of Sreemoolanagaram

panchayath” എന്ന പ്രവൃത്തിക്കായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. മേൽവിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മാടാരുക്കുണ്ട് തോടിന് സംരക്ഷണഭിത്തി നിർമ്മാണം**

164 (6454) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏളയൂർ സംപ്രിക്കൈ മണ്ണുംപുള്ളി ഭാഗത്ത് മാടാരുക്കുണ്ട് തോടിന് സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് അബ്ദുറഹ്മാൻ സി., പാട്ടുവെണ്ണിമ്മൽ, ഇളയൂർ, ഇരുവേറ്റി എന്നയാളുടെ അപേക്ഷ ലഭിച്ചിരുന്നോ; അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ഫയൽ നമ്പരുൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ?

ഏറനാട് മണ്ഡലത്തിലെ ഏളയൂർ സംപ്രിക്കൈ മണ്ണുംപുള്ളി ഭാഗത്ത് മാടാരുക്കുണ്ട് തോടിന് സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് 28-02-2022-ന് മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം കാര്യാലയത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ച അബ്ദുറഹമാൻ സി., പാട്ടുവെണ്ണിമ്മൽ, ഇളയൂർ, ഇരുവേറ്റി എന്നയാളുടെ അപേക്ഷ മലപ്പുറം മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം മഞ്ചേരി മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തുകയും ആയതിൻപ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. കാവനൂർ പഞ്ചായത്തിലെ ഇളയൂർ ഭാഗത്ത് സംപ്രിക്കൈ-പാറക്കുണ്ട്-മണ്ണംപുള്ളി ഭാഗത്തുകൂടി ഒഴുകുന്ന മാടാരുക്കുണ്ട് തോട് നിലവിൽ ശോചനീയാവസ്ഥയിലാണെന്നും തോടിന് ഇരുകരയും 150 മീറ്റർ നീളത്തിൽ കെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 25 ലക്ഷം രൂപ ആവശ്യമാണെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. തുടർന്ന് പ്രവൃത്തിയുടെ യൂട്ടിലിറ്റി പരിശോധിച്ച് പ്രയോറിറ്റി ലിസ്റ്റിലുൾപ്പെടുത്തി സാമ്പത്തികാനുമതിക്കായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും മേൽവിവരങ്ങൾ അപേക്ഷകനായ അബ്ദുറഹമാൻ സി., പാട്ടുവെണ്ണിമ്മൽ ഇളയൂർ, ഇരുവേറ്റി. പി.ഒ., അരിക്കോട് എന്നയാളെ പ്രസ്തുത കാര്യാലയത്തിലെ ഫയൽ നമ്പർ ഇ 1-751/2022 പ്രകാരം 07-07-2022-ന്

അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എപ്പോൾ ഭരണാനുമതി നൽകുമെന്നും അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. അടുത്ത സാമ്പത്തികവർഷത്തിൽ പ്രവൃത്തിയുടെ പൊതു ഉപയോഗം, സ്വഭാവം, മുൻഗണന എന്നിവയുടെ അടിസ്ഥാനത്തിൽ ഉചിതമായ ശീർഷകത്തിലുൾപ്പെടുത്തി നടപടികൾ സ്വീകരിക്കാവുന്നതാണ്.

**അച്ചൻകോവിലാറിന്റെ നീരൊഴുക്ക് സുഗമമാക്കാൻ സ്വീകരിച്ച നടപടികൾ**

165 (6455) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിലാറിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിലയിൽ നിറഞ്ഞ ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

അച്ചൻകോവിലാറിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിലയിൽ നിറഞ്ഞ ചെളിയും മണലും എക്കലും മറ്റുമാലിന്യങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അച്ചൻകോവിലാർ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗത്ത് നീരൊഴുക്ക് സുഗമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അച്ചൻകോവിലാർ കടന്നുപോകുന്ന മാവേലിക്കര മണ്ഡലത്തിലെ മണ്ഡപത്തിൻകടവ് ഭാഗത്തെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിലയിൽ നിറഞ്ഞ ചെളിയും മണലും എക്കലും നീക്കംചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തഴക്കര പഞ്ചായത്തിലെ പുലക്കടവ് ഭാഗത്ത് അടിഞ്ഞുകൂടിയ എക്കലും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനെതിരെ പ്രദേശവാസികൾ തടസ്സമുന്നയിച്ചതിനാൽ റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തി പുറമ്പോക്ക് നിർണ്ണയിച്ചാൽ മാത്രമേ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പ്രദേശത്ത് തീരസംരക്ഷണഭിത്തി നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പ്രദേശത്ത് തീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

1. Achenkovil river - protecting the eroded banks of Achenkovil river in Chengannur constituency.

2. Achenkovil river - protecting the eroded banks of Achenkovil river in Harippad constituency

3. General - protection work - budget speech - 2022-23 - protecting the left and right banks of Puthanar and right bank of Achenkovil river of Chengannur constituency.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**ചാലിയാർ ചെറുപുഴയിൽ ഫ്ലഡ് ലോക്ക് നിർമ്മാണം**

166 (6456) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ ചെറുപുഴയിൽ ഫ്ലഡ് ലോക്ക് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രളയത്തെ പ്രതിരോധിക്കുന്നതിനായി ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ചാലിയാർ, കല്ലായി പുഴകളെ ബന്ധിപ്പിക്കുന്ന ഉൾനാടൻ ജലഗതാഗത പാതയുടെ ഭാഗമായ ബേപ്പൂർ-കല്ലായി കനാലിനുകുറുകെ പ്രളയസമയത്ത് അധികജലം പ്രതിരോധിക്കുന്നതിനായി കൊളത്തറ ചുങ്കം

പാലത്തിനുസമീപം ഒരു ഫ്ലഡ് കൺട്രോൾ ലോക്ക്/ഷട്ടർ നിർമ്മിക്കുന്നതിനായി പര്യവേക്ഷണം നടത്തിയിട്ടുണ്ട്. പര്യവേക്ഷണ റിപ്പോർട്ടും അനുബന്ധരേഖകളും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)-ലേയ്ക്ക് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ ഉൾപ്പെടെയുള്ള മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**അവനാംകോട് നം.1 എൽ.ഐ.എസ്. കനാലിന്റെ റീടെയ്നിംഗ് വാൾ**

167 (6457) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, പുറയാർ-അവനാംകോട് നം.1 എൽ.ഐ.എസ്. കനാലിന്റെ റീടെയ്നിംഗ് വാൾ കെട്ടി ഉയർത്തുന്നതിന് ഫണ്ട് അനുവദിക്കണമെന്ന 21-02-2022-ലെ അപേക്ഷയിന്മേൽ (എസ്റ്റാ.നം.2021/134/ഐ.എ.) ചീഫ് എഞ്ചിനീയർ (ഐ.എ.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ചീഫ് എഞ്ചിനീയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനുകീഴിൽ "Raising of retaining wall and providing ramp on right side bund of Avanamcode No.1(A) LIS at Purayar near ch.2000m (EstID 2021/134/IA)" എന്ന പ്രവൃത്തിക്ക് സാമ്പത്തികാനുമതിയും ഭരണാനുമതിയും (AS No. MIDEKM/2021/134/IA for Rs.6,90,000) നൽകിയിട്ടുള്ളതും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 03-09-2022-ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ സാമ്പത്തികാനുമതി, ഭരണാനുമതി എന്നീ നടപടിക്രമങ്ങളുടെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

**മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണം**

168 (6458) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഹൊസബെട്ടു കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് "Construction of seawall for a length of 220m at Hosabettu kadappuram of Manjeswaram constituency in Kasargod district" എന്ന പ്രവൃത്തിയുടെ 2 കോടി രൂപയുടെ എസ്റ്റിമേറ്റിന് "4711-02-103-99-01-00-വി-എ.എസ്.ഇ പ്രോജക്ട്" എന്ന ശീർഷകത്തിൽ ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് തൽക്കാലത്തേയ്ക്ക് പരിഗണിക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

**കടൽഭിത്തി പുലിമുട്ട് നിർമ്മാണത്തിനുള്ള ഐ.ഐ.റ്റി. പഠനം**

169 (6459) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഐ.ഐ.റ്റി.-യുടെ പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതെന്നും അത് ഏതെല്ലാം ഭാഗങ്ങളിലാണെന്നും (ചെയിനേജ്

ഉൾപ്പെടെ) അറിയിക്കാമോ?

തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പ്രദേശങ്ങളിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന ഭാഗങ്ങളിലേയ്ക്ക് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതും ആയതുപ്രകാരം പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

1. ആറാട്ടുപുഴ പഞ്ചായത്തിൽ, ആറാട്ടുപുഴയിൽ 1.2 കിലോമീറ്റർ നീളത്തിലേയ്ക്ക് Ch:56.60 മുതൽ Ch:57.80 വരെ.

2. ആറാട്ടുപുഴ പഞ്ചായത്തിൽ, വട്ടച്ചാൽ ഭാഗത്ത് 1.8 കിലോമീറ്റർ നീളത്തിലേയ്ക്ക് Ch:53.40 മുതൽ Ch:55.20 വരെ.

3. ആറാട്ടുപുഴ പഞ്ചായത്തിൽ, രണ്ടാം ഘട്ടത്തിൽപ്പെടുത്തി നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ Ch:55.20 മുതൽ Ch:55.673 വരെ.

4. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ, പതിയാങ്കരയിൽ 1.5 കിലോമീറ്റർ നീളത്തിലേയ്ക്ക് Ch:60.10 മുതൽ Ch:61.60 വരെ.

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന ചേലക്കാട് മുക്ക്, പാനൂർ, കുമാരകോടി, തോട്ടിൽ തൈമൂല, നല്ലാണിക്കൽ,

പെരുമ്പള്ളി, വലിയഴീക്കൽ, കാർത്തിക ജംഗ്ഷൻ, പെരുമ്പള്ളി, പതിയാങ്കര, കോട്ടമുറി, പള്ളിപ്പാട്ടുമുറി, പുത്തൻപുരയ്ക്കൽ ജംഗ്ഷൻ, ചേലക്കാട്, കുറ്റിക്കാട്ട്, പാനൂർ എൽ.പി. സ്കൂൾ, ചെറിയാശ്ശേരി, മദ്ദക്കൽ എന്നീ പ്രദേശങ്ങളിലെ കടൽഭിത്തി, പുലിമുട്ട് നിർമ്മാണത്തിനായി നിലവിൽ എസ്റ്റിമേറ്റ്/പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ഇനി ഏതെല്ലാം പ്രദേശങ്ങളിലെ/ഭാഗങ്ങളിലെ പ്രവൃത്തികൾക്കാണ് ഐ.ഐ.ടി. പഠന റിപ്പോർട്ട് ലഭിക്കേണ്ടതെന്ന കാര്യം അറിയിക്കാമോ?

(ബി&സി) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളിയിൽ 550 മീറ്റർ കടൽത്തീരത്ത് 10.61 കോടി രൂപയ്ക്കും കാർത്തിക ജംഗ്ഷൻ മുതൽ പതിയാങ്കര വരെയുള്ള (1, 16, 17, 18 വാർഡുകൾ ഉൾപ്പെടുന്ന) 2.30 കിലോമീറ്റർ കടൽത്തീരത്തേയ്ക്ക് 41.96 കോടി രൂപയ്ക്കും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കര മുതൽ കോട്ടമുറി വരെ 600 മീറ്റർ കടൽത്തീരത്തേയ്ക്ക് 11.51 കോടി രൂപയ്ക്കും തൃക്കുന്നപ്പുഴ ജംഗ്ഷനിൽ 700 മീറ്റർ കടൽത്തീരത്തേയ്ക്ക് 13.30 കോടി രൂപയ്ക്കും പള്ളിപ്പാട്ടുമുറി മുതൽ പല്ലന വരെ (പുത്തൻപുരയ്ക്കൽ ജംഗ്ഷൻ, ചേലക്കാട്, കുറ്റിക്കാട്, പാനൂർ എൽ.പി. സ്കൂൾ,

ചെറിയാശ്ശേരി, മദ്ദക്കൽ മേഖലകൾ ഉൾപ്പെടുന്ന) 2.8 കിലോമീറ്റർ കടൽത്തീരത്തേയ്ക്ക് 50.92 കോടി രൂപയുടെ ടെന്റേറ്റീവ് ഡിസൈൻ പ്രകാരമുള്ള ഏകദേശ ചെലവ് പ്രതീക്ഷിക്കുന്ന റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നുവെങ്കിലും ആയതിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

170 (6460) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കെന്നും എത്ര രൂപയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

മലമ്പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടെ കനാലുകൾ ഒറ്റപ്പാലം മണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ മലമ്പുഴ പദ്ധതിക്കായി 400 ലക്ഷം രൂപയും കാഞ്ഞിരപ്പുഴ പദ്ധതിയിൽ 150 ലക്ഷം രൂപയും

വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗപ്പെടുത്തി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിവരുന്നു.

പ്ലാൻ ശീർഷകത്തിൽ NABARD-RIDF ഇനത്തിൽ കാഞ്ഞിരപ്പുഴ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഒറ്റപ്പാലം മണ്ഡലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കുള്ള രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച തടയൽ**

171 (6461) <u>ഡോ. കെ. ടി. ജലീൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച തടയൽ പ്രവൃത്തി ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത മഴക്കാലത്തിന് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 26% പൂർത്തീകരിച്ചിട്ടുണ്ട്. കരാറിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തികളായ താഴ്ഭാഗത്തെ ഷീറ്റ് പൈൽ സ്ഥാപിക്കൽ, റിംഗ് ബണ്ട്

ഇട്ടശേഷം കോൺക്രീറ്റ് ചെയ്യൽ എന്നിവ നടത്തി അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം പ്രവൃത്തികൾ നടന്നുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

172 (6462) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് രൂപകല്പന തയ്യാറാക്കുന്നതിനുവേണ്ടി നൽകിയിരുന്നു. ആയതിന്മേൽ ഐ.ഡി.ആർ.ബി.-യിൽനിന്നും ആവശ്യപ്പെട്ട അഡീഷണൽ ഡീറ്റെയിൽസും ക്ലാരിഫിക്കേഷൻസും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ

കാര്യാലയത്തിൽനിന്നും നൽകിയിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിച്ചുവരുന്നു. അംഗീകരിച്ച ഡിസൈൻ ഡ്രോയിംഗ് ലഭിച്ചാലുടൻതന്നെ മേൽ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കാവുന്നതാണ്.

**കുറുമാലിപ്പുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം**

173 (6463) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കുറുമാലിപ്പുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും തകർന്ന അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിലൂടെയുള്ള ഗതാഗത തടസ്സം പരിഹരിക്കുന്നതിനായി റോഡ് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പ്രസ്തുത അപ്രോച്ച് റോഡിലൂടെയുള്ള ഗതാഗതതടസ്സം പരിഹരിക്കുന്നതിനായി റോഡ് പുനർനിർമ്മിക്കുന്നതിന് 155.2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ, (ഐ&എ)

സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ കൂടുതൽ വ്യക്തത വരുത്തുവാൻ സർക്കാർ ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉപയോഗിച്ച ഡിസൈൻ പുന:പരിശോധിക്കുന്ന നടപടികൾ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

(സി) റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തനക്ഷമമാക്കുന്നതിനായുള്ള നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ?

ആർ.സി.ബി. പ്രവർത്തനക്ഷമമാക്കുന്നതിനായുള്ള നിർമ്മാണ പ്രവൃത്തിയുടെ രൂപകല്പന ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ, ഐ&എ.-യുടെ കാര്യാലയത്തിൽനിന്നും ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയാലുടൻതന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിനുകീഴിലുള്ള ഓഫീസുകൾ**

174 (6464) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിന് കീഴിലുള്ള

ഓഫീസുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിനുകീഴിലുള്ള ഓഫീസുകളെ സംബന്ധിച്ച വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ഓഫീസുകളിൽ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾ, നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു, എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നിവയുടെ ഓഫീസ് തിരിച്ചുള്ള വിശദവിവരം നൽകാമോ?

പ്രസ്തുത ഓഫീസുകളിൽ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾ, നിലവിലുള്ളവർ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. *

**കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപാടം തോട് നവീകരണം**

175 (6465) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം, ഇരിമ്പിളിയം എന്നീ പഞ്ചായത്തുകളിൽക്കൂടിയും വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽക്കൂടിയും കടന്നുപോകുന്ന പുഞ്ചപ്പാടം തോടിന്റെ നവീകരണ പ്രവൃത്തിയുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും ഓഫീസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിക്ക് "MI Class-1 - Rejuvenation of Punchappadam thodu in Kuttippuram Panchayath, Irimbiliyam Panchayath and Valanchery Municipality in Kottakkal LAC in Malappuram District," PRICE-3 മുഖേന 1640 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2023-24 വർഷത്തേയ്ക്കുള്ള ബജറ്റ് വാല്യം-1-ൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) ഉൾപ്പെടുത്തേണ്ട പ്രവൃത്തികളുടെ പട്ടികയിൽ എം.ഐ. ക്ലാസ്-1 ശീർഷകത്തിൽ ക്രമ നമ്പർ 30 ആയി മേൽപ്രവൃത്തി ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നെങ്കിലും ടി പ്രവൃത്തി 2023-24 ബജറ്റിൽ ഉൾപ്പെട്ടിട്ടില്ല. അടുത്ത സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൊല്ലം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ**

176 (6466) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പൂർത്തീകരിക്കുന്നതുമായ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊല്ലം മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ**

177 (6467) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പുമുഖേന ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മലപ്പുറം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

178 (6468) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിലും (എസ്.ഡി.ആർ.എഫ്.) പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിലും (എസ്.ഡി.ആർ.എഫ്.) പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മലപ്പുറം മണ്ഡലത്തിലെ കടലുണ്ടിപ്പുഴയിലെ ആനക്കയം വില്ലേജ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സർവ്വേ നമ്പർ 141/8 പാണക്കാട് വില്ലേജ്), താമരക്കുഴി, നൂറാടി, കോരംകുണ്ട്, കോൽമണ്ണ (സർവ്വേ നമ്പർ 141/8 പാണക്കാട് വില്ലേജ്), പാണക്കാട് ആറുവെട്ടിക്കടവ് എന്നീ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കി മുൻഗണന നിശ്ചയിച്ച് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ?

മലപ്പുറം മണ്ഡലത്തിലെ കടലുണ്ടിപ്പുഴയിലെ താമരക്കുഴി, നൂറാടി, കോരംകുണ്ട്, കോൽമണ്ണ എന്നീ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മാണം ഇതിനോടകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പാണക്കാട് ആറുവെട്ടിക്കടവിൽ പാർശ്വഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ സ്വഭാവത്തിന്റെയും മുൻഗണനയുടെയും അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കാവുന്നതാണ്. എന്നാൽ പാണക്കാട് വില്ലേജിലെ സർവ്വേ നമ്പർ 141/8 ഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിന് പരാതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഭാഗത്തെ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) അപകടം കണക്കിലെടുത്ത് മൺസൂൺ വരുന്നതിനുമുമ്പുതന്നെ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) പ്രവൃത്തിയുടെ സ്വഭാവത്തിന്റെയും മുൻഗണനയുടെയും അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിൽ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി**

179 (6469) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കായലുകളിലേയും തോടുകളിലേയും എക്കൽമണ് നിക്ഷേപം ഒഴിവാക്കി നീരൊഴുക്ക് ശക്തിപ്പെടുത്തി വെള്ളക്കെട്ട് പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മൺസൂൺ ആകുന്നതിന് മുമ്പ് ഇടതോടുകളിലെ എക്കൽ നിക്ഷേപം ഒഴിവാക്കി നീരൊഴുക്ക് ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) അരൂർ മണ്ഡലത്തിലെ കായലുകളിലെയും തോടുകളിലെയും

എക്കൽമണ്‍ നിക്ഷേപം ഒഴിവാക്കി നീരൊഴുക്ക് ശക്തിപ്പെടുത്തി വെള്ളക്കെട്ട് പരിഹരിക്കുന്നതിനുവേണ്ടി മൈനർ ഇറിഗേഷനുകീഴിൽ (1) Rectification of flood damages - Desilting of thodu from Valayar culvert to south (Illathu thodu) Thykattussery panchayath, (2) Rectification of flood damages - desilting of Valayar Chooramana thodu from Vallyara culvert to Koppayil kayal in Thykattussery panchayath in Ward No.2 എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, എഴുപുന്ന പഞ്ചായത്തിലെ നാലാം വാർഡിൽക്കൂടി കടന്നുപോകുന്ന ശ്രീനാരായണപുരം കൊച്ചുവേളി തോടിന്റെ വശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിച്ച് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. മേജർ ഇറിഗേഷനുകീഴിൽ അരൂർ മണ്ഡലത്തിൽ വേമ്പനാട് കായലിന്റെ തീരത്തിനോട് ചേർന്ന ഭാഗത്തിന്റെയും അനുബന്ധ തോടുകളുടെയും ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനും തീരം സംരക്ഷിക്കുന്നതിനുമായി 10 പ്രവൃത്തികൾ അടങ്ങിയ 28.79 കോടി രൂപയുടെ "Restorating Eco System of Vembanad lake and surrounding water bodies leading to the lake in Aroor LAC Phase I"-ന്റെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച്

നടപടി സ്വീകരിക്കാവുന്നതാണ്.

**ദേവികുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

180 (6470) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിലായി (പദ്ധതി, പദ്ധതിയേതരം, എസ്.ഡി.ആർ.എഫ്.) ജലസംരക്ഷണ പദ്ധതികളും നദീതീര സംരക്ഷണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയുടെ ഓപ്പറേഷൻ സ്മൂത്ത് ഫ്ളോ പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിലെ മുതിരപ്പുഴയാറിലും അതിന്റെ കൈവഴികളിലുമായി പെരിയവരൈ മുതൽ ഹെഡ് വർക്സ് ഡാം വരെയുള്ള ഭാഗങ്ങളിൽ 4155 മീറ്റർ നീളത്തിൽ പുഴയിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കംചെയ്യുന്നതിന് 68.53 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളെ

സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പാറപ്പുറം-വല്ലംകടവ് പാലത്തിനോട് ചേർന്ന തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം

181 (6471) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡിനോട് ചേർന്ന് കിടക്കുന്ന തോടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 21-12-2022-ന് ഡി2-37/12 നമ്പറായി പൊതുമരാമത്ത് വകുപ്പ് എറണാകുളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിന്മേൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ വിഷയത്തിൽ ഇറിഗേഷൻ എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അടിയന്തര പ്രാധാന്യത്തോടെ അനുവദിച്ച് പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡിനോട് ചേർന്നുകിടക്കുന്ന തോടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എറണാകുളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്ത് പ്രസ്തുത കാര്യാലയത്തിൽ ലഭ്യമാകാത്തതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഓഫീസുമായി ബന്ധപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ കത്തിന്റെ പകർപ്പ് 16-03-2023-ൽ ലഭ്യമായതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ എറണാകുളം അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**ഇറിഗേഷൻ പമ്പ് ഹൗസിലെ അറ്റകുറ്റപ്പണികൾ**

182 (6472) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലുള്ള മോട്ടോർ പമ്പ് ഹൗസുകളിലെ മോട്ടോറുകളുടെയും മറ്റ് ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണികൾ, നവീകരണ പ്രവൃത്തികൾ എന്നിവയിൽ അടിയന്തരമായി പൂർത്തീകരിക്കേണ്ടവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ബെഞ്ചാലി എൽ.ഐ. സ്കീമിലെ മോട്ടോറിന്റെയും സ്റ്റാർട്ടറിന്റെയും അറ്റകുറ്റ പ്രവൃത്തിയും ബെഞ്ചാലി ഐ&ആർ പദ്ധതിയിലെ തകരാറിലായ മോട്ടോറുകൾ പ്രവർത്തനസജ്ജമാക്കേണ്ട പ്രവൃത്തിയും തൃക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ ഇലക്ട്രിക്കൽ വയറിംഗ് നവീകരണ പ്രവൃത്തിയും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്.

(ബി) ഇവയുടെ വിശദാംശവും ഇവയുടെ തകരാറുകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും പമ്പ് ഹൗസുകൾ തിരിച്ച് വിശദമാക്കാമോ?

ബെഞ്ചാലി എൽ.ഐ. സ്കീമിലെ മോട്ടോറിന്റെയും സ്റ്റാർട്ടറിന്റെയും അറ്റകുറ്റ പ്രവൃത്തിക്കായി ഈ വർഷത്തെ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി അംഗീകാരമായിട്ടുണ്ട്. പ്രവൃത്തി ഉടനെ പൂർത്തീകരിക്കാവുന്നതാണ്.

ബെഞ്ചാലി ഐ&ആർ പദ്ധതിയിലെ തകരാറിലായ മോട്ടോറുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിക്കായി ഈ വർഷത്തെ Project Maintenance-ൽ ഉൾപ്പെടുത്തി അംഗീകാരമായിട്ടുണ്ട്.

തൃക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ ഇലക്ട്രിക്കൽ വയറിംഗ് നവീകരണ പ്രവൃത്തികൾക്കുവേണ്ടി ഉടമ്പടിവച്ച കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ബാധ്യതയിലും പ്രവൃത്തി ടെർമിനേറ്റ് ചെയ്തിരുന്നു. തുടർന്ന് പലതവണയായി ഇ-ടെണ്ടറും ടെണ്ടറും ക്വട്ടേഷനുകളും ക്ഷണിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ല.

**നോളഡ്ജ് അഡ്മിനിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് നടപടി**

183 (6473) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ വകുപ്പിൽ നോളഡ്ജ് അഡ്മിനിസ്ട്രേഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 21-11-2022-ലെ വകുപ്പുതല സമിതി യോഗ തീരുമാനങ്ങളിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നാളിതുവരെ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഇറിഗേഷൻ വകുപ്പിൽ നോളഡ്ജ് അഡ്മിനിസ്ട്രേഷൻ

നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായി രൂപീകരിക്കപ്പെട്ട വകുപ്പുതല സമിതിയുടെ 21-11-2022-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) പക്കൽനിന്നും ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

**ലേല തുകയ്ക്കുള്ള ഡെപ്പോസിറ്റ് തിരികെ നൽകുന്നത്**

184 (6474) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസിന്റെ പരിധിയിലുള്ള എ.കെ. ബണ്ടിലെ ഫലവൃക്ഷങ്ങളിൽനിന്നും ആദായമെടുക്കുന്നതിനായി 2013 മുതൽ ലേലത്തിൽ പങ്കെടുത്ത വ്യക്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2013

1. കെ. സോമൻ, മണിമന്ദിരം, കാട്ടിക്കുന്ന്, ചെമ്പ് പി. ഒ.

2. മഹേഷ്, മണ്ണാറവേലിൽ, കീച്ചേരി.

3. ശശിധരൻ എം. ബി, മോളാമ്മക്കാട്ടിൽ, പൂത്തോട്ട പി. ഒ.

4. വി. പി. വിജയൻ, കണ്ടത്തിപ്പറമ്പിൽ, കാട്ടിക്കുന്ന് പി. ഒ.

2016

1. വി. പി. വിജയൻ, കണ്ടത്തിപ്പറമ്പിൽ, കാട്ടിക്കുന്ന് പി. ഒ.

2. കെ.സോമൻ, മണിമന്ദിരം, കാട്ടിക്കുന്ന്, ചെമ്പ് പി. ഒ.

3. ശശിധരൻ എം. ബി, മോളാമ്മക്കാട്ടിൽ, പൂത്തോട്ട പി. ഒ.

2019

ആരും ലേലത്തിൽ പങ്കെടുത്തില്ല.

2022

1. വിജയൻ. എ. ജി., ആഞ്ഞിലിത്തറയിൽ, കാഞ്ഞിരമറ്റം

2. മനോജ് കെ.എസ്, കുന്നേൽ ഹൗസ്, സൗത്ത് പറവൂർ.

(ബി) ലേലംകൊണ്ട വ്യക്തികൾ അടച്ച ഡെപ്പോസിറ്റ് തുക എത്രയെന്നും കാലാവധിക്കുശേഷം അവ തിരികെ നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

2013 - കെ. സോമൻ

ഡെപ്പോസിറ്റ് തുക – 2746/-രൂപ

ടി തുക 16-04-2013 -ൽ തിരികെ നൽകിയിട്ടുണ്ട്.

2016 - കെ. സോമൻ

ഡെപ്പോസിറ്റ് തുക -2,555/-രൂപ

ടി തുക തിരികെ നൽകിയിട്ടില്ല.

2019- ആരും ലേലത്തിൽ പങ്കെടുത്തില്ല

2022 - മനോജ് കെ. എസ്

ഡെപ്പോസിറ്റ് തുക – 1000/-രൂപ

(ട്രഷറി സേവിംഗ്സ് നിക്ഷേപം)

ടി തുക തിരികെ നൽകാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതാണ്.

(സി) നിലവിൽ എത്ര പേർക്കാണ് പ്രസ്തുത ഡെപ്പോസിറ്റ് തുക തിരികെ നൽകാനുള്ളത്; പ്രസ്തുത ഓഫീസിൽ എത്ര തുക ഇത്തരത്തിൽ വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കാമോ?

1. കെ. സോമൻ - 2555/- രൂപ.

2. മനോജ് കെ. എസ് - 1000/- രൂപ

ആകെ-3555/- രൂപ

(ഡി) ശ്രീ. കെ. സോമൻ എന്ന വ്യക്തി ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. കെ. സോമൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 30-06-2016-ൽ സർക്കാരിലേയ്ക്ക് അടയ്ക്കാനായി ആകെ ലഭ്യമായ 58,700/- രൂപ "8782-00-102-99 പി ഡബ്ല്യൂ റെമിറ്റൻസ്" എന്ന ശീർഷകത്തിൻകീഴിൽ മുളന്തുരുത്തി സർക്കാർ ഉപഖജനാവിൽ അടയ്ക്കുകയുണ്ടായി. ടി തുകയിൽ 2,555/- രൂപ ശ്രീ. കെ. സോമൻ, മണിമന്ദിരം, കാട്ടിക്കുന്ന്, ചെമ്പ്. പി.ഒ. എന്നയാളിൽനിന്നും ലേലമുറപ്പിച്ച വകയിൽ ലഭ്യമായതും തിരിച്ചുനൽകേണ്ടതുമായ സെക്യൂരിറ്റി തുകയായിരുന്നു. പി ഡബ്ല്യൂ ഡെപ്പോസിറ്റുമായി ബന്ധപ്പെട്ട ട്രഷറി സ്വീക്കൻസ് യഥാസമയം ലഭ്യമാക്കാത്തതിനാൽ ടി തുക തിരികെ നൽകുവാൻ സാധിച്ചിട്ടില്ല. ടി തുക BIMS മുഖേന ടി വ്യക്തിക്ക് ലഭ്യമാക്കുന്നതിനായി 01-06-2019-ൽ ബന്ധപ്പെട്ട സബ് ട്രഷറിക്ക് നടപടിക്രമം തയ്യാറാക്കി നൽകിയെങ്കിലും ഡെപ്പോസിറ്റ് സ്വീക്കൻസ് ലഭ്യമല്ലാത്തതിനാൽ ട്രഷറിക്കുമേൽ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഇ) ശ്രീ. സോമൻ നൽകിയ അപേക്ഷയിൽ മേൽനടപടി സ്വീകരിച്ച് ടിയാൾക്ക് തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ടി കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

**കല്ലട ഇറിഗേഷൻ പദ്ധതി ഭൂമി ഫയർ സ്റ്റേഷന് വിട്ടുനൽകാൻ നടപടി**

185 (6475) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനുസമീപം കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭൂമിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടുനൽകുന്ന കാര്യം പരിഗണിക്കുമോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടുനൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പരപ്പനങ്ങാടിയിൽ ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ ബയോ പാർക്ക് നിർമ്മാണം**

186 (6476) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ ബയോ പാർക്ക് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ നഗരസഭ നൽകിയിട്ടുണ്ടോ;

വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ ബയോ പാർക്ക് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനായി നഗരസഭയുടെ കത്ത് ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ഏത് ഓഫീസിലാണെന്നും ആയതിന്റെ ഫയൽ നമ്പറും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(ബി&സി) ഐആർ1/16/2023-ജവിവ നമ്പർ ഫയൽ പ്രകാരം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

187 (6477) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മുട്ടം ശങ്കരപ്പിള്ളി മുതൽ അറക്കുളം വരെയുള്ള

പ്രദേശത്തെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ (എം.വി.ഐ.പി.) 130 ഏക്കർ ഭൂമി വനഭൂമിയാക്കി സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എം.വി.ഐ.പി.-യുടെ കൈവശത്തിലുള്ള ഭൂമി വനംവകുപ്പിന് വിട്ടുനൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

1992-ൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് നടപ്പാക്കുന്നതിനായി 115.047 ഹെക്ടർ വനഭൂമി ജലസേചന വകുപ്പിന് വനംവകുപ്പ് വിട്ടുനൽകിയിരുന്നു. ഇതിനുപകരമായി 65.46 ഹെക്ടർ ഭൂമി കാരാപ്പുഴ പ്രോജക്ടിൽനിന്നും 52.59 ഹെക്ടർ ഭൂമി മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും വിട്ടുനൽകാൻ തീരുമാനിച്ചു. ഇതുപ്രകാരം 24-12-1996-ൽ MVIP-യുടെ 52.59 ഹെക്ടർ ഭൂമി കൈമാറുകയും വനം വകുപ്പ് പ്രസ്തുത ഭൂമിയിൽ വനവൽക്കരണം നടത്തുകയും ചെയ്തു. ഇതിൽ 12.58 ഹെക്ടർ സ്ഥലം വെള്ളം കയറുന്നതിനാൽ തിരിച്ചെടുത്ത് പകരം ഭൂമി നൽകണമെന്ന് വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഭൂമി ജനവാസ മേഖലയോടുചേർന്ന് നൽകില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. 1996-ൽ കൈമാറിയ ഭൂമിയുടെ പ്രാഥമിക വിജ്ഞാപനമാണ് 24-03-2021-ൽ പ്രസിദ്ധപ്പെടുത്തിയത്. ആയതിന്റെ തുടർനടപടിയാണ് 02-12-2022-ൽ പുറപ്പെടുവിച്ചത്. ഇപ്രകാരം

കോമ്പൻസേറ്ററി അഫോറസ്റ്റേഷനുവേണ്ടിയാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് MVIP-യുടെ ഭൂമി വനം വകുപ്പിന് വിട്ടുനൽകിയത്.

**(സി) എം.വി.ഐ.പി. ഭൂമി വനംവകുപ്പിന് വിട്ടുനൽകുന്നത് കുടിവെള്ളം, ടൂറിസം, റോഡ് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?**

MVIP ഭൂമി വനം വകുപ്പിന് വിട്ടുനൽകുന്നത് കുടിവെള്ളം, ടൂറിസം, റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കില്ല.

**(ഡി) തൊട്ടുപുഴ-പുളിയന്മല സംസ്ഥാനപാതയുടെ തുടർവികസന പ്രവർത്തനങ്ങളേയും ജനസാന്ദ്രതയേറിയ പഞ്ചായത്തുകളുടെ വികസനത്തേയും ഇത് ബാധിക്കുമെന്നതിനാൽ വനാതിർത്തിയോടുചേർന്ന് ഭൂമി വിട്ടുനൽകുന്ന കാര്യം പരിഗണിക്കാമോ; ഇതുസംബന്ധിച്ച് ജലവിഭവം, റവന്യൂ, വനം എന്നീ വകുപ്പുകളുടെ സംയുക്ത യോഗം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?**

MVIP-യുടെ കൈവശത്തിലുള്ള ഭൂമിയാണ് ജലസേചന വകുപ്പ് വിട്ടുനൽകിയത്. ഇത് യാതൊരുതരത്തിലും വികസന പ്രവർത്തനങ്ങളെ ബാധിക്കില്ല. MVIP-യുടെ മറ്റ് സ്ഥലങ്ങളിൽ Irrigation Tourism സാധ്യതകൾ പരിശോധിച്ചുവരികയാണ്. വനാതിർത്തിയോടുചേർന്ന് ഭൂമി വിട്ടുനൽകുന്നത്

സംബന്ധിച്ച് ജലവിഭവം, റവന്യൂ, വനം എന്നീ വകുപ്പുകളുടെ സംയുക്ത യോഗം നടത്തിയിട്ടില്ല.

**ഭൂഗർഭ ജലത്തിന്റെ അളവ് കുറയാതെ നിലനിർത്തുന്നതിന് നടപടി**

188 (6478) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് ഗണ്യമായി കുറയുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂജല സ്രോതസുകളുടെ കാലാനുസൃതമായ വിഭവ നിർണ്ണയം സംസ്ഥാന ഭൂജല വകുപ്പും കേന്ദ്രഭൂജല ബോർഡും സംയുക്തമായി നടത്തിവരുന്നു. സംസ്ഥാനത്തെ ഭൂജല സമ്പത്ത് ഭരണ നിർവ്വഹണ ഘടകമായ വികസന ബ്ലോക്ക് അടിസ്ഥാനമാക്കിയാണ് തിട്ടപ്പെടുത്തുന്നത്. മാർച്ച് 2017, 2020, 2022 എന്നീ വർഷങ്ങളിൽ തയ്യാറാക്കിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭൂജല ലഭ്യതയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

March 2017 – 5.21

March 2020 – 5.12

March 2022 – 5.19

March 2022-ലെ ഭൂജല ലഭ്യത March 2017 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 0.02 BCM-ന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) ബഹുനില കെട്ടിടങ്ങളുടെയും ഫ്ലാറ്റുകളുടെയും അനിയന്ത്രിതമായ ജല ഉപഭോഗം ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിന് കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ബഹുനില കെട്ടിടങ്ങളുടെയും ഫ്ലാറ്റുകളുടെയും അനിയന്ത്രിതമായ ജല ഉപഭോഗം ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിന് കാരണമാകുന്നുണ്ടോയെന്ന് പ്രത്യേകമായി പരിശോധിച്ച് പഠന വിധേയമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന ഭൂജല അതോറിറ്റി 2018-ൽ പുറപ്പെടുവിച്ച ഭൂജല ഉപയോഗത്തിനുള്ള മാർഗ്ഗരേഖപ്രകാരം ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അതോറിറ്റിയുടെ നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുണ്ട്. വകുപ്പിൽ ലഭ്യമാകുന്ന ഇത്തരം അപേക്ഷകളിൽ ജലക്ഷാമത പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തി സുരക്ഷിതമായ അളവിലുള്ള ഭൂജല ഉപയോഗം തിട്ടപ്പെടുത്തി കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതിയുടെ ശിപാർശയോടുകൂടി നിരാക്ഷേപപത്രം

നൽകിവരുന്നു. കൂടാതെ ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചാൽ വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വലിയ തോതിലുള്ള ഭൂർഗഭ ജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിനും അതുവഴി ഭൂഗർഭ ജലത്തിന്റെ അളവ് നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

വ്യാവസായിക/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭൂജലം ഉപയോഗിക്കുന്നതിലേയ്ക്ക് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിരാക്ഷേപപത്രം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ഉപഭോഗം നിരീക്ഷിക്കുവാൻ ഡിജിറ്റൽ വാട്ടർ ലെവൽ ടാമ്പർ പ്രൂഫ് ഫ്ളോമീറ്റർ ഉൾപ്പെടെയുള്ള നിയന്ത്രണ സംവിധാനങ്ങളും ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിക്കാനും നിഷ്കർഷിക്കുന്നുണ്ട്. ആറ് മാസത്തിലൊരിക്കൽ ഭൂജല വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ഭൂജല ഉപഭോഗവും മറ്റ് നിരാക്ഷേപപത്ര വ്യവസ്ഥകളും പരിശോധിച്ചുവരുന്നു. സംസ്ഥാനത്ത് സുരക്ഷിത ബ്ലോക്കുകളിൽനിന്നുള്ള അപേക്ഷകളിൽ മാത്രമാണ് പുതിയ

ഭൂജലാധിഷ്ഠിത കുപ്പിവെള്ള നിർമ്മാണ കമ്പനികൾ തുടങ്ങുന്നതിന് അതോറിറ്റി നിരാക്ഷേപപത്രം നൽകിവരുന്നത്. ഭൂജല വകുപ്പ് ഭൂജല സംപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/കുഴൽ കിണർ/മഴക്കുഴികൾ വഴിയുള്ള ഭൂജല സംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും സംപോഷണവും മുഖേന നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷം 900 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 291 പദ്ധതികൾ നടപ്പിലാക്കുന്നതിന് 900 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 101 പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു. 139 പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. വകുപ്പ് പ്രധാനമായും പൊതുസ്ഥാപനങ്ങളിലാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്.

**ഭൂഗർഭ ജലം സംബന്ധിച്ച പഠന റിപ്പോർട്ട്**

189 (6479) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിനെപ്പറ്റി

ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എന്നാണ് ഇത് സംബന്ധിച്ച് അവസാനമായി പഠനം നടത്തിയത്; പഠന റിപ്പോർട്ടിലുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഭൂജല സ്രോതസ്സുകളുടെ കാലാനുസൃതമായ വിഭവനിർണ്ണയം സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തിവരുന്നുണ്ട്. മാർച്ച് 2022 വരെയുള്ള ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജലസ്ഥിതി സംബന്ധിച്ച് ഏറ്റവും പുതിയ കണക്കുകളുടെ അടിസ്ഥാനത്തിൽ (മാർച്ച് 2022 വരെയുള്ള) സംസ്ഥാനത്തെ ആകെ വാർഷിക ഭൂജല ലഭ്യത 5.19 ബി.സി.എം. (BCM)-ഉം ഭൂജല വികസനം 52.56 ശതമാനവുമാണ്. 2022 മാർച്ച് വരെയുള്ള ഭൂജല വിഭവ നിർണ്ണയ റിപ്പോർട്ട് പ്രകാരം ഭൂജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബ്ലോക്കുകളെ ഗുരുതരം, അർദ്ധഗുരുതരം, സുരക്ഷിതം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മൂന്നെണ്ണം ഗുരുതര ബ്ലോക്കുകളും 27 അർദ്ധഗുരുതര ബ്ലോക്കുകളും 122 സുരക്ഷിത ബ്ലോക്കുകളുമാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മൂന്ന് വർഷത്തിൽ ഒരിക്കൽ പഠനം നടത്തി റിപ്പോർട്ട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുന്ന രീതി നിലവിൽ തുടരാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി ഭൂഗർഭ ജലം സംബന്ധിച്ച പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭൂജല വിഭവങ്ങളുടെ നിർണ്ണയം എല്ലാ വർഷവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും മാർച്ച് 2022 വരെയുള്ള ഭൂജല വിഭവ നിർണ്ണയ റിപ്പോർട്ട് ദേശീയതലത്തിൽ ഒക്ടോബർ 2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിൽ ഭൂജല വകുപ്പിന്റെ ട്യൂബ് വെൽ നിർമ്മാണം**

190 (6480) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഭൂജല വകുപ്പ് മുഖേനയുള്ള ട്യൂബ് വെൽ നിർമ്മാണ പ്രവർത്തനങ്ങളിൽ യു.പി.വി.സി. പൈപ്പുകളുടെ റേറ്റ് സംബന്ധമായ വിഷയം സംബന്ധിച്ച് പ്രതിസന്ധിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യു.പി.വി.സി. പൈപ്പുകളുടെ DSR 18 പ്രകാരമുള്ള നിരക്ക് മാർക്കറ്റ് നിരക്കിനേക്കാൾ കുറവായതിനാലും ടി പൈപ്പുകളുടെ വിതരണക്കാർ വളരെ കുറവായതിനാലും യു.പി.വി.സി. പൈപ്പ് വിതരണം

ചെയ്യുന്നതിനുള്ള ടെണ്ടറിൽ കമ്പനികൾ പങ്കെടുക്കുന്നതിന് വിമുഖത കാണിക്കുന്നു. ചില കമ്പനികൾ പങ്കെടുത്താലും അവർ ക്വാട്ട് ചെയ്യുന്ന നിരക്ക് PAC-യേക്കാൾ കൂടുതലാണ്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ഭൂജല വകുപ്പ് ഡയറക്ടർ 30-01-2023-ലെ ഡി.ജി.ഡബ്ല്യൂ.ഡി./182/2022/പി1 കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്ന ശിപാർശയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

ട്യൂബ് വെൽ നിർമ്മാണത്തിനാവശ്യമായ 2100 മീറ്റർ 200 mm യു.പി.വി.സി. പ്ലെയിൻ പൈപ്പും 504 മീറ്റർ 200 mm യു.പി.വി.സി. റിബ്ഡ് സ്ക്രീൻ പൈപ്പും 48,44,019/- (നാൽപ്പത്തിയെട്ട് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി പത്തൊൻപത്) രൂപയ്ക്ക് വാങ്ങുന്നതിനുള്ള ടെണ്ടർ അനുമതിക്കായി ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും ഭൂജല 3/19/2023/ജവിവ നമ്പർ ഫയലിൽ ടി വിഷയം സ്റ്റോർസ് പർച്ചേയ്സ് വകുപ്പുമായി കൂടിയാലോചിക്കുകയും ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമം നിയമാനുസൃതമല്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) യു.പി.വി.സി. പൈപ്പിന്റെ റേറ്റ് സംബന്ധമായ വിഷയംമൂലം ഹരിപ്പാട് മണ്ഡലത്തിലെ എത്ര ട്യൂബ് വെൽ നിർമ്മാണ പ്രവൃത്തികളാണ്

മുടങ്ങിക്കിടക്കുന്നതെന്ന് അറിയിക്കുമോ?

7 (6 ഡെപ്പോസിറ്റ് വർക്കും 1 എം.എൽ.എ. എ.ഡി.എഫ്. വർക്കും)

(ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

യു.പി.വി.സി. പൈപ്പുകളുടെ നിരക്ക്, മാർക്കറ്റ് നിരക്കനുസരിച്ച് പുതുക്കി നിശ്ചയിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ.

**പാറമടകൾ ജലസംഭരണികളായി പുനരുപയോഗപ്പെടുത്താൻ നടപടി**

191(6481) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറമടകൾ ജലസംഭരണികളായി പുനരുപയോഗപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ഇപ്രകാരം പാറമടകൾ ജലസംഭരണികളായി ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പാറമടകൾ ജലസംഭരണികളായി

പുനരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രവർത്തനം നിർത്തിയ പല പാറമടകളിലും മഴവെള്ളം/സ്വാഭാവിക നീരുറവ കെട്ടി നിൽക്കുന്നുണ്ട്. പ്രസ്തുത പാറമടകളിലെ ജലം ഗുണനിലവാര പരിശോധന നടത്തുകയും ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തശേഷം മാത്രമേ വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് തീരുമാനിക്കാൻ കഴിയൂ. ഉപയോഗശൂന്യമായതും എന്നാൽ ജലശേഖരമുള്ളതുമായ 269 പാറമടകൾ (ക്വാറികൾ) ജില്ലാ കളക്ടർമാർ മുഖേന കണ്ടെത്തിയിരുന്നു. കൂടാതെ കുടിവെള്ളക്ഷാമവും വരൾച്ചയും നേരിടുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട കരിങ്കൽ ക്വാറികളുടെ വിവരശേഖരം മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് മുഖാന്തരവും നടത്തിയിരുന്നു. തുടർന്ന് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കണ്ടെത്തിയ പാറമടകളിൽ ഗുണനിലവാര പരിശോധന നടത്തിയതിൽ ഇവ ശുദ്ധീകരണ പ്രക്രിയവഴി കുടിവെള്ള ആവശ്യത്തിന് വിതരണ യോഗ്യമാണെന്ന് കണ്ടെത്തിയിരുന്നു. ഇവയിൽനിന്നും മതിയായ അളവിൽ ജലലഭ്യതയുള്ളതും ശുദ്ധീകരിച്ച് വിതരണം നടത്തുവാൻ സാങ്കേതികമായി സാധ്യതയുള്ളതുമായ

പാറമടകൾ കണ്ടെത്തേണ്ടതുണ്ട്. കൂടാതെ ഇവയിൽ മാലിന്യ നിക്ഷേപം നടത്താതിരിക്കുവാനുള്ള മുൻകരുതലുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തേണ്ടതുണ്ട്.

ഉപയോഗസാധ്യതയുള്ള പാറമടകളിലെ ജലം, മറ്റ് കുടിവെള്ള ഉപയോഗ സാധ്യതയുള്ള സ്രോതസ്സുകളിലെ ജലം എന്നിവ വരൾച്ചപോലുള്ള അത്യാവശ്യ സന്ദർഭങ്ങളിൽ ശുദ്ധീകരിച്ച് കുടിവെള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുതകുന്ന സഞ്ചരിക്കുന്ന ജല ശുദ്ധീകരണശാല കേരള ജല അതോറിറ്റിയുടെ മൂന്ന് മേഖലകളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള വിതരണ പദ്ധതി സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാനുള്ള തീരുമാനം**

192 (6482) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഏതെങ്കിലും കുടിവെള്ള വിതരണ പദ്ധതി സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എവിടെയെല്ലാമാണ് ഇത്തരം പദ്ധതികൾ നടപ്പാക്കുകയെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതുമൂലം കുടിവെള്ളത്തിന് അമിതവില നൽകേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

(എ-സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള വിതരണ പദ്ധതികളൊന്നുംതന്നെ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടില്ല.

**ജൽജീവൻ പദ്ധതി**

193(6483) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര കണക്ഷനുകൾ നൽകിയെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 13-03-2023 വരെ നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിക്കായി 12-03-2023 വരെ ആകെ 5500.37

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി ചെലവഴിച്ചിട്ടുള്ളത് 2802.16 കോടി രൂപയാണ്.

**കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പദ്ധതി**

194 (6484) ശ്രീ. കെ. ജെ. മാക്സി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടവും നിർവഹണവും വാട്ടർ അതോറിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലാണോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ പൈലറ്റ് പദ്ധതി എന്ന നിലയിൽ കൊച്ചിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD ഉത്തരവുപ്രകാരം 07-02-2020-ൽ ലഭ്യമായിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ്

പങ്കിടുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൾട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണ ശാലകളുടെ നവീകരണവുമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപന ശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാംഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ്

26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. കൊച്ചി കോർപ്പറേഷൻ പരിധിയിൽവരുന്ന വിതരണ പൈപ്പുകളിൽ കാലപ്പഴക്കം ചെന്നവ മാറ്റൽ, കാലപ്പഴക്കം ചെന്ന കുടിവെള്ള കണക്ഷനുകൾ നവീകരിക്കൽ, പുതിയ മീറ്ററുകൾ സ്ഥാപിക്കൽ, ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ, വിതരണ പമ്പ് ഹൗസുകളിലെ കാലപ്പഴക്കംചെന്ന പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ ആദ്യഘട്ടത്തിൽ നടപ്പിലാക്കുവാനാണുദ്ദേശിക്കുന്നത്.

ഡിസൈൻ ബിൽഡ് ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷംകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും (O&M) പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷങ്ങളിലേയ്ക്കുള്ള അറ്റകുറ്റപ്പണികൾ (O&M) മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണ്ണതയിലെത്തുന്നതരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതല, കേരള ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ കരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽതന്നെയും മീറ്റർ റീഡിംഗ് എടുക്കൽ, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി

നിർവ്വഹിക്കുന്നതിനാണ് ധാരണയായിട്ടുള്ളത്. ദർഘാസുകൾ ആരംഭഘട്ടത്തിലായതിനാൽ ഇതുമായി ബന്ധപ്പെട്ട് ഒരു സ്വകാര്യ കമ്പനിയുമായും കേരള ജല അതോറിറ്റി ഇതുവരെ കരാറിലേർപ്പെട്ടിട്ടില്ല. എ.ഡി.ബി. ലോൺ വ്യവസ്ഥകൾ അന്തിമമാക്കിയിട്ടില്ല.

**ഇരിമ്പിളിയം- എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി**

195 (6485) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി പ്രവൃത്തികൾ 92% പൂർത്തിയായിട്ടുണ്ട്. പദ്ധതിക്കായുള്ള പവർ ലൈൻ എക്സ്റ്റൻഷനായി 24.77 ലക്ഷം രൂപ കെ.എസ്.ഇ.ബി.-യിൽ ഒടുക്കിയിട്ടുണ്ട്. എക്സ്റ്റൻഷൻ പ്രവൃത്തികൾ കെ.എസ്.ഇ.ബി. നിർവ്വഹിച്ചുവരുന്നു. ഏപ്രിൽ 15-ഓടുകൂടി പവർലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തിയാക്കാനാകുമെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. പവർ കണക്ഷൻ ലഭിച്ചുകഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം പമ്പ് ഇറക്ഷൻ, റോ വാട്ടർ പമ്പിംഗ് മെയിൻ, ഇന്റർകണക്ഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച്

പദ്ധതി കമ്മീഷൻ ചെയ്യാനാകും.

(ബി) പ്രസ്തുത പദ്ധതിയുടെ പാക്കേജ് 2, പാക്കേജ് 3 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പാക്കേജ്-2 പ്രവൃത്തി 83 ശതമാനവും പാക്കേജ്-3 92 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ്-2 പ്രവൃത്തിയിൽ വളാഞ്ചേരി-അങ്ങാടിപ്പുറം റോഡിൽ ഇരുവശങ്ങളിലും 3.5 കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കൽ, ചീക്കോട്-ചെങ്കണ്ടപടി റോഡിൽ 2.8 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ, പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ അവശേഷിക്കുന്നുണ്ട്.

പാക്കേജ്-3-ൽ നിലവിലെ പഴയ പമ്പ്സെറ്റുകൾ മാറ്റി പുതിയ പമ്പ്സെറ്റുകൾ സ്ഥാപിക്കാനുള്ള പ്രവൃത്തി ശേഷിക്കുന്നുണ്ട്. നിലവിലെ ജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിന്, കെ.എസ്.ഇ.ബി. പവർ കണക്ഷൻ ലഭ്യമാക്കിയതിനുശേഷം മാത്രമേ പഴയ പമ്പ്സെറ്റുകൾ മാറ്റിസ്ഥാപിക്കാൻ കഴിയുകയുള്ളൂ. പദ്ധതി ഏപ്രിൽ 30-നകം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മലപ്പുറം നഗരസഭാ മിനി കുടിവെള്ള പദ്ധതി**

196 (6486) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭാ മിനി കുടിവെള്ള പദ്ധതിയിലുൾപ്പെട്ട പാണക്കാട് പ്രദേശത്ത് പമ്പിംഗ് ലൈനിലും വിതരണത്തിലുമുള്ള തകരാറുകൾ കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് പരിഹാരമായി പാണക്കാട് മാമ്പറമ്പിലുള്ള ജലശുദ്ധീകരണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഇടയ്ക്കിടെ തകരാറിലാകുന്ന കടലുണ്ടിപ്പുഴയിലെ ചാമക്കയത്തെ കിണറിൽനിന്നുള്ള പമ്പിംഗ് മെയിൻ 300mm D1K9 ആക്കി മാറ്റി സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റിന് ജലവിഭവ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകുവാനും ഫണ്ട് അനുവദിക്കുവാനും നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. 2 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷിനാശത്തിനും കുടിവെള്ള ദൗർലഭ്യത്തിനുമുള്ള പരിഹാരം**

197 (6487) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ പുഴകളിലെ നീരൊഴുക്കും ജലസംഭരണികളിലെ ജലത്തിന്റെ അളവും വലിയ തോതിൽ കുറഞ്ഞിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൃശ്ശൂർ ജില്ലയിൽ തുലാവർഷം മുൻകാലങ്ങളെ അപേക്ഷിച്ച് താരതമ്യേന വളരെ കുറവായതിനാലും ഇത്തവണ സാധാരണയിലും നേരത്തെ കൃഷിക്കായി ജലവിതരണം ആരംഭിക്കേണ്ടതായി വന്നതിനാലും ചിമ്മിനി, വാഴാനി എന്നീ ഡാമുകളിലെ ജലത്തിന്റെ അളവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിമ്മിനി ഡാമിലെ 18-03-2023-ലെ വാട്ടർ ലെവൽ 55.90 മീറ്ററും സ്റ്റോറേജ് 35.241 Mm3-ഉം ആണ്. ഇത് ആകെ സംഭരണശേഷിയുടെ 23.25% മാത്രമാണുള്ളത്. കഴിഞ്ഞ വർഷം ഇതേ തീയതിയിൽ ചിമ്മിനി ഡാമിലെ വാട്ടർ ലെവൽ 63.79 മീറ്ററും സ്റ്റോറേജ് 69.47 Mm3-ഉം ആയിരുന്നു. ഇത് സംഭരണശേഷിയുടെ 45.84% ആണ്. അതുപോലെതന്നെ വാഴാനി ഡാമിലെ 18-03-2023-ലെ വാട്ടർ ലെവൽ 48.89 മീറ്ററും സ്റ്റോറേജ് 3.38 Mm3-ഉം ആണ്. ഇത് സംഭരണശേഷിയുടെ 18.65% വെള്ളമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം

വാഴാനി ഡാമിലെ വാട്ടർ ലെവൽ 55.62 മീറ്ററും സ്റ്റോറേജ് 9.98 Mm3-ഉം ആയിരുന്നു. ഇത് സംഭരണശേഷിയുടെ 55.07% വരുമായിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചിമ്മിനി ഡാമിൽ 22.59 ശതമാനവും വാഴാനി ഡാമിൽ 36.42 ശതമാനവും വെള്ളം ഈ വർഷം കുറവാണ്.

(ബി) ചാലക്കുടിപ്പുഴയിലെ നീരൊഴുക്കിലുണ്ടായിട്ടുള്ള കുറവുമൂലം വൻതോതിലുള്ള കൃഷിനാശത്തിനും കുടിവെള്ള ദൗർലഭ്യത്തിനും പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ചാലക്കുടി പുഴയിലേയ്ക്ക് ഷോളയാർ ഡാമിൽനിന്നും വെള്ളം കൃത്യമായി തുറന്നുവിട്ടാൽ മാത്രമേ ചാലക്കുടി പുഴയിൽ കൃത്യമായ അളവിൽ വെള്ളം ലഭിക്കുകയുള്ളൂ. നിലവിൽ 20% വെള്ളം മാത്രമാണ് ലഭിച്ചുവരുന്നത്. "ചാലക്കുടി പുഴ ഡൈവേർഷൻ സ്കീം"-ലൂടെ ഇടമലയാറിൽനിന്നും വെള്ളം എത്തിക്കുന്നതുമാത്രമാണ് ചാലക്കുടി ബേസിനിൽ അധികം ജലം എത്തിക്കാനുള്ള പോംവഴി. ഈ പദ്ധതിക്കായുള്ള 127 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

**വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

198 (6488) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, കുഴുപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിൽ കഴിഞ്ഞ കുറെ നാളുകളായി അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് കാരണം വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, കുഴുപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നത് ചൊവ്വര, ആലുവ ശുദ്ധീകരണ പദ്ധതികളിൽനിന്നുമാണ്. ചൊവ്വര ശുദ്ധീകരണശാലയിലും പറവൂർ പമ്പ് ഹൗസിലും വൈദ്യുതി മുടക്കം ഉണ്ടാകുന്നതുമൂലം പമ്പിംഗ് തടസ്സപ്പെടുന്നത് ശുദ്ധജലക്ഷാമത്തിന് കാരണമായിട്ടുണ്ട്. കൂടാതെ വൈപ്പിൻ-പള്ളിപ്പുറം റോഡിൽ പാലങ്ങൾക്കടിയിലെ തോടിലൂടെ സ്ഥാപിച്ചിട്ടുള്ള പഴയ HDPE പൈപ്പുകൾ പൊട്ടുന്നതും ശുദ്ധജലക്ഷാമമുണ്ടാക്കുന്നുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി ആവശ്യമുള്ള ജലം എത്രയെന്നും ഇതിൽ കുറവുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി

ആവശ്യമായ ജലം 31 എം.എൽ.ഡി.-യും വിതരണം ചെയ്യുന്നത് 24 എം.എൽ.ഡി. ജലവുമാണ്. 7 എം.എൽ.ഡി. ജലത്തിന്റെ കുറവുണ്ട്.

(സി) കുടിവെള്ള ക്ഷാമത്തിന്റെ പേരിൽ എടവനക്കാട് ഗ്രാമപഞ്ചായത്ത് ഭരണാധികാരികൾ മറ്റ് പഞ്ചായത്തുകൾക്ക് വെള്ളം ലഭ്യമാകുന്നത് തടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എടവനക്കാട് പഞ്ചായത്തിലേയ്ക്ക് കുടിവെള്ള വിതരണം നടത്തുന്ന ഫീഡർ ലൈനായ 300 mm HDPE പൈപ്പ് കുഴുപ്പിള്ളി അയ്യമ്പിള്ളി പാലത്തിനുതാഴെ ലീക്കായതിനാൽ എടവനക്കാട് പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നു. വെള്ളത്തിനടിയിലുള്ള ലീക്കായതിനാൽ പണികൾ ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ എടവനക്കാട് അണിയിൽ ടാങ്കിൽ നിന്നുമുള്ള കുടിവെള്ളം കൂടുതൽ സമയം വിതരണം ചെയ്യണമെന്ന് എടവനക്കാട് പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം സമയം നീട്ടി നൽകിയിട്ടും രാത്രി വൈകിയും നായരമ്പലം, ഞാറക്കൽ പ്രദേശത്തേയ്ക്കുള്ള വാൽവ് തുറക്കാൻ എടവനക്കാട് പഞ്ചായത്തംഗങ്ങൾ സമ്മതിക്കാതിരിക്കുകയുണ്ടായി. പ്രസ്തുത വിവരം ഞാറക്കൽ പോലീസ്

സ്റ്റേഷൻ ഹൗസ് ഓഫീസറെ അറിയിക്കുകയും രാത്രിതന്നെ പോലീസ് കുടിവെള്ള ടാങ്ക് പരിസരത്ത് എത്തുകയും അവിടെ കൂടിയിരുന്നവരുമായി ചർച്ച നടത്തുകയുമുണ്ടായി. എന്നാൽ പ്രസ്തുത വാൽവ് തുറക്കാൻ അവർ സമ്മതിക്കാതിരിക്കുകയും പരിസരംവിട്ട് പോകാതിരിക്കുകയുമുണ്ടായി. തുടർന്ന് രാവിലെ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് നായരമ്പലം, ഞാറക്കൽ ഭാഗത്തേയ്ക്കുള്ള വാൽവ് തുറന്നിട്ടുള്ളത്. അതുമൂലം നായരമ്പലം, ഞാറക്കൽ ഭാഗത്തേയ്ക്കുള്ള കുടിവെള്ള വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നിയമനടപടികൾ സ്വീകരിച്ചിട്ടില്ല. ഭാവിയിൽ ഇത്തരത്തിലുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയാണെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി**

199 (6489)<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ കടുത്ത സാഹചര്യത്തിൽ അടുത്ത മൺസൂൺ ആരംഭിക്കുംവരെയും സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന് ആവശ്യമായത്ര വെള്ളം സംഭരണികളിലുണ്ടോയെന്ന കാര്യം

പരിശോധിച്ചിട്ടുണ്ടോ?

കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സംഭരണിയായ പേപ്പാറ ഡാമിൽ അടുത്ത മൺസൂൺ ആരംഭിക്കുംവരെയുള്ള കുടിവെള്ള വിതരണത്തിനാവശ്യമായ ജലലഭ്യതയുണ്ട്. ഇറിഗേഷൻ, കെ.എസ്.ഇ.ബി.എൽ. എന്നിവയുടെ അധീനതയിലുള്ള സംഭരണികൾ സ്രോതസ്സായ കുടിവെള്ള പദ്ധതികളിലും മറ്റ് സംഭരണികളിലും ആവശ്യംവേണ്ട ജലലഭ്യതയുണ്ടെന്ന് ഉറപ്പാക്കുവാനും ഇല്ലെങ്കിൽ ലഭ്യമാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ശരാശരി ഉപഭോഗവും സംഭരണികളിലെ ജലശേഖരവും സംബന്ധിച്ച വിശദവിവരം നൽകാമോ?

പേപ്പാറ ജല സംഭരണിയിൽ അടുത്ത 90 ദിവസത്തേയ്ക്ക് 36 ദശലക്ഷം ഘന മീറ്റർ ജലം ലഭ്യമാണ്. മറ്റ് സംഭരണികൾ അധിഷ്ഠിതമായ സ്കീമുകളിലെ ശരാശരി ഉപഭോഗവും സംഭരണികളിലെ ജലശേഖരവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) കാലവർഷത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾമൂലം കുടിവെള്ള ലഭ്യതയിലുണ്ടാകുന്ന വ്യതിയാനം വിതരണത്തെ ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കാറുണ്ടെന്ന്

വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാലവർഷത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾമൂലം കുടിവെള്ള ലഭ്യതയിലുണ്ടാകുന്ന വ്യതിയാനം വിതരണത്തെ ബാധിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ അടിയന്തരമായി ചെയ്തുവരുന്നു.

1. ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ.

2. ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക.

3. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4. വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

5. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുക.

6. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക.

7. അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം ഏർപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുക.

**അച്ചൻകോവിൽ തടയണയുടെ നവീകരണം**

200 (6490) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ഉൾനാടൻ വനപ്രദേശമായ അച്ചൻകോവിലിലെ കുടിവെള്ള സ്രോതസ്സായ അച്ചൻകോവിൽ - മുതലത്തോട് തടയണ തകർച്ചയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ പ്രദേശത്ത് വേനൽക്കാലത്തുണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന് കൂടുതൽ താഴ്ചയിൽ കുഴിയെടുത്ത് കോൺക്രീറ്റ് ചെയ്ത് തടയണയുടെ ഉയരം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുതലത്തോട് തടയണയുടെ താഴ്ഭാഗത്തായി പുതിയ ചെക്ക് ഡാം കം

ട്രാക്ടർ ബ്രിഡ്ജിനായുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പ് തയ്യാറാക്കുകയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി. വിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രദേശത്ത് വേനൽക്കാലത്തുണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിനും പമ്പിംഗിൽ തടസ്സമുണ്ടാകാതിരിക്കുന്നതിനുംവേണ്ടി കേരള വാട്ടർ അതോറിറ്റി എല്ലാ വർഷങ്ങളിലും എന്നപോലെ ഈ വർഷവും താൽക്കാലിക തടയണ നിർമ്മിച്ച് ജലവിതാനം നിലനിർത്താനും പമ്പിംഗിലെ തടസ്സം ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതോടൊപ്പം ഇവിടെ നിന്നുള്ള ജലം സംഭരിച്ചുവരുന്ന അച്ചൻകോവിൽ ഹരിജൻ കോളനിയിലെ മൂന്നുമുക്കിലുള്ള സംഭരണ ടാങ്കിന്റെ ഉയരം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് പൂർണ്ണതോതിൽ ജലവിതരണം ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

അച്ചൻകോവിൽ ഹരിജൻ കോളനിയിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് ആര്യങ്കാവ് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 21.17 കോടി രൂപയുടെ പ്രവൃത്തിക്കുവേണ്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണത്തോടുകൂടി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയുന്നതാണ്.

(ഡി) ബഹുഭൂരിപക്ഷം ജനങ്ങളും കുടിവെള്ള വിതരണത്തെ ആശ്രയിക്കുന്ന പ്രസ്തുത പ്രദേശത്ത് കുടിവെള്ള വിതരണമില്ലാത്ത ദിനങ്ങളിൽ കുടിവെള്ളത്തിനായി വന്യമൃഗങ്ങളുള്ള ഉൾവന അരുവികളിലേയ്ക്ക് പ്രദേശത്തെ ജനങ്ങൾക്ക് പോകേണ്ടിവരുന്ന അപകടകരമായ സാഹചര്യം ഒഴിവാക്കുന്നതിനായി അച്ചൻകോവിലിലെ തടയണ നവീകരിച്ച് വേനൽക്കാലത്തും പൂർണ്ണതോതിൽ ജലവിതരണം ഉറപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മുതലത്തോട് തടയണയുടെ താഴ്വശത്തായി പുതിയ ചെക്ക് ഡാം കം ട്രാക്ടർ ബ്രിഡ്ജിനായുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി ഈ പ്രദേശത്ത് താൽക്കാലിക തടയണ നിർമ്മിച്ച് ജലവിതാനം നിലനിർത്താനും പമ്പിംഗിലെ തടസ്സം ഒഴിവാക്കാനുമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

**ദേശീയപാതയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നടപടി**

201 (6491) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയിൽ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം,

വള്ളിക്കുന്ന്, പെരുവള്ളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി ദേശീയ പാത-66-ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള ഭാഗങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത് നിർദ്ദിഷ്ട എൻ.എച്ച്. കരാർ ഏജൻസിയെക്കൊണ്ട് പ്രവൃത്തി ഏറ്റെടുപ്പിക്കുന്നതിനോ മറ്റ് സാധ്യതകൾ കണ്ടെത്തി പരിഹാരം കാണുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ജലജീവൻ മിഷൻ പദ്ധതിയിൽ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്കായി ദേശീയപാത 66-ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള 259/440 കിലോമീറ്റർ മുതൽ 271/600 വരെയുള്ള ഭാഗത്ത് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി എൻ.എച്ച്.എ.ഐ.-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ. റോഡുകളിലെ റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ യൂട്ടിലിറ്റി ഡക്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ എൻ.എച്ച്.എ.ഐ. റോഡുകളിൽ ഇപ്പോഴുള്ള യൂട്ടിലിറ്റി ഡക്റ്റുകൾ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ പുതിയ യൂട്ടിലിറ്റി ഡക്റ്റുകൾ നിർമ്മിക്കുന്നതിനാവശ്യമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ എൻ.എച്ച്.എ.ഐ.-ക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**റോഡുകൾ പുനഃസ്ഥാപിക്കുന്നതിനായുള്ള ഫണ്ട്**

202 (6492) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിനായി ഗ്രാമപഞ്ചായത്ത് റോഡുകളിൽ ട്രഞ്ച് ഇടുമ്പോൾ, പ്രസ്തുത റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾ പൂർണ്ണമായും ട്രഞ്ച്

ഇട്ടതിന്റെ ഭാഗമായി ഗതാഗതയോഗ്യമല്ലാതായി തീരുകയും ഗ്രാമപഞ്ചായത്തിന് റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് ഫണ്ട് ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഇതര ഗ്രാമപഞ്ചായത്തുകളിലെ റോഡ് പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കുകയും നടവണ്ണൂർ, കോട്ടൂർ ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത ഫണ്ട് നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

(ബി&സി) ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിൽ ആകെ 7829 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 3453.12 ലക്ഷം രൂപയുടെ ഭരണാനുമതിയും നടുവണ്ണൂർ പഞ്ചായത്തിൽ 4308 കണക്ഷനുകൾ നൽകുന്നതിനായി 2219.32 ലക്ഷം രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. എന്നാൽ ഈ പഞ്ചായത്തുകളിൽ റോഡ് പുനരുദ്ധാരണത്തിനുവേണ്ടിയുള്ള തുക ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ല.

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള

തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി.) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുന:സ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺ-റൈറ്റഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിലാണ് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ളത്.

**വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ**

203 (6493) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും

വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽപ്പെട്ട എളംകുന്നപുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം, മുളവുകാട്, കടമക്കുടി എന്നീ 6 പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നത് താഴെപ്പറയുന്ന ശുദ്ധജല വിതരണ പദ്ധതികളിൽനിന്നുമാണ്.

1. <u>എറണാകുളം മട്ടാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി</u>

2003-ൽ സ്ഥാപിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയിലൂടെയാണ് എളംകുന്നപ്പുഴ പഞ്ചായത്തിൽ പൂർണ്ണമായും ഞാറക്കൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജലം വിതരണം ചെയ്യുന്നത്. പെരിയാറിൽനിന്നുമുള്ള ജലം ആലുവ ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പൈപ്പിലൂടെ വടുതല ജലസംഭരണിയിൽ എത്തിക്കുകയും അവിടെനിന്നും കായലിനടിയിലൂടെ സ്ഥാപിച്ചിട്ടുള്ള പൈപ്പിലൂടെ പമ്പ് ചെയ്താണ് വൈപ്പിനിലെ ഓച്ചംതുരുത്തിൽ സ്ഥാപിച്ചിട്ടുള്ള 50 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയിൽ എത്തിക്കുകയും ചെയ്യുന്നത്. അവിടെനിന്നും ഒന്നിടവിട്ട ദിവസങ്ങളിൽ ഫോർട്ട് വൈപ്പിൻ ഉൾപ്പെട്ട എളംകുന്നപ്പുഴ പഞ്ചായത്തിന്റെ തെക്ക് ഭാഗത്തേയ്ക്കും ഞാറക്കൽ ഉൾപ്പെട്ട എളംകുന്നപ്പുഴ പഞ്ചായത്തിന്റെ വടക്ക് ഭാഗത്തേയ്ക്കും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു. ജിഡ പദ്ധതിയിൽ

മാലിപ്പുറത്ത് നിർമ്മിച്ചിട്ടുള്ള 13.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയും ഇതിനായി ഉപയോഗിക്കുന്നുണ്ട്. വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട് പഞ്ചായത്തിൽ എറണാകുളം - മട്ടാഞ്ചേരി വാട്ടർ സപ്ലൈ സ്കീം പ്രകാരമാണ് കുടിവെള്ള വിതരണം നടത്തുന്നത്.

2. ചൊവ്വര ജലശുദ്ധീകരണ പദ്ധതി

2006-ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത പദ്ധതി മുഖേനയാണ് പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും ഞാറക്കൽ പഞ്ചായത്തിലെ കുറെ ഭാഗങ്ങളിലും വെള്ളം വിതരണം ചെയ്യുന്നത്. പെരിയാറിൽനിന്നുമുള്ള ജലം ചൊവ്വര ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പൈപ്പിലൂടെ വടക്കൻ പറവൂരിലുള്ള ജലസംഭരണിയിൽ എത്തിച്ച്, അവിടെനിന്നും പമ്പ് ചെയ്താണ് വെള്ളം വൈപ്പിൻ മേഖലയിലേയ്ക്ക് എത്തിക്കുന്നത്. ജിഡ ഫിഷറീസ് പദ്ധതിയിൽ എടവനക്കാട് അണിയിൽ നിർമ്മിച്ചിട്ടുള്ള 11.15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയും ഇതിനായി ഉപയോഗിക്കുന്നുണ്ട്.

3. GIDA കുടിവെള്ള പദ്ധതി

GIDA – WSS to Kadamakkudy and Varapuzha Panchayath എന്ന പദ്ധതിയാണ് കടമക്കുടി പഞ്ചായത്തിലേയ്ക്ക് ജല വിതരണത്തിനായി

ആവിഷ്കരിച്ചിട്ടുള്ളത്. കടമക്കുടി പഞ്ചായത്തിലേയും വരാപ്പുഴ പഞ്ചായത്തിലേയും 2036-ലെ ജനസംഖ്യയ്ക്ക് അനുപാതമായി കുടിവെള്ള വിതരണം പ്രശ്നരഹിതമായി നടത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളിൽനിന്നും എത്ര MLD ജലം വിതരണം ചെയ്യുന്നുണ്ടെന്നും ജലശുദ്ധീകരണ ശാലയിൽനിന്നും പ്രസ്തുത പദ്ധതികളിലേയ്ക്ക് വിതരണത്തിനായി ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കാമോ?

എറണാകുളം മട്ടാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ ആലുവ ശുദ്ധീകരണ ശാലയിൽനിന്നും ശരാശരി 10.50 MLD വെള്ളവും ചൊവ്വര ജലശുദ്ധീകരണ പദ്ധതിയിൽനിന്നും ശരാശരി 21 MLD വെള്ളവും ഉൾപ്പെടെ മൊത്തം 31 MLD വെള്ളമാണ് വിതരണം ചെയ്യുന്നത്. GIDA പദ്ധതിയിൽ ഉൾപ്പെട്ട പച്ചാളം പമ്പ് ഹൗസിൽനിന്നും 2.5 MLD വെള്ളവും വടുതല പമ്പ് ഹൗസിൽനിന്ന് 0.5 MLD വെള്ളവും മുളവുകാട് പഞ്ചായത്തിലേയ്ക്ക് വിതരണം ചെയ്യുന്നു.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത്തടത്ത് സ്ഥാപിച്ച 4.5 MLD

പ്ലാന്റിൽനിന്നും ജലം പിഴല പമ്പ് ഹൗസിൽ എത്തിച്ച് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കുകൾവഴി ജലവിതരണം നടത്തിവരുന്നു. ജലശുദ്ധീകരണ ശാലയിൽനിന്നും പ്രതിദിനം 6-7 MLD ജലം കടമക്കുടി, വരാപ്പുഴ എന്നീ പഞ്ചായത്തുകൾക്കായി ലഭ്യമാക്കുന്നുണ്ട്. നിലവിൽ ഏകദേശം 2 MLD ജലം പ്രതിദിനം കടമക്കുടി പഞ്ചായത്തിൽ ജലവിതരണത്തിനായി ഉപയോഗിക്കുന്നുണ്ട്.

(സി) പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി നിലവിൽ ലഭ്യമാകുന്ന ജലം എത്രയെന്നും ആവശ്യകത എത്രയെന്നും ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം എത്രയെന്നും വിശദമാക്കാമോ?

പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി നിലവിൽ ലഭ്യമാക്കുന്ന ജലം 36 MLD-യും ആവശ്യകത 50.45 MLD-യുമാണ്. ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം 14.457 MLD-യാണ്.

(ഡി) ശുദ്ധജലത്തിന്റെ ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം പരിഹരിച്ച് ശുദ്ധജലവിതരണം സുഗമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആലുവയിൽനിന്നും ചൊവ്വരയിൽനിന്നും അധികമായി വെള്ളം

ലഭിച്ചാൽ മാത്രമേ ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചൊവ്വര ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 482.50 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയുടെ ആലുവ ഡിവിഷൻ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ഇതിൽ ഉൾപ്പെടുത്തി ചൊവ്വര ജലശുദ്ധീകരണശാലയിലേയ്ക്ക് മാത്രമായി ഇലക്ട്രിക്കൽ ഫീഡർ ലൈൻ സ്ഥാപിച്ചാൽ മാത്രമേ അടിക്കടിയുണ്ടാകുന്ന വൈദ്യുതി തകരാറിന് ശാശ്വത പരിഹാരം സാധ്യമാകൂ. കൂടാതെ ജലശുദ്ധീകരണശാലയിലെ കേടായ ബെഡ്ഡുകളുടെ നവീകരണവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചാൽ ആവശ്യമായ വെള്ളം ചൊവ്വര ജലശുദ്ധീകരണ ശാലയിൽനിന്നും ലഭിക്കുന്നതും കുടിവെള്ളക്ഷാമത്തിന് ശ്വാശ്വത പരിഹാരം സാധ്യമാകുന്നതുമാണ്. ആലുവയിൽനിന്നും വടുതല ജല സംഭരണിയിലേയ്ക്ക് വെള്ളമെത്തിക്കുന്ന പൈപ്പ് വടുതല റെയിൽവേ ലൈനിനടിയിൽ നേരത്തെ സംഭവിച്ചിട്ടുള്ള ലീക്കിന്റെ ഭാഗമായി വ്യാസം കുറഞ്ഞ പൈപ്പ് സ്ഥാപിച്ച്, അതിലൂടെയാണ് വെള്ളം എത്തിക്കുന്നത്. പ്രസ്തുത പൈപ്പും ചതുപ്പിലൂടെയും മറ്റും സ്ഥാപിച്ചിട്ടുള്ള പൈപ്പും മാറ്റി

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പത്ത് National Institute of Ocean Technology മുഖാന്തരം തയ്യാറാക്കിയ 10 MLD ശേഷിയുള്ള ഉപ്പുവെള്ള ശുദ്ധീകരണശാലയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. നിർദ്ദിഷ്ട ആലുവ ജല ശുദ്ധീകരണശാലയിൽ 190 MLD പ്ലാന്റ് പൂർത്തിയാകുന്നതോടുകൂടി മുളവുകാട് പഞ്ചായത്തിനാവശ്യമായ വെള്ളം ലഭ്യമാകുന്നതാണ്.

കടമക്കുടി പഞ്ചായത്തിലേയ്ക്കുവരുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കാനായി മുപ്പത്തടത്ത് സ്ഥാപിച്ചിട്ടുള്ള പ്ലാന്റിലെ പമ്പ് സെറ്റുകളിലും അനുബന്ധ പൈപ്പുകളിലും അറ്റകുറ്റപ്പണികൾ നടത്താനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. ബഹു. എം.എൽ.എ., ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ - വൈപ്പിൻ നിയോജകമണ്ഡലം - 2022-23-ലെ പ്രത്യേക വികസന നിധിയിൽനിന്ന് തുക അനുവദിച്ചതുപ്രകാരം കടമക്കുടി പഞ്ചായത്തിലെ പുതുശ്ശേരി മുതൽ വലിയ കടമക്കുടിവരെയുള്ള പഴയ 110 എം.എം. പി.വി.സി. പൈപ്പ് മാറ്റി പുതിയ 110 എം.എം. പി.വി.സി. പൈപ്പിടുന്നതിന് കളക്ടറേറ്റിൽനിന്ന് സാങ്കേതികാനുമതി

ലഭിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ഡിവിഷൻതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

2. കടമക്കുടി പഞ്ചായത്തിലെ 4-ാം വാർഡിലുള്ള കരിക്കോട് തുരുത്ത്, ചേന്നൂർ അമ്പലത്തിന് പുറകുവശങ്ങളിലുള്ള പ്രദേശം എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും പഴയ ലൈനിലേയ്ക്ക് പുതിയ 160 എം.എം. പി.വി.സി. പൈപ്പിൽനിന്ന് ചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ തുക പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ആവശ്യമായ അടങ്കൽ ഡിവിഷൻതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

3. പിഴല പമ്പ് ഹൗസിൽനിന്ന് കടമക്കുടി പഞ്ചായത്തിലെ വിവിധ വാർഡുകളിലേയ്ക്ക് പമ്പ് ചെയ്യുന്ന പഴയ 5 എച്ച്പി സെറ്റ് മാറ്റി പകരം 7.5 എച്ച്പി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കി വരുന്നു.

**കായംകുളം മണ്ഡലത്തിലെ ജൽജീവൻ പദ്ധതി പുരോഗതി**

204 (6494) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ നിലവിൽ എത്ര ഗാർഹിക,

ഗാർഹികേതര കുടിവെള്ള കണക്ഷനുകളുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ കായംകുളം മണ്ഡലത്തിൽ 22924 ഗാർഹിക കണക്ഷനുകളും 501 ഗാർഹികേതര കണക്ഷനുകളുമുണ്ട്.

(ബി) ജൽജീവൻ പദ്ധതി വഴി കണക്ഷനുകൾ ലഭിച്ചിട്ടും കുടിവെള്ളം ലഭിക്കാത്ത ഉപഭോക്താക്കളുടെ വാട്ടർ ചാർജ്ജ് ഒഴിവാക്കി നൽകുന്നത് പരിഗണിക്കുമോ?

ജൽജീവൻ പദ്ധതി മുഖേന കണക്ഷൻ നൽകിയിട്ടും കുടിവെള്ളം ലഭ്യമാകാത്ത കണക്ഷനുകളിൽ നൽകിയ ബിൽ തുക കുറവ് ചെയ്ത് നൽകുന്നതാണ്.

(സി) ആംനസ്റ്റി പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് എത്ര തുകയുടെ ഇളവാണ് അനുവദിച്ചിട്ടുള്ളതെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ആംനസ്റ്റി പദ്ധതിപ്രകാരം കായംകുളം മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് നൽകിയ ഇളവ് 2,38,59,424/- രൂപയാണ്. 1885 പേർക്ക് ആംനസ്റ്റി പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ കായംകുളം മണ്ഡലത്തിൽനിന്നും എത്ര തുക സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ആംനസ്റ്റി പദ്ധതിയിലൂടെ കായംകുളം മണ്ഡലത്തിൽനിന്നും നാളിതുവരെ 25,33,137/- രൂപ സമാഹരിക്കാൻ കഴിഞ്ഞു.

**ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതികൾ**

205 (6495) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ജലശുദ്ധീകരണശാലകളുടെ ഫിൽറ്റർ മീഡിയ മാറ്റിസ്ഥാപിച്ചും കാര്യക്ഷമത കുറഞ്ഞ പമ്പ് സെറ്റുകളും കാലഹരണപ്പെട്ട പൈപ്പ് ലൈനും മറ്റ് അനുബന്ധഘടകങ്ങളും മാറ്റി സ്ഥാപിച്ചും കൂടുതൽ ഫിൽട്രേഷൻ റേറ്റ് സാധ്യമാകുന്ന നൂതന ഫിൽറ്റർ മീഡിയ (അന്ത്രാസൈറ്റ്) പോലുള്ള ഡ്യുവൽ ഫിൽറ്റർ മീഡിയ തുടങ്ങിയവ ഉപയോഗിച്ചും ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വരൾച്ച കേരളത്തിൽ തുടർച്ചയായ പ്രതിഭാസമാകുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകളുടെ

സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വരൾച്ച കേരളത്തിൽ തുടർച്ചയായ പ്രതിഭാസമാകുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് സ്വീകരിക്കുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ജലവിഭവങ്ങളുടെ വിവേകപൂർണ്ണമായ ഉപഭോഗത്തിനും ജലവിതരണ മാനേജ്മെന്റിനും ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) ഉപയോഗിച്ച് ആസ്തികൾ രേഖപ്പെടുത്തിവരുന്നു. രേഖപ്പെടുത്തിയിട്ടുള്ള ആസ്തികൾ GIS അധിഷ്ഠിതമായ വെബ് പോർട്ടലിൽ ലഭ്യമാണ്. ആസ്തികൾ സമയാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) വിഭാഗത്തിൽ ഒരു GIS lab പ്രവർത്തിച്ചുവരുന്നുണ്ട്. GIS-ൽ അധിഷ്ഠിതമായി കേരളത്തിലെ എല്ലാ ജലവിഭവങ്ങളും മാപ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ KWRIS (Kerala Water Resources Information System) എന്ന ആപ്ലിക്കേഷൻ ഉപയോഗിക്കുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാരംഭമായി കേരളത്തിലെ കുളങ്ങളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട്.

ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിച്ച് സോഫ്റ്റ്‌വെയർ മുഖേന അപഗ്രഥനം നടത്തി, ഭൂജല വകുപ്പ് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് വിശദമായ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചുവരുന്നു. ആയത് ഭൂജല വിഭവങ്ങളുടെ വിവേകപൂർണ്ണമായ ഉപഭോഗത്തിന് സഹായകരമാണ്.

**ടാങ്കുകൾ സ്ഥാപിക്കുന്നതിന് ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി**

206 (6496) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായുള്ള ജലജീവൻ പദ്ധതിയുടെ ടാങ്കുകൾ സ്ഥാപിക്കുന്നതിന് ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി

നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നിരന്തരം ഇടപെടലുകൾ നടത്തുന്നുണ്ട്. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം അതത് ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായിട്ടുള്ള ജലജീവൻ മിഷൻ DWSM (District Water and Sanitation Mission) യോഗങ്ങളിൽ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്ഥലലഭ്യത സംബന്ധിച്ച വിഷയം ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. വകുപ്പുമന്ത്രി ഓരോ ജില്ലയിലെയും പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന പദ്ധതിയുടെ കൂട്ടത്തിൽ ജല ജീവൻ മിഷൻ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും സ്ഥലലഭ്യത സംബന്ധിച്ചുള്ള വിഷയം

അവലോകനം നടത്തി പരമാവധി വേഗത്തിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വാല്യുവേഷൻ നടപടികൾ വേഗത്തിലാക്കാൻ റവന്യൂ വകുപ്പിന്റെ ഇടപെടലും ആവശ്യമാണ്.

**ടാങ്കർ മുഖേനയുള്ള കുടിവെള്ള വിതരണം**

207 (6497) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളം ലഭിക്കാത്ത സ്ഥലങ്ങൾ ഏതൊക്കെയാണ്; ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ?

ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത ഇടങ്ങളിൽ ടാങ്കർ ലോറികൾ മുഖേന കുടിവെള്ളം സമയബന്ധിതമായി എത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്താറുണ്ട്. ആയതിന് ജല അതോറിറ്റി വെൻഡിംഗ് പോയിന്റുകൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) ടാങ്കർ ലോറികൾ മുഖേന കുടിവെള്ളം വാങ്ങുവാൻ പൊതുജനം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

കുടിവെള്ളത്തിന്റെ ആവശ്യകത അറിയിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾ/വ്യക്തികൾ/പഞ്ചായത്തുകൾ/മറ്റുള്ളവർ ജലത്തിന്റെ അളവും ടാങ്കർ ലോറിയുടെ വിവരങ്ങളും അടങ്ങിയ അപേക്ഷകൾ സമർപ്പിക്കുന്നു. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുടിവെള്ളത്തിന് കിലോലിറ്ററിന് (1000L) 76.15 രൂപ നിരക്കിൽ (ടാങ്കർ ലോറിയുടെ വാടക ഉപഭോക്താവ് നൽകേണ്ടതാണ്) പണമടച്ച് ഓഫീസ് സീലും തീയതിയും പതിച്ച കൂപ്പൺ നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ കുടിവെള്ളം ടാങ്കർ ലോറികൾ മുഖേന വാങ്ങാവുന്നതാണ്. തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ "സുജലം സുലഭം" പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ ടാങ്കർ ലോറികൾ മുഖേന കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം വിതരണം നടത്തിവരുന്നുണ്ട്. ഇതിനായി പൊതുജനങ്ങൾ തിരുവനന്തപുരം കോർപ്പറേഷനെയാണ് ബന്ധപ്പെടേണ്ടത്. അടിയന്തര ഘട്ടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ ടാങ്കർ ലോറികൾ മുഖേനയും കുടിവെള്ളം വിതരണം നടത്തിവരുന്നുണ്ട്. ഈ സേവനത്തിനായി വെള്ളയമ്പലത്ത് സ്ഥിതിചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ ഹെൽപ്പ് ലൈനുമായി പൊതുജനങ്ങൾക്ക്

ബന്ധപ്പെടാവുന്നതാണ്.

(ഡി) അർബൻ/റൂറൽ പ്രദേശങ്ങളിൽ എപ്രകാരമാണ് പൊതുജനം വാട്ടർ ടാങ്കർ മുഖേനയുള്ള ജലത്തിനായി അപേക്ഷ നൽകേണ്ടതെന്നും ഇതിന് നൽകേണ്ടുന്ന ചാർജ്ജുകൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

വാട്ടർ ടാങ്കർ മുഖേന ജലം ലഭ്യമാകുന്നതിന് അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വാട്ടർ അതോറിറ്റിയുടെ ടാങ്കറുകൾ ലഭ്യമായ സ്ഥലത്ത് വാട്ടർ ചാർജ്ജും കൺവെയൻസ് ചാർജ്ജും ഉൾപ്പെടെയുള്ള തുക വാട്ടർ അതോറിറ്റിയുടെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. പ്രൈവറ്റ് ടാങ്കർ മുഖേന ജലം എടുക്കുന്നവർ പ്രസ്തുത വണ്ടിയുടെ നമ്പർകൂടി അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ കോർപ്പറേഷൻ നേരിട്ടാണ് ടാങ്കർ ലോറികൾവഴി ജലം ലഭ്യമാക്കുന്നത്. ഇതിനായി "സുജലം സുലഭം" എന്ന പദ്ധതി മുഖേന ആവശ്യക്കാർ വെള്ളത്തിന്റെ ചാർജ്ജും കൺവെയൻസ് ചാർജ്ജും ഉൾപ്പെടെയുള്ള തുക ഓൺലൈനായി അടയ്ക്കേണ്ടതും കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത ടാങ്കർ ലോറി മുഖേന ജലം ആവശ്യക്കാർക്ക് ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്.

07-02-2023-ലെ കേരള വാട്ടർ അതോറിറ്റിയുടെ KWA/HO/RMC/941/2011 ഉത്തരവുപ്രകാരം വാട്ടർ ടാങ്കർ മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ചാർജ്ജുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നൽകുന്ന അപേക്ഷയോടൊപ്പം കിലോലിറ്ററിന് 76.15 രൂപ നിരക്കിൽ വാട്ടർ ചാർജ് അടയ്ക്കേണ്ടതാണ്. അതോടൊപ്പം ഗതാഗത ചാർജ്ജായി കിലോമീറ്ററിന് 42 രൂപയും അടയ്ക്കേണ്ടതാണ്. കൂടാതെ 6000 ലിറ്റർ വരെയുള്ള ഉപയോഗത്തിന് 330.75 രൂപ നിരക്കിലും 6000 ലിറ്ററിന് മുകളിൽ 551.25 രൂപ നിരക്കിലും അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുകൂടി അടയ്ക്കേണ്ടതുമാണ്.

**വാമനപുരം മണ്ഡലത്തിലെ കുടിവെള്ള കണക്ഷൻ**

208 (6498) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ ജലജീവൻ മിഷൻ വഴിയും മറ്റ് പദ്ധതികൾ മുഖേനയും ഇതുവരെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര കുടുംബങ്ങൾക്ക് സൗജന്യ

കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്താകെ 37,23,991 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. വാട്ടർ അതോറിറ്റി സൗജന്യമായി ആർക്കുംതന്നെ കണക്ഷൻ നൽകുന്നില്ല. എന്നാൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഗുണഭോക്താക്കളും സംയുക്തമായി വഹിക്കത്തക്കതരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് അതത് ഗ്രാമീണമേഖലകളിൽ (In village infrastructure) ജലവിതരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന തുകയുടെ 10% എന്ന നിരക്കിലാണ്. ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കിവരുന്ന ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നതാണ്. സംസ്ഥാന സർക്കാർ വിഹിതത്തിൽ 15% പഞ്ചായത്തുകളുടെ വിഹിതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

വാമനപുരം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി ആകെ 36202 കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. ഇതിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ഇതുവരെ 24124 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**(സി) മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായുള്ള വിവിധ പദ്ധതികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?**

വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ആവശ്യമായ തോതിൽ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനായി 12 ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കേണ്ടതുണ്ട്. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയിൽ കണക്ഷൻ നൽകുന്നതിന് റോഡ് കട്ടിംഗ് അനുമതി ലഭ്യമായാൽ മാത്രമേ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയുകയുള്ളൂ. കൂടാതെ വീടുകളിലേയ്ക്കുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വഴിസൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഗുണഭോക്താക്കൾക്ക് മറ്റ് പുരയിടത്തിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ച് കണക്ഷനുകൾ നൽകുന്നതിന് സമ്മതപത്രം നൽകുന്നതിന് ബന്ധപ്പെട്ട വസ്തുവിന്റെ ഉടമസ്ഥർ തടസ്സം ഉന്നയിക്കുന്നുണ്ട്.

**നഗരങ്ങളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ**

209 (6499) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ മുഴുവൻ സമയ ജലവിതരണം സാധ്യമാക്കുന്നതിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെയുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നുമുള്ള വിശദാംശവും ലഭ്യമാക്കുമോ;

(ബി) കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നാളിതുവരെ നടന്ന പ്രവർത്തന പുരോഗതിയുടെ വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.)

ധനസഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവുപ്രകാരം 07-02-2020-ൽ നൽകിയിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയും വിധമാണ്.

1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേയ്ക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ള വിതരണം ഉറപ്പാക്കുക.
2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും നീതിയുക്തവുമായ ശുദ്ധജല വിതരണം ഉറപ്പാക്കുക.
3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും ശുദ്ധജല വിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.
4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന

കുടിവെള്ളം (Non Revenue Water - NRW) ദേശീയ അളവുകോലിന് തുല്യമായ 20 ശതമാനത്തിൽ എത്തിക്കുക.

5. വിവിധതലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പിലാക്കി, ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.

പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവുമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികളും രണ്ടാംഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൾട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും

തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്.

**വാട്ടർ അതോറിറ്റിയുടെ ഐ.ടി. വിംഗിന്റെ പ്രവർത്തനം**

210 (6500) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നൽകുന്ന സേവനങ്ങളിൽ കൃത്യതയും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി അതോറിറ്റിയുടെ ഐ.ടി. വിംഗ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റി നൽകുന്ന സേവനങ്ങളിൽ കൃത്യതയും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി അതോറിറ്റിയുടെ ഐ.ടി. വിംഗ് സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഐ.ടി. വിംഗിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് ഏത് ഏജൻസിക്കാണ് കരാർ നൽകിയിരിക്കുന്നത്; പ്രസ്തുത കരാർ എത്ര വർഷത്തേയ്ക്കാണെന്നും ഇതിനായി 2021, 2022 കാലയളവിൽ എത്ര തുക ചെലവായെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ ഐ.ടി. വിംഗിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് മറ്റ് ഏജൻസികൾക്കൊന്നും കരാർ നൽകിയിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം**

211 (6501) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് 14-03-2017-ലെ സ.ഉ (പി)നം.36/2017/ധന. പ്രകാരമാണ്.

(ബി) പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശകൾ കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പെൻഷൻ പരിഷ്കരണം വാട്ടർ അതോറിറ്റിയിൽ എന്നത്തേയ്ക്ക്

നടപ്പിലാക്കാൻ കഴിയുമെന്നറിയിക്കാമോ?

(ബി&സി) കേരള വാട്ടർ അതോറിറ്റിയിൽ പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശപ്രകാരമുള്ള പെൻഷൻ പരിഷ്കരണം സർക്കാർ പരിശോധിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി**

212 (6502) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ കാലതാമസമാണ് ജലവിതരണ സംവിധാനത്തിലെ പോരായ്മകൾക്ക് പ്രധാന കാരണമെന്ന് വിലയിരുത്തുന്നുണ്ടോ?

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള മിക്ക പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ പദ്ധതിയുടെ ചില ഘടകങ്ങൾ നിർമ്മിക്കുവാനാവശ്യമായ ഭൂമി സമയാസമയങ്ങളിൽ ലഭ്യമാകാതിരിക്കുക, ഭൂമിയുമായും അല്ലാതെയുമുള്ള കോടതി കേസുകൾ ഉടലെടുക്കുക, ഫണ്ടിന്റെ അപര്യാപ്തത, പ്രവൃത്തി

നടപ്പിലാക്കുന്നതിന് മറ്റ് വകുപ്പുകളിൽനിന്ന് അനുമതി ലഭ്യമാക്കേണ്ടുന്ന അവസ്ഥ വരിക, പ്രവൃത്തിക്ക് നാഷണൽ ഹൈവേ, റെയിൽവേ തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങളുടെ അനുമതി ആവശ്യമായി വരിക തുടങ്ങിയ അവസരങ്ങളിൽ കാലതാമസം വന്നുചേരാറുണ്ട്. കാലതാമസം കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസ് തലത്തിൽ പ്രവൃത്തികളുടെ പ്രോഗ്രസ്സ് PSK സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തി വിശദമായി അവലോകനം ചെയ്യുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റിയിൽ കാലോചിതമായ മാറ്റങ്ങൾ നടപ്പിലാക്കാത്തതാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാനിടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലുമാണ്

പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായ ജലവിതരണം സാധ്യമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; എങ്കിൽ പ്രസ്തുത ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് 2.0 മാർഗ്ഗനിർദ്ദേശപ്രകാരം അമൃത് നഗരങ്ങളിലെ ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും 24x7 കുടിവെള്ള വിതരണം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 9 അമൃത് നഗരങ്ങൾ ഉൾപ്പെടെ കേരളത്തിലെ 12 നഗരങ്ങളിലെ ഓരോ വാർഡിൽ വീതമെങ്കിലും 24x7 കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായുള്ള നടപടി തയ്യാറാക്കിവരുന്നു.

**കരാറുകാർക്ക് ബിൽത്തുകയിൽ നൽകാനുള്ള കുടിശ്ശിക**

213 (6503) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് ബിൽത്തുക അനുവദിച്ചുനൽകുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക തുക

എത്രയാണെന്നും എത്ര കാലമായി ഏതെല്ലാം കരാറുകാർക്കാണ് നാളിതുവരെ കുടിശ്ശികയുള്ളതെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിലെ കോൺട്രാക്ടർമാർക്ക് വിവിധ ശീർഷകങ്ങളിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക ബില്ലുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**35966/ഇ.1/2022/കെ.ഡബ്ല്യു.എ. നമ്പർ ഫയലിന്റെ പകർപ്പ്**

214 (6504) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ)-ന്റെ ഓഫീസുമായി ബന്ധപ്പെട്ടുള്ള 35966/ഇ.1/2022/കെ.ഡബ്ല്യു.എ. നമ്പർ ഫയലിന്റെ എല്ലാ വോള്യത്തിന്റെയും മുഴുവൻ പേജുകളുടെയും (കറന്റ്, നോട്ട്, അറ്റാച്ച്മെന്റ് ഉൾപ്പെടെ) പകർപ്പ് ലഭ്യമാക്കാമോ?

ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഉപയോഗിക്കാത്ത വെള്ളത്തിന് കരം**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

215 (6505) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാത്ത വെള്ളത്തിന് കരം അടയ്ക്കുന്നതിന് ബില്ലുകൾ വരുന്നതായി വ്യാപക പരാതികൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിനും ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രം കരം ഈടാക്കുന്നത് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രതിമാസ വാട്ടർ ചാർജ് അതത് ഉപഭോക്താക്കളുടെ വാട്ടർ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. ഉപയോഗിക്കാത്ത വെള്ളത്തിന് വാട്ടർ ചാർജ് അടയ്ക്കുന്നതിന് ബില്ലുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപയോഗിക്കാത്ത വെള്ളത്തിന് വാട്ടർ ചാർജ് ബില്ല് വരുന്നപക്ഷം ആയത് പരിശോധിച്ച് ഉടനടി പരിഹാരം കാണുന്നതാണ്.

**ജല ഗുണനിലവാര പരിശോധനയ്ക്കായി എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബുകൾ**

216 (6506) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ഗുണനിലവാര പരിശോധനയ്ക്കായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആകെ എത്ര ലാബുകൾ ഉണ്ടെന്നും എൻ.എ.ബി.എൽ.-ന്റെ അംഗീകാരമുള്ളത് ഏതിനെല്ലാമാണെന്നും അറിയിക്കാമോ?

കേരളത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എസ്.ആർ.ഐ. സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 70 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ കാറഡുക്ക, നൂൽപ്പുഴ എന്നീ ഉപജില്ലാ ലാബുകളൊഴികെ മറ്റെല്ലാ ലാബുകൾക്കും എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലാബുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എൻ.എ.ബി.എൽ. അംഗീകാരമില്ലാത്ത എത്ര ലാബുകൾ ഉണ്ടെന്നും ഇവയ്ക്ക് അംഗീകാരം നേടുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ കാറഡുക്ക സബ് ജില്ലാ ലാബിന് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടില്ല. ഈ ലാബ് PT (Proficiency

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Test) പാസ്സായതാണ്. എന്നാൽ സ്ഥിര ജീവനക്കാരായ കെമിസ്റ്റിന്റെ അഭാവംമൂലവും ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ചവർ സേവനം മതിയാക്കി പോയതുമൂലവും തുടർനടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുന്നില്ല. പുതിയ ക്വാളിറ്റി/ടെക്നിക്കൽ മാനേജർ എന്നിവരെ നിയമിക്കുന്നതിനായി ഒരിക്കൽ ഇന്റർവ്യൂ നടത്തിയെങ്കിലും ആളെ ലഭിക്കാത്തതിനാൽ വീണ്ടും ഇന്റർവ്യൂ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ നൂൽപ്പുഴ സബ് ജില്ലാ ലാബിന് എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമായിട്ടില്ല. പ്രസ്തുത ലാബ് സ്ഥിതിചെയ്യുന്ന ഭാഗം വനപ്രദേശത്തിനോട് ചേർന്നിരിക്കുന്നതിനാൽ സാമ്പത്തികമായി ലാബിന് സ്വയം സുസ്ഥിരത ലഭിക്കുവാൻ സാധിക്കാത്തതിനാൽ ലാബ് കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ അനുകൂലമായ പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിച്ച് എൻ.എ.ബി.എൽ. അംഗീകാരം നേടുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) അംഗീകാരമില്ലാത്ത ലാബുകളുടെ ടെസ്റ്റ് റിസൾട്ടുകളുടെ കൃത്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അംഗീകാരം ലഭിച്ചിട്ടില്ലെങ്കിലും ISO 17025 അനുസരിച്ചുള്ള നടപടിക്രമങ്ങൾ ഇത്തരം ലാബുകളിലും പാലിക്കുന്നുണ്ട്. ഇന്ത്യൻ

സ്റ്റാൻഡേർഡ് കോഡ് 3025 പ്രകാരമുള്ള ടെസ്റ്റുകളാണ് ഇത്തരം ലാബുകളിലും നടത്തുന്നത്.

**പ്രാദേശിക ജോലികൾ ചെയ്ത ഇനത്തിലുള്ള കുടിശികത്തുക**

217 (6507) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓരോ ഡിവിഷന്റെയും യൂണിറ്റിന്റെയും കീഴിലുണ്ടാകുന്ന അടിയന്തര പ്രാദേശിക ജോലികൾ ചെയ്ത ഇനത്തിൽ അംഗീകൃത കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശികത്തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ ഓരോ ഡിവിഷന്റെയും യൂണിറ്റിന്റെയും കീഴിലുണ്ടാകുന്ന അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്ത ഇനത്തിൽ അംഗീകൃത കരാറുകാർക്ക് (O&M ഇനത്തിൽ) 21-10-2021 മുതൽ (16 മാസം) ബിൽ തുക കുടിശ്ശികയുണ്ട്. പ്രസ്തുത കരാറുകാർക്കുള്ള കുടിശ്ശിക തുക ഘട്ടംഘട്ടമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ മീറ്റർ സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ**

218 (6508) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ മീറ്റർ-സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റി വാട്ടർ മീറ്റർ - സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി പരീക്ഷണാർത്ഥം പാറ്റൂർ, പാളയം, തൊടുപുഴ എന്നീ ഓഫീസുകളിൽ ഈ സംവിധാനം നിലവിൽ ഉപയോഗിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം ഉടനടി വ്യാപിപ്പിക്കുന്നതിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ വാട്ടർ കണക്ഷൻ, സ്വീവേജ് കണക്ഷൻ, മറ്റ് ഉപഭോക്തൃ സേവനങ്ങൾ എന്നിവയ്ക്കുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിന് ഇ-ടാപ്പ് സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കേരള വാട്ടർ അതോറിറ്റിയിൽ 2022 മുതൽ പുതിയ വാട്ടർ കണക്ഷൻ, സ്വീവേജ് കണക്ഷൻ, മറ്റ് ഉപഭോക്തൃ സേവനങ്ങൾ എന്നിവയ്ക്കുവേണ്ടി ഓൺലൈൻ സോഫ്റ്റ്‌വെയർ ഇ-ടാപ്പ് കേരളമൊട്ടാകെയുള്ള ആഫീസുകളിൽ

ഉപയോഗിച്ചുവരുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയുടെ പരാതി പരിഹാര പോർട്ടലുകൾ പൂർണ്ണമായി ഉപയോഗത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ പരാതികൾ പരിഹരിക്കുന്നതിന് പരാതി പരിഹാര പോർട്ടൽ aqualoom ഉപയോഗിച്ചുവരുന്നു. ഈ സംവിധാനംവഴി പരാതികൾ നേരിട്ട് ഓഫീസർക്ക് ലഭ്യമാകുകയും പരാതിയുടെ തൽസ്ഥിതി പരാതിക്കാരന് മനസ്സിലാക്കുവാനും സാധിക്കുന്നു. പരാതികൾ വേഗത്തിൽ തീർപ്പ് കല്പിക്കുകയും എസ്.എം.എസ്. വഴി വിവരങ്ങൾ പരാതിക്കാരന് ലഭ്യമാക്കാനും സാധിക്കുന്നു. നാളിതുവരെ പോർട്ടലുകൾ മുഖേന ലഭ്യമായ പരാതികളിൽ 84%-നമുകളിൽ പരാതികൾ പൂർണ്ണമായും പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) പേപ്പർലെസ് ഓഫീസ് എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ വാട്ടർ അതോറിറ്റി ഓഫീസിൽ ഡിജിറ്റൽ ഫയൽ മൂവ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

KWA-യുടെ എല്ലാ ഓഫീസുകളിലും പേപ്പർലെസ് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനം (DDFS) നടപ്പിലാക്കിയിട്ടുണ്ട്. 433

ഓഫീസുകളിലായി 4119 ജീവനക്കാർ DDFS ഉപയോഗിച്ച് ഫയൽ നടപടികൾ ത്വരിതവേഗത്തിൽ തീർപ്പ് കല്പിക്കുന്നു. ഗണ്യമായരീതിയിൽ പേപ്പർ ഉപയോഗം കുറയ്ക്കുവാനും അതുവഴി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുവാനും സാധിച്ചിട്ടുണ്ട്. DDFS-ന്റെ സെർവർ സംവിധാനം സ്റ്റേറ്റ് ഡാറ്റാ സെന്ററിലേയ്ക്ക് മാറ്റിയതുവഴി തടസ്സമില്ലാതെ, കാര്യക്ഷമമായി ഈ സംവിധാനം ഉപയോഗിക്കുവാനും സാധിക്കുന്നു.

(ഇ) ക്വിക്ക് പേ ആപ്ലിക്കേഷൻ യൂസർ ഫ്രണ്ട്‌ലി ആണോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ് അടയ്ക്കുവാനായി ഉപയോഗിക്കുന്ന QUICK PAY ഓൺലൈൻ സംവിധാനം വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും മൊബൈലിലും ഉപയോഗിക്കാവുന്ന രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. ഉപഭോക്താവിന് അവരുടെ രജിസ്റ്റർ ചെയ്ത മൊബൈൽ ഉപയോഗിച്ച് ബില്ലിന്റെ വിശദാംശങ്ങൾ അറിയുവാനും ബിൽ അടയ്ക്കുവാനും സാധിക്കുന്നു. വിവിധങ്ങളായ payment gateway-കളിലൂടെയും card, UPI, NET BANKING തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും വാട്ടർ ചാർജ് quick pay മുഖേന അടയ്ക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. നിലവിൽ 50 ശതമാനത്തിനുമുകളിൽ ഉപഭോക്താക്കൾ ക്വിക്ക് പേ

ഉപയോഗിക്കുന്നുണ്ട്.

**കേരള വാട്ടർ അതോറിറ്റി പുനഃസംഘടനയും നോൺ-പ്ലാൻ ഗ്രാന്റഡ് കുടിശ്ശികയും**

219 (6509) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ നോൺ-പ്ലാൻ ഗ്രാന്റ് കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതിയേതര ഗ്രാന്റ് തുകയായി 353.16 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ (17-03-2023 വരെ) 206.69 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റി ഓഫീസിലെ ക്രമക്കേട്**

220 (6510) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ പദ്ധതിക്കായി അനുവദിച്ച തുക വാട്ടർ അതോറിറ്റി ഓഫീസിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതും തുക കരാറുകാർക്ക് അനുവദിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ജല ജീവൻ പദ്ധതിക്കായി അനുവദിച്ച തുക കരാറുകാർക്ക് അനുവദിക്കാത്തതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക് പരിശോധന സമയത്ത് പ്രസ്തുത കാലയളവിൽ വാട്ടർ സപ്ലൈ ഡിവിഷൻ നെയ്യാറ്റിൻകരയിലെ ജെ.ജെ.എം. പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഹെഡ്ഡാഫീസിൽനിന്നും നേരിട്ട് കരാറുകാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പേമെന്റ് നടത്തിയ തുകയുടെ വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ ജേണൽ എൻട്രി വരുത്തുകയോ ചെയ്തിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു.

അതിൻപ്രകാരം കുറ്റാരോപിതരായ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും അവർ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റി ഫിനാൻസ് വിഭാഗം ഇതുസംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം ഉൾപ്പെടെ നൽകിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ വിശദീകരണം നൽകിയിരുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി വിഷയത്തിൽ നടപടിക്രമങ്ങളുടെ വീഴ്ച കാരണം വാട്ടർ അതോറിറ്റിക്ക് സാമ്പത്തിക നഷ്ടം ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്ന് വാട്ടർ അതോറിറ്റി ഫിനാൻസ് വിംഗ് അറിയിച്ചിരുന്നു. മുൻകാലങ്ങളിൽ വരുത്താത്ത ക്യാഷ് ബുക്ക് എൻട്രികൾ നിലവിൽ വരുത്തിയിട്ടുണ്ടെന്ന് നെയ്യാറ്റിൻകര ഡിവിഷനിൽനിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ വിശദീകരണം ഫിനാൻസ് വിംഗിൽനിന്നും 03-10-2022-ലാണ് ആവശ്യപ്പെട്ടിരുന്നത്. (അനുബന്ധം-2)* ഇതിൽ ഉൾപ്പെട്ട ജൂനിയർ സൂപ്രണ്ട് ശ്രീമതി ജയശ്രീ ആർ.വി., ഡിവിഷണൽ അക്കൗണ്ടന്റ് ഓഫീസർ, അനിൽരാജ് ആർ. എന്നിവർ വിശദീകരണം ചോദിക്കുന്നതിനുമുൻപേതന്നെ 2021-ൽ പ്രൊമോഷനായിട്ടുള്ളതാണ്. ജൂനിയർ സൂപ്രണ്ട് നൽകിയ മറുപടി അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.* ഈ വിഷയത്തിൽ ക്യാഷ് ബുക്ക് എൻട്രികളിലെ വീഴ്ച തിരുത്തിയതിനാലും സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും അവരുടെ മറുപടികൾ അംഗീകരിക്കുകയും ആയതിനാൽ മറ്റ് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല. 09-05-2022-ൽ കൂടിയ DPC-യിലാണ് ശ്രീ. നാരായണ നമ്പൂതിരിയെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി പ്രൊമോട്ട് ചെയ്യുവാൻ തീരുമാനമെടുക്കുന്നത്. ആ സമയത്ത് അദ്ദേഹത്തിനെതിരെ ഒരു അച്ചടക്ക നടപടിയും ഉണ്ടായിരുന്നില്ല.

**കയ്പമംഗലം മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

221 (6511) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെക്കാണുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ കല്ലുംപുറം എസ്.സി. കോളനിയിലും പരിസരത്തും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കീമിന്റെ കാലപ്പഴക്കംമൂലവും പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നത് കാരണവും പരിമിതമായ തോതിൽ മാത്രമാണ് പ്രസ്തുത ഭാഗത്ത് കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കുന്നത്.

(ബി) ആറുദിവസം കൂടുമ്പോൾ മാത്രമാണ് ഈ പ്രദേശത്ത് കുടിവെള്ളം ലഭിക്കുന്നതെന്നിരിക്കെ ഈ പ്രശ്നം പരിഹരിക്കാനും രണ്ടുദിവസം കൂടുമ്പോഴെങ്കിലും കുടിവെള്ളം ലഭ്യമാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

അഞ്ചുദിവസം തുടർച്ചയായി എസ്.എൻ. പുരം പഞ്ചായത്തിലേയ്ക്കും 3 ദിവസം തുടർച്ചയായി മതിലകം പഞ്ചായത്തിലേയ്ക്കും എന്ന ക്രമത്തിലാണ് കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നത്. തുടർച്ചയായി പമ്പ് ചെയ്താൽ മാത്രമേ രണ്ടുപഞ്ചായത്തിലെയും വിദൂര ഭാഗങ്ങളിലേയ്ക്ക് കുടിവെള്ളം എത്തുകയുള്ളൂ.

എസ്.എൻ. പുരം ഗ്രാമപഞ്ചായത്തടക്കം മതിലകം പി.എച്ച്. സെക്ഷന്

കീഴിലുള്ള നാല് പഞ്ചായത്തുകളിലേയ്ക്കും ശുദ്ധജല വിതരണം നടത്തുന്നത് നാട്ടിക ഫർക്ക സ്കീമിലുൾപ്പെട്ട 35 വർഷത്തിലേറെ കാലപ്പഴക്കമുള്ള ശുദ്ധജല വിതരണ പദ്ധതിയിൽനിന്നാണ്. പദ്ധതിയുടെ കാലപ്പഴക്കംമൂലം പ്രധാന പൈപ്പ്ലൈനുകളിൽ തുടർച്ചയായി ലീക്കുണ്ടാകുന്നതിനാൽ ശുദ്ധജല വിതരണത്തിൽ തടസ്സമുണ്ടാകാറുണ്ട്. എന്നിരുന്നാലും വെള്ളാനി പ്ലാന്റിൽനിന്നും ലഭ്യമാകുന്ന പരിമിതമായ കുടിവെള്ളം മതിലകം പി.എച്ച്. സെക്ഷനുകീഴിലുള്ള പഞ്ചായത്തുകളിൽ എത്തിച്ചുകൊടുക്കാൻ പരിശ്രമിക്കുന്നുണ്ട്. പുതിയ ജലശുദ്ധീകരണ പ്ലാന്റും അനുബന്ധ ഘടകങ്ങളും കൂടാതെ പഴയ പ്രിമോ പൈപ്പ് മാറ്റുന്ന പ്രവൃത്തിയും കിഫ്ബിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഫണ്ടിംഗ് സാംഗ്ഷൻ ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരം നാട്ടിക ഫർക്ക സ്കീം വിപുലീകരണം നടപ്പിലാക്കിയാൽ മാത്രമേ ടി പഞ്ചായത്തുകളിൽ മുടക്കംകൂടാതെ കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(സി) കുടിവെള്ളത്തിന്റെ നിറം മാറുന്നതായി നാട്ടുകാർ നിരന്തരം പരാതിപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കുടിവെള്ളത്തിന്റെ നിറം മാറുന്നതായി നാട്ടുകാർ നിരന്തരം

പരാതിപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിക്കുകയും ആവശ്യമെങ്കിൽ GI പൈപ്പ് മാറ്റി സ്ഥാപിക്കൽ, ലീക്ക് പരിശോധിക്കൽ എന്നീ നടപടികൾ സ്വീകരിക്കാറുണ്ട്. കല്ലുമുറം എസ്.സി. കോളനി പരിസരത്ത് കുടിവെള്ളത്തിന്റെ നിറം മാറുന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയും ആ ഭാഗത്ത് കലുങ്കിനുമുകളിലൂടെ കടന്നുപോകുന്ന തുരുമ്പിച്ച GI പൈപ്പ് മാറ്റി പകരം PVC പൈപ്പ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

222 (6512) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ്, ദേവികുളങ്ങര, കൃഷ്ണപുരം, കണ്ടല്ലൂർ, പത്തിയൂർ, ആറാട്ടുപുഴ, മുതുകുളം എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. വാൽവുകൾ

ക്രമീകരിച്ചും പമ്പിംഗ് സമയം വർദ്ധിപ്പിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിലെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണത്തോടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുന്നതാണ്. ജലജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കായംകുളം കായലിനോട് ചേർന്നുകിടക്കുന്ന ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പാത്തിയൂർ പ്ലാന്റിനെ 12 എം.എൽ.ഡി. കപ്പാസിറ്റിയിൽനിന്നും 20 എം.എൽ.ഡി. കപ്പാസിറ്റിയായി ഉയർത്തി അവിടെനിന്നും കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പത്തിയൂർ പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. കായംകുളം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾക്കായി പത്തിയൂരിലുള്ള 12 MLD പ്ലാന്റിന്റെ

പുനരുദ്ധാരണ പ്രവൃത്തികൾ, 12 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള OHSR, പമ്പ് ഹൗസ്, വിതരണ ശൃംഖല സ്ഥാപിക്കൽ, 4400 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയ്ക്കായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി 19.887 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**പോത്തുണ്ടി ഡാം ജലസ്രോതസായി കുടിവെള്ള കണക്ഷൻ**

223 (6513) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തുണ്ടി ഡാം ജലസ്രോതസായി എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പോത്തുണ്ടി ഡാം ജലസ്രോതസ്സാക്കി ആലത്തൂർ, എരിമയൂർ, കാവശ്ശേരി, പുതുക്കോട്, പല്ലശ്ശന, എലവഞ്ചേരി, തരൂർ, നെന്മാറ, അയിലൂർ, മേലാർകോട് എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ആകെ 45002 കുടിവെള്ള കണക്ഷൻ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത് (ആലത്തൂർ-6688 എണ്ണം, എരിമയൂർ-3043 എണ്ണം, കാവശ്ശേരി-7519 എണ്ണം, പല്ലശ്ശന - 6058 എണ്ണം, പുതുക്കോട്-2461 എണ്ണം, എലവഞ്ചേരി-2017 എണ്ണം, തരൂർ-3155 എണ്ണം,

നെന്മാറ-3543 എണ്ണം, അയിലൂർ - 5368 എണ്ണം, മേലാർകോട്-5150 എണ്ണം).

(ബി) ഇതിനാവശ്യമായ വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലജീവൻ പദ്ധതിയുടെ സ്രോതസ്സുകളുടെ ജലലഭ്യത പരിശോധനയ്ക്കായി ജില്ലകളിൽ സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ സ്രോതസ്സുകളുടെ ജലലഭ്യത സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തിയതിനുശേഷമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**പറമ്പിക്കുളം, നെല്ലിയാമ്പതി മേഖലകളിൽ കുടിവെള്ളം എത്തിക്കാൻ നടപടി**

224 (6514) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളം, നെല്ലിയാമ്പതി മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലേയ്ക്കുള്ള ജലസ്രോതസ്സുകളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) നെല്ലിയാമ്പതി, പറമ്പിക്കുളം മേഖലകളിൽ കുടിവെള്ളം എത്തിക്കാനായി ചെറുകിട കുടിവെള്ള പദ്ധതികളാണ് ജല അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. ഈ രണ്ട് മേഖലകളിൽ ഭൂരിഭാഗം സ്ഥലങ്ങളും വനഭൂമിയായതിനാൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരികയും അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി പറമ്പിക്കുളം, നെല്ലിയാമ്പതി എന്നീ മേഖലകളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ പറമ്പിക്കുളം മേഖലയിൽ വനം വകുപ്പിന്റെ അനുമതി ലഭിച്ച് പ്രവൃത്തി ആരംഭഘട്ടത്തിലാണ്. നെല്ലിയാമ്പതി മേഖലയിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്ത പ്രദേശങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വനം വകുപ്പിന്റെ അനുമതിവേണ്ട പ്രദേശങ്ങളിൽ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

പ്രസ്തുത പ്രദേശങ്ങളിലേയ്ക്കുള്ള ജലസ്രോതസ്സുകളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് അനുയോജ്യമായ രീതിയിൽ തുറന്ന കിണർ, തടയണ എന്നിവയെ ജലസ്രോതസ്സുകളായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**നെന്മാറ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

225 (6515) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി നെന്മാറ മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്നും മറ്റ് പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

(എ&ബി) ജൽജീവൻ മിഷൻ പദ്ധതിപ്രകാരം നെന്മാറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി**

226 (6516) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**(എ-ഡി)** മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

227 (6517) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പറുകൾ എന്നിവയും ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ, അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പറുകൾ എന്നിവ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

1. ഐ.ഡി.ആർ.ബി. - കാഷ്വൽ സ്വീപ്പർ തസ്തികയിൽ ഒരു താൽക്കാലിക ജീവനക്കാരി ജോലി ചെയ്യുന്നുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ അഞ്ചുപേർ ജോലി ചെയ്യുന്നുണ്ട്.

2. ഹൈഡ്രോളജി സബ് ഡിവിഷൻ, അമ്പലമുക്കിൽ കരാർ അടിസ്ഥാനത്തിൽ റിവർഗേജ് സ്റ്റേഷനുകളിലായി ഒമ്പത് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ അഞ്ച് ജീവനക്കാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജോലി ചെയ്യുന്നുണ്ട്.

3. തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരാൾ ജോലി ചെയ്യുന്നു.

ഭൂജല വകുപ്പിൽ കരാർ/താല്ക്കാലിക/ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

എസ്.എൽ.ആർ. - 11

സി.എൽ.ആർ. - 19

കൂടാതെ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ കരാറടിസ്ഥാനത്തിൽ നാലുപേർ ജോലി ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ ഏതൊക്കെ, സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവയുടെ വിശദാംശം

അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

## നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

228 (6518) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(1) കിഫ്ബി 2017-18 പദ്ധതിയിലുൾപ്പെടുത്തി നെന്മാറ മണ്ഡലത്തിലെ പല്ലശ്ശന, എലവഞ്ചേരി, ആലത്തൂർ, എരിമയൂർ, പുതുക്കോട്, കാവശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി - ഫേസ് 1 31-03-2023-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(2) ജൽജീവൻ മിഷൻ എലവഞ്ചേരി, പല്ലശ്ശന ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം 30-09-2023-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കിഫ്ബി - 2017-18 ഒന്നാംഘട്ട പദ്ധതിയുടെ 98% പ്രവൃത്തികളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ചു. ഇതിൽ 26 എം.എൽ.ഡി. ജലശുദ്ധീകരണശാല, 600 എം.എം. ഡി.ഐ.കെ. 9 റോ വാട്ടർ പമ്പിംഗ് മെയിൻ - 286 മീറ്റർ, 630 കെ.വി.എ. ട്രാൻസ്ഫോർമർ, റോ വാട്ടർ പമ്പ് സെറ്റുകൾ - 43 എച്ച് പി - 2 എണ്ണം എന്നിവ ഉൾപ്പെടുന്നു. കെ.എസ്.ഇ.ബി. പവർ കണക്ഷൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി രണ്ടാംഘട്ടമായി നടപ്പിലാക്കുന്ന എലവഞ്ചേരി, പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ താഴെ കൊടുത്തിരിക്കുന്നു.

1. പല്ലശ്ശന കാരോട്ടുമലയിലെ 33 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ ഫ്ളോർ സ്ലാബ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. എലവഞ്ചേരി വെങ്കായപ്പാറയിൽ 10 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3. എലവഞ്ചേരി ആകെ 82.50 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ - 70.74 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു.

4. പല്ലശ്ശന ആകെ 122.08 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ - 88.54 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു.

5. ആകെ 880 കിലോമീറ്റർ വിതരണശൃംഖലയിൽ 550 കിലോമീറ്റർ

പൈപ്പ് ലൈൻ സ്ഥാപിച്ചു.

6. ആകെ 27786 ഗാർഹിക കണക്ഷനുകൾ നൽകാനുള്ളതിൽ 18461 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ഈ ഘട്ടത്തിന്റെ 75% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയുടെ അപകടാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിന് നടപടി**

229 (6519) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് അധികൃതരിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) അപകടാവസ്ഥയിലുള്ള പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-ഡി) ഉണ്ട്. ടേക്ക്-എ-ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ

വാട്ടർ അതോറിറ്റിയുടെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുവേണ്ട വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിക്കാൻ മധ്യമേഖലാ ചീഫ് എഞ്ചിനീയർ ഓഫീസിൽനിന്നും ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം അപകടാവസ്ഥയിലുള്ള പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**മത്സ്യബന്ധന സമൂഹത്തിലെ വിദ്യാഭ്യാസ, സാമൂഹിക, തൊഴിൽ സർവ്വേ**

230 (6520) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന സമൂഹത്തിലെ വിദ്യാഭ്യാസവും സാമൂഹിക-തൊഴിൽ അവസ്ഥയും കൃത്യമായി കണക്കാക്കുന്നതിന് സമഗ്ര സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക അവസ്ഥയെ സംബന്ധിക്കുന്ന വിവരശേഖരണത്തിനായി ഫിഷറീസ് വകുപ്പ് ഓരോ 10 വർഷം കൂടുമ്പോഴും സോഷ്യോ ഇക്കണോമിക് സർവ്വേ നടത്തിവരുന്നു. ഈ

സർവ്വേയിലൂടെ മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ എന്നിവ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചുവരുന്നു. 2013-ലാണ് അവസാനമായി ഈ സർവ്വേ നടത്തിയിട്ടുള്ളത്. ഇതുവരെയും സാമ്പിൾ സർവ്വേ രീതിയിലാണ് ഫീൽഡിൽനിന്നും വിവരശേഖരണം നടത്തിയിരുന്നത്. എന്നാൽ 2023 വർഷത്തിൽ ഇത് എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നും വിവരശേഖരണം ഉറപ്പാക്കുന്ന സെൻസസ് ആയാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 100% ജി.ഐ.എസ്. ബേസ്ഡ് ഡാറ്റയാണ് ഈ വർഷത്തെ സെൻസസിലൂടെ ശേഖരിക്കുന്നത്. സോഷ്യോ ഇക്കണോമിക് സർവ്വേ 2023-ന്റെ പ്രാരംഭഘട്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. ഫീൽഡുതല ഡാറ്റ ശേഖരണം ഉടൻതന്നെ തുടങ്ങുന്നതാണ്. 2013 വർഷത്തെ സർവ്വേ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ടൂറിസം വകുപ്പുമായി സഹകരിച്ച് കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

231 (6521) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഉൾനാടൻ മത്സ്യകൃഷിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസം മേഖലയിൽ മത്സ്യബന്ധന വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ടൂറിസം വകുപ്പുമായി സഹകരിച്ച് മത്സ്യബന്ധന വകുപ്പ് കണ്ണൂർ ജില്ലയിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) ഉൾനാടൻ മത്സ്യകൃഷിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസം മേഖലയിൽ മത്സ്യബന്ധന വകുപ്പ് പുതിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ, മാലിപ്പുറം, പാലായ്ക്കരി ഫാമുകളിൽ ഉൾനാടൻ മത്സ്യകൃഷിയോടൊപ്പം അക്വാടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. ഫാമുകളിൽ ഉൾനാടൻ മത്സ്യകൃഷി കണ്ടറിയുന്നതിനും ആസ്വദിക്കുന്നതിനും ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (PMMSY 2022-23) എന്ന പദ്ധതിയിലെ 'promotion of recreational fisheries' എന്ന വിഭാഗത്തിൽപ്പെടുത്തി മത്സ്യകൃഷിയോടൊപ്പം ടൂറിസം ഉത്തേജിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ടൂറിസം വകുപ്പുമായി സഹകരിച്ച് മത്സ്യബന്ധന വകുപ്പ് കണ്ണൂർ ജില്ലയിൽ

നിലവിൽ പദ്ധതികൾ നടപ്പാക്കുന്നില്ല.

**കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

232 (6522) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കുന്നത്തുനാട് മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മത്സ്യ കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ നടപടി**

233 (6523) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോഫ്ലോക്ക്, പടുതാക്കുളം, സാധാരണ കുളം എന്നിവയിലൂടെ മത്സ്യങ്ങളെ വളർത്തുന്ന മത്സ്യകർഷകർക്ക് ന്യായവില കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം മത്സ്യകർഷകർക്ക് ന്യായവില ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ബയോഫ്ലോക്ക്, പടുതാക്കുളം, സാധാരണ കുളം എന്നിവയിലൂടെ മത്സ്യങ്ങളെ വളർത്തുന്ന മത്സ്യകർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനായി ജനകീയ മത്സ്യകൃഷി 'സുഭിക്ഷ കേരളം' പദ്ധതിയിലുൾപ്പെടുത്തി ലൈവ്ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റ് പദ്ധതി മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റ് ഔട്ട്ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ

സ്ഥലം കണ്ടെത്തി ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളിൽനിന്നും വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

**പുനർഗേഹം പദ്ധതിപ്രകാരം സമർപ്പിച്ച ആധാരങ്ങൾ**

234 (6524) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച വസ്തുവിന്റെ ആധാരങ്ങൾ തിരികെ നൽകുന്നതിനുവേണ്ടി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. 07-01-2020-ലെ സ.ഉ.(സാധാ)നം.13/2020/മ.ഉ.വ. പ്രകാരം അംഗീകരിച്ചുത്തരവായ പുനർഗേഹം പദ്ധതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്താക്കൾ അവരുടെ ഭൂമി പരിത്യജിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ വിവിധ തലങ്ങളിൽനിന്നുള്ള ആവശ്യം പരിഗണിച്ച് ഭൂമി ഉടമയുടെ പേരിൽ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കുന്നതാണെന്നും ഈ സ്ഥലത്ത്

യാതൊരുവിധ നിർമ്മാണപ്രവർത്തനവും നടത്തുകയില്ലെന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണെന്നും മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം കരാറിൽ ഏർപ്പെടുന്നമുറയ്ക്ക് ആധാരങ്ങൾ തിരികെ നൽകുന്നതിന് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ തായാട്ടുപറമ്പിൽ വീട്ടിൽ സതീശൻ പുനർഗേഹം പദ്ധതിപ്രകാരം 10.65 സെന്റ് ഭൂമിയുടെ ആധാരം ഫിഷറീസ് വകുപ്പിന് നൽകിയത് തിരികെ ലഭിക്കുന്നതിനായി എം.എൽ.എ. മുഖാന്തരം 04-01-2023-ന് വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; പ്രസ്തുത ആധാരം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

അപേക്ഷ പരിശോധിച്ച് അടിയന്തര നടപടി കൈക്കൊള്ളുന്നതിനായി എറണാകുളം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താവ് പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടുന്നമുറയ്ക്ക് ആധാരം തിരികെ നൽകുന്നതാണ്.

**ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

235 (6525) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എച്ച്. സലാം:

<u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോല്പാദനം താരതമ്യേന കുറവാണെന്നതിനാൽ ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനും നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം വഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നടപ്പുസാമ്പത്തികവർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷിരീതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ 42752 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുകവരുന്ന വിവിധ മത്സ്യകൃഷി രീതികളായ ബയോഫ്ളോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ

അലങ്കാര മത്സ്യറിയറിംഗ് യൂണിറ്റ്, ചെറുകിട അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യറിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിപ്രകാരം നടപ്പിലാക്കിവരുന്നു.

2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിപ്രകാരം ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി എന്നീ റിസർവോയറുകളിലായി 100 കൂടുകൾ വീതം ആകെ 400 കൂടുകളിലായി ശുദ്ധജല കൂടുകൃഷി പദ്ധതി പൂർത്തീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 3524 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നു.

(ബി) സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പരിപാടിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കുമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പരിപാടിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം,

ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കി.

- വിവിധ ഉൾനാടൻ മത്സ്യകൃഷി പദ്ധതികളിലൂടെ മത്സ്യോല്പാദനം 2.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ സാധിച്ചു.
- മത്സ്യകൃഷിയിലൂടെ 37520 മെട്രിക് ടൺ മത്സ്യം അധികമായി ഉല്പാദിപ്പിച്ചു.
- നൂതന കൃഷിരീതികളിലൂടെ ഉല്പാദനക്ഷമത ഹെക്ടറിന് ഒരു ടൺ എന്ന പരമ്പരാഗത നിലയിൽനിന്നും രണ്ട് സെന്റിൽനിന്നും ഒരു ടൺ എന്ന നിലയിലേയ്ക്ക് ഉയർത്താൻ സാധിച്ചു. എയറേഷൻ, ജൈവ സുരക്ഷ, പ്രോബയോട്ടിക്സ് എന്നിവ ഏർപ്പെടുത്തിയതിലൂടെ മത്സ്യഉല്പാദനക്ഷമത വർദ്ധിച്ചു.
- ജനകീയ മത്സ്യകൃഷി - സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പാടശേഖരങ്ങൾ ഉൾപ്പെടെ 24530.14 ഹെക്ടർ വിസ്തൃതിയിൽ 69662 ജലാശയങ്ങളിൽ മത്സ്യകൃഷിക്കായി മത്സ്യവിത്ത് സംഭരിച്ച് കൃഷി നടപ്പിലാക്കിവരുന്നു. നൂതന മത്സ്യകൃഷിയുടെ ഭാഗമായി 11963 യൂണിറ്റുകളിൽ റീസർക്കുലേറ്ററി അക്വാകൾച്ചർ

സിസ്റ്റം, ബയോഫ്ലോക്ക്/കൂടുകൃഷി എന്നിവ നടപ്പിലാക്കി.

- ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 2814 കുളങ്ങളിൽ പൊതു പങ്കാളിത്തത്തിൽ മത്സ്യകൃഷി നടപ്പിലാക്കി.
- അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും അതുവഴി മത്സ്യോല്പാദനം കൂട്ടുന്നതിനുമായി 343 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി.
- 60000 കർഷകർക്ക് മത്സ്യ കൃഷിയിലൂടെ ജീവനോപാധി ലഭ്യമാക്കി.

(സി) റിസർവോയറുകളിൽ മത്സ്യബന്ധനം നടത്തുന്ന പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ താൽപര്യാർത്ഥം റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും കൂടുകളിൽ മത്സ്യകൃഷി നടത്തുന്നതിനും പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. അണക്കെട്ടുകളിലും ജലസംഭരണികളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 150 ലക്ഷം അടങ്കൽ തുക വരുന്ന റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ

നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊൻമുടി, മലങ്കര, ഇരട്ടയാർ, മീങ്കര, ആനയിറങ്ങൽ, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, ചുള്ളിയാർ, വാളയാർ, പഴശ്ശി, പെരിങ്ങൽക്കുത്ത്, ഷോളയാർ (Lower) എന്നിവിടങ്ങളിലായി 8323250 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 200 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതോടെ ജലസംഭരണികളെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുവാൻ കഴിയുന്നതാണ്. 2020-21 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി "ഫിഷ് പ്രൊഡക്ഷൻ ഇൻ കേജസ് ത്രൂ പാർട്ടിസിപ്പേറ്ററി അപ്രോച്ച് വിത്ത് ബെനിഫിഷ്യറീസ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ് ഇൻ ബാണാസുരസാഗർ റിസർവോയർ, വയനാട്" എന്ന പദ്ധതിക്ക് 3.2 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 490 കൂടുകളിലെ മത്സ്യകൃഷി പൂർത്തീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന

പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

236 (6526)<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. എ. രാജ</u>:
<u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി" എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട്, സാധ്യതയുള്ള എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത അഞ്ച് വർഷംകൊണ്ട് ഇരട്ടിയാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് 'സുഭിക്ഷ കേരളം' ജനകീയ മത്സ്യകൃഷി പദ്ധതി കൂടുതൽ വിപുലമാക്കി

നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 25 ഇനം മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ഇപ്രകാരം വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 24198 മെട്രിക് ടണ്ണായിരുന്ന മത്സ്യോല്പാദനം നിലവിൽ 37521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷം 8165 പൊതുകുളങ്ങളിലായി 1367.86 ഹെക്ടർ സ്ഥലത്തും 2021-22 സാമ്പത്തിക വർഷം 7235 കുളങ്ങളിലായി 1338.41 ഹെക്ടർ സ്ഥലത്തും മത്സ്യവിത്ത് നിക്ഷേപം നടത്തി. പൊതുകുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കിയതുവഴി 298 ടൺ മത്സ്യം ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങളിലും ഡാമുകളിലും വയലുകളിലും സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന് തുടർപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; പദ്ധതി നടത്തിപ്പിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വെളിപ്പെടുത്താമോ;

മത്സ്യകേരളം പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ

കുളങ്ങളിലും ഡാമുകളിലും വയലുകളിലും സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'സുഭിക്ഷ കേരളം' ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യസമ്പദയോജന തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഉൾനാടൻ മത്സ്യങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് അറിയിക്കുമോ?

ഉൾനാടൻ മത്സ്യങ്ങളുടെ വിപണനത്തിനായി ജനകീയ മത്സ്യകൃഷി 'സുഭിക്ഷകേരളം' പദ്ധതിയിലുൾപ്പെടുത്തി ലൈവ്ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ് പദ്ധതി മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്‌ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 'ഫിഷ് മാർക്കറ്റിംഗ് ഔട്ട്‌ലെറ്റ്' എന്ന പദ്ധതി ഘടകത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനം മത്സ്യഫെഡ് വഴി നടത്തിയിട്ടുണ്ട്.

മത്സ്യഫെഡിന്റെ കീഴിൽ ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കിയുള്ള മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദന യൂണിറ്റിലും കൂടുതലായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിലും പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ച് വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

**മത്സ്യമേഖലയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

237 (6527) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ; ഈ ഇടപെടൽ കാര്യക്ഷമമായിരുന്നോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുവഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന "ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം" പദ്ധതിയിലൂടെ ആരംഭിച്ചിട്ടുള്ള മത്സ്യസംസ്കരണ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20 ശതമാനമായ ബാങ്ക് ലോൺ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തനമൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. കൂടാതെ ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി

പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സോളിഡാരിറ്റി ഫണ്ട്-സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിംഗ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ മറ്റു ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്രൈഫിഷ്, ഫിഷ് പ്രോസസ്സിംഗ് യൂണിറ്റുകൾ, അച്ചാറുകൾ, അലങ്കാര മത്സ്യം, ക്ലാം പ്രോസസ്സിംഗ്, പീലിംഗ് ഷെഡ്, മത്സ്യവളം എന്നീ യൂണിറ്റുകൾ ആരംഭിക്കുകയും ഇതുവഴി ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ടി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന്റെ കീഴിൽ കൊണ്ടുവരികയും ഇതുവഴി വിറ്റുവരവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നു. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് 'സൗരോർജ്ജ ഡ്രൈയറിൽ' ഉണക്കിയെടുത്ത

മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിലെത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയശേഷം സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത് പാക്ക് ചെയ്ത് വിപണിയിലെത്തിച്ചുവരുന്നു. പ്രസ്തുത സംരംഭം മുഖേന ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് കൂടുതൽ വില ലഭ്യമാകുന്നതിനും സഹായകരമാകുന്നു. മുകളിൽപ്പറഞ്ഞ പദ്ധതികൾ മത്സ്യത്തൊഴിലാളി വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായകമായിട്ടുണ്ട്.

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**അടിസ്ഥാന ഭൗതിക വികസനത്തിന് ഫണ്ട്**

238 (6528) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിലെ സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ എന്നിവയുടെ അടിസ്ഥാന ഭൗതിക വികസനത്തിന് ഫിഷറീസ് വകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് ഫണ്ടുപയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ എന്നീ അടിസ്ഥാന ഭൗതിക വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+ കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി 482 ലക്ഷം രൂപയുടെയും 297 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി ഏർപ്പാടാക്കി പുരോഗമിച്ചുവരുന്നു.

(ബി) 2022-23 വർഷം ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ ജില്ലയിലെയും പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് ഫണ്ടുപയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ എന്നിവയുടെ അടിസ്ഥാന ഭൗതിക വികസന പദ്ധതികൾക്കായി 2022-23 വർഷം ഇതുവരെ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+ കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർമ്മാണത്തിനായി 10.07 ലക്ഷം രൂപ 2022-23 വർഷം ചെലവാക്കിയിട്ടുണ്ട്.

**മത്സ്യമേഖലയിലെ വരുമാനവർദ്ധനയ്ക്കുള്ള നടപടികൾ**

239 (6529) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യമേഖലയിലെ വരുമാനവർദ്ധനയ്ക്കായി സാങ്കേതികവിദ്യയുടെ സഹായത്തോടെ മത്സ്യസമ്പത്തിനെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യാനും അതുവഴി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാന്റിൽ വിപണിയിലെത്തിച്ചുവരുന്നു.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) മുഖേന മത്സ്യത്തെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുവാനും അതുവഴി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുമായി ചെറുകിട തൊഴിൽ സംരംഭക പദ്ധതി നടപ്പാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവുമാണ്. ജില്ലകളിൽനിന്ന്

തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുന്നു. കൂടാതെ സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20 ശതമാനം ബാങ്ക് ലോണായി യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. കൂടാതെ സാഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വിപണനവും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ ആക്ട് അനുസരിച്ച് 'സാഫ് ഫിഷ്&ഫിഷ് പ്രോസസ്സിംഗ് ഗ്രൂപ്പ്സ് കാറ്റഗറി ഫെഡറേഷൻ' രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫിഷ് ബൂത്ത്, ഡ്രൈഫിഷ്, ഫിഷ് പ്രോസ്സസ്സിംഗ് യൂണിറ്റ്, അച്ചാർ, അലങ്കാര മത്സ്യം, ക്ലാം പ്രോസസ്സിംഗ്, പീലിംഗ് ഷെഡ്, മത്സ്യ വളം എന്നിങ്ങനെയുള്ള യൂണിറ്റുകളാണ് ഈ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നത്.

സാഫ് സംരംഭകർ ഹാർബറിൽനിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്ത് വിവിധയിനം ഉണക്കമത്സ്യങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് മുഖേനയും മത്സ്യത്തിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നുണ്ട്.

**പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിലെ ഭൂമിയുടെ ഉടമസ്ഥാവകാശം**

240 (6530) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ സ്ഥാപിച്ച പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിലെ ഭൂമിയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി മുട്ടത്തറയിൽ 2018-19 വർഷത്തിൽ നിർമ്മിച്ച ഫ്ലാറ്റിൽ ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്ന തീയതി മുതൽ അനുവദിച്ച ഫ്ലാറ്റ് ഗുണഭോക്താവിന്റെയും കുടുംബത്തിന്റെയും താമസത്തിനുവേണ്ടി മാത്രമേ ഉപയോഗിക്കാവൂ. മറ്റ് യാതൊരുവിധ ആവശ്യത്തിനും ഉപയോഗിക്കുവാനോ, ഒരു ഭാഗം മറ്റൊരു വ്യക്തിക്ക് നൽകുവാനോ പാടില്ല.

(ബി) ഫ്ലാറ്റുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കുമോ?

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഗുണഭോക്താവും തമ്മിലുള്ള കരാർപ്രകാരം എല്ലാവിധ നികുതികളും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ ഗുണഭോക്താവ് തന്നെ ഒടുക്കേണ്ടതും ഫ്ലാറ്റും പരിസരവും

എല്ലായ്പ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതും ജൈവ-ഖരമാലിന്യ സംസ്കരണത്തിനായുള്ള മാർഗ്ഗങ്ങൾ സ്വന്തമായി കണ്ടെത്തേണ്ടതും ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ഗുണഭോക്താവ് സ്വന്തം ചെലവിൽ കൈവശം വന്ന തീയതി മുതൽ നിർവ്വഹിക്കേണ്ടതുമാണ്.

തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച് നൽകിയ 'പ്രതീക്ഷ' ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ കരാറിൽ ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. 31-08-2013-ലെ ജി.ഒ. (എം.എസ്)നമ്പർ 73/2013/പിഡബ്ല്യൂഡി പ്രകാരം കരാറുകാരന്റെ ബാധ്യതാ കാലയളവായ മൂന്നുവർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികളിലുണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിർവ്വഹണ ഏജൻസി മുഖേന അപാകതകൾ പരിഹരിക്കുകയും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കുന്നത്തുനാട് മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ

241 (6531) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് വിവിധ സേവനങ്ങൾ നൽകിവരുന്നു. 'സുഭിക്ഷ കേരളം' ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ശുദ്ധജലത്തിലെ കൂട് കൃഷി

2. ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി

3. റി സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം

4. പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി

5. അർദ്ധ ഊർജ്ജിത നൈൽ തിലാപ്പിയ മത്സ്യകൃഷി

6. മുറ്റത്തൊരു മീൻതോട്ടം

7. ബയോഫ്ളോക്ക് മത്സ്യകൃഷി

"സുഭിക്ഷ കേരളം" ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം കർഷകർക്ക് ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി, പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി എന്നീ കൃഷി രീതികൾക്ക് മത്സ്യവിത്ത് സൗജന്യമായും അർദ്ധ

ഊർജ്ജിത നൈൽ തിലാപ്പിയ മത്സ്യക്കൃഷിക്ക് മത്സ്യവിത്തിന്റെ 70 ശതമാനവും ശുദ്ധജലത്തിലെ കൂട് കൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ കൃഷി രീതികൾക്ക് മത്സ്യവിത്തിന്റെ 70 ശതമാനവും മത്സ്യ തീറ്റയുടെ 40 ശതമാനവും സബ്സിഡിയായി നൽകുന്നു. ഇതിനുപുറമേ ടി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ കർഷകർക്ക് പരിശീലന പരിപാടികൾ, സാങ്കേതിക സഹായങ്ങൾ എന്നിവയും നൽകിവരുന്നു.

(ബി) മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സേവനം ലഭ്യമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മത്സ്യബന്ധന തൊഴിലാളികൾക്ക് സാമ്പത്തിക സഹായം**

242 (6532) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന തൊഴിലാളികൾക്ക് സാമ്പത്തിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായം നൽകുന്നതിനായി പദ്ധതികളുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് ലോൺ തുടങ്ങിയവ നൽകി വരുന്നുണ്ടോ; വിശദവിവരം നൽകാമോ?

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ സഹകാരികളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി മത്സ്യഫെഡ് ചുവടെപ്പറയുന്ന പദ്ധതികൾപ്രകാരം ലോൺ നൽകിവരുന്നു.

1) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.) വഴി പ്രാഥമിക സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ പലിശരഹിതമായും 15% കേന്ദ്ര സബ്സിഡിയോടുകൂടി നൽകിവരുന്നു. 2018-19 വർഷം മുതലാണ് പലിശരഹിതമായി വായ്പ നൽകുന്നത്. സംസ്ഥാന സർക്കാർ പലിശ സബ്സിഡി അനുവദിച്ച് നൽകുന്നു.

2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എൻ.ബി.സി. എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പാ പദ്ധതിപ്രകാരം മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി മൂന്ന് വർഷകാലാവധിയിൽ നൽകുന്നു.

3) പ്രധാനമന്ത്രി മത്സ്യസമ്പദയോജനയിൽ ഉൾപ്പെടുത്തി 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്കായി 5 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള അഞ്ചുകോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതിയുണ്ട്. പ്രസ്തുത പദ്ധതിയിൽ 50% മത്സ്യഫെഡ് വായ്പയായി നൽകുന്നു. 40% സബ്സിഡിയും 10% ഗുണഭോക്തൃവിഹിതവുമാണ്.

**കൊല്ലം നിയോജകമണ്ഡലത്തിൽ തീരദേശ വികസന**
**കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

243 (6533) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും

പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി**

244 (6534) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധനമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി നോൺ പ്ലാനായി 2022-23 ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേയ്ക്കാവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിരുന്നുവെങ്കിലും 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു.

(ബി) അയൽ സംസ്ഥാനങ്ങളിലേതിന് സമാനമായി സംസ്ഥാനത്തും സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി

സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിയഞ്ച് രൂപ നിരക്കിൽ ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുംപ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി (ഡി.ബി.റ്റി. മുഖേന) നൽകി വരുന്നുണ്ട്.

10 HP വരെ - 140 ലിറ്റർ

10 HP മുതൽ 15 HP വരെ - 150 ലിറ്റർ

15 HP-ക്ക് മുകളിൽ - 190 ലിറ്റർ

2022-23 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് 45 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും നാളിതുവരെ സബ്സിഡി തുകയായി 18,81,06,770/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു ലിറ്റർ മണ്ണെണ്ണ 25 രൂപ നിരക്കിൽ

നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ?

മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡിരഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. 2022 ഏപ്രിൽ മുതൽ നവംബർ വരെ 2160 കിലോലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുണ്ടായിരുന്നത്. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഡിസംബർ ആദ്യം 5000 കിലോ ലിറ്റർ സബ്സിഡി രഹിത മണ്ണെണ്ണ കൂടി ലഭ്യമായിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമായിട്ടുണ്ട്. ആയത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. മണ്ണെണ്ണ പ്രതിസന്ധി തരണം ചെയ്യുന്നതിനായി പെട്രോൾ, എൽ.പി.ജി. ഇന്ധന എഞ്ചിനുകൾ ഉപയോഗിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകിവരുന്നു.

**മുട്ടത്തറയിലെ പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയം**

245 (6535) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ സ്ഥാപിച്ച പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും നിർമ്മാണ കമ്പനിക്ക് എത്ര കോടി രൂപയാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത കമ്പനിക്ക് ഈയിനത്തിൽ ഇനി തുക നൽകുവാനുണ്ടോയെന്നും വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ സ്ഥാപിച്ച പ്രതീക്ഷ ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനം നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡാണ്. പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ആകെ 18.82 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ 17.63 കോടി രൂപ നിർമ്മാണ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിക്ക് ഈയിനത്തിൽ ഇനി തുകയൊന്നും നൽകുവാനില്ല.

(ബി) നിർമ്മാണ കമ്പനി ഫ്ലാറ്റ് നിർമ്മാണത്തിന് ഉപകരാറുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഉപകരാർ നൽകിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും ചുമതലപ്പെടുത്തിയ

ഏജൻസികൾ ആരൊക്കെയാണെന്നും എത്ര രൂപയുടെ ഉപകരാറുകളാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉപകരാറുകൾ നൽകിയതായി അറിവില്ല.

**പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസനം**

246 (6536) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട് മുതൽ താനൂർ വരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ സൗകര്യമൊരുക്കുന്നതിനായി പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനും ഫിഷറീസ് വെൽനസ് സെന്റർ ആയി ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനും ഫിഷറീസ് വെൽനസ് സെന്റർ ആയി ഉയർത്തുന്നതിനും നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**മുട്ടത്തറ പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയം**

247 (6537) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിലെ പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്നത് ആർക്കാണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കാര്യക്ഷമത സംബന്ധിച്ച് എന്തൊക്കെ പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ; പരിശോധന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാകുമോ?

തിരുവനന്തപുരം മുട്ടത്തറയിലെ പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന്റെ മേൽനോട്ട ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനായിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി ടെസ്റ്റിംഗ് ഓഫ് മെറ്റീരിയൽസ്, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് മുഖേന (സോളിഡ് ബ്ലോക്ക് ടെസ്റ്റ്, സ്റ്റീൽ ടെസ്റ്റ്, കോൺക്രീറ്റ് ക്യൂബ് ടെസ്റ്റ് എന്നിവ) നടത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയത് ആരാണെന്ന് അറിയിക്കുമോ; ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത നിർമ്മാണത്തിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**പ്രതീക്ഷ ഭവന സമുച്ചയത്തിൽ ഫ്ലാറ്റുകൾ**

248 (6538) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ചുനൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിൽ എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്നും എത്ര ഫ്ലാറ്റുകൾ കൈമാറിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾ പ്രസ്തുത ഫ്ലാറ്റുകളിൽ താമസിക്കാൻ തയ്യാറായിട്ടുണ്ടെന്നും നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി

നിർമ്മിച്ചുനൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിൽ 192 വ്യക്തിഗത ഫ്ലാറ്റുകളുണ്ട്. പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിൽ 191 ഫ്ലാറ്റുകളിൽ കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത ഫ്ലാറ്റുകൾ നിർമ്മിച്ചിരിക്കുന്നത് ഏത് നിർമ്മാണ കമ്പനിയാണെന്നും എത്ര കോടി രൂപ ചെലവഴിച്ചാണ് ഫ്ലാറ്റുകൾ നിർമ്മിച്ചതെന്നും ഓരോ ഫ്ലാറ്റിലും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും ഫ്ലാറ്റിന്റെ വിസ്തീർണ്ണം എത്രയാണെന്നും വിശദമാക്കുമോ?

ഫ്ലാറ്റുകൾ നിർമ്മിച്ചത് നിർമ്മാണ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡാണ്. ഫ്ലാറ്റ് നിർമ്മാണത്തിനായി 18.82 കോടി രൂപ ചെലവഴിച്ചു. 49.74 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമ്മിച്ചിരിക്കുന്ന ഓരോ വ്യക്തിഗത ഫ്ലാറ്റുകളിലും ഒരു ഹാൾ, രണ്ട് ബെഡ് റൂം, ഒരു കിച്ചൺ, ഒരു ടോയ്‌ലറ്റ് സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭൂമി ലഭ്യമാക്കിയത് ഏത് സർക്കാർ ഏജൻസി ആണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ക്ഷീര വികസന വകുപ്പിൽനിന്നും കൈമാറി ലഭിച്ച തിരുവനന്തപുരം താലൂക്കിലെ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610-ൽ ഉൾപ്പെട്ട ഭൂമിയിലാണ് ഫ്ലാറ്റ് നിർമ്മിച്ചിരിക്കുന്നത്.

**പ്രതീക്ഷ ഫ്ലാറ്റിന്റെ നിർമ്മാണ കരാർ**

249 (6539) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ പ്രതീക്ഷ ഫ്ലാറ്റിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത ഏജൻസി ഏതാണെന്ന് അറിയിക്കുമോ?

തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ പ്രതീക്ഷ ഫ്ലാറ്റിന്റെ നിർമ്മാണ കരാർ ഏറ്റെടുത്തത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡാണ്.

(ബി) ടെണ്ടർ മുഖേനയാണോ പ്രസ്തുത കരാർ നൽകിയിട്ടുള്ളത്; എങ്കിൽ എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തെന്നും ടെണ്ടർ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നെന്നും വിശദമാക്കുമോ; മേൽപ്പറഞ്ഞ നിർമ്മാണ

കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ജി.ഒ.(ആർ.ടി.) നമ്പർ 162/17/എഫ് &പിഡി 16-03-17 പ്രകാരമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. +

(സി) നിർമ്മാണ കരാറിൽ ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥപ്രകാരം നാളിതുവരെ മേൽപ്പറഞ്ഞ ഫ്ലാറ്റിൽ എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ കരാറിൽ ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. 31-08-2013-ലെ ജി. ഒ. (എം.എസ്.) നം. 73/2013/പി.ഡബ്ല്യൂ.ഡി. പ്രകാരം കരാറുകാരന്റെ ബാധ്യതാ കാലയളവായ മൂന്നുവർഷത്തിനുള്ളിൽ പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിലെ മൂന്ന് വ്യക്തിഗത ഭവനങ്ങളിലെ ടോയ്‌ലറ്റുകളിലുണ്ടായ അറ്റകുറ്റപ്പണികൾ കരാറുകാരനെക്കൊണ്ട് പരിഹരിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

250 (6540) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ സൗത്ത് പരവൂർ മത്സ്യമാർക്കറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിരുന്നു. പ്രവൃത്തി ഏർപ്പാടാക്കിവരുന്ന വേളയിൽ DSR റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് നഗരസഭയുടെ നിലവിലെ ആവശ്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട്, എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കുകയും റിവൈസ്ഡ് ഫണ്ടിംഗ് സാംഗ്ഷൻ ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യ മാർക്കറ്റുകൾക്കായി കിഫ്ബി ഫണ്ട്

വിനിയോഗിച്ച് നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന മത്സ്യ മാർക്കറ്റുകളുടെ പ്രവൃത്തി പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പ്രതീക്ഷ ഭവന സമുച്ചയത്തിന്റെ നിർമ്മാണ കരാർ**

251 (6541) ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിന്റെ നിർമ്മാണകരാറിൽ ഫ്ലാറ്റുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പും ഗുണഭോക്താവും തമ്മിലുള്ള കരാർപ്രകാരം ഫ്ലാറ്റ് സംബന്ധിച്ച് എല്ലാവിധ നികുതികളും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങിയവ ഗുണഭോക്താവ്തന്നെ ഒടുക്കേണ്ടതും ഫ്ലാറ്റും പരിസരവും എല്ലായ്പ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതും ജൈവ-ഖരമാലിന്യ സംസ്കരണത്തിനായുള്ള മാർഗ്ഗങ്ങൾ സ്വന്തമായി കണ്ടെത്തേണ്ടതും ഫ്ലാറ്റിൽനിന്നും യാതൊരുവിധ മാലിന്യങ്ങളും പുറത്തേയ്ക്ക് വലിച്ചെറിയാൻ പാടില്ലാത്തതും ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ഗുണഭോക്താവ് സ്വന്തം ചെലവിൽ കൈവശം വന്ന തീയതി മുതൽ നിർവ്വഹിക്കേണ്ടതുമാണ്.

തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ പ്രതീക്ഷ ഭവനസമുച്ചയത്തിന്റെ നിർമ്മാണകരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള 31-08-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 73/2013/പിഡബ്ല്യുഡി പ്രകാരം ബാധ്യതാ കാലയളവായ മൂന്നുവർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികളിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ പരിഹരിക്കേണ്ടത് കരാറുകാരന്റെ ബാധ്യതയാണ്.

(ബി) നിർമ്മാണം പൂർത്തീകരിച്ച് അഞ്ച് വർഷം തികയുന്നതിനുമുമ്പ് നിരവധി പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്ന് ഫ്ലാറ്റ് സമുച്ചയം വാസയോഗ്യമല്ലാതായി തീർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയ

192 വ്യക്തിഗത ഫ്ലാറ്റുകളിൽ വളരെക്കുറച്ച് ഫ്ലാറ്റുകൾക്ക് ചെറിയ അപാകതകൾ കണ്ടെത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നിർമ്മാണ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

(സി) നിർമ്മാണ കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബാധ്യതാ കാലയളവായ മൂന്നുവർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികളിലുണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിർവ്വഹണ ഏജൻസി മുഖേന അപാകതകൾ പരിഹരിക്കുകയും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ തുക ഈടാക്കാവുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കാസർകോട് ജില്ലയിൽ തീര സദസ്സ്**

252 (6542) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയോജകമണ്ഡലങ്ങളിൽ നടത്തുന്ന തീരസദസ്സിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ലക്ഷ്യങ്ങളും ഇതുമൂലം മത്സ്യത്തൊഴിലാളികൾക്കും തീരദേശ പ്രദേശങ്ങൾക്കും ഉണ്ടാകുന്ന നേട്ടങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) തീരദേശ മേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും വിവിധ ക്ഷേമപ്രവർത്തനങ്ങൾ അവരിലേയ്ക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ തീരദേശ നിയോജകമണ്ഡലങ്ങളിലെ 47 കേന്ദ്രങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരസദസ്സ് എന്ന പരിപാടി സംഘടിപ്പിക്കുന്നു. ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മേയ് 25 വരെ പരിപാടി സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം ഏപ്രിൽ 23-ന് തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കും.

തീരദേശ മേഖലയിലേയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും

പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള സമഗ്രമായ വേദിയെന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിട്ടുള്ളത്. അദാലത്തിന് സമാനമായി ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെവച്ചുതന്നെ പരിഹരിക്കുകയും പരാതികൾ/ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും എന്തെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുമെങ്കിൽ അവയുടെ വിതരണവും ഉദ്ദേശിക്കുന്നുണ്ട്. 2023 ഏപ്രിൽ 15 വരെ സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.fisheries.kerala.gov.in എന്ന സൈറ്റിൽ 'തീരസദസ്സ്' എന്ന പ്രത്യേക പോർട്ടൽ മുഖേന പരാതികൾ സമർപ്പിക്കാവുന്നതാണ്.

(സി) കാസർഗോഡ് ജില്ലയിൽ തീരസദസ്സ് സംഘടിപ്പിക്കുന്നത് എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, ഉദുമ, കാസർഗോഡ്, മഞ്ചേശ്വരം എന്നിവിടങ്ങളിലാണ് തീരസദസ്സ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

**ബോട്ടുകളിൽനിന്നും യൂസേഴ്സ് ഫീ**

253 (6543) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരത്തുനിന്നും മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ നിയന്ത്രിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017), കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം 2018 എന്നിവപ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തുനിന്ന് 30 മീറ്റർ ആഴത്തിനപ്പുറം പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തുനിന്നും 20 മീറ്റർ ആഴത്തിനപ്പുറം മാത്രമാണ് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനുമകത്ത് മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. നിയമം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളെ നിയന്ത്രിക്കുന്നതിന് ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുടെ സംയുക്ത പ്രവർത്തനത്തിലൂടെ കെ.എം.എഫ്.ആർ ആക്ട് കർശനമായി നടപ്പിലാക്കിക്കൊണ്ട് നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത്തരം ബോട്ടുകളിൽനിന്ന് യൂസേജ് ഫീ പിരിക്കുന്നുണ്ടോ; ഇവ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബറിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ 20 മീറ്ററിനുമുകളിൽ നീളമുള്ളതും 250 HP-ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്കും അന്യസംസ്ഥാന ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് അനുവദിച്ചിട്ടില്ല. അവർക്ക് തീരക്കടലിലൂടെ ഹാർബറുകളിലേയ്ക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്രവൽകൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25,000/- രൂപയും ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 15,000/- രൂപയും

ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 5,000/- രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. വാർഷിക പെർമിറ്റ് ഫീസ് പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കല്യാശ്ശേരി മണ്ഡലത്തിലെ നിർദ്ദിഷ്ട കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രം**

254 (6544) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പുതിയങ്ങാടിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിച്ച കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(എ&ബി) സിവിൽ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 40 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഹാച്ചറി കെട്ടിടത്തിന്റെ സ്ട്രക്ചർ (structure) പൂർത്തീകരണഘട്ടത്തിലാണ്. 2023 ഡിസംബർ

മാസത്തോടെ പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പുനലൂർ ശ്രീരാമപുരം മാർക്കറ്റ് നിർമ്മാണം**

255 (6545) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന ശ്രീരാമപുരം മാർക്കറ്റ് നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ശ്രീരാമപുരം മാർക്കറ്റ് നിർമ്മാണപ്രവൃത്തി നടപ്പിലാക്കുന്നതിനായി 10-01-2023-ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തിക്കായി ദർഘാസ് ക്ഷണിക്കുന്നതാണ്. നിർമ്മാണം ആരംഭിക്കുന്നതിനായി നിലവിൽ മറ്റ്

തടസ്സങ്ങളൊന്നുംതന്നെയില്ല. കിഫ്ബി നിഷ്കർഷിക്കുന്ന രേഖകൾ (പാക്കേജ്, PED) ലഭ്യമാക്കി, അംഗീകാരം ഉറപ്പാക്കിക്കൊണ്ട് നിർമ്മാണം ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത മാർക്കറ്റിൽ നിലവിലുണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ ചുമതല ഏറ്റെടുക്കുന്ന കരാറുകാരൻ മുഖേന മാർക്കറ്റിൽ നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനുള്ള വാല്യുവേഷൻ പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

കിഫ്ബിയിൽനിന്നും ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് 18 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കൽ**

256 (6546) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യ കൃഷി പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്നും ഇതിനുള്ള സഹായത്തിനായി ഗുണഭോക്താക്കൾ ആരെയാണ് സമീപിക്കേണ്ടതെന്നും വിശദമാക്കുമോ?

ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം 'സുഭിക്ഷകേരളം' ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 'സുഭിക്ഷകേരളം' ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികളായ ബയോഫ്ളോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ചെറുകിട അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന

പദ്ധതിയിലുൾപ്പെടുത്തി 3524 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ഇതിനുള്ള സഹായത്തിനായി ഗുണഭോക്താക്കൾക്ക് മത്സ്യഭവൻ ഓഫീസുമായോ മത്സ്യ വകുപ്പ് ജില്ലാ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

(ബി) മലപ്പുറം ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് സഹായകരമായ ഓഫീസ് സംവിധാനങ്ങൾ എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ താഴെപ്പറയുന്നിടങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് സഹായകരമായ ഓഫീസ് സംവിധാനങ്ങൾ നിലവിലുണ്ട്.

- മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പൊന്നാനി.
- ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ കാര്യാലയം, എഫ്. എഫ്. ഡി.എ.
- ഫിഷറീസ് എക്സ്റ്റൻഷൻ കം ട്രെയിനിംഗ് സെന്റർ ഉണ്ണ്യാൽ, നിറമരുതൂർ, തിരൂർ.
- മത്സ്യ ഭവൻ, പൊന്നാനി.
- മത്സ്യ ഭവൻ, പുറത്തൂർ.
- മത്സ്യ ഭവൻ, താനൂർ.

* മത്സ്യ ഭവൻ, പരപ്പനങ്ങാടി.

* മത്സ്യ ഭവൻ, വെട്ടം.

* മത്സ്യ ഭവൻ, നിലമ്പൂർ.

* പെരിന്തൽമണ്ണ - അങ്ങാടിപ്പുറം ക്ലസ്റ്റർ ഓഫീസ്.

* മലപ്പുറം ക്ലസ്റ്റർ ഓഫീസ്- മലപ്പുറം മുനിസിപ്പാലിറ്റി.

(സി) ചാലിയാറിലെ പുഴ മത്സ്യങ്ങളുടെ വർദ്ധനവിന് മത്സ്യക്കുഞ്ഞുങ്ങളെ പുഴയിൽ നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മത്സ്യക്കുഞ്ഞുങ്ങളെ ചാലിയാർ പുഴയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2020-21 സാമ്പത്തിക വർഷം ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ (പോത്തുകൽ, എടവണ്ണ) അഞ്ച് ലക്ഷം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. വരുംവർഷങ്ങളിലും ചാലിയാർ പുഴയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്.

**പിറവം മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

257 (6547) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുനർഗേഹം' പദ്ധതിപ്രകാരം എത്ര അപേക്ഷകളാണ് പിറവം നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കാനുണ്ട്; വ്യക്തമാക്കാമോ?

(എ&ബി) 'പുനർഗേഹം' പദ്ധതിപ്രകാരം പിറവം നിയോജകമണ്ഡലത്തിൽനിന്നും ആരുംതന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) മത്സ്യത്തൊഴിലാളികൾക്കായി മറ്റെന്തെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പുതിയ സാമ്പത്തികവർഷം മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**ഫിഷറീസ് വകുപ്പ്**

പുതിയ സാമ്പത്തിക വർഷം അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ തുടരുന്നതാണ്. ഇതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വള്ളവും വലയും നൽകുന്ന പദ്ധതി മുനിസിപ്പാലിറ്റിയുടെ "വികസന സെമിനാറിൽ" സമർപ്പിച്ചിട്ടുണ്ട്.

**മത്സ്യഫെഡ്**

പുതിയ സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പിലെ അംഗങ്ങൾക്ക് നൽകിവരുന്ന മൈക്രോഫിനാൻസ് വായ്പ, മത്സ്യകച്ചവട വനിതകൾക്ക് നൽകിവരുന്ന പലിശരഹിത വായ്പ എന്നിവ തുടർന്നും നടപ്പിലാക്കുന്നതിനും പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.) പ്രകാരം മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പ നൽകുന്നതിനും മത്സ്യഫെഡിന്റെ ക്ഷേമപദ്ധതിയായ മത്സ്യത്തൊഴിലാളി അപകടമരണ ഇൻഷ്വറൻസ് പദ്ധതിപ്രകാരം മണ്ഡലത്തിലെ പരമാവധി മത്സ്യത്തൊഴിലാളികളെ പ്രീമിയം അടപ്പിച്ച് അംഗങ്ങളായി ചേർത്തുകൊണ്ട് 10 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**സാഫ്**

പുതിയ സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) എന്നീ പദ്ധതികൾ ആരംഭിക്കാനായി ഉദ്ദേശിക്കുന്നു.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്:**

അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ പുതിയ സാമ്പത്തിക വർഷം തുടർപദ്ധതിയെന്ന നിലയിൽ നടപ്പാക്കുന്നതാണ്.

**ഫിഷറീസ് വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെ നവീകരണം**

258 (6548) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ നവീകരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ നിലവിലില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ വിഴിഞ്ഞം, തങ്കശ്ശേരി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്പെക്ഷൻ

ബംഗ്ലാവുകൾ കാലാകാലങ്ങളിൽ നവീകരിച്ചിട്ടുള്ളവയാണ്.

(ബി) ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലേയ്ക്ക് പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ പൊതുജനങ്ങൾക്കും ലഭ്യമാക്കി വരുന്നുണ്ട്. എന്നാൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളുടെ ഔദ്യോഗിക ആവശ്യങ്ങൾക്കാണ് പ്രധാനമായും ഉപയോഗിക്കുന്നത് എന്നതിനാൽ പൊതുജനങ്ങളെ ആകർഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ പരിമിതിയുണ്ട്.

**ചേറ്റുവയിലെ സബ്ഡിവിഷൻ ഓഫീസ്**

259 (6549) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് കിലോമീറ്ററോളം കടൽത്തീര ദൈർഘ്യമുള്ള തൃശ്ശൂർ ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള ഏക സബ്ഡിവിഷൻ ഓഫീസാണ് ചേറ്റുവയിൽ സ്ഥിതി ചെയ്യുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് നിർത്തലാക്കിയാൽ ജില്ലയിലെ ഈ

മേഖലയിലെ പ്രവർത്തനങ്ങൾ താളംതെറ്റുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ തൃശ്ശൂർ ജില്ലയിലുള്ള ചേറ്റുവ സബ്ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനത്തിന് തുടർച്ചാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഫിഷിംഗ് ഹാർബറുകളിൽ ശീതീകരിച്ച സ്റ്റോറേജ് സംവിധാനം**

260 (6550) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ ശീതീകരിച്ച സ്റ്റോറേജ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കായംകുളത്തുള്ള അഴീക്കൽ ഫിഷിംഗ് ഹാർബറിൽ 10 ടൺ ശേഷിയുള്ള ശീതീകരിച്ച സ്റ്റോറേജ് സംവിധാനമുണ്ട്. മത്സ്യഫെഡിനാണ് പ്രവർത്തന ചുമതല.

**ചേറ്റുവ ഹാർബറിന്റെ വികസനം**

261 (6551) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചേറ്റുവ ഹാർബറിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും പുരോഗതിയും അറിയിക്കുമോ?

ചേറ്റുവ ഹാർബറിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും പുരോഗതിയും അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിലെ മുനക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ നവീകരണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. +

**കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനം**

262 (6552) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. റോജി. എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിവരുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിലവിൽ മത്സ്യമേഖലയിലെ പശ്ചാത്തല വികസന പദ്ധതികളാണ് മുഖ്യമായും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. കോർപ്പറേഷന്റെ പ്രാപ്തിയും നിർമ്മാണപ്രവർത്തനങ്ങളിലുള്ള സാങ്കേതിക വൈദഗ്ധ്യവും പ്രായോഗിക നിപുണതയും കണക്കിലെടുത്ത് സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി, തീരദേശ ഹൈവേ നിർമ്മാണം/ടി.എസ്. കനാൽ നിർമ്മാണം, പുനരധിവാസ പാക്കേജ് എന്നിവ നടപ്പാക്കുന്നതിന് നിലവിൽ സർക്കാർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ ജില്ലകളിലെ പശ്ചാത്തല വികസന പദ്ധതികളുടെ പ്രോജക്ട് മോണിറ്ററിംഗ് കൺസൾട്ടൻസി (PMC) ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ അംഗീകരിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ചുവരുന്നു.

(ബി) പ്രസ്തുത കോർപ്പറേഷൻ ഏതൊക്കെ മേഖലയിലാണ് പ്രവർത്തനം കാഴ്ചവയ്ക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മത്സ്യമേഖലയിലും തീരദേശമേഖലയിലും പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ്‌ലാന്റിംഗ് സെന്ററുകൾ, ആധുനിക മത്സ്യമാർക്കറ്റുകൾ, ഭവന സമുച്ചയങ്ങളുടെ നിർമ്മാണം, വിദ്യാഭ്യാസ-ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, തീരദേശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹൃദ പദ്ധതികൾ, മത്സ്യഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ നിർമ്മാണം എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

**കാസർഗോഡ് മത്സ്യബന്ധന തുറമുഖം**

263 (6553) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖം എപ്പോഴാണ് പ്രവർത്തനം

തുടങ്ങുകയെന്ന് അറിയിക്കാമോ?

ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവൃത്തിക്കായി 2975 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഒന്നാംഘട്ട പ്രവൃത്തി 2015 ഡിസംബർ മാസം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ബ്രേക്ക് വാട്ടറിന്റെ നീളവും അകലവും വർദ്ധിപ്പിക്കണമെന്ന ആവശ്യപ്രകാരം പുതുക്കിയ മോഡൽ സ്റ്റഡി നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. മോഡൽ സ്റ്റഡി റിപ്പോർട്ട് പ്രകാരം വടക്കേ പുലിമുട്ടിന് 240 മീറ്റർ വടക്കുഭാഗത്തായി 540 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിനും നിലവിലുള്ള തെക്കേ പുലിമുട്ട് 200 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനുമാണ് ശിപാർശ ചെയ്തിരുന്നത്. ഇതിന്റെ ആദ്യഘട്ടമായി നിലവിലുള്ള വടക്കേ പുലിമുട്ടിന്റെ വടക്ക് ഭാഗത്തായി 200 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മോഡൽ സ്റ്റഡി പ്രകാരമുള്ള ശേഷിക്കുന്ന ബ്രേക്ക് വാട്ടർ നിർമ്മാണവും ബീച്ച് ലാന്റിംഗും അനുബന്ധ കെട്ടിടങ്ങളും ഉൾക്കൊള്ളിച്ച 7100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രധാനമന്ത്രി മത്സ്യസമ്പദയോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികൾ ഹാർബർ ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) ഏത് പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

മോഡൽ സ്റ്റഡിപ്രകാരം, ശേഷിക്കുന്ന പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ ഗിയർ ഷെഡ്, റസ്റ്റ് ഷെഡ്, ഷോപ്പ്ബിൽഡിംഗ്, ക്യാന്റീൻ ബിൽഡിംഗ്, ബീച്ച് ലാന്റിംഗ് ഫെസിലിറ്റി, ഇന്റേണൽ റോഡ്, വർക്ക് ഷോപ്പ് ബിൽഡിംഗ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, നെറ്റ് മെൻഡിംഗ് ഷെഡ്, അപ്രോച്ച് റോഡ്, ഓക്ഷൻ ഹാൾ, പാർക്കിംഗ് ഏരിയ എന്നിവയാണ് ഇനി പൂർത്തിയാക്കാനുള്ളത്.

(സി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

ഹാർബറിന്റെ ബാക്കി പ്രവൃത്തികൾ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് വിനിയോഗിച്ച തുക എത്രയാണെന്നും ഏത് ഫണ്ടിൽനിന്നാണ് ഈ തുക വിനിയോഗിച്ചതെന്നും അറിയിക്കാമോ?

ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 29,85,55,254/- രൂപയും ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 18,38,84,921/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(ഇ) ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള തുക എത്രയാണെന്നും പ്രസ്തുത തുക ഏത് ഫണ്ടിൽനിന്നും എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ?

71,00,00,000/- രൂപയുടെ എസ്റ്റിമേറ്റാണ് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

**കാസർകോട് ജില്ലയിലെ തീരദേശ റോഡുകൾക്ക് ഫണ്ട്**

264 (6554) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ ഏതെല്ലാം തീരദേശ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയാണെന്നും റോഡുകളുടെ വിശദാംശം സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 20 റോഡുകൾക്കായി 995.70 ലക്ഷം രൂപ

ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ബി) ജില്ലയിൽ എത്ര റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഈ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും റോഡുകളുടെ വിശദാംശം സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട 27 റോഡുകളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+ തുകയുടെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകിവരുന്നുണ്ട്.

**മണലൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം**

265 (6555) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർന്ന തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികയിൽ ഉൾപ്പെടുത്താൻ മണലൂർ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും പുനരുദ്ധാരണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ-സി) മണലൂർ നിയമസഭാംഗമായ ശ്രീ. മുരളി പെരുനെല്ലിയുടെ 17-06-2022-ലെ കത്തിൽ ഉൾപ്പെടുത്തിയിരുന്ന റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ചിലങ്ക ബീച്ച് റോഡ് ടാറിംഗും സൈഡ് കോൺക്രീറ്റിംഗും
2. പള്ളിനട-കയർസംഘം റോഡ്
3. മരുതയൂർ-കാളാനി റോഡ്
4. വയക്കാട്ട് റോഡ്

ഭരണാനുമതി നൽകിയ റോഡുകളുടെ വിവരവും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ചിലങ്ക ബീച്ച് റോഡ്-വാടാനപ്പിള്ളി പഞ്ചായത്ത് | 31.00 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 2 | പള്ളിനട-കയർസംഘം റോഡ് - വാടാനപ്പിള്ളി പഞ്ചായത്ത് | 23.30 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |

**മത്സ്യഫെഡിലെ ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക**

266 (6556) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളുടെ എണ്ണം എത്രയെന്നും പ്രസ്തുത തസ്തികയിൽ നിയമിച്ചിരിക്കുന്ന താൽക്കാലിക ജീവനക്കാരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

മത്സ്യഫെഡിൽ 34 അസിസ്റ്റന്റ് ഗ്രേഡ് II/ജൂനിയർ അസിസ്റ്റന്റ് തസ്തികകളാണുള്ളത്. 12 പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു.

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണവും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്ത തീയതിയും റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത തസ്തികയിൽ 31 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകളെല്ലാം 13-02-2020-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡ് സെന്ററുകളെ സംയോജിപ്പിച്ച് മാസ്റ്റർ പ്ലാൻ**

267 (6557) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് 10-01-2019-ൽ ജിറ്റ്പാക് ഇന്റർനാഷണൽ എന്ന കൺസൾട്ടൻസിയുമായി ഏർപ്പെട്ടിരിക്കുന്ന കരാർപ്രകാരം വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം അക്വാടൂറിസം കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർപ്ലാനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം അക്വാടൂറിസം കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലോ അനുയോജ്യമായ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ജിറ്റ്പാക് ഇന്റർനാഷണൽ എന്ന കൺസൾട്ടൻസി തയ്യാറാക്കി നൽകിയ കൺസെപ്റ്റ് നോട്ട് മത്സ്യഫെഡിൽനിന്നും ടൂറിസം വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവാണ് കാലതാമസത്തിന് കാരണം.

**ഗുണമേന്മയുള്ള മത്സ്യ വിത്തുല്പാദനം**

268 (6558) <u>ശ്രീ. വി. ജോയി</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യവിത്ത് വിതരണം ചെയ്യുന്നതിന് പ്രത്യേകമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണമേന്മയുള്ള ഉയർന്ന മത്സ്യ വിത്തുല്പാദനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും അവ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനുമായി ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്ത് ഉല്പാദനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുകയും അതുവഴി ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മേക്കായയുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുല്പാദനത്തിനായി 50 ലക്ഷം ഉല്പാദനശേഷിയുള്ള വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആലപ്പുഴ ജില്ലയിലെ വളഞ്ഞവഴിയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ വിത്തുല്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ഉല്പാദനശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖേന 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു മൾട്ടിസ്പീഷീസ് ഫിഷ് സീഡ് ഫാം സ്ഥാപിക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVIII-ൽ ഉൾപ്പെടുത്തി 654.95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. 2016-ൽ സർക്കാർ ഹാച്ചറികളുടെയും ഫാമുകളുടെയും ഉല്പാദനക്ഷമത 2.44 കോടി മത്സ്യവിത്തുകൾ മാത്രമായിരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടെയും

ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിക്കുവാനും വേണ്ടനടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി ഉല്പാദനക്ഷമത ഏഴ് കോടിയിൽ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഫാമുകളിലും ഹാച്ചറികളിലും ഗുണമേന്മയുള്ള മത്സ്യ വിത്തുകളുടെ ഉല്പാദനം ലക്ഷ്യമിട്ട് 156.95 ലക്ഷം രൂപയുടെ 'ഓപ്പറേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഗവണ്മെന്റ് ഫിഷ് സീഡ് ഫാംസ് ആൻഡ് ഹാച്ചറീസ്' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഗുണമേന്മയുള്ള വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരികയും ചെയ്യുന്നു. കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുല്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളുടെ രോഗനിർണ്ണയം ദ്രുതഗതിയിൽ ഉറപ്പാക്കുന്നതിനും രോഗവ്യാപനം തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക ലാബ് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും

രോഗനിർണ്ണയം നടത്തുന്നതിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധനാരീതികൾ അവലംബിക്കുന്നതിനുമായി എറണാകുളം ജില്ലയിലെ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററും തിരുവനന്തപുരം ജില്ലയിലെ ഓടയം, പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ ഉണ്ണിയാൽ, പാലക്കാട് ജില്ലയിലെ മലമ്പുഴ, കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി 9 പ്രാദേശിക അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം, ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം, രോഗ നിർണ്ണയം എന്നിവ പരിശോധിക്കുന്നതിനായി 'അക്വാട്ടിക് ആനിമൽ ഹെൽത്ത് സർവെയ്‌ലൻസ് ആൻഡ് മാനേജ്‌മെന്റ് 2022-23' എന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു. കൂടാതെ മത്സ്യങ്ങളുടെ ഗുണനിലവാര പരിശോധനയും രോഗ നിർണ്ണയവും ലക്ഷ്യമിട്ട് പി.എം.എം.എസ്.വൈ.-ൽ ഉൾപ്പെടുത്തി കുഫോസ് മുഖേന 'എസ്റ്റാബ്ലിഷ്‌മെന്റ് ഓഫ് റഫറൽ അക്വാട്ടിക് ആനിമൽ ഡിസീസ് ഡയഗ്നോസിസ് ആൻഡ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബ്' എന്ന 975 ലക്ഷം രൂപയുടെ (കേന്ദ്ര സർക്കാർ വിഹിതം

585 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 390 ലക്ഷം രൂപയും) പദ്ധതിയും നടപ്പാക്കിവരുന്നു. സീഡ് ഇൻസ്പെക്ടർമാർ മത്സ്യവിത്ത് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്.

**പൊന്നാനി ഹാർബറിൽ ഓൺലൈനായി മത്സ്യം ഓർഡർ ചെയ്യുന്നതിനുള്ള പദ്ധതി**

269 (6559) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മത്സ്യബന്ധന തുറമുഖത്തുനിന്നുള്ള മത്സ്യം അവിടത്തെ കുടുംബശ്രീയുമായി ചേർന്ന് അവിടെ തന്നെ വാങ്ങുന്നതിനും ഓൺലൈനായി ഓർഡർ ചെയ്യുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുമോ; പൊന്നാനി ഹാർബറിൽത്തന്നെ പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് മുൻകയ്യെടുക്കുമോ?

പൊന്നാനി മത്സ്യബന്ധന തുറമുഖത്തുനിന്നുള്ള മത്സ്യം കുടുംബശ്രീയുമായി ചേർന്ന് അവിടെത്തന്നെ വാങ്ങുന്നതിനും ഓൺലൈനായി ഓർഡർ ചെയ്യുന്നതിനുമുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

**കല്ലറ പഞ്ചായത്തിൽ ആധുനിക ഫിഷ് മാർക്കറ്റ്**

270 (6560) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നിർമ്മിക്കുന്ന ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനായി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകി കിഫ്ബി നിഷ്കർഷിക്കുന്ന രേഖകൾ സമർപ്പിച്ച് അവയ്ക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 439.3226 ലക്ഷം രൂപയാണ് പ്രസ്തുത

മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്.

**സമുദ്ര വിഭവങ്ങളുടെ സംഭരണവും വിപണനവും**

271 (6561) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സമുദ്ര വിഭവങ്ങളുടെ സംഭരണത്തിലും വിപണനത്തിലും കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഫിഷറീസ് വകുപ്പിനുകീഴിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും ലാന്റിംഗ് സെന്ററുകളിൽനിന്നും നേരിട്ടും മത്സ്യഫെഡ് വഴി മത്സ്യം ശേഖരിച്ച് എട്ട് മത്സ്യ സംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ചും അവിടെനിന്നും മത്സ്യഫെഡിന്റെ 57 ഫിഷ് മാർട്ടുകളിലും 57 ഫ്രാഞ്ചൈസി മാർട്ടുകളിലും 16 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകളിലും എത്തിച്ച് മത്സ്യ വിപണനം നടത്തിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 70 കോടി രൂപയുടെ വിറ്റുവരവ് ഇതുവഴി നേടുന്നതിന് മത്സ്യഫെഡിന് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിവഴി 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകൾ ആരംഭിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ) ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യവുമായി ബന്ധപ്പെട്ട് 73 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ടി യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിവിധ മേളകളിലും എക്സിബിഷനുകളിലും പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്. 'തീരമൈത്രി' സംരംഭങ്ങളിലെ മൽസ്യവിപണന സംസ്കരണ യൂണിറ്റുകളെ 'SAF Fish & Fish Processing Groups Category Federation'-ന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. 'തീരമൈത്രി' സംരംഭകർ ഹാർബറിൽനിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക്ചെയ്ത് മാർക്കറ്റിലെത്തിക്കുന്നു. ചെമ്മീൻ, നത്തോലി, നങ്ക്, ഉലുവ മീൻ, സ്രാവ്, കാരൽ എന്നീ ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

ടി ഫെഡറേഷന്റെ കീഴിൽ 260 യൂണിറ്റുകൾ പ്രവർത്തിക്കുകയും ഇതിൽ 131 യൂണിറ്റുകൾ ഓൺലൈൻ മാർക്കറ്റിംഗ് ആൻഡ് സെയിൽസ്-ന്റെ കീഴിൽ കൊണ്ടുവരികയും ഇതുവഴി വിറ്റുവരവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി സാഫ് വഴി 'ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്‌ക്' എന്ന പദ്ധതി നടപ്പിലാക്കി. ശീതീകരിച്ച ഫിഷ് വെന്റിംഗ് കിയോസ്കുകൾകൊണ്ട് വൃത്തിയുള്ളതും ഗുണമേന്മയുള്ളതും ഈടുനിൽക്കുന്നതുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുന്നു. കിയോസ്കുകളിൽ ഒരേസമയം 100 കിലോ മത്സ്യം വരെ ശേഖരിക്കുവാൻ ശേഷിയുണ്ട്. മത്സ്യം വൃത്തിയാക്കി നൽകുവാനുള്ള എല്ലാ സംവിധാനവും ഈ ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കിൽ ഘടിപ്പിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും വൃത്തിയുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) രൂപകൽപ്പന ചെയ്ത 40 കിയോസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ മത്സ്യമേഖലയിൽ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും അവരുടെ

വരുമാനം ഉയർത്തുന്നതിനും സാധിക്കുന്നുണ്ട്.

(ബി) ലോകത്ത് ഭക്ഷ്യ വിഭവങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും വൻമുന്നേറ്റങ്ങൾ ഉണ്ടാകുമ്പോൾ ആധുനിക സംവിധാനങ്ങളുടെ അപര്യാപ്തതമൂലം അന്താരാഷ്ട്ര സമുദ്ര വിഭവ വിപണന രംഗത്ത് സംസ്ഥാനം പിന്നാക്കം പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യമേഖലയെ ശക്തിപ്പെടുത്താൻ ഫിഷറീസ് വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഫിഷ് ലാന്റിംഗ് സെന്ററുകൾ, ലേല ഹാളുകൾ, മാർക്കറ്റുകൾ, കോൾഡ് ചെയിൻ ശൃംഖല, പോസ്റ്റ് ഹാർവെസ്റ്റ് പ്രോസസ്സിംഗ് സംവിധാനങ്ങൾ എന്നിവയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്തെ ഒരു വേൾഡ് ക്ലാസ് ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബ്ബായി വികസിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള മാർക്കറ്റിംഗ് സംവിധാനങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനവും മത്സ്യസംഭരണ സംവിധാനങ്ങളും എല്ലാം ഈ ഹബ്ബിന്റെ ഭാഗമായുണ്ടാകും.

കൂടാതെ ഫിഷറീസ് വകുപ്പിനുകീഴിൽ 'തീരമൈത്രി' സംരംഭങ്ങളിലെ

മത്സ്യസംസ്കരണ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്നതിൽനിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്കമത്സ്യം 'തീരമൈത്രി' എന്ന ബ്രാൻഡിൽ ആകർഷകമായി പാക്ക് ചെയ്ത് വിപണിയിലെത്തിച്ചിട്ടുണ്ട്. തീരമൈത്രി സംരംഭകർ ഹാർബറിൽനിന്നും നേരിട്ട് ശേഖരിക്കുന്ന മത്സ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കിയതിനുശേഷമാണ് പാക്ക് ചെയ്യുന്നത്. സാഫ് യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന നങ്ക്, ചെമ്മീൻ എന്നീ ഉണക്കമത്സ്യങ്ങൾ മൊത്തമായി യൂണിറ്റുകളിൽനിന്ന് വിവിധ എക്സ്പോർട്ടിംഗ് ഏജൻസികൾക്ക് നൽകിവരുന്നു. കൂടാതെ എല്ലാ വർഷവും ന്യൂഡൽഹി, പ്രഗതി മൈതാനിയിൽവച്ച് നടക്കുന്ന 'ഭാരത അന്താരാഷ്ട്ര മേള' (IITF)-ൽ സാഫിന്റെ ബ്രാൻഡഡ് ഡ്രൈഫിഷുകളുടെ പ്രദർശനവും വിപണനവും നടത്തുന്നതുവഴി ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) സമുദ്രോല്പന്നങ്ങളിൽനിന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നതിന് മത്സ്യ മേഖലയിലെ ഏജൻസികൾ വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ

അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതിചെയ്യുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളാക്കി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് 'സൗരോർജ്ജ ഡ്രയറിൽ' ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിലെത്തിച്ചുവരുന്നു. കൂടാതെ വിവിധയിനം മത്സ്യ അച്ചാറുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണിയിലെത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് പ്ലാന്റിൽ ഉല്പന്നനിർമ്മാണം നടത്തിവരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കൂടാതെ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിംഗ് പ്ലാന്റിൽ (MIFP)-ൽനിന്നും 'റെഡി റ്റു ഈറ്റ്', 'റെഡി റ്റു കുക്ക്' വിഭവങ്ങളായ വിവിധതരം മത്സ്യ അച്ചാറുകളും ഫിഷ് കട്‌ലറ്റ്, പീര, ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി എന്നീ ഉല്പന്നങ്ങൾ നിർമ്മിച്ച് ആഭ്യന്തര വിപണിയിലെത്തിച്ച് വിപണനം നടത്തിവരുന്നു. ഐസ് ആൻഡ് ഫ്രീസിംഗ് പ്ലാന്റിൽനിന്നും ശീതീകരിച്ച മത്സ്യവും

ചെമ്മീനും അന്താരാഷ്ട്ര വിപണിയിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷം 6 കോടി 47 ലക്ഷം രൂപ വിലവരുന്ന 551 ടൺ മത്സ്യം ഇവിടെനിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ സമുദ്രോൽപ്പന്നങ്ങളിൽനിന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) വഴി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 'തീരമൈത്രി' സംരംഭങ്ങളിലെ മത്സ്യസംസ്കരണ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്നതിൽനിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ്തരം ഉണക്കമൽസ്യം 'തീരമൈത്രി' എന്ന ബ്രാൻഡിൽ ആകർഷകമായി പായ്ക്ക് ചെയ്ത് വിപണിയിലെത്തിച്ചിട്ടുണ്ട്. 'തീരമൈത്രി' സംരംഭകർ ഹാർബറിൽനിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കിയതിനുശേഷമാണ് പായ്ക്ക് ചെയ്യുന്നത്. സാഫ് യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നങ്ക്, ചെമ്മീൻ എന്നീ ഉണക്കമത്സ്യങ്ങൾ മൊത്തമായി യൂണിറ്റുകളിൽനിന്ന് വിവിധ എക്സ്പോർട്ടിംഗ് ഏജൻസികൾക്ക് നൽകിവരുന്നു. കൂടാതെ എല്ലാ വർഷവും ന്യൂഡൽഹി, പ്രഗതി

മൈതാനിയിൽവച്ച് നടക്കുന്ന ഭാരത അന്താരാഷ്ട്രമേള (IITF)-യിൽ സാഫിന്റെ ബ്രാന്റഡ് ഡ്രൈഫിഷുകളുടെ പ്രദർശനവും വിപണനവും നടത്തുന്നതുവഴി അന്താരാഷ്ട്ര വിപണിയിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) ആഭ്യന്തര ഉപഭോക്താക്കളുടെ അഭിരുചിക്കനുസൃതമായി വൈവിധ്യമാർന്ന മത്സ്യ വിഭവങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് പര്യാപ്തമായ വിദഗ്ധ പരിശീലനം മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര ഉപഭോക്താക്കളുടെ അഭിരുചിക്കനുസൃതമായി മത്സ്യത്തൊഴിലാളി വനിത സംരംഭങ്ങളുടെ വൈവിധ്യമാർന്ന മത്സ്യവിഭവങ്ങൾ വിപണിയിലെത്തിക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ ഫിഷറീസ് വകുപ്പ് സാഫ് മുഖേന നൽകുന്നുണ്ട്. സാഫിന്റെ ഫിഷ് & ഫിഷ് പ്രോസസ്സിംഗ് യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും അവ കേടുകൂടാതെ വിപണിയിലെത്തിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ യൂണിറ്റുകളുടെ ആവശ്യാനുസരണം നൽകിവരുന്നു. 'തീരമൈത്രി സീഫുഡ് റെസ്റ്റോറന്റ്'-കളിൽ വിദഗ്ധ ഷെഫുമാരുടെ നേതൃത്വത്തിൽ, പുതിയ വിഭവങ്ങൾ ഉണ്ടാക്കുന്നതിനും പുതിയ പാചക രീതി

പരിചയപ്പെടുത്തുന്നതിനുതകുന്ന വിദഗ്ധ പരിശീലനങ്ങൾ യൂണിറ്റുകളിൽ വച്ചുതന്നെ നൽകുന്നുണ്ട്. സാഫ് യൂണിറ്റുകൾക്ക് സിഫ്റ്റ് (CIFT), സിഫ്നെറ്റ് (CIFNET), നിഫാറ്റ് (NIPHATT) എന്നീ സ്ഥാപനങ്ങൾവഴി പരിശീലനങ്ങൾ നൽകിവരുന്നു. ടി യൂണിറ്റുകൾക്ക് കാര്യശേഷി വികസന പരിശീലനങ്ങളും നൽകിവരുന്നു.

**മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം**

272 (6562) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം കരയിൽ പാലിശ്ശേരി വീട്ടിൽ ജോഷി പി. കെ.-യും പുതുവൈപ്പ് ചാക്യമുറിയിൽ വീട്ടിൽ സി. എ. സ്റ്റീഫനും സമർപ്പിച്ച അപേക്ഷയിന്മേൽ നഷ്ടപരിഹാരത്തുക കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും

തുക എന്നത്തേയ്ക്ക് അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് ശ്രീ. ജോഷി പി. കെ.-യ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ CMDRF Portal മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത അപേക്ഷ നിലവിൽ എറണാകുളം ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. ശ്രീ. സ്റ്റീഫൺ സി. എ. സമർപ്പിച്ച അപേക്ഷയിന്മേൽ 66,000/- രൂപ 21-01-2023-ലെ ജി.ഒ (ആർ.ടി.) 354/2023/റവന്യൂ പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്.

**ചെറുവത്തൂർ ഫിഷിംഗ് ഹാർബറിൽ ബോട്ട് റിപ്പയറിംഗ് യൂണിറ്റ്**

273 (6563) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവത്തൂർ ഫിഷിംഗ് ഹാർബറിൽ ബോട്ട് റിപ്പയറിംഗ് ചെയ്യാനുതകുന്ന വർക്ക്ഷോപ്പ് ആരംഭിക്കാൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കുമോ?

ചെറുവത്തൂർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ഭാഗമായി ചെറുവത്തൂരിൽ ഒരു വർക്ക്ഷോപ്പ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ

ചെറിയ ബോട്ടിന്റെ എഞ്ചിനുകളും മറ്റ് ചെറിയ പ്രവൃത്തികളുമാണ് നടത്തിവരുന്നത്. പ്രസ്തുത വർക്ക്ഷോപ്പ് മാസവാടകാടിസ്ഥാനത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഇവിടെയുള്ളതിനാൽ റിപ്പയറിംഗ് യൂണിറ്റ് ഉടൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബോട്ടിന്റെ ബോഡി വർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ചെറുവത്തൂർ ഹാർബറിൽ നിലവിലില്ല. എന്നാൽ ബോട്ട് കരയിൽ കയറ്റി റിപ്പയർ ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം ചെറുവത്തൂർ ഹാർബറിന്റെ ഭാഗമായ ചെറുവത്തൂർ ഫിഷ് ലാന്റിംഗ് സെന്ററിലുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ചെറുവത്തൂർ ഫിഷിംഗ് ഹാർബർ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചുവരുന്നു.

**പരപ്പനങ്ങാടി ചാപ്പപ്പടി റോഡ് നവീകരണം**

274 (6564) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ

തിരൂർ കടലുണ്ടി റോഡിലെ ചാപ്പപ്പടി ഭാഗത്ത് കടൽക്ഷോഭത്തിൽ റോഡ് ഒലിച്ചുപോയത് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ പ്രൊപ്പോസലിന്റെ ഫയൽ നമ്പറും ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഫയലിൽ അനുകൂല നടപടികൾ സ്വീകരിച്ച് ഉത്തരവായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ ചാപ്പപ്പടി-ടിപ്പു സുൽത്താൻ റോഡ് നവീകരിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 8.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 07-02-2023-ലെ എച്ച്.ഇ.സി.ഇ/177/2020/ഡി.ആർ.1/ഡി6 പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡ് നിർമ്മാണം**

275 (6565) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭിച്ച റോഡുകളിൽ പ്രവൃത്തി തുടങ്ങാനുള്ളവ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ എല്ലാ റോഡുകളുടെയും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പുവർഷം രണ്ട് റോഡുകൾക്കാണ് തീരദേശ റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയത്.

ഏഴോം ഗ്രാമപഞ്ചായത്തിലെ എരിപുരം പബ്ലിക് ലൈബ്രറി പഴയ ജെ.ടി.എസ്. റോഡിന്റെ നവീകരണ പ്രവൃത്തിക്കായി 98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ക്രോസ് ഡ്രെയിൻ, സൈഡ് ഡ്രെയിൻ പ്രവൃത്തി പൂർത്തീകരിച്ചു.

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മടക്കര ഡാം പാലോർക്കണ്ടി അയ്യോത്ത് റോഡിന്റെ നിർമ്മാണപ്രവൃത്തിക്കായി 73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയും കൾവർട്ടിന്റെ

പ്രവൃത്തിയും പുരോഗമിക്കുന്നു.

**കേരള പൂരക്കളി അക്കാദമി ആസ്ഥാന മന്ദിര നിർമ്മാണം**

276 (6566) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൂരക്കളി അക്കാദമി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) കേരള പൂരക്കളി അക്കാദമി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണപ്രവൃത്തികൾ 2023 മേയ് മാസം അവസാനത്തോടെ പൂർത്തിയാക്കി ജൂണിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കല-സാംസ്കാരിക സമിതികളുടെ പ്രവർത്തനങ്ങൾ**

277 (6567) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗര, ഗ്രാമപ്രദേശങ്ങളിലെ കലാ-സാംസ്കാരിക സമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാംസ്കാരിക മുന്നേറ്റമുണ്ടാക്കുന്നതിനും സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

നഗര, ഗ്രാമപ്രദേശങ്ങളിലെ കലാ-സാംസ്കാരിക സമിതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി സാംസ്കാരിക മുന്നേറ്റമുണ്ടാക്കുന്നതിന് സാംസ്കാരിക വകുപ്പ് ആവർത്തന/അനാവർത്തന ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 50,00,000/- (അമ്പത് ലക്ഷം) രൂപ വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷം 11 സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.+

2022-23 സാമ്പത്തിക വർഷം 11 സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.+

**ഇടുക്കി ജില്ലയിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

278 (6568) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിൽ നിലവിലുള്ള സ്ഥാപനങ്ങൾ/ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഇടുക്കി ജില്ലയിൽ സാംസ്കാരിക വകുപ്പിനുകീഴിൽ സ്ഥാപനങ്ങളോ ഓഫീസുകളോ നിലവിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏഴ് വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാരെ ഉപയോഗപ്പെടുത്തി കഥകളിവേഷം, മേളം ചെണ്ട, മ്യൂസിക് വോക്കൽ, ചിത്രകല, മുടിയേറ്റ്, ഫോട്ടോഗ്രാഫി എന്നീ ഇനങ്ങളിലായി പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു ജില്ലാ കോ-ഓർഡിനേറ്ററേയും

ച്ചുമതലപ്പെടുത്തിയിട്ടുണ്ട്.

**തെയ്യം കലാകാരന്മാർക്കായി പദ്ധതികൾ**

279 (6569) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തെയ്യം കലാകാരന്മാർ മണിക്കൂറുകളോളം വേഷം കെട്ടിയാടുന്നതിനാൽ അകാലത്തിൽ പലവിധ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം തെയ്യം കലാകാരന്മാരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ?

സാംസ്കാരിക വകുപ്പിനുകീഴിൽ കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള ഫോക്‌ലോർ അക്കാദമി തെയ്യം ഉൾപ്പെടെയുള്ള നാടൻ കലാകാരന്മാരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തെയ്യം കല അഭ്യസിക്കുന്ന കലാകാരന്മാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിലെ ചട്ടങ്ങൾ അനുസരിച്ച് 60 വയസ് മുതൽ പ്രതിമാസം 1600 രൂപ നിരക്കിൽ സാംസ്കാരിക വകുപ്പിൽനിന്ന് കലാകാര

പെൻഷനും അവശകലാകാരന്മാരുടെ ചികിത്സയ്ക്കായി ധനസഹായവും അനുവദിച്ചുവരുന്നുണ്ട്. കേരള ഫോക്‌ലോർ അക്കാദമി പുരസ്കാരങ്ങൾ നൽകി തെയ്യം കലാകാരന്മാരെ ആദരിക്കാറുണ്ട്. തെയ്യം കേന്ദ്രീകൃത പ്രസിദ്ധീകരണങ്ങൾ അക്കാദമി പ്രസിദ്ധീകരിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിൽനിന്ന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**ഉമ്പായി മ്യൂസിക് അക്കാദമി**

280 (6570) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉമ്പായി മ്യൂസിക് അക്കാദമിക്ക് 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപ ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി മുഖേന പ്രസ്തുത തുക

നൽകുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ ഈ തുക കൈമാറുന്നതിന് സാധ്യമാവാത്ത സാഹചര്യമാണെന്ന് മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരുമാനിച്ചിരുന്നു. അക്കാദമിക്ക് നിലവിൽ ഉമ്പായി മ്യൂസിക് അക്കാദമിയുമായി ബന്ധമില്ലാത്ത സാഹചര്യത്തിലും കണക്കുകൾ പരിശോധിക്കാനും പ്രവൃത്തികൾ നിരീക്ഷിക്കാനുമുള്ള ജീവനക്കാരോ സംവിധാനങ്ങളോ ഇല്ലാത്തതിനാലും തുക കൈമാറുന്നതിന് സാധ്യമാവാത്ത സാഹചര്യമാണെന്ന് അറിയിച്ചിരുന്നു.

(സി) ഉമ്പായി മ്യൂസിക് അക്കാദമിക്ക് തുക നേരിട്ട് കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ**

281 (6571) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വാർഷിക ഭരണറിപ്പോർട്ട് ഭരണ സമിതിയോഗം അംഗീകരിച്ച് സർക്കാർ തുടർഅംഗീകാരം നൽകിവരുന്നു. കൂടാതെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിതല അവലോകനവും നടത്തിവരുന്നു.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി; വ്യക്തമാക്കാമോ?

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (നടപ്പ് സാമ്പത്തികവർഷം ഉൾപ്പെടെ) 897 ശീർഷകങ്ങളിലായി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ബുക്ക്മാർക്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ?

ബുക്ക്മാർക്കിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുസ്തക പ്രസാധകർക്ക് ബുക്ക്മാർക്ക് നൽകുന്ന സഹകരണവും പ്രോത്സാഹനവും വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

എല്ലാ പ്രസാധകരുടേയും പുസ്തകങ്ങൾ പുസ്തകങ്ങളുടെ നിലവാരം

മാനദണ്ഡമാക്കി ബുക്ക്മാർക്ക് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ചെറുകിട പ്രസാധകർക്ക് വിപണിയിൽ തങ്ങളുടെ പുസ്തകങ്ങൾ എത്തിക്കാൻ ബുക്ക്മാർക്കിന്റെ ജില്ലകൾ തോറുമുള്ള ശാഖകൾ പ്രയോജനപ്പെടുന്നുണ്ട്.

(ഇ) പ്രസാധകരിൽനിന്നും പുസ്തകങ്ങൾ വിൽപ്പനയ്ക്ക് എടുക്കുമ്പോൾ ബുക്ക്മാർക്കും പ്രസാധകരും തമ്മിലുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

കരാർ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.+

**വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

282 (6572) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാംസ്കാരിക വകുപ്പിനുകീഴിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഗുരു ഗോപിനാഥ് നടനഗ്രാമം, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വൈലോപ്പിള്ളി സംസ്കൃതിഭവൻ എന്നീ നാല് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പറുകൾ എന്നിവ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.+

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.+

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ എന്നും ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

വിശദാംശങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.+

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു.+

**സാംസ്കാരിക സംഘടനകൾക്കുള്ള ധനസഹായം**

283 (6573) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം എത്ര സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

2021-22 സാമ്പത്തികവർഷം 11 സാംസ്കാരിക സംഘടനകൾക്ക് ധന സഹായം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.+

(ബി) 2022-23 സാമ്പത്തിക വർഷം എത്ര സാംസ്കാരിക സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തികവർഷം 11 സാംസ്കാരിക സംഘടനകൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.+

(സി) നിലവിൽ പ്രവർത്തിക്കാത്ത സാംസ്കാരിക സംഘടനകൾ സാമ്പത്തിക സഹായം വാങ്ങിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കഴിഞ്ഞ രണ്ട് വർഷം സാംസ്കാരിക സംഘടനകൾക്ക് ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ കണക്കുകൾ ലഭ്യമാക്കാമോ?

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 50,00,000 (അൻപത് ലക്ഷം) രൂപ വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ഇ) പ്രസ്തുത തുകയിൽ എത്ര ശതമാനം ചെലവാക്കിയിട്ടുണ്ട്; ആയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം 95.60% തുകയും 2022-23 സാമ്പത്തിക വർഷം 90% തുകയും ചെലവാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തെ കണക്കുകൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.+

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

284 (6574) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാന കൈരളി എന്ന ആനുകാലിക ഗവേഷണ പ്രസിദ്ധീകരണത്തിൽ പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ ഗവേഷണ ജേർണലുകൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി പിയർ റിവ്യൂ എന്ന പ്രക്രിയ നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിജ്ഞാന കൈരളിയിൽ പ്രസിദ്ധീകരിക്കപ്പെട്ട പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ ഗവേഷണ ജേർണലുകളുമായി ബന്ധപ്പെട്ട് പിയർ റിവ്യൂ നടത്തിയതിന്റെ റിപ്പോർട്ടുകളും രേഖകളും അനുബന്ധ വിശദാംശങ്ങളും ലഭ്യമാക്കാമോ?

(എ&ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാന കൈരളിയിൽ ലേഖനം പ്രസിദ്ധീകരിക്കുന്നതിന് പിയർ റിവ്യു സംവിധാനം നിലവിലില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഓഫീസർമാരുടെ സമിതിയാണ് നിലവിൽ റിവ്യു നടത്തിവരുന്നത്.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷമായി എത്ര

പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളതെന്നും എത്ര രൂപയുടെ പുസ്തകങ്ങളാണ് നിലവിൽ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നതെന്നും വ്യക്തമാക്കാമോ?

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (നടപ്പ് സാമ്പത്തിക വർഷം ഉൾപ്പെടെ) 897 ടൈറ്റിലുകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ പുസ്തകങ്ങളുടെ നിർമ്മാണച്ചെലവ് 5,69,39,004 (അഞ്ച് കോടി അറുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി നാല്) രൂപയാണ്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽവന്ന കാലം മുതൽ പ്രസിദ്ധീകരിച്ചവയിൽ 11,32,78,571 (പതിനൊന്ന്കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തെട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊന്ന്) രൂപ മുഖവിലയുള്ള 838067 പുസ്തകങ്ങളാണ് നിലവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്റ്റോക്കുള്ളത്.

**നാട്ടരങ്ങ് പദ്ധതി**

285 (6575) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി ആരംഭിക്കാൻ

സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന പമ്പാ ജലസേചന പദ്ധതി വക റീസർവ്വേ നമ്പർ 556/4-ൽപ്പെട്ട 30 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷ സാംസ്കാരിക വകുപ്പ് കാര്യാലയത്തിൽ ലഭിക്കുകയും ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലായെന്നതിന് നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനായി പമ്പാ ഇറിഗേഷൻ പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുകയുമുണ്ടായി. എന്നാൽ നാട്ടരങ്ങ് നിർമ്മിക്കുന്നതിന് പമ്പാ ജലസേചന പദ്ധതി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ച പൊതുനിബന്ധനകൾ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകാര്യമല്ലാത്തതിനാൽ മാവേലിക്കരയിൽ നാട്ടരങ്ങ് പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) നാട്ടരങ്ങ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുഇടങ്ങൾ ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥലസൗകര്യങ്ങളുള്ള പാതയോരങ്ങൾ കണ്ടെത്തി രംഗവേദികൾ

സ്ഥാപിക്കുന്ന പദ്ധതിയാണ് നാട്ടരങ്ങ്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബെഞ്ചുകൾ എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർ ചിത്രങ്ങൾ, ചെറുശിൽപങ്ങൾ, റിലീഫ് വർക്കുകൾ എന്നിവയുമാണ് പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്തിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷം പദ്ധതിക്ക് 140.00 ലക്ഷം രൂപ (ഒരു കോടി 40 ലക്ഷം) വകയിരുത്തിയിട്ടുണ്ട്. പാലക്കാട് വടക്കഞ്ചേരിയിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ.-യുടെ ഭാഗമായ സ്ഥലത്തും മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് അത്താണിക്കൽ ജംഗ്ഷനിലും തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലും നാട്ടരങ്ങുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന ചുഴലി ഹയർ സെക്കണ്ടറി സ്കൂൾ, ചലച്ചിത്ര അക്കാദമി കോമ്പൗണ്ട്, തിരുവനന്തപുരം ജില്ലയിൽ കല്ലറ ബസ് സ്റ്റാന്റ്, ചവറ മണ്ഡലത്തിലെ തെക്കും ഭാഗം ഗ്രാമപഞ്ചായത്തിലെ നടയ്ക്കാവ് മാർക്കറ്റ്, തലശ്ശേരി നിയോജകമണ്ഡലത്തിലെ കേരള സ്കൂൾ ഓഫ് ആർട്സ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ നാട്ടരങ്ങ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചുവരുന്നു.

**സിനിമാ തീയേറ്ററുകളിൽ ഏകീകൃത ടിക്കറ്റ് നിരക്ക്**

286 (6576) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളിൽ ഏകീകൃത ടിക്കറ്റ് നിരക്കില്ലാത്തതിനാൽ പല ഓൺലൈൻ പോർട്ടലുകളും അമിത ചാർജ്ജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി തീയേറ്ററുകളിൽ ടിക്കറ്റ് നിരക്ക് ഏകീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതാണ്.

**ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ**

287 (6577) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ

ജനകീയ ക്യാമ്പയിനാക്കി മാറ്റാനും അവയുടെ തുടർച്ച ഉണ്ടാക്കുന്നതിനുമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടുകൂടി കായിക യുവജന കാര്യാലയം, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരള സംസ്ഥാന യുവജന കമ്മീഷൻ എന്നീ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കിവരുന്നു.

കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനകീയ ക്യാമ്പയിനാക്കി മാറ്റുന്നതിനായി 2022 ഒക്ടോബർ 7-ന് കണ്ണൂർ ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ലഹരിക്കെതിരെയുള്ള ദീപം തെളിയിച്ചു. 2022 ഒക്ടോബർ 12-ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആസ്റ്റർ മിംസുമായി സഹകരിച്ച് വിദ്യാർത്ഥികളുടെ ലഹരിമുക്ത കൂട്ടയോട്ടം സംഘടിപ്പിച്ചു. 2022 ഒക്ടോബർ 22-ന് എക്സൈസ് വകുപ്പുമായി സഹകരിച്ച് കണ്ണൂർ ടൗൺ സ്ക്വയറിൽ ലഹരിക്കെതിരെ "നവകേരള മുന്നേറ്റം" എന്ന മുദ്രാവാക്യം ഉയർത്തി സ്നേഹ ജ്വാല തെളിയിച്ച് സത്യപ്രതിജ്ഞാ വാചകം

ഏറ്റെടുത്ത് ചൊല്ലി. 2022 ഒക്ടോബർ 23-ന് യുവജനക്ഷേമ ബോർഡ് കണ്ണൂർ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് സ്പോർട്സ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിമുക്തജാഥ നടത്തി. 2022 ഒക്ടോബർ 26-ന് വനിതാ ശിശുക്ഷേമ വകുപ്പും ചൈൽഡ് പ്രൊട്ടക്ഷനും സംയുക്തമായി നടത്തിയ ലഹരി വിമുക്ത വിളംബരം കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ സംഘടിപ്പിക്കുകയുണ്ടായി. 2022 നവംബർ 1-ന് നടത്തിയ ലഹരി വിമുക്ത ചങ്ങലയുടെ ഭാഗമായി വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് അവതരിപ്പിക്കുകയുണ്ടായി. കണ്ണൂർ നഗരത്തിൽ ലഹരിവിമുക്ത ചങ്ങല തീർക്കുന്നതിൽ വിദ്യാർത്ഥികൾ മുഖ്യപങ്ക് വഹിക്കുകയും അദ്ധ്യാപകരും പരിശീലകരും പരിപാടിയുടെ ഭാഗമാകുകയും ചെയ്തു. അതോടൊപ്പം ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ലഹരിക്കെതിരെ പ്രതിജ്ഞ ചൊല്ലുകയും ലഹരി എന്ന ഭീകരനെ പ്രതീകാത്മകമായി കത്തിക്കുകയും ലഹരിക്കെതിരെ ദീപം തെളിയിക്കുകയും ഫ്ലാഷ് മോബ് അവതരിപ്പിക്കുകയും ചെയ്തിരുന്നു. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനകീയ ക്യാമ്പയിനാക്കി മാറ്റുന്നതിനും അവയുടെ തുടർച്ച ഉണ്ടാക്കുന്നതിനുമായി കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ ആരോഗ്യ-കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഫിറ്റ്നസ് അസസ്മെന്റ് ആൻഡ് ആന്റി-ഡ്രഗ് അവയർനസ് ക്യാമ്പയിൻ. 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 12-നും 17-നും ഇടയിൽ പ്രായമുള്ള പതിനായിരം കുട്ടികളായിരിക്കും ആദ്യഘട്ടത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കായിക വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്കുകീഴിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള

പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ലഹരിക്കെതിരെ 'ബോധവൽക്കരണ കലാജാഥ' സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി ഈ പ്രവർത്തനം 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനകീയ ക്യാമ്പയിനാക്കി അവയുടെ തുടർച്ചയുണ്ടാക്കുന്നതിനായി 'NO TO DRUGS' എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധമൊരുക്കുവാനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ നടത്തി. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ, യുവജന ക്ലബ്ബുകളിലെ പ്രവർത്തകർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ

സംബന്ധിക്കുകയുണ്ടായി. ഈ പരിപാടിയിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26-ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്, ട്രാൻസ്ജെന്റർ ക്ലബ്ബ്, അവളിടം യുവതി ക്ലബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ ബൈക്ക് റാലി സംഘടിപ്പിച്ചു. 2022 നവംബർ 10-ന് എറണാകുളം ജില്ലയിലെ ഇൻഫോപാർക്കിൽ വച്ചും 2022 നവംബർ 17-ന് തിരുവനന്തപുരം ടെക്നോപാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.ടി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും പര്യടനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഈ കലാജാഥയിൽ തെരുവ് നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘുവീഡിയോ പ്രദർശനം, സംഗീത ശിൽപ്പം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാഥയുടെ ജില്ലാതല പരിശീലനം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും സ്കൂൾ, കോളേജ്, പൊതുയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിപാടികൾ

സംഘടിപ്പിക്കുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെ തിരുവനന്തപുരത്തുള്ള കരിമഠം കോളനി, രാജാജി നഗർ എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ "Real to Reel" എന്ന പേരിൽ ഒരാഴ്ച (2023 ജനുവരി 20 മുതൽ 27 വരെ) നീണ്ടുനിന്ന സിനിമാ നിർമ്മാണ ശിൽപ്പശാല സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ സന്ദേശമുയർത്തി ബോർഡിന്റെ സഹായത്തോടെ ഒരു പ്രചരണ ലഘുചിത്രം നിർമ്മിച്ചിട്ടുണ്ട്. കോളനിയിലെ ചെറുപ്പക്കാർതന്നെയാണ് ചിത്രത്തിന്റെ സംവിധാനവും ഏകോപനവും നിർവ്വഹിച്ചിട്ടുള്ളത്.

(ബി) സാമൂഹ്യ പ്രതിബദ്ധതയുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുവാനും യുവജനങ്ങളെ അതിന് പ്രാപ്തരാക്കുന്നതിനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

യുവജനങ്ങളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയാണ് ടീം കേരള (കേരള യൂത്ത് ഫോഴ്സ്). കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതിദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തര സാഹചര്യം

സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിയർ യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതുകൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, തുടങ്ങിയവ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനമേഖലകളിൽ ഉൾപ്പെടുന്നു. പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻതലങ്ങളിൽ സേനാ രൂപീകരണം നടത്തുകയും 2021-22 വർഷം 1034 പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ ക്യാപ്റ്റന്മാർക്കും 1400 സേനാംഗങ്ങൾക്കും പരിശീലനം നൽകുകയുമുണ്ടായി. 2022-23 സാമ്പത്തിക വർഷം 1400 സേനാംഗങ്ങൾക്കുംകൂടി പരിശീലനം നൽകിയിട്ടുണ്ട്. പഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻതല ക്യാപ്റ്റന്മാരുടെ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും പരിശീലനം പൂർത്തീകരിച്ച ക്യാപ്റ്റന്മാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലെയും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻതല സേനാംഗങ്ങളുടെ പരിശീലനം സംഘടിപ്പിക്കുകയുമുണ്ടായി.

**മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

288 (6578) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

മലപ്പുറം മണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1) ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബിന്റെ സഹായത്തോടെ വനിതാദിനത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.

2) ലഹരിക്കെതിരായി 2022 മാർച്ച് 30-ന് ജനസഭ എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, പൗരപ്രമുഖർ എന്നിവർ പങ്കെടുക്കുകയും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ലഹരിക്കെതിരായി ദീപം തെളിയിക്കുകയും ചെയ്യുകയുണ്ടായി.

3) അവളിടം യുവതി ക്ലബ്ബിന്റെ കീഴിൽ ക്ലബ്ബംഗങ്ങൾക്കായി കേക്ക് നിർമ്മാണ പരിശീലനം 19-03-2022-ന് സംഘടിപ്പിക്കുകയുണ്ടായി.

4) തൊഴിൽ പരിശീലനം എന്ന ഉദ്ദേശ്യത്തോടുകൂടി ക്ലബ്ബംഗങ്ങൾക്ക് 20-03-2022-ന് ആഭരണനിർമ്മാണ പരിശീലനം സംഘടിപ്പിക്കുകയുണ്ടായി.

5) ശാസ്ത്രീയ കൃഷിരീതി പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യുവകർഷകർക്കായി ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽവച്ച് 2023 മാർച്ച് 4-ന് ശാസ്ത്രീയ കൃഷിരീതി പരിശീലനവും സെമിനാറും സംഘടിപ്പിക്കുകയുണ്ടായി.

6) ബോർഡ് 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി സംഘടിപ്പിക്കുന്ന ഹൈസ്കൂൾതല ശാസ്ത്ര ക്വിസിന്റെ ഭാഗമായി 10 ഹൈസ്കൂളുകളിൽ ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിച്ചു. മലപ്പുറം മണ്ഡലത്തിലെ മത്സരം 2023 മാർച്ച് 9-ന് മലപ്പുറം ഗവൺമെന്റ് കോളേജിൽവച്ച് നടക്കുകയുണ്ടായി.

(ബി) 2023-24 സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല. ഭരണാനുമതി ലഭ്യമായാൽ മാത്രമേ മലപ്പുറം മണ്ഡലത്തിൽ

നടത്തുവാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) യുവജനങ്ങളിൽ ലഹരിക്കെതിരെയും കുറ്റകൃത്യങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി മലപ്പുറം ജില്ലാ ആസ്ഥാനത്ത് ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

യുവജനങ്ങളിൽ ലഹരിക്കെതിരെയും കുറ്റകൃത്യങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി മലപ്പുറം ജില്ലാ ആസ്ഥാനത്ത് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പദ്ധതിളൊന്നും ബോർഡിൽ നിലവിലില്ല.

**ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി**

289 (6579) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല, കായിക, സാഹിത്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗ്ഗീയതയിലേക്കും

ലഹരിയിലേയ്ക്കും എത്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ പൊതുധാരയിലേയ്ക്ക് അടുപ്പിക്കുന്നതിനുവേണ്ടി കല, കായിക, സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ക്ലബ്ബുകൾക്കും വായനശാലകൾക്കും എന്തെല്ലാം സഹായങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) യുവതലമുറ വർഗ്ഗീയതയിലേയ്ക്കും ലഹരിയിലേയ്ക്കും വഴിതെറ്റാതിരിക്കുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്/യുവാക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നുണ്ട്. കൂടാതെ, കാർഷിക ക്ലബ്ബുകൾ, അവളിടം ക്ലബ്ബുകൾ, ഭിന്നശേഷി ക്ലബ്ബുകൾ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും ധനസഹായം നൽകിയിട്ടുണ്ട്. കേരള യൂത്ത് ഫോഴ്സ് എന്ന യുവജനങ്ങളുടെ സന്നദ്ധ സേവന സേന, ലഹരിവിരുദ്ധ ക്യാമ്പയിൻ, രക്ഷാപ്രവർത്തനങ്ങൾ, ആപത്ഘട്ടങ്ങളിൽ പോലീസിനേയും സർക്കാർ സംവിധാനങ്ങളേയും സഹായിക്കൽ, പാലിയേറ്റീവ് കെയർ തുടങ്ങിയ സാമൂഹ്യ സേവനങ്ങൾ നടത്തിവരുന്നു. അവളിടം പദ്ധതിയുടെ ഭാഗമായി No to drugs ക്യാമ്പയിനുമായി യുവതികളുടെ കലാട്ടൂപ്പ് കേരളത്തിലെ 140

നിയമസഭാമണ്ഡലങ്ങളിലും ലഹരിവിരുദ്ധ പരിപാടികൾ അവതരിപ്പിക്കുന്നു. ലഹരിവിരുദ്ധ ക്യാമ്പയിൻ സമൂഹത്തിലെ ഓരോ വ്യക്തിയിലും എത്തിക്കുകയെന്നതാണ് ബോർഡിന്റെ ലക്ഷ്യം.

കായിക ഉന്നമനം ലക്ഷ്യമിട്ട് കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി കായിക യുവജനകാര്യാലയത്തിൽ നിലവിലുണ്ട്.

(സി) കളിസ്ഥലങ്ങളുടെ അഭാവംമൂലം യുവതീയുവാക്കളുടെ കായികക്ഷമത നഷ്ടപ്പെടുന്നതും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്കുകൂടി പ്രാപ്യമായ രീതിയിൽ ക്രമീകരിക്കുവാൻ മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**ഡിഫൻസ് ഫോഴ്സ്**

290 (6580) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനക്ഷേമ ബോർഡ് 2021-22-ൽ ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സംഘടിപ്പിച്ച സന്നദ്ധ സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഈ കാലയളവിൽ എത്ര പേർ ഇതിൽ അംഗത്വം എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ?

യുവജനങ്ങളിലെ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയാണ് ടീം കേരള (കേരള യൂത്ത് ഫോഴ്സ്). കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതിദുരന്തങ്ങൾ സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിയർ യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരംക്ഷണം,

പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനമേഖലകളിൽ ഉൾപ്പെടുന്നു. 2021-22 കാലയളവിൽ 14 ജില്ലകളിലെയും പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻതലത്തിൽ 17500 പേർ ഈ സേനയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**യുവജനങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ**

291 (6581) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ് മുഖേന യുവജനങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്/ യുവാക്ലബ്ബുകളുടെ പ്രവർത്തനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നുണ്ട്. കൂടാതെ, കാർഷിക ക്ലബ്ബുകൾ, അവളിടം ക്ലബ്ബുകൾ, ഭിന്നശേഷി ക്ലബ്ബുകൾ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും ധനസഹായം നൽകിയിട്ടുണ്ട്. യുവതി ശാക്തീകരണത്തിന്റെ ഭാഗമായി യുവതികളെ സ്വയംപര്യാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന

യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 'അവളിടം' എന്ന പേരിൽ 1040 യുവതി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവതികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കേക്ക് നിർമ്മാണം, ആഭരണ നിർമ്മാണം, തയ്യൽ പരിശീലനം, പേപ്പർബാഗ് നിർമ്മാണം എന്നിവയിൽ പരിശീലന പരിപാടികൾ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ അഭ്യസ്തവിദ്യരായിട്ടുള്ള യുവതീയുവാക്കൾക്ക് സർക്കാർ ജോലി നേടുന്നതിനായി ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ മത്സരപരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും വിദേശത്ത് തൊഴിലും വിദ്യാഭ്യാസവും ആഗ്രഹിക്കുന്നവർക്ക് വിദേശഭാഷാ പഠനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല. പട്ടികവർഗ്ഗ കോളനികളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. യുവജനങ്ങളുടെ പ്രശ്നങ്ങളും ഇവരുമായി

ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/ വിസിറ്റുകൾ എന്നിവ നടത്തിവരുന്നു. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവൽക്കരണം നൽകുന്നതിനും മറ്റ് ആദിവാസി കോളനിയിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്ന ലക്ഷ്യം മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമേ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുകയെന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു. കമ്മീഷൻ നടത്തുന്ന വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ 'ജോബ് ഫെസ്റ്റ്' സംഘടിപ്പിച്ചുവരുന്നു.

(ബി) അഭ്യസ്തവിദ്യരായവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗൈഡൻസ് ക്ലാസ്സുകൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

അവളിടം പദ്ധതിയുടെ ഭാഗമായി യുവതികൾക്ക് കേക്ക് നിർമ്മാണം,

തയ്യൽ പരിശീലനം, പേപ്പർ ബാഗ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്.

(സി) വിദേശത്ത് തൊഴിലും വിദ്യാഭ്യാസവും ആഗ്രഹിക്കുന്നവർക്ക് വിദേശ ഭാഷാപഠനം ലഭ്യമാക്കുന്നതിന് നിലവിലെന്തെല്ലാം സംവിധാനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; ഇല്ലെങ്കിൽ സംസ്ഥാനത്തുടനീളം അത്തരമൊരു സംവിധാനം ഏർപ്പെടുത്താൻ യുവജനക്ഷേമ വകുപ്പ് നടപടി സ്വീകരിക്കുമോ?

വിദേശത്ത് തൊഴിലും വിദ്യാഭ്യാസവും ആഗ്രഹിക്കുന്നവർക്ക് വിദേശഭാഷാ പഠനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല.

(നക്ഷത്രചിഹ്നമിടാത്ത 6312, 6358, 6369 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)